പാത്താമുട്ടം മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാൻ

# സഭാസേവന സരണിയിലൊരു സമർപ്പിത സന്യാസിശ്രേഷ്ഠൻ

(Malayalam)

**Pathamuttam Malikayil M. C. Kuriakose Ramban**
**Sabha Sevana Saraniyiloru Samarppitha Sanyasi Sreshtan**
(Biography)

**by K. V. Mammen**
Kottackal, Manganam

| | | |
|---|---|---|
| Publishers | : | Kottackal Publishers, P. B. 10,<br>Manganam<br>Kottayam - 686018<br>Phone: 0481 - 2578936 |
| First Published | : | July 19, 2010 |
| Copy Right Reserved | | |
| Cover | : | Equations, Kottayam Mob: 94469 84669 |
| Typesetting & Printing | : | Sophia Print House, Kottayam<br>Ph: 99471 20697 |

**Rs. 75/-**

പാത്താമുട്ടം മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാൻ

# സഭാസേവന സരണിയിലൊരു സമർപ്പിത സന്യാസിശ്രേഷ്ഠൻ

കെ. വി. മാമ്മൻ കോട്ടയ്ക്കൽ

പ്രസാധകർ:

**കോട്ടയ്ക്കൽ പബ്ളിഷേഴ്സ്**

പി. ബി. 10, മാങ്ങാനം, കോട്ടയം 686 018 കേരളം

ഫോൺ: 0481 - 2578936



പാത്താമുട്ടം മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാൻ

# സഭയുടെ ഉന്നമനത്തിനായി അക്ഷീണം പ്രയത്നിച്ച പ്രതിഭാശാലി

## ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

എന്റെ വാത്സല്യ മകൻ കെ. വി. മാമ്മന് വാഴ്വ്. കോട്ടയ്ക്കൽ പ്രസിദ്ധീകരണം വഴിയായി സഭയ്ക്ക് നൽകുന്ന സേവനം വിലയേറിയതാണ്. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന വന്ദ്യ എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ജീവചരിത്രത്തെക്കുറിച്ച് അറിഞ്ഞതിൽ പ്രത്യേകമായ സന്തോഷം ഉണ്ട്. ബഹു. റമ്പാച്ചൻ കാലം ചെയ്യുമ്പോൾ ബലഹീനനായ ഞാൻ ഒരു ശെമ്മാശനായിരുന്നു. ഒരിക്കൽ അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ ഒരു സുറിയാനി വേദപുസ്തകം പേരെഴുതി എനിക്ക് സമ്മാനിച്ചു.

പ. സഭയുടെ ഉന്നമനത്തിനായി അക്ഷീണം പ്രയത്നിച്ച പ്രതിഭാശാലിയായ ഒരു പുരോഹിതശ്രേഷ്ഠനായിരുന്നു വന്ദ്യനായ റമ്പാച്ചൻ. ഇന്ന് കോടിക്കണക്കായി വർദ്ധിച്ചിരിക്കുന്ന കാതോലിക്കാദിനപ്പിരിവിന്റെ സൂത്രധാരൻ എം. സി. കുറിയാക്കോസ് റമ്പാച്ചനാണ്. ആദ്യകാലത്ത് ആയിരങ്ങൾ മാത്രമായിരുന്ന പിരിവ് ലക്ഷങ്ങളായി വളരുന്നത് കണ്ടതിനുശേഷമാണ് റമ്പാച്ചൻ കാലം ചെയ്തത്.

സഭാസേവനത്തിൽ ഭൗതികമായ നേട്ടങ്ങളേക്കാൾ ഉപരിയായി ആത്മികമായ വളർച്ചയിലും വന്ദ്യ റമ്പാച്ചൻ ശ്രദ്ധിച്ചിരുന്നു. അനേകം ശിഷ്യഗണങ്ങളെ സഭയുടെ സേവനത്തിനായി അഭ്യസിപ്പിച്ചു. കേരളത്തിന് പുറത്ത് മലങ്കരസഭയുടെ മിഷൻ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി ഇപ്പോൾ ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ അഭി. തേവോദോസ്യോസ് ആബൂൻ, വന്ദ്യ റമ്പാച്ചന്റെ ശിഷ്യഗണങ്ങളിലെ പ്രമുഖനാണ്. കൽക്കട്ട ഭദ്രാസനാധിപനായിരുന്ന് എഞ്ചി. കോളജ്, സ്കൂളുകൾ, കോളജുകൾ മുതലായ അനേകം സ്ഥാപനങ്ങൾ പടുത്തുയർത്തി വിദ്യാഭ്യാസ മേഖലയിലൂടെ മിഷൻ പ്രവർത്തനങ്ങൾ കാഴ്ചവച്ചിരുന്ന പ്രതിഭാശാലിയായിരുന്ന ആബൂൻ മാർ തേവോദോസ്യോസിനെ സഭയ്ക്ക് നൽകിയ ഗുരുവിനെ നന്ദിയോടുകൂടെ ഓർക്കുന്നു. ബാഹ്യകേരള ഭദ്രാസനങ്ങളിലെ വൈദിക പരിശീലനത്തിനായുള്ള നാഗ്പൂർ സെമിനാരിയും വന്ദ്യ പിതാവിന്റെ പ്രവർത്തനങ്ങളുടെ ഫലമാണ്. ഡോ. എം. എസ്. അലക്സാണ്ടറെപ്പോലെയുള്ള അത്മായ പ്രമുഖരേയും നന്ദിയോടെ ഓർക്കുന്നു. ഗുരുവിന്റെ ശ്രേഷ്ഠതയാണ് ശിഷ്യരിൽ പ്രതിഫലിച്ചത്. വന്ദ്യ റമ്പാച്ചൻ ഒരു

മേല്പട്ടക്കാരൻ ആയില്ല എങ്കിലും പ. സഭയ്ക്ക് വേണ്ടി അനേക കാര്യങ്ങൾ അദ്ദേഹം ചെയ്തു.

ഈ ഗ്രന്ഥം ഒരു മുതൽകൂട്ടായിരിക്കും എന്നതിൽ സംശയമില്ല. വന്ദ്യനായ എം. സി. കുറിയാക്കോസ് റമ്പാച്ചനെ നന്ദിയോടെ സ്മരിച്ചതിൽ കെ. വി. മാമ്മനെ നാം അനുമോദിക്കുന്നു. റമ്പാച്ചന്റെ പ്രാർത്ഥന ബലഹീനനായ എനിക്കും നിങ്ങൾക്ക് ഏവർക്കും കോട്ടയായിരിക്കട്ടെ.



# ഉത്തമനായ സന്യാസി

## ഗീവർഗീസ് മാർ ഈവാനിയോസ്

മലങ്കര ഓർത്തഡോക്സ് സഭയുടെ വളർച്ചയിൽ ഗണനീയമായ സംഭാവന നൽകിയ സന്യാസവര്യനായിരുന്നു അഭിവന്ദ്യ എം. സി. കുറിയാക്കോസ് റമ്പാച്ചൻ. ശ്രേഷ്ഠ താപസൻ, ധ്യാനഗുരു, ഗ്രന്ഥരചയിതാവ്, സുറിയാനി പണ്ഡിതൻ, 'കാതോലിക്കാ നിധി' പ്രാരംഭകൻ, 'മലങ്കരസഭ' മാസിക ചീഫ് എഡിറ്റർ, സമുദായ സെക്രട്ടറി, വി. മർത്തമറിയം സമാജം സ്ഥാപകൻ, ഉത്തമ വൈദികൻ ഇങ്ങനെ വിവിധ നിലകളിൽ വി. സഭയെ ശുശ്രൂഷിക്കുവാൻ ദൈവം അദ്ദേഹത്തിന് കൃപ നൽകി.

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും, പ. പാമ്പാടിത്തിരുമേനിയുടെയും വാത്സല്യഭാജനമായിരുന്ന റമ്പാച്ചൻ പാത്താമുട്ടം സ്ലീബാപള്ളിയുടെയും സെന്റ് മേരീസ് ചാപ്പലിന്റെയും സ്ഥാപനത്തിലൂടെ രണ്ട് ഉത്തമ ക്രിസ്തീയ സമൂഹങ്ങളെ വാർത്തെടുത്തു. വന്ദ്യ റമ്പാച്ചൻ തയ്യാറാക്കിയ 'പ്രാർത്ഥനാ യോഗമിത്രം' അനേക തലമുറകളെ പ്രാർത്ഥനാ ജീവിത നിഷ്ഠയിലേക്ക് വഴിനടത്തി. നമുക്കും ഈ ഗ്രന്ഥം ഒരു ഉത്തമ ധ്യാന സഹായിയാണ്.

മൺമറഞ്ഞ സഭാപിതാക്കന്മാരുടെ വിശുദ്ധ ജീവിതവും പൂർണ്ണസമർപ്പണത്തോടുകൂടിയ പ്രവർത്തനശൈലിയും നാമേവർക്കും എന്നും പ്രചോദനമാണ്. അൻപത്തിയാറു വർഷം മാത്രം നീണ്ട ജീവിത കാലഘട്ടത്തിൽ സാദ്ധ്യമായതെല്ലാം ചെയ്ത് വി. സഭയെ ശുശ്രൂഷിച്ച വന്ദ്യ റമ്പാച്ചന്റെ ധന്യ മാതൃക പിൻപറ്റുവാൻ കെ. വി. മാമ്മൻ തയ്യാറാക്കിയ ഈ ജീവചരിത്ര ഗ്രന്ഥം നാമേവരെയും സഹായിക്കട്ടെ.



# അവതാരിക

കുഞ്ഞായിരിക്കുമ്പോൾ മനസ്സിൽ പതിഞ്ഞ, ഒരു പാട്ടുപുസ്തക ത്തിന്റെ കവർ ചിത്രമുണ്ട്. നടുക്ക് ഒരു കുരിശ്. ഇരുവശങ്ങളിലും ഓരോ മാലാഖ ആ കുരിശിനെ വണങ്ങുന്നു. പുസ്തകത്തിന്റെ പേരു വായി ക്കുവാൻ പ്രായമാകുന്നതിനു മുമ്പുതന്നെ ആ പുസ്തകത്തിലെ പാട്ടു കൾ പലതും മനഃപാഠമായി. ഗാഥാരീതിയിൽ 'ക്രിസ്തുവിന്നാത്മാവെ എന്നെയെപ്പോഴും നിൻ നിസ്തുല ശുദ്ധിയാൽ ശുദ്ധമാക്ക' എന്ന ഗീതം വല്ലപ്പോഴും പിതാവ് സന്ധ്യകളിൽ ചൊല്ലിയിരുന്നത് ആത്മാവിൽ ഒരു അവാച്യ സംതൃപ്തി സമ്മാനിച്ചത് കുട്ടിക്കാല സ്മരണകളിൽ നിറഞ്ഞു നിൽക്കുന്നു. മണ്ണെണ്ണവിളക്കിന്റെ മഷിപിടിച്ച താളുകൾ നിരന്തര ഉപ യോഗം കൊണ്ട് കീറാൻ തുടങ്ങിയപ്പോൾ, ചോറു കൊണ്ട് പറ്റിച്ചുവച്ചിട്ടും അധികകാലം പിടിച്ചു നിന്നില്ല. പാട്ടുകൾ കീറിയിട്ടും, കീറാതിരുന്ന മൂന്നു പടങ്ങൾ അതിലവശേഷിച്ചു: മുടിയും താടിയും വളർത്തിയ സുന്ദരനായ യേശുവിന്റെ പടം; കണ്ണുകളിൽ കാരുണ്യമൊഴുക്കുന്ന മാതാവിന്റെ പടം; ഇടക്കെട്ടുകെട്ടി കറുത്ത കുപ്പായം ധരിച്ച ഗ്രന്ഥകാരൻ വന്ദ്യ എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ പടം. മൂന്നിലേക്കും നോക്കിയിരുന്നിട്ട്, ദീർഘ നേരം. ആ നോക്കിയിരുപ്പിൽ, ഉള്ളിലേക്ക് തറഞ്ഞിറങ്ങിയ ചില പ്രകാശ കിരണങ്ങൾ ഇന്നും ജഡീകതയുടെ കാർമേഘപടലങ്ങൾക്കിടയിലൂടെ തെളിയുന്നപോലെ. ഈ സ്മരണകൾക്ക് മുഖാന്തരമായ പാട്ടുപുസ്തകം, "പ്രാർത്ഥനായോഗമിത്രം" ഇന്നുവരെയും ഈ ബലഹീനന്റെ ജീവിത പാതയിലെ ദീപമാണ്. രണ്ടും മൂന്നും കൊല്ലങ്ങൾ കൂടുമ്പോൾ പുതിയ പുസ്തകം, പെരുന്നാൾ പുസ്തകക്കടയിൽ നിന്ന് കരസ്ഥമാക്കുമ്പോൾ, പാട്ടുകൾ മാത്രമേ ശ്രദ്ധിക്കപ്പെട്ടിരുന്നുള്ളു. കാലത്തിന്റെ പിന്നീടുള്ള ഗതി യിലാണ് ആ പുസ്തകത്തിലെ പ്രാർത്ഥനകളുടെ മാസ്മരികത അനുഭ വവേദ്യമായത്. അതിനു മുമ്പിലായി എഴുതിയിട്ടുള്ള 'മുഖവുര' ശ്രദ്ധിച്ച് വായിച്ചത് താരതമ്യേന അടുത്ത കാലത്താണ്. അതിലിപ്രകാരം ചേർ ത്തിരിക്കുന്നു: "നമ്മൾ പ്രകാശം കാണുകയും പ്രകാശിക്കയും ചെയ്യണം. ഒരു സ്വർഗ്ഗീയ ദർശനം നമ്മൾ കാണണം. നാമോരോരുത്തരേയുംകുറിച്ച് ദൈവത്തിന് എന്തോ ഉദ്ദേശ്യമുണ്ട് എന്നും അത് എന്താണ് എന്നും നമുക്ക് തെളിവായി വരണം. നമ്മുടെ ജീവിതം പാഴായിപ്പോകാതെ ദൈവ മഹത്വത്തിനായി തീരണം. നമ്മുടെ സഭാ പ്രസ്ഥാനങ്ങളൊക്കെയും ഏവം വിധം ആത്മീയ പുരോഗമനത്തിന് സഹായമായി ഭവിക്കട്ടെ."

1958-ൽ ഇപ്രകാരം ഒരു സഭാദർശനം താലോലിച്ചുകൊണ്ട്, തന്നെ ക്കൊണ്ടാവുന്നവിധം അത് യാഥാർത്ഥ്യമാക്കാൻ ശ്രമിച്ച ഒരു സന്യാസി ശ്രേഷ്ഠനെന്ന വന്ദ്യ എം. സി. കുറിയാക്കോസ് റമ്പാച്ചനെ, ഈ

ഗ്രന്ഥത്തിൽ കെ. വി. മാമ്മൻ പരിചയപ്പെടുത്തുന്നു. സഭാ അന്തരീക്ഷത്തിൽ മിക്കവാറും അന്യംനിന്നുപോയ ഒരു ശുശ്രൂഷാശൈലിയും വ്യക്തിത്വവുമാണ് ഈ ഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത്.

നമ്മുടെ ശുശ്രൂഷകൊണ്ട്, ആരുടെയെങ്കിലുമൊക്കെ ആത്മീയ ജീവിതത്തിൽ ഒരല്പം തീപ്പൊരി വിതറുവാനെങ്കിലും കഴിഞ്ഞില്ലെങ്കിൽ അതെന്തു ജീവിതമാണെന്നാണ് എം. സി. കുറിയാക്കോസ് റമ്പാച്ചൻ ചോദിക്കുന്നത്. അര നൂറ്റാണ്ടു മിച്ചമുള്ള ഒരു ജീവിതകാലത്തിനുള്ളിൽ, കാൽനൂറ്റാണ്ടിലധികമുള്ള കാലമത്രയും സഭയുടെ ചരിത്രം സ്വന്തം ചരിത്രം തന്നെയാക്കിയ കർമ്മയോഗിയും, ഭക്തിയോഗിയും, ജ്ഞാനയോഗിയും ആയിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ കർമ്മസരണി വിപുലമായിരുന്നു. ഒരദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. വൈദികനായി ഇടയ ശുശ്രൂഷ ഭംഗിയായി നിറവേറ്റി. സ്വന്തം നാട്ടിൽ, സ്വന്തം വസ്തുവിൽ ഒരു പള്ളി വച്ച് ഒരു മാതൃകാ ഇടവക രൂപീകരിച്ച് അതോടൊപ്പം സഭയുടെ ബഹുമുഖങ്ങളായ പ്രവർത്തനങ്ങളിൽ ആഫീസ് കാര്യങ്ങളുടെയും അണിയറ ജോലികളുടെയും ചുമതലക്കാരനായി. കാതോലിക്കാദിനപ്പിരിവ് ആരംഭിച്ചതും മൂന്നു വർഷത്തോളം കാര്യക്ഷമമായി അതിന്റെ മുഖ്യനടത്തിപ്പുകാരിൽ ഒരാളായി പ്രവർത്തിച്ചതും അന്ന് സഭാസെക്രട്ടറിയായിരുന്ന കുറിയാക്കോസ് റമ്പാൻ ആയിരുന്നു. 'മലങ്കരസഭാ മാസിക' കൃത്യമായും ഭംഗിയായും ഇറങ്ങാനിടയായതും വന്ദ്യ റമ്പാച്ചന്റെ പത്രാധിപത്യത്തിലാണ്. അദ്ദേഹത്തിന്റെ 'ആത്മനിക്ഷേപം' ലേഖനങ്ങൾ അക്കാലത്ത് അനേകം ആളുകൾ താല്പര്യത്തോടെ വായിച്ചിരുന്നു. ആത്മീയ പ്രസ്ഥാനങ്ങളായ മാർത്തമറിയം സമാജവും സണ്ടേസ്കൂളും എന്നും റമ്പാച്ചന്റെ തലോടലിലാണ് സഭയിൽ മുഴുവനും ശക്തിപ്പെട്ടത്. വന്ദ്യ റമ്പാച്ചനെക്കുറിച്ച് എ. എം. വർക്കി എഴുതിയ ഒരു വാക്യം മതി അദ്ദേഹത്തെ അന്നത്തെ ആത്മായ പ്രമുഖർ എത്രമാത്രം ആദരവോടെ കണ്ടുവെന്ന് മനസ്സിലാക്കാൻ: "അനേക പ്രതികൂല ശക്തികൾക്കിടയിൽ കിടന്നു ഞരങ്ങുന്ന ഈ പാവപ്പെട്ട സുറിയാനി സഭയേയും സമുദായത്തേയും കഴിവ് പോലെ സേവിക്കണം എന്നാഗ്രഹിക്കുന്ന പല ആളുകളുടെ കൂട്ടത്തിൽ ഒരുവനാണ് ബഹു. കുറിയാക്കോസ് റമ്പാച്ചൻ" (*ഒരു ആത്മ നിക്ഷേപകന്റെ ജീവിത കഥ*, പ്രൊഫ. ഡോ. എം. പി. ചാക്കോ മാളികയിൽ, പേജ് 28). വന്ദ്യ റമ്പാച്ചൻ സഭയ്ക്കായി കണ്ടെത്തിയ മണിത്തങ്കം, സ്തേഫാനോസ് മാർ തേവോദോസ്യോസ് എന്ന മലങ്കരയുടെ അഭിനവ മാർത്തോമ്മാ, റമ്പാച്ചന്റെ സഭാദർശനത്തിന് താരശോഭ പകരുന്നു.

സഭയുടെ പൊതുപ്രവർത്തനത്തിൽ റമ്പാച്ചന്റെ സാന്നിധ്യചൈതന്യം ഒട്ടും കുറച്ച് കാണാതെ, അദ്ദേഹത്തെ ഞാൻ ആദരിക്കുന്നത് അദ്ദേഹ

ത്തിന്റെ ഉള്ളിൽ ജ്വലിച്ച ആത്മീയ തേജസിനെ പ്രതിയാണ്. പ്രാർത്ഥനായോഗമിത്രത്തിലെ പ്രതിഷ്ഠാപ്രാർത്ഥനകൾ, ചൊല്ലി നോക്കിയാൽ അറിയാം, "നീ മാത്രം എന്റെ സ്നേഹഭാജനമായിരിക്കേണമേ" എന്നും, "മധുരമേറിയ യേശുവേ, നിന്റെ സ്നേഹത്തിൽ നിന്ന് എന്നെ വേർപെടുത്തരുതേ" എന്നും, ഒക്കെ ചൊല്ലുന്നതിന്റെ ഉൾക്കാമ്പിലെ ഉൾക്കാഴ്ചയെന്തെന്ന്. വന്ദ്യ കുറിയാക്കോസ് റമ്പാൻ ഇന്ന് അനേകർക്ക് മധ്യസ്ഥനും മാർഗ്ഗദീപവുമാണ്. അതനുഭവിക്കുന്നവരുടെ എണ്ണം ഏറിവരുന്നത് കണ്ടറിഞ്ഞുകൊണ്ടിരിക്കുന്ന വസ്തുതയാണ്.

പണ്ട് കോട്ടയം നഗരത്തിലൂടെ കറുത്ത കുപ്പായത്തോടെ നടന്നിരുന്ന കുറിയാക്കോസ് റമ്പാനെ കാണാറുണ്ടായിരുന്നതിനെക്കുറിച്ച്, ഈ ജീവചരിത്ര രചയിതാവായ ബഹുമാനപ്പെട്ട കെ. വി. മാമ്മൻ അവർകൾ അനുസ്മരിക്കുന്നു. 'പണ്ഡിതനും, പക്വമതിയും, മിതഭാഷിയുമായ' റമ്പാച്ചനെ, താല്പര്യത്തോടെ ശ്രദ്ധിച്ച്, ഇപ്പോൾ ഒരു ജീവചരിത്രം തന്നെ എഴുതുവാൻ, എൺപതു കഴിഞ്ഞിട്ടും ചുറുചുറുക്കുള്ള "മലങ്കരസഭാചരിത്രത്തിന്റെ യൂസേബിയോസ്" എന്നു വിശേഷിപ്പിക്കാവുന്ന കെ. വി. മാമ്മൻ ഉത്സാഹിച്ചതിനു പിന്നിലും, ഒരു ആത്മീയ നിയോഗത്തെയാണ് കാണുന്നത്. പത്രപ്രവർത്തകനും തികഞ്ഞ സഭാസ്നേഹിയുമായ ഗ്രന്ഥകാരൻ, മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ചെയ്തിട്ടുള്ള സേവനം എത്ര പേർ ശ്രദ്ധിച്ചിട്ടുണ്ടെന്ന് തീർച്ചയില്ല. എന്നാൽ സഭാചരിത്ര രചനയിൽ കെ. വി. മാമ്മൻ ശ്രദ്ധിച്ച സംഭവങ്ങളും വ്യക്തികളും ഒത്തിരിയുണ്ട്. അദ്ദേഹത്തിന്റെയും ഇസഡ്. എം. പാറേട്ടിന്റെയും ഒക്കെ സഭാസേവനം എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ സഭാസേവനം പോലെയാണ്: ഗുണഭോക്താക്കൾ ധാരാളം, ഗുണകാംക്ഷികൾ വിരളം. ഗ്രന്ഥകർത്താവിന്റെ സ്വതസിദ്ധമായ രചനാവൈദഗ്ധ്യം ഈ ഗ്രന്ഥത്തിലും വ്യക്തമാണ്. അഭിവന്ദ്യ കുറിയാക്കോസ് റമ്പാച്ചനെ സംബന്ധിച്ച് കിട്ടാവുന്ന എല്ലാ വിവരങ്ങളും ശേഖരിച്ചെഴുതിയ ഒരു സമ്പൂർണ്ണ ചരിത്രമാണിത് (ഗ്രന്ഥകാരൻ അങ്ങനെ അവകാശപ്പെടാതെ, സമ്പൂർണ്ണ ചരിത്രം കാതങ്ങൾ അകലെയാണെന്നാണ് പറയുന്നത്). ഇതിന് "അവതാരിക" എഴുതുവാൻ എന്നെ ക്ഷണിച്ചത് "മഹാമനസ്ക്കത" കൊണ്ട് മാത്രമെന്നു കരുതുന്നു.

ഈ ഗ്രന്ഥം വായിക്കുന്നവർക്ക് സ്വാഭാവികമായി തോന്നാവുന്ന ഒരു സംശയമുണ്ട്. ഇത്രമാത്രം മാതൃകാപരമായി ജീവിച്ച എം. സി. കുറിയാക്കോസ് റമ്പാച്ചൻ എന്തുകൊണ്ട് ഒരു മേല്പട്ടക്കാരനായില്ല? അവിവാഹിത വൈദികനോ, റമ്പാനോ, ആകുന്ന പലർക്കും ഇന്നുള്ള ഏക ജീവിത ലക്ഷ്യം "ചുവന്ന കുപ്പായം" ആയതിനാൽ ഈ സംശയത്തിന് അടിസ്ഥാനവുമുണ്ട്. എം. സി. കുറിയാക്കോസ് റമ്പാച്ചനേയും മേല്പട്ട

സ്ഥാനത്തേയ്ക്ക് നിർദ്ദേശിച്ചവർ അന്നു പലരുമുണ്ടായിരുന്നു. റീത്ത് പ്രസ്ഥാനത്തിലേക്ക് അദ്ദേഹത്തെ പ്രലോഭിപ്പിച്ചത് മെത്രാൻ സ്ഥാനവും, പണവും നീട്ടിക്കൊണ്ടായിരുന്നു. പക്ഷേ, അദ്ദേഹത്തിന് അതിനോട് ഒട്ടും താല്പര്യം തോന്നിയില്ല. അദ്ദേഹത്തിന്റെ ശവസംസ്കാര പ്രസംഗം നടത്തിയ നിരണം ഭദ്രാസനത്തിന്റെ ഭാഗ്യസ്മരണാർഹനായ, തോമാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ വാക്കുകളിൽ, മേൽപ്പറഞ്ഞ സംശയത്തിന് ഉത്തരവുമുണ്ട്. ആ ഉത്തരം, എല്ലാക്കാലത്തും വൈദികർക്കും ദയറാക്കാർക്കും ഭക്തജീവിതം അന്വേഷിക്കുന്ന എല്ലാവർക്കും, ഒരു സന്ദേശമാണ്: “അദ്ദേഹം ഒരു കശീശയായി നന്നായി ഭരിച്ചു: ദയറാക്കാരനായി നന്നായി ജീവിച്ചു. ഒരു ഭക്തനായി നന്നായി മരിച്ചു.” അവനവൻ ആയിരിക്കുന്ന സ്ഥാനത്ത് “നന്നായി”രിക്കുവാൻ ദൈവകൃപയിൽ ശ്രദ്ധിക്കുന്നതാണ്, ആകാത്ത സ്ഥാനത്ത് ആയിത്തീരാൻ ആർത്തിപൂണ്ടു ആഗ്രഹിക്കുന്നതിൽ ഭേദം. യേശുതമ്പുരാനെക്കുറിച്ചും സുവിശേഷകൻ സാക്ഷിക്കുന്നത് “അവൻ സകലവും നന്നായി ചെയ്തു” (മർക്കോസ് 7:37) എന്നാണ്.

“നമസ്കാര” ചിന്തയോടെ ഏല്പിക്കപ്പെട്ടതെല്ലാം നന്നായി ചെയ്ത എം. സി. കുറിയാക്കോസ് റമ്പാച്ചനെക്കുറിച്ച്, എഴുതിയതിലെല്ലാം നന്നായി തന്റെ നിയോഗം പൂർത്തീകരിച്ച കെ. വി. മാമ്മനെ അനുമോദിച്ചുകൊണ്ട്, എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ആയിരക്കണക്കിന് ആരാധകർക്കുവേണ്ടി ഈ ഗ്രന്ഥം അവതരിപ്പിക്കട്ടെ.

**ഫാ. ഡോ. ജേക്കബ് കുര്യൻ**
വൈസ് പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി

2010 ജൂലൈ 19.



# ആമുഖം

**വാ**കത്താനം എന്നു കേട്ടാൽ പ്രബുദ്ധരും സഭാസ്നേഹികളും സത്യ വിശ്വാസികളുമായ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളുടെ സ്മരണ യിൽ ആദ്യം ഓടിയെത്തുന്നത് വള്ളിക്കാട്ടു ദയറായിൽ കബറടക്കപ്പെട്ടി രിക്കുന്ന പുണ്യസ്മരണാർഹനും സുകൃതജീവിതത്തിന്റെ പര്യായവു മായ മാർ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവാ യും, പാത്താമുട്ടം എന്ന് കേട്ടാൽ പ്രസിദ്ധമായ സ്ലീബാപ്പള്ളി സ്ഥാപ കനും സഭയ്ക്കുവേണ്ടി ജീവിതം ഫലപ്രദമായി സമർപ്പിച്ചശേഷം അവി ടെത്തന്നെ അന്ത്യവിശ്രമം കൊള്ളുന്ന സത്യ സന്യാസിവര്യനുമായ മാളി കയിൽ എം. സി. കുറിയാക്കോസ് റമ്പാച്ചനുമാണെന്നുള്ളതിനു രണ്ടു പക്ഷമില്ല. അത്യുദാത്തവും അനുപമവുമായ ആധ്യാത്മിക ജീവിത ത്തിന്റെ അധിത്യകയിൽ താപസശ്രേഷ്ഠരായിരുന്ന ഇവരുടെ അനുകര ണീയ മാതൃകകൾ നാടിനെത്തന്നെ ഒരാത്മിക പരിവേഷത്തിന്റെ അലു ക്കണിയിച്ചിരുന്നു എന്നതു നാട്ടുകാരുടെ സാക്ഷ്യം.

കൃഷീവലന്മാരും ശാലീനസുന്ദരമായ ജീവിതം നയിച്ചുവരുന്നവരുമായ ഓർത്തഡോക്സുകാർക്കു മഹാ ഭൂരിപക്ഷമുള്ള വാകത്താനം പ്രദേശം ഒരു നൂറ്റാണ്ടിനു മുമ്പും ഇന്നും സസ്യസന്ദോഹ പ്രധാനമായ സൗകു മാര്യം കവിഞ്ഞൊഴുകുന്ന ഒരു രമ്യ ഭൂവിഭാഗമാണ്. ചെറുകുന്നുകളും ഹരിതാഭ തൊഴുതുനിൽക്കുന്ന താഴ്വരകളും, പച്ച വിരിച്ച നെൽവയലു കളും, വിശാലമായ കൃഷിയിടങ്ങളും ദേവാലയങ്ങളും വിദ്യാലയങ്ങളു മെല്ലാം, നാടിന്റെ മുഖച്ഛായ മാറ്റിയ ആധുനിക പരിഷ്കൃത ജീവിത ത്തിന്റെ കടന്നാക്രമണങ്ങളെ ഒരളവിൽ ചെറുത്ത് അടിസ്ഥാനപരമായ ഗ്രാമീണ സംസ്ക്കാരവും അന്തരീക്ഷവും അന്യൂനം നിലനിർത്തുന്നുണ്ട്.

മണ്ണെണ്ണവിളക്കുകൾ മണ്ണടിഞ്ഞു. എങ്ങും ആലക്തിക ശരറാന്തലു കളുടെ കണ്ണഞ്ചിക്കുന്ന പ്രകാശം. ഓലമേഞ്ഞിരുന്ന വീടുകൾ ഇന്നു പഴയ ചിത്രങ്ങളിൽ മാത്രം. എവിടെയും വർണ്ണാഭമായ മാർബിളും ടൈൽസും കൈയടക്കിയ അത്യാധുനിക സുഖസൗകര്യങ്ങളുള്ള മനോ ഹര വസതികൾ. പണ്ടു ഇരുനില മാളികകൾ അപൂർവ്വ ദൃശ്യമായിരുന്നു എങ്കിൽ ഇപ്പോൾ ഇരുനില മന്ദിരങ്ങളുടെ നിരകൾ തന്നെ കാണാം. ഇടു ങ്ങിയ ഇടവഴികൾ ഇന്നു ഇടതടവില്ലാതെ പലതരം ശകടങ്ങൾ സഞ്ചരി ക്കുന്ന വിശാല വീഥികളായി മാറി. ജലക്കുഴലുകൾ ശുദ്ധജല സ്രോത സ്സുകളായ കിണറുകളുടെ അന്തകരായി. കുടിപ്പള്ളിക്കൂടങ്ങൾ ഹൈസ് ക്കൂളുകളായി പ്രമോട്ടു ചെയ്യപ്പെട്ടു. വൻനഗരങ്ങളിൽ മാത്രം കണ്ടുവന്ന എഞ്ചിനീയറിംഗ് കോളജ് വരെ നാടിന്റെ പ്രശസ്തിയുടെ പ്രതീകമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. നെല്ലിനും കപ്പയ്ക്കും ഏത്തക്കുലയ്ക്കും

കാച്ചിലിനും ചേമ്പിനും ചേനയ്ക്കും കീർത്തികേട്ട വാകത്താനം ഇന്നു മിക്ക കൃഷികളും, രാജാവ് എഴുന്നള്ളുമ്പോൾ പ്രജകൾ വഴിയോരങ്ങളിൽ അകന്നു നിൽക്കുംവിധം തോട്ടവിള രാജാവായ, അല്ല രാപകലെന്യേ പണം ചുരത്തുന്ന, റബറിനു വഴിമാറിക്കൊടുത്തിരിക്കുന്നു.

പുരോഗതിയും പരിഷ്ക്കാരവും എല്ലാം നാടിന്റെ മുഖഛായ മാറ്റുകയും ആത്മാവിനെ ഒരളവിൽ പിടിച്ചു കുലുക്കുകയും ചെയ്തിട്ടും യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാണെന്നും പ്രാർത്ഥനയും ആരാധനയും ആത്മാവിന് അമൃതാണെന്നും യഥാർത്ഥ വളർച്ചയുടെ അസ്തിവാരമാണെന്നുമുള്ള ഉറച്ച വിശ്വാസത്തിനു തെല്ലും ഇളക്കം തട്ടിയിട്ടില്ല. മദ്യവും മയക്കുമരുന്നും നിഷിദ്ധമായ ജാതിമത ചിന്തകളും തേരോട്ടം നടത്തിയിട്ടില്ലാത്ത വാകത്താനം സമുദായ സൗഹാർദ്ദം വേരോടിയിട്ടുള്ള സംസ്ക്കാര കേന്ദ്രമാണെന്നും പറയാം.

താരതമ്യേന ഉന്നതകുലജാതരായ നായന്മാരും മുസ്ലീങ്ങളും കുറവുള്ള ഈ പ്രദേശത്ത് ഈഴവരും ദളിതവിഭാഗത്തിൽപെട്ടവരും ഭൂരിപക്ഷ വിഭാഗത്തോടു കൂടുതൽ സഹകരിച്ചും കൃഷികാര്യങ്ങളിൽ വേണ്ട സഹകരണം നൽകിയും കഴിയുന്നതിനാൽ എല്ലാവരുടെയും ജീവിത നിലവാരം വളരെ ഉയർന്നിട്ടുള്ള വസ്തുത മറ്റ് പ്രദേശങ്ങളിൽ കഴിയുന്നവർക്ക് ഒരു മാതൃക തന്നെയാണ്.

പൗരോഹിത്യ പാരമ്പര്യമുള്ള പല കുലീന കുടുംബങ്ങളും മാതൃകാ കുടുംബ ജീവിതത്തെ മുറുകെപ്പിടിച്ചിട്ടുള്ള പ്രശസ്ത വൈദികരും സൽസ്വാധീനം ചെലുത്തി നാടിനെ നയിച്ചു; ഇന്നും നയിച്ചുകൊണ്ടിരിക്കുന്നു.

നൂറു വർഷങ്ങൾക്കു മുമ്പ് ജനങ്ങൾ വളരെ കുറവ്. നോക്കെത്താത്തവിധം കൃഷിഭൂമികൾ. ഇന്നു കൃഷിഭൂമി തീരെ ഇല്ല. ജനസംഖ്യയും വീടുകളും വളരെ വർദ്ധിച്ചു. പണ്ടു കൂടുതൽ സ്ഥലങ്ങൾ പലർക്കും ഒരു വലിയ ഭാരമായിരുന്നു. പൂഴിമണ്ണിന്റെ വിലപോലുമില്ലാതിരുന്ന ഭൂമിക്ക് ഇന്നു സ്വർണ്ണത്തേക്കാൾ പ്രിയം. പട്ടിണിയും പുത്തൻ രോഗങ്ങളും അന്നത്തെ നിഘണ്ടുവിൽ ഇല്ലായിരുന്നു. പണ്ട് കഞ്ഞിയും കഞ്ഞിവെള്ളവും, കപ്പയും, ചമ്മന്തിയും, മോരും, ചോറും എല്ലാവർക്കും ഇഷ്ടം. പനിയോ ചുമയോ വന്നാൽ ചുക്കും കുറുന്തോട്ടിയും കുരുമുളകും ആയിരുന്നു മരുന്ന്. ഇന്നത്തെപ്പോലെ റബ്ബർമെത്തയിൽ കിടന്നുരുളേണ്ട. തഴപ്പായും പഞ്ഞിത്തലയിണയും സുഖനിദ്ര നൽകും. കടിച്ച പാമ്പിനെ വിളിച്ചു വരുത്തി വിഷമിറക്കുന്ന വിഷഹാരികളുടെ കാലം. ഇന്നത്തെ സ്പെഷലിസ്റ്റു ഡോക്ടർമാർക്ക് പകരം നല്ല നാട്ടുവൈദ്യന്മാർ. കുത്തിവയ്പിനും ഗുളികകൾക്കും പകരം ആവർത്തിച്ച എണ്ണയും കുഴമ്പും കഷായവും അരിഷ്ടവും. ഫോറിനു പകരം നല്ല ഇളനീർ. കാര്യവിവര

രഹിതരായ പലതരം ശുംഭന്മാരായ മന്ത്രിമാർക്ക് പകരം മാവേലിയെ പ്പോലെയുള്ള ജനക്ഷേമതല്പരരായ മഹാരാജാക്കന്മാർ. കാർ, ലോറി, ബസ് വാഹനാപകടങ്ങളും ആത്മഹത്യയും അപൂർവ്വമാണ്. പെണ്ണും സ്വർണ്ണവും യഥാസ്ഥാനത്തുണ്ടാവും. ഒളിച്ചോട്ടവും തട്ടിപ്പും പിടിച്ചുപ റിയും അറിഞ്ഞുകൂടാത്ത വിഷയങ്ങൾ.

ഇത്രയും പറഞ്ഞതു നമ്മുടെ സ്മര്യപുരുഷനായ എം. സി. കുറിയാ ക്കോസ് റമ്പാച്ചൻ ഭൂജാതനായ കാലഘട്ടത്തിലെ നന്മകളിലേക്ക് പെട്ടെന്ന് ഒന്നു തിരിഞ്ഞുനോക്കാനാണ്. കവിയുടെ ഭാഷയിൽ "നാട്യ പ്രധാനം നഗരം ദരിദ്രം, നാട്ടിൻപുറം നന്മകളാൽ സമൃദ്ധം."

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ പ്രശ്നങ്ങളിലും പ്രതി സന്ധികളിലും പ്രയാസങ്ങളിലും കൂടി സഞ്ചരിക്കേണ്ടി വന്ന മലങ്കര സഭയുടെ രക്ഷയ്ക്കു വേണ്ടി വീടും കൂടും കൂട്ടും വിട്ടുകൊണ്ടു സമ്പൂ ർണ്ണ സമർപ്പണത്തോടെ ജീവിച്ച ഒരുപറ്റം ഉത്തമന്മാരായ വൈദികരുടെ വിവിധ തലങ്ങളിലുള്ള അതുല്യ സേവന പ്രവർത്തനങ്ങളാൽ സഭാ ചരി ത്രത്തിന്റെ താളുകൾ തിളങ്ങി നിൽക്കുന്നത് ആർക്കും ദർശിക്കാനാവും. പ്രശംസയ്ക്കും പ്രശസ്തിക്കും മരണംവരെ അവധി പ്രഖ്യാപിച്ചുകൊണ്ട് സഭയ്ക്കുവേണ്ടി ദൈവാശ്രയത്തോടെ കഷ്ടനഷ്ടങ്ങൾ സഹിക്കുകയും ത്യാഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്ത അവരെപ്പറ്റിയുള്ള സ്മരണകൾ പോലും സഭാസ്നേഹികൾക്കു രോമഹർഷദായകമാണ്. എന്നാൽ പല പ്പോഴും മിക്ക സഭാംഗങ്ങളും അത്തരക്കാർ കടന്നുപോയി അധികംനാൾ കഴിയുംമുമ്പേ അവരെയും അവരുടെ വിലപ്പെട്ട സേവനങ്ങളെയും ഏതാണ്ടു വിസ്മരിക്കുന്നു എന്ന ദുഃഖസത്യം അവശേഷിക്കുന്നു.

സഭാചരിത്രത്തോടും സഭാചരിത്ര സംരക്ഷണത്തോടും മൺമറഞ്ഞ സഭാനേതാക്കളോടും ബോധപൂർവ്വമല്ലെങ്കിൽ തന്നെ പൊതുവേ നമുക്ക് ഒരവഗണന ഇല്ലെന്നു സമർത്ഥിക്കാൻ പ്രയാസമാണ്. ചരിത്രം എഴുതി സൂക്ഷിക്കുന്നതിനും വാങ്ങി വായിക്കുന്നതിനും പിൻതലമുറകൾക്കു ശരിക്കു പറഞ്ഞുകൊടുക്കുന്നതിനും ഉത്സാഹം കാണിക്കാത്ത ഒരു ജന വിഭാഗമായി നാം മാറിക്കഴിഞ്ഞു. ഈ സ്ഥിതിവിശേഷത്തിനു മാറ്റം വരു ത്തിയില്ലെങ്കിൽ സഭയുടെ നല്ല ഭാവിയെ അതു ബാധിക്കുമെന്നുള്ള ദർശ നവും സഭയുടെ അധിപന്മാർക്ക് ഉണ്ടാകേണ്ടതാണ്. അജ്ഞരായ ആട്ടിൻ കൂട്ടം ഇടയന്മാർക്കും ഒരിക്കൽ ഒരു ബാധ്യതയായി മാറാം.

കഴിഞ്ഞ ശതകത്തിൽ സഭയുടെ നിർണ്ണായക മേഖലകളിൽ വ്യക്തി പരമായ നേട്ടങ്ങളിൽ കണ്ണുവെക്കാതെയും പരപ്രേരണ കൂടാതെയും തികഞ്ഞ ആത്മാർത്ഥതയോടു കൂടി പ്രവർത്തിച്ച അവിവാഹിതരായ വൈദിക പ്രമുഖരിൽ എം. സി. കുറിയാക്കോസ് റമ്പാൻ, ഫാ. കെ.

ഡേവിഡ്, ഫാ. കെ. പീലിപ്പോസ് (പിന്നീട് മാർ തെയോഫിലോസ്), ഫാ. വി. കെ. മാത്യു (പിന്നീട് മാത്യൂസ് പ്രഥമൻ ബാവാ), ചെറിയമഠത്തിൽ സ്ക്കറിയാ മല്പാൻ, മണലിൽ യാക്കോബ് കത്തനാർ, മാനേജരച്ചൻ എന്ന മറുപേരു ലഭിച്ച തലക്കുളത്തു ഫാ. ടി. സി. ജേക്കബ്, ഫാ. കെ. ബി. മാത്യൂസ്, ഫാ. ടി. ജി. സഖറിയ, കൂട്ടുങ്കൽ കെ. വി. ഗീവറുഗീസ് റമ്പാൻ, ഫാ. എൻ. എ. യോഹന്നാൻ മല്പാൻ (പിന്നീട് മാർ സേവേറിയോസ്), സഭാകവി സി. പി. ചാണ്ടി മുതലായവർ ഉൾപ്പെടുന്നു. ഇവരിൽ പലരുടേയും സേവനപ്രവർത്തനങ്ങൾ ഇനിയും എഴുതപ്പെടാതെ കിടക്കുകയാണ്.

പഠനം, ജോലി എന്നിവ സംബന്ധിച്ചു ആറു ദശാബ്ദങ്ങൾക്കു മുമ്പ് സഭാകേന്ദ്രമായ കോട്ടയത്തു വന്ന എനിക്കു മുകളിൽ പറഞ്ഞ പലരുമായി അടുത്തിടപെടാനും അവരെ വലിയൊരളവിൽ മനസ്സിലാക്കാനും സാധിച്ചിട്ടുണ്ട്. ഇവരിൽ പലരുടേയും ജീവചരിത്രങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്താനും അവസരങ്ങൾ ലഭിച്ചതിൽ വളരെ സന്തോഷമുണ്ട്. എന്നാൽ ഇവരേക്കാൾ കൂടുതൽ സേവനസരണികളിൽ വിശ്രമരഹിതനായി ഏർപ്പെട്ടു സഭയ്ക്കു വൻ സംഭാവനകൾ ചെയ്യുകയും അത്യധ്വാനം മൂലം രോഗിയായി താരതമ്യേന ചെറുപ്രായത്തിൽ മറുകര കടക്കുകയും ചെയ്ത കുറിയാക്കോസ് റമ്പാച്ചൻ അന്തരിച്ച് അര നൂറ്റാണ്ടു കഴിഞ്ഞിട്ടും ഭാവിതലമുറയുടെ അറിവിനുവേണ്ടി നല്ല "ഒരക്ഷരപൂജ" നടത്താൻ നാട്ടുകാർക്കോ സമകാലികർക്കോ സാധിച്ചിട്ടില്ലെന്നുള്ളത് ഒരു വലിയ കുറവാണ്. അതേസമയം ചില ശ്രമങ്ങൾ നടന്നു എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. ഈ വലിയ കുറവു നികത്താനുള്ള ഒരു ചെറിയ ശ്രമമാണിത്.

ഞാൻ 1950-ൽ കോട്ടയത്തു വരുമ്പോൾ ടൗണിലൂടെ കറുത്ത കുപ്പായം ധരിച്ചു സഞ്ചരിച്ചിരുന്നത് എം. സി. കുറിയാക്കോസ് റമ്പാച്ചനും എരുത്തിക്കൽ ജോസഫച്ചനും ആയിരുന്നു. അവർ തിരുനക്കരയിലൂടെ നടന്നുപോകുന്ന ചിത്രം എന്റെ മനസ്സിൽ ഇപ്പോഴും മായാതെ നിൽക്കുന്നുണ്ട്. എന്നാൽ പണ്ഡിതനും പക്വമതിയും മിതഭാഷിയുമായ റമ്പാച്ചനോടു സംസാരിക്കാനോ നേരിട്ട് ഇടപെട്ടു പരിചയപ്പെടാനോ ഒരു കോളജ് വിദ്യാർത്ഥിയായിരുന്ന എനിക്ക് അന്നവസരം ലഭിച്ചിരുന്നില്ല. പിന്നീട് ചർച്ച് വീക്കിലി, മലയാള മനോരമ എന്നിവയുടെ സ്റ്റാഫിൽ അംഗമായ ശേഷമാണു സഭാരംഗത്തു കുറിയാക്കോസ് റമ്പാച്ചൻ ചെയ്ത വിലതീരാത്ത സേവനങ്ങളെപ്പറ്റി മനസ്സിലാക്കാൻ തുടങ്ങിയത്. മലങ്കരസഭയുടെ ആധുനിക ചരിത്രം പഠിക്കാനും ചില സഭാചരിത്ര - ജീവചരിത്ര ഗ്രന്ഥങ്ങൾ രചിക്കാനും ശ്രമിച്ചപ്പോൾ റമ്പാച്ചന്റെ ചെറിയ ശരീരത്തിൽ കുടികൊണ്ടിരുന്ന വലിയ മനുഷ്യനെ കൂടുതൽ അറിയാൻ സാധിച്ചു എന്നതാണു

വസ്തുത. ഉന്നത വിദ്യാഭ്യാസം ലഭിച്ചശേഷം, മാലോകർ വിലമതിക്കുന്ന ഉയർന്നസ്ഥാനങ്ങളിൽ പ്രവേശിക്കാതെ സഭയ്ക്കുവേണ്ടി അദ്ദേഹം എല്ലാം സ്വയം സമർപ്പിക്കുകയായിരുന്നു. ഈ സമർപ്പണ ജീവിതം സഭയെ പലതരത്തിൽ പരിപോഷിപ്പിച്ചു. ഇതരസരണികളിൽ പ്രവേശിച്ചു കുറെ ഉയർന്ന് ആരാലും അറിയപ്പെടാതെ പോകുമായിരുന്ന ഒരു ജീവിതം ദൈവകരങ്ങളിൽ സമർപ്പിച്ചപ്പോൾ അതു വൻ ഫലം പുറപ്പെടുവിച്ച ശേഷം അനശ്വരമായി പരിലസിക്കുന്നു എന്നതാണ് ഇവിടെ പ്രധാന മായും ഓർക്കേണ്ട വസ്തുത.

മഹാനായ അദ്ദേഹം മുഖ്യ പത്രാധിപരായിരുന്നു നടത്തിയ സഭയുടെ മുഖപത്രമായ "മലങ്കരസഭ"യുടെ സ്റ്റാഫിൽ പിന്നീട് എനിക്കും പ്രവർ ത്തിക്കുവാൻ സാധിച്ചു എന്നത് ഒരു ദൈവനിയോഗമായും ഭാഗ്യമായും ഞാൻ കരുതുന്നു.

റമ്പാച്ചനുമായി നേരിട്ട് ഇടപെട്ടിട്ടുള്ളവരും അദ്ദേഹത്തെ ആഴത്തിൽ മനസ്സിലാക്കിയിട്ടുള്ളവരുമായ ഒട്ടധികം പ്രമുഖ വ്യക്തികളുടെ സഹായ സഹകരണങ്ങൾ കൊണ്ടും നിർദ്ദേശം കൊണ്ടുമാണ് ഈ പുസ്തകം തയ്യാറാക്കാൻ സാധിച്ചത്.

സഭയുടെ ഇന്നത്തെ മുഖ്യ വരുമാനമാർഗ്ഗമായ കാതോലിക്കാ ദിന പ്പിരിവു സംബന്ധിച്ച റമ്പാച്ചന്റെ ശക്തമായ പ്രാരംഭ പ്രവർത്തന വിജ യവും സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയെ ചെറുപ്പം മുതലേ സഭാരംഗത്തു ഉയർത്തിക്കൊണ്ടു വരുന്നതിനു നട ത്തിയ ശ്രമങ്ങളും പാത്താമുട്ടം സ്ലീബാപ്പള്ളി സ്ഥാപനവും "മലങ്കര സഭ" യുടെ പത്രാധിപത്യവും അമൂല്യ രചനകളുമാണ് റമ്പാച്ചന്റെ ഒട്ടധികം നേട്ടങ്ങളിൽ പ്രധാനപ്പെട്ടവയെന്നു ചുരുക്കിപ്പറയാം.

മികച്ച അദ്ധ്യാപകൻ, നല്ല മാതൃക വച്ചിട്ടുപോയ വികാരി, സ്കൂൾ കറസ്പോണ്ടന്റ്, പഴയസെമിനാരി മാനേജർ, സഭാ സെക്രട്ടറി തുടങ്ങിയ വിവിധ വിശാല തുറകളിൽ പ്രവർത്തിക്കുകയും അവിടെയെല്ലാം സത്യ സന്ധതയുടെയും വിശ്വസ്തതയുടേയും കൃത്യനിഷ്ഠയുടെയും സുവ ർണ്ണ മുദ്രകൾ പതിക്കുകയും ചെയ്ത റമ്പാച്ചന്റെ ജീവിതം അന്നും ഇന്നും എന്നും സഭാസ്നേഹികൾക്കും സഭയിലെ സ്ഥാനികൾക്കും പ്രചോദന പ്രദമാണ്. അക്കാര്യം പ്രത്യേകം അനുസ്മരിപ്പിക്കാൻ കൂടിയാണ് വൈകി വന്ന ഈ രചന.

റമ്പാച്ചന്റെ കൃതികൾ എല്ലാംതന്നെ പുഃനപ്രസിദ്ധീകരണാർഹങ്ങ ളാണ്. അവയിൽ ചിലതെല്ലാം പിന്നീട് പ്രത്യക്ഷപ്പെടുമെന്നുള്ള പ്രതീ ക്ഷയോടെ ഭാഗ്യസ്മരണാർഹനായ പുത്തൻകാവു മാർ പീലക്സിനോസ് തിരുമേനിയുടെ ആകസ്മിക മരണത്തെ തുടർന്ന് റമ്പാച്ചൻ എഴുതിയതും

ഒരു വിലാപകാവ്യത്തിന്റെ വലയത്തിൽപ്പെടുത്താൻ യോഗ്യതയുള്ളതുമായ "ബതേലിലെ താമര" എന്ന പുസ്തകവും റമ്പാച്ചൻ സഭയുടെ ആദ്യത്തെ ബാഹ്യകേരള മിഷൻകേന്ദ്രമായ കോയമ്പത്തൂർ തടാകം ആശ്രമത്തിൽ ചികിത്സാർത്ഥം ഏതാനും ആഴ്ചകൾ താമസിച്ചപ്പോൾ ബിഷപ്പ് വാൽഷിന്റെ ഗ്രന്ഥശേഖരവും മറ്റുമുള്ള മികച്ച തടാകം ലൈബ്രറിയിലെ ഗ്രന്ഥസമുച്ചയത്തെ ഉപജീവിച്ച് ഇംഗ്ലീഷിൽ എഴുതിയ സഭാചരിത്രവും ഈ പുസ്തകത്തോടൊപ്പം ചേർക്കുന്നതിൽ സന്തോഷമുണ്ട്.

ഈ പുസ്തക രചനയ്ക്കുള്ള വിവരങ്ങൾ ശേഖരിക്കാൻ വേണ്ടി മലയാള മനോരമയിൽ സൗജന്യ പരസ്യം നൽകി സഹായിച്ച ചീഫ് എഡിറ്റർ കെ. എം. മാത്യുവിനോടും റമ്പാച്ചന്റെ കുടുംബാംഗങ്ങളായ മാളികയിൽ ഡോ. എം. എസ്. അലക്സാണ്ടർ (ഇംഗ്ലണ്ട്), ഡോ. എം. പി. ചാക്കോ മാളികയിൽ, എം. എസ്. ജേക്കബ് മാളികയിൽ എന്നിവരോടും സഭാചരിത്രകാരനായ അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ കുന്നംകുളം, പി. തോമസ് പിറവം, സ്ലീബാ പള്ളി വികാരി ഫാ. തോമസ് പി. സഖറിയ, വള്ളംകുളം കോയിക്കൽ മാത്യു സാർ, കുറിച്ചി കരുനാട്ടു കെ. മാത്തൻ, മണർകാട് മുണ്ടംപടവത്ത് തോമസ് വറുഗീസ്, മാവേലിക്കര നാടാവള്ളിൽ മലയിൽ എം. പി. മറിയാമ്മ മാത്യു മുതലായവരോടുമുള്ള കൃതജ്ഞത സസന്തോഷം അറിയിക്കുന്നു.

കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ചരമ സുവർണ്ണ ജൂബിലി സുവനീറിൽ റമ്പാച്ചനെ "എന്റെ വാത്സല്യ പിതാവ്" എന്ന് സമുചിതമായി വിശേഷിപ്പിച്ച മലങ്കരസഭാരത്നവും സഭയിലെ സീനിയർമോസ്റ്റ് മെത്രാപ്പോലീത്തായും മിഷൻ ബോർഡ് പ്രസിഡന്റുമായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ ആശംസ ഈ പുസ്തകത്തിനു സുഗന്ധവാഹിയായ ഒരു കനകശിരോലങ്കാരമാണെന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്. റമ്പാച്ചന്റെ അതുല്യ സഭാസ്നേഹം, ദൈവാശ്രയം, ബഹുമുഖ സേവന പ്രവർത്തനങ്ങൾ, സൽപെരുമാറ്റം, ലളിതസുന്ദരമായ ജീവിതം എന്നിവയെപ്പറ്റി ഇത്രയധികം നേരിട്ടറിവുള്ള മറ്റൊരു മേല്പട്ടക്കാരൻ ഇന്നു സഭയിലില്ല. തിരുമേനിയുടെ സദ്വികാര സ്മരണകൾ തുടിച്ചു നിൽക്കുന്ന ആശംസയ്ക്കു ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ അതുല്യ സഭാസേവന പ്രവർത്തനങ്ങളെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചുകൊണ്ട് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ഈവാനിയോസ് നൽകിയ ആശംസ പുസ്തകത്തിനു പ്രകാശനിർഭരമായ ഒരംഗീകാരമായി ഞാൻ പരിഗണിക്കുന്നു. തിരുമേനിയോടുള്ള കടപ്പാടും സന്തോഷവും അറിയിക്കുന്നു.

ഈ പുസ്തകത്തിന്റെ അവതാരിക എഴുതിയിരിക്കുന്ന ഫാ. ഡോ. ജേക്കബ് കുര്യൻ വൈദികസെമിനാരി വൈസ് പ്രിൻസിപ്പൽ എന്നതിലുപരി പാത്താമുട്ടം സ്ലീബാപ്പള്ളിയുടെ മുൻ വികാരി, “മലങ്കരസഭാ” മാസികയുടെ മുൻ ചീഫ് എഡിറ്റർ, ഗ്രന്ഥകാരൻ, പ്രൊഫസർ, പ്രഭാഷകൻ മുതലായ നിലകളിൽ റമ്പാച്ചന്റെ കാൽപാടുകളിൽ അടിതെറ്റാതെ സഞ്ചരിക്കുന്ന ശ്രേഷ്ഠ പുരോഹിതനും പണ്ഡിതവരേണ്യനുമാണ്. റമ്പാച്ചന്റെ സേവനപ്രവർത്തനങ്ങളെപ്പറ്റി നല്ല ഉൾകാഴ്ചയും ഗ്രാഹ്യവുമുള്ള ഡോ. ജേക്കബ് കുര്യൻ അച്ചനെ അവതാരികാകാരനായി ലഭിച്ചതു തന്നെ ഒരനുഗ്രഹമായി ഞാൻ കരുതുന്നു.

ഇക്കഴിഞ്ഞ മെയ് 12-നു കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടന്ന മെത്രാൻ സ്ഥാനാഭിഷേകമധ്യേ പുതിയ മെത്രാന്മാരെ മുമ്പിൽ കണ്ടുകൊണ്ട് ജേക്കബ് കുര്യനച്ചൻ ചെയ്ത അതിശ്രദ്ധേയവും ഉദ്ബോധനപ്രധാനവുമായ പ്രസംഗത്തിൽ ഉയരത്തിൽ സ്ഥിതിചെയ്തു പ്രകാശം പരത്തുന്ന നക്ഷത്രങ്ങളുടെ ശോഭയെ പരാമർശിച്ചുകൊണ്ടവതരിപ്പിച്ച ചിന്ത ഭൂമിയിൽ കൂടുതൽ കാൽനടയായി സഞ്ചരിച്ച് ഉയരത്തിലേക്കു നോക്കി ജീവിച്ച എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ മഹത്വം പരോക്ഷമായി വർണ്ണിക്കുന്നതായി എനിക്കു തോന്നി. അച്ചൻ ഇങ്ങനെ തുടർന്നു: “ഉയരങ്ങളിലുള്ള കർത്താവിന്റെ നെഞ്ചോടു ചേർന്നിരിക്കുന്നതിന്റെ ഉയരം നമുക്കും നമ്മുടെ ഇടയന്മാർക്കും ഉണ്ടായേ പറ്റൂ. അകലം സൂക്ഷിച്ചാലേ ആദരം കിട്ടൂ എന്ന മിഥ്യാധാരണയുടെ ഉയരമല്ല അത്. തുടരെത്തുടരെ ആകാശയാത്ര നടത്തിയാലെ താരപരിവേഷവും തിരക്കും തെളിയിക്കാനാകൂ എന്ന പാഴ്ചിന്തയുടെ ഉയരമല്ല അത്. ഉയർന്നു നിന്നു ചിന്തിക്കാനും ഉയരത്തിലുള്ളത് അന്വേഷിക്കാനും ഉള്ള ഉയരമാണത്. നഷ്ടപ്പെടുന്നതിനെ അന്വേഷിച്ചു കണ്ടെത്താൻ കഴിയുന്ന ഉയരക്കണ്ണാണത്. അകലങ്ങളിലേക്കു ദർശനം സാധിക്കുന്ന ഉയരമാണത്.”

സഭയിലെ ചില ആനുകാലിക പ്രവണതകളെ സത്യനിഷ്ഠയോടും ആർജ്ജവത്തോടും എടുത്തു കാട്ടാനും മറ കൂടാതെ രചനാത്മകമായി വിമർശിക്കാനും ചങ്കുറപ്പ് കാട്ടിയ ശ്രേഷ്ഠപുരോഹിതൻ തന്റെ കുറിപ്പിലൂടെ ഈ പുസ്തകത്തിന് ഒരു താരശോഭ തന്നെ സമ്മാനിച്ചിരിക്കുന്നതിനാൽ നന്ദിയിൽ ചാലിച്ച സീമാതീതമായ സന്തോഷം അറിയിക്കുന്നു.

എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ചരമ വാർഷികം അദ്ദേഹത്തിന്റെ അനുപമ സമർപ്പിത ജീവിതത്തിനും സഭയ്ക്ക് അദ്ദേഹം ചെയ്ത വൻ സേവനങ്ങൾക്കും ചേരുന്നവിധത്തിൽ സമുചിതമായി ആചരിക്കുന്നതിനുള്ള സംവിധാനങ്ങൾക്കു രൂപം നൽകിയതു ഫാ. ഡോ. ജേക്കബ് കുര്യൻ ഏതാനും വർഷം സ്ലീബാപ്പള്ളി വികാരിയായിരുന്നപ്പോഴാണെന്ന വസ്തുത എടുത്തു പറയാനാഗ്രഹിക്കുന്നു.



ഫാ. തോമസ് സഖറിയാ

ചരമ സുവർണ്ണ ജൂബിലി പ്രശംസാർഹമായി കൊണ്ടാടുന്നതിനും ഒരു മികച്ച സ്മരണിക പ്രസിദ്ധപ്പെടുത്തുന്നതിനും നേതൃത്വം നൽകിയ എന്റെ ശിഷ്യനും യുവാവും പക്വമതിയും മുൻ വികാരിയുമായ കൂട്ടുങ്കൽ ഫാ. തോമസ് സഖറിയായും അഭിനന്ദനം അർഹിക്കുന്നുണ്ട്.

യഥാർത്ഥത്തിൽ റമ്പാച്ചൻ അർഹിക്കുന്നവിധത്തിലുള്ള ഒരു നല്ല ജീവചരിത്രം കാതങ്ങൾ അകലെയാണെന്ന ചിന്തയോടെ ഭാഗ്യസ്മരണാർഹനായ മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാച്ചനെ അദ്ദേഹത്തിന്റെ "വളർത്തുപുത്രനെന്നു" വിശേഷിപ്പിക്കാവുന്ന സമുന്നതവ്യക്തിയും സഭയ്ക്കു വടക്കേഇന്ത്യയിൽ മേൽവിലാസം ഉണ്ടാക്കിക്കൊടുത്ത പ്രമുഖ മിഷനറിയും കൽക്കട്ടാ ഭദ്രാസനാധിപനും ആയിരുന്ന സ്തേപ്പാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ പാവന സ്മരണയ്ക്കു മുമ്പിൽ സാഭിമാനം സമർപ്പിക്കുന്നു.

**കെ. വി. മാമ്മൻ കോട്ടയ്ക്കൽ**

മാങ്ങാനം
19-7-2010



# ഉള്ളടക്കം


| | | |
|---|---|---|
| ആശംസ | ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് | 5 |
| ആശംസ | ഗീവർഗീസ് മാർ ഈവാനിയോസ് | 7 |
| അവതാരിക | ഫാ. ഡോ. ജേക്കബ് കുര്യൻ | 8 |
| ആമുഖം | | 12 |
| 1 | ജനനവും ബാല്യവും | 21 |
| 2 | വിദ്യാഭ്യാസം | 24 |
| 3 | മികച്ച അധ്യാപകൻ | 26 |
| 4 | വൈദിക ജീവിതത്തിലേക്ക് | 29 |
| 5 | കവിയൂർ പള്ളി വികാരി | 33 |
| 6 | പാത്താമുട്ടം സ്ലീബാപ്പള്ളി | 41 |
| 7 | കാതോലിക്കാ നിധി | 43 |
| 8 | പൊന്നുരുക്കി കുരിശുണ്ടാക്കാൻ നേതൃത്വം നൽകിയ സന്യാസി | 48 |
| 9 | പത്രാധിപരും എഴുത്തുകാരനും | 52 |
| 10 | ഗുരുവിന്റെ ജീവിതാന്ത്യവും ശിഷ്യന്റെ അന്ത്യാഭിവാദ്യവും | 56 |
| 11 | ജീവിത സായാഹ്നം | 60 |
| 12 | ഒരു വൈദിക പ്രമുഖന്റെ നിര്യാണം | 65 |
| 13 | ജീവിതവും സന്ദേശവും | 67 |
| **ഭാഗം 2** | **സാക്ഷ്യങ്ങൾ** | |
| 1 | പ്രിയപ്പെട്ട ചിലരുടെ സാക്ഷ്യങ്ങൾ | 71 |
| 2 | അനാഡംബര ജീവിതം അതിശ്രേഷ്ഠമായ ആദർശം | 80 |
| 3 | ദൈവമനുഷ്യനായ റമ്പാച്ചൻ | 86 |
| 4 | റമ്പാച്ചന്റെ സൽപ്രേരണകൾ വിജയത്തിൽ എത്തിച്ചു | 88 |
| 5 | നിവർത്തിയായ പ്രവചനവും ഒരപൂർവ്വ ദർശനവും | 90 |
| **ഭാഗം 3** | **രചനകൾ** | |
| 1 | കുരിശിന്റെ മാഹാത്മ്യം | 93 |
| 2 | മഹാവൃക്ഷമായി വളർന്ന മർത്തമറിയം വനിതാസമാജം | 97 |
| 3 | ബതേലിലെ താമര | 101 |
| 4. | THE ORTHODOX SYRIAN CHURCH OF MALABAR | 115 |

# 1

# ജനനവും ബാല്യവും

ശാഖോപശാഖകളുമായി തഴച്ചു വളർന്നു പന്തലിച്ചു നിൽക്കുന്ന ഒരു വടവൃക്ഷ സമാനം കോട്ടയം ജില്ലയിലെ വാകത്താനം തുടങ്ങിയ സ്ഥലങ്ങളിൽ വ്യാപിച്ചു കിടക്കുന്ന പുരാതന പ്രശസ്തമായ പ്ലാപ്പറമ്പു കുടുംബത്തിന്റെ ആരംഭം മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ഒന്നാം നൂറ്റാണ്ടിൽ സ്നാനപ്പെട്ട ശങ്കരപുരി കുടുംബത്തിൽ നിന്നാണെന്നു 1977-ൽ പ്ലാപ്പറമ്പു കുടുംബയോഗക്കമ്മിറ്റിക്കു വേണ്ടി ദീർഘകാല ഗവേഷണ പഠനങ്ങൾക്കുശേഷം റിട്ട. പ്രിൻസിപ്പൽ കെ. എം. കുറിയാക്കോസ് എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ച പ്ലാപ്പറമ്പു കുടുംബചരിത്രത്തിൽ പറയുന്നു. ഈ മൂല കുടുംബത്തിലെ അംഗങ്ങൾ കാലക്രമേണ അങ്കമാലി, കുറവിലങ്ങാട്, കോട്ടയം എന്നിവിടങ്ങളിലും കോട്ടയത്തു നിന്നു ഒരു ശാഖ പുതുപ്പള്ളിയിലും എത്തി. പുതുപ്പള്ളി കുട്ടഞ്ചിറ നിന്നു 1788-ൽ വാകത്താനത്തു വന്നു വാസമുറപ്പിച്ച പുന്നൂസ് കുര്യനാണു പ്ലാപ്പറമ്പു കുടുംബ സ്ഥാപകനെന്നു കുടുംബചരിത്രത്തിനു നൽകിയിരിക്കുന്ന ആശംസയിൽ പ്രസ്തുത കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ വൈദിക ശ്രേഷ്ഠനായ (ഇപ്പോൾ മലങ്കരസഭയിലെയും) ഫാ. കെ. കെ. ജോർജ് (98 വയസ്സ്) സാഭിമാനം അവകാശപ്പെടുന്നു. അതിനെ ചോദ്യം ചെയ്യുന്നതിനാവശ്യമായ തെളിവുകൾ ആർക്കെങ്കിലും നിരത്താനാവുമെന്നും തോന്നുന്നില്ല.

ആയിരത്തിത്തൊള്ളായിരത്തിഒന്ന് ഓഗസ്റ്റ് 31-നു ശനിയാഴ്ച രാത്രി 9-നു (1077 ചിങ്ങം 16) കോറിക്കൊച്ചെന്നു പിന്നീട് ഓമനപ്പേരിൽ അറിയപ്പെട്ട എം. സി. കുറിയാക്കോസ് എന്ന ശിശു ജനിച്ചപ്പോൾ അദ്ദേഹം ഒരു വലിയ സന്യാസിശ്രേഷ്ഠനാകുമെന്നോ സഭയുടെ വിവിധ രംഗങ്ങളിൽ വിശിഷ്ട സേവനം ചെയ്യുമെന്നോ ഉറ്റവരും ഉടയവരും അയൽവാസികളും മറ്റും സ്വപ്നേപി വിചാരിച്ചിരുന്നില്ല.

ജനിക്കുമ്പോൾ ശിശു കരയുകയും മരിക്കുമ്പോൾ മറ്റുള്ളവർ കരയുകയും ചെയ്യുന്ന ലോകജീവിത രീതിക്കു വിരുദ്ധമായി കോറിക്കൊച്ചു ജനിച്ചു വീണപ്പോൾ കരയാതെ ചലനമറ്റു കിടന്നു. തന്നിമിത്തം ശിശു മരിച്ചതു തന്നെ എന്നു ചുറ്റും നിന്നിരുന്ന ചില സ്ത്രീകൾ വിധിയെഴുതി. മരിച്ചതാണോ എന്നറിയാൻ കുഞ്ഞിനെ ഇളനീരിൽ കിടത്തുകയോ ഈർക്കിൽ ചൂടാക്കി തുടയിൽ സ്പർശിക്കുകയോ ചെയ്താൽ മതിയെന്നു മറ്റു ചിലർ നിർദ്ദേശിച്ചു. മരിച്ച കൊച്ചിനെ വച്ചുകൊണ്ടിരിക്കാതെ സത്വരം കുഴിച്ചിടാനൊരുങ്ങുകയാണുചിതമെന്നുള്ള നിർദ്ദേശവും ഉയർന്നു. എന്നാൽ ശിശുവിന്റെ ദേഹത്തു നിന്നു ചൂടു വിട്ടുമാറിയിരുന്നില്ലെന്നു മനസ്സിലാക്കിയ കുഞ്ഞിന്റെ വല്യമ്മച്ചി കുഞ്ഞിനെ വാരിയെടുത്തു തന്റെ

വായോടടുപ്പിച്ചു കൊണ്ടു മൂക്കിൽ ശക്തിയോടെ ഒന്നൂതിയതും കുഞ്ഞ് കരഞ്ഞതും ഒന്നിച്ചായിരുന്നു. വിസ്മയഭരിതരായ നാരികൾ ഈ കുഞ്ഞ് ഒരു വലിയ ആളാകുമെന്ന് അടക്കം പറഞ്ഞത്രെ. ജനനദിവസത്തിൽ തന്നെ ദൈവം മരണക്കിണറിന്റെ വക്കിൽ നിന്നു തന്നെ വലിച്ചെടുക്കുകയായിരുന്നു എന്നു റമ്പാച്ചൻ പിന്നീട് രേഖപ്പെടുത്തിയിട്ടുണ്ട്. എന്തായാലും ലൗകികജീവിതത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു വലിയ അളവിൽ ജനിച്ച ദിവസം തന്നെ മരിച്ച വ്യക്തിയായിരുന്നു എന്നു ചലനമറ്റ ഈ ആരംഭം പ്രവചിക്കയായിരുന്നു!

കുറിയാക്കോസിന്റെ ജനനം വളരെയധികം ഭൂസ്വത്തുള്ള ഒരു സമ്പന്ന കുടുംബത്തിലെ ഇരുനില മാളികയിലായിരുന്നതിനാലാണു മാളികയിൽ എന്ന വീട്ടുപേര് അദ്ദേഹത്തിനു ലഭിച്ചത്. അന്നു മാളിക വീടുകൾ അവിടെ അപൂർവ്വ ദൃശ്യമായിരുന്നു. റമ്പാച്ചന്റെ മൂത്ത സഹോദരൻ മാളികയിൽ എം. സി. പുന്നൂസും ഇളയ സഹോദരൻ മാളികയിൽ എം. സി. സ്കറിയായുമായിരുന്നു. മൂത്ത സഹോദരി അന്നമ്മയെ പള്ളം പാറപ്പുറത്തു ഗീവറുഗീസ് മല്പാന്റെ മകൻ അഡ്വ. പി. ഇ. കുര്യൻ വിവാഹം ചെയ്തു. ഇളയ സഹോദരി ഏലിയാമ്മയെ വിവാഹം ചെയ്തിരിക്കുന്നത് മീനടം മല്ലക്കാട്ട് മാണിയാണ്.

സന്ധ്യാഗമനത്തോടു കൂടി എല്ലാ ഹൈന്ദവ ഭവനങ്ങളിലും രാമനാമ ജപവും ക്രൈസ്തവ ഗൃഹങ്ങളിൽ സന്ധ്യാ പ്രാർത്ഥനയും പാട്ടും വേദവായനയും മുടങ്ങാതെ നടന്നുകൊണ്ടിരുന്ന പഴയകാലത്താണല്ലോ റമ്പാച്ചൻ ഭൂജാതനായത്. മാതാപിതാക്കൾ സന്താനങ്ങൾക്കു സന്മാതൃക കാട്ടിയില്ലെങ്കിൽ ക്രിസ്തീയ ജീവിതം ഫലം പുറപ്പെടുവിക്കുകയില്ലെന്നു ഇന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണല്ലോ.

പ്രഗല്ഭരായ പല ദൈവഭക്തന്മാരും തങ്ങളുടെ മാതാപിതാക്കളുടെ ഉത്തമ മാതൃകകളെ വർഷങ്ങൾക്കു ശേഷവും എടുത്തു പറഞ്ഞിട്ടുള്ളതുപോലെ റമ്പാച്ചനും കറയറ്റ ഓർത്തഡോക്സ് വിശ്വാസാചാരങ്ങളിൽ തന്റെ മാതാപിതാക്കൾ വളരെയധികം നിഷ്ഠയുള്ള വരായിരുന്നു എന്ന് കൃതജ്ഞതാപൂർവ്വം എഴുതിയിട്ടുണ്ട്. ചെറുപ്പത്തിൽ തന്നെ പ്രശസ്ത പാരമ്പര്യവും കുലീന സംസ്ക്കാരവും മാതാപിതാക്കളുടെ പക്വതയുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുഭവങ്ങളും റമ്പാച്ചനെ അഭികാമ്യമായ സഭാജീവിത സരണിയിലേക്ക് ആനയിച്ചു എന്നതാണു അനിഷേധ്യമായ വസ്തുത. ദൈവാശ്രയവും ദൈവഭയവും വിനയവും മുഖമുദ്രയായിരുന്ന ഒരു ഓർത്തഡോക്സ് കുടുംബത്തിൽ ജനിക്കാനും അവിടെ പ്രഭാതത്തിലും പ്രദോഷത്തിലും പാതിരായ്ക്കും വലിയ


**ഫാ. കെ. കെ. ജോർജ്**

നോമ്പുകാലത്തു മദ്ധ്യാഹ്നത്തിലും മുടങ്ങാതെ നടന്നുവന്ന പ്രാർത്ഥന കളിൽ പങ്കെടുക്കാനും ഞായറാഴ്ചകളിലും പ്രധാനപ്പെട്ട പെരുന്നാൾ ദിവസങ്ങളിലും മാതാപിതാക്കളോടൊപ്പം പള്ളിയിൽ പോയി ആരാധന കളിൽ സംബന്ധിക്കാനും അവസരങ്ങൾ ലഭിച്ചപ്പോൾ കോറിക്കൊച്ച് എന്ന കുറിയാക്കോസ് ഒരു ദൈവദാസനായി ഉയരുന്നതിനുള്ള പടികൾ ചവിട്ടുകയായിരുന്നു.

പ്ലാപ്പറമ്പു കുടുംബത്തിന്റെ ഏഴു തലമുറകളിലും ഒന്നിലധികം ഉത്ത മന്മാരായ വൈദികർ ഉണ്ടായിരുന്നു. ഇപ്പോൾ ആറു വൈദികരാണുള്ളത്. അവരിൽ ഏറ്റവും സീനിയർ ശതാബ്ദിയിലേക്കു നീങ്ങുന്ന 98 കാരനായ തോട്ടയ്ക്കാട്ടു പ്ലാപ്പറമ്പിൽ ഫാ. കെ. കെ. ജോർജാണ്. സമുദായക്കേസ് കോട്ടയം ജില്ലാകോടതിയിൽ നടക്കുമ്പോൾ പ. ഗീവറുഗീസ് രണ്ടാമൻ ബാവായോടൊപ്പം ചെറിയമഠത്തിൽ സ്കറിയാ മല്പാനും, ഫാ. കെ. കെ. ജോർജും യഥാക്രമം അഞ്ചും ആറും പ്രതികളായിരുന്നു. കേസ് 1958-ൽ സുപ്രീംകോടതിയിൽ എത്തിയപ്പോൾ ഫാ. ജോർജ് കൂട്ടുവാദി യായിത്തീർന്നു. സുപ്രീംകോടതിയിലെ അന്നത്തെ സമുദായക്കേസു വാദികളിൽപെട്ട മറ്റു വൈദികർ ആരുംതന്നെ ഇന്നു ഇക്കരയിൽ ഇല്ല.

കുടുംബത്തിലെ വൈദികരുടെ സാമീപ്യവും സഭാ സ്നേഹവും സേവ നങ്ങളും നല്ല മാതൃകകളും ബാല്യത്തിൽതന്നെ കോറിക്കൊച്ചിനെ കേറി പ്പിടിച്ചിരിക്കണം.

**എം. സി. കുറിയാക്കോസ് റമ്പാന്റെ സഹോദരങ്ങൾ**


എം. സി. പുന്നൂസ്


എം. സി. സ്കറിയ


അന്നമ്മ


ഏലിയാമ്മ


ശോശാമ്മ (എം. സി. സ്കറിയയുടെ സഹധർമ്മിണി)

# 2

# വിദ്യാഭ്യാസം

പരിമിതമായ വിദ്യാഭ്യാസ സൗകര്യങ്ങൾ മാത്രമുള്ള ഒരു ഗ്രാമത്തിലെ ഒരു ബാലൻ. നൂറു വർഷം മുമ്പ് ബിരുദതലം വരെ പഠിക്കുന്നതിനിട യിൽ എല്ലാ ക്ലാസ്സുകളിലും ഒന്നാമനാകുകയും പഠിപ്പിച്ച സകല അധ്യാ പകരുടെയും പ്രശസ്തരായ വിവിധ സ്കൂൾ അധികൃതരുടെയും അഭി നന്ദനം നേടുകയും ചെയ്യുക എന്നുവന്നാൽ അതൊരു അസാധാരണ സംഭവമാണെന്നേ വിശേഷിപ്പിക്കാനാവൂ. നമ്മുടെ കഥാനായകനായ എം. സി. കോരയാണ് ഈ സമർത്ഥനായ വിദ്യാർത്ഥി എന്നറിയുമ്പോൾ അതു വീടിനും നാടിനും ഒരുപോല അഭിമാനകരമാണ്. നാട്ടിൽ നടപ്പുള്ളതു പോലെ ആറാമത്തെ വയസ്സിൽ 1907-ൽ (കൊല്ലവർഷം 1082) എം. സി. കോര വാകത്താനം എം. ഡി. സ്കൂളിൽ ചേർന്നു പഠനം ആരംഭിച്ചു. ഇപ്പോൾ കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വാക ത്താനം എം. ഡി. യു. പി. സ്കൂൾ സഭയിലെ ആദ്യകാല വിദ്യാലയങ്ങ ളിൽ ഒന്നാണ്. ഈ സ്കൂൾ ആരംഭിച്ചത് 1889-ലും. 1925-ൽ കാതോലി ക്കായായി ഉയർത്തപ്പെട്ട പ. ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ ബാവാ റമ്പാനായിരുന്ന കാലത്താണ് സ്കൂൾ സ്ഥാപിച്ചത്. ഈ സ്കൂളി നാവശ്യമായ സ്ഥലം സംഭാവന ചെയ്തത് പഴഞ്ചിറ അവിരാ മാത്യു വാണ്.

രണ്ടു വർഷം വാകത്താനത്തെ സ്കൂളിൽ പഠിച്ചശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി 1909-ൽ പുതുപ്പള്ളി എം. ഡി. സ്കൂളിൽ ചേർന്നു. രണ്ടു വർഷം കൊണ്ട് അവിടത്തെ പഠനം പൂർത്തിയാക്കി ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിൽ ചേരുകയും ഫൈനൽ ക്ലാസ്സു പരീക്ഷ ഒന്നാം ക്ലാസ്സിൽ വിജയിക്കുകയും ചെയ്തു. തന്നിൽ ഉന്നതമായ ആശയങ്ങൾ കുത്തിവയ്ക്കാൻ റോമൻ കത്തോലിക്കർ നടത്തുന്ന എസ്. ബി. ഹൈസ്ക്കൂളിലെ പഠനത്തിനു കഴിഞ്ഞിട്ടുണ്ടെന്നും അന്നത്തെ പ്രിൻസി പ്പൽ ഫാ. തോമസ് പുരയ്ക്കൽ എല്ലാ മതവിഭാഗങ്ങളിലുംപെട്ട വിദ്യാർത്ഥി കളോടും സ്വന്തം കുട്ടികൾ എന്ന രീതിയിലാണു പെരുമാറി വന്നതെന്നും റമ്പാച്ചൻ എഴുതിയിട്ടുണ്ട്.

1917-ൽ 16-ാമത്തെ വയസ്സിൽ സെന്റ് ബർക്ക്മെൻസ് ഹൈസ്ക്കൂളി നോടു വിടപറഞ്ഞപ്പോൾ സൽസ്വഭാവിയായ എം. സി. കോര ക്ലാസ്സിലെ ഏറ്റവും നല്ല വിദ്യാർത്ഥിയാണെന്നത്രെ ഹെഡ്മാസ്റ്റർ എം. പി. മരിയ ദാസ്പിള്ള സന്തോഷാശ്രുക്കളോടെ പ്രസ്താവിച്ചത്.

തുടർന്ന് എം. സി. കോര പ്രശസ്തവും അന്നു ശതാബ്ദി കഴിഞ്ഞ തുമായ കോട്ടയം സി. എം. എസ്. കോളജിൽ എഫ്. എ. (ഇന്റർമീഡി

യറ്റ്) യ്ക്കു ചേർന്നു. അന്നത്തെ പ്രിൻസിപ്പൽ റവ. ഇ. എൻ. അസ്കിത്ത് എന്ന പ്രഗല്ഭ ഇംഗ്ലീഷ് മിഷനറി ആയിരുന്നു. സി. എം. എസ്. കോളജിൽ നിന്നു എഫ്. എ. ഒന്നാം ക്ലാസ്സിൽ ജയിച്ചശേഷം ഉപരിപഠനാർത്ഥം തൃശിനാപ്പിള്ളി എസ്. പി. ജി. കോളജിൽ ചേരുകയാണുണ്ടായത്. സി. എം. എസ്. കലാലയം അന്ന് ഒന്നാം ഗ്രേഡു കോളജ് അല്ലായിരുന്നു. കോളജ് ഒന്നാം ഗ്രേഡാകുന്നത് 1950-ൽ ആണ്. എം. സി. കോര കോളജിൽ ചേരുന്ന കാലത്തു തിരുവനന്തപുരം മഹാരാജാസ് കോളജ്, ചങ്ങനാശ്ശേരി എസ്. ബി. കോളജ്, ആലുവാ യു. സി. കോളജ് എന്നിവയായിരുന്നു തിരുവിതാംകൂറിലെ ഒന്നാം ഗ്രേഡു കോളജുകൾ. തൃശ്ശിനാപ്പള്ളി കോളജ് പ്രിൻസിപ്പലായിരുന്ന റവ. അലൻ എഫ്. ഗാർഡനറും സി. എം. എസ്. കോളജ് പ്രിൻസിപ്പൽ റവ. അസ്കിത്തിനെപ്പോലെതന്നെ ആജ്ഞാശക്തിക്കും ശിക്ഷണത്തിനും പ്രസിദ്ധനായിരുന്നു. വിദ്യാർത്ഥി സമരങ്ങളും കലാലയ ഓഫീസ് നശീകരണവും കല്ലേറും ബന്ദും, ഘെരാവോയും ഒന്നും അക്കാലത്ത് ആരും കേട്ടിട്ടുപോലുമില്ല. തന്നിമിത്തം അന്നു ലക്ഷ്യബോധത്തോടെ പഠിച്ചവരെല്ലാംതന്നെ വിവിധ ജീവിതരംഗങ്ങളിൽ ഉയർന്നു ശോഭിച്ചു. പലരും ജനങ്ങളുടെ ഉത്തമ നേതാക്കളായി പല മേഖലകളിൽ മികച്ച സേവനം അനുഷ്ഠിച്ചു. ഇന്നു രാഷ്ട്രീയക്കാരുടെ ചട്ടുകങ്ങളായി ഗുരുത്വം കളഞ്ഞു കൊടിയും പിടിച്ച് അടിയും കൊണ്ടു നടക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ശരിക്കു പഠിക്കാതെ തങ്ങളുടെ വിലയേറിയ ജീവിതം പന്താടി തുലയ്ക്കുകയാണല്ലോ ചെയ്യുന്നത്. സങ്കടകരമായ ഒരു ദുരവസ്ഥ തന്നെ.

കോളജ് ഹോസ്റ്റലുകളിൽ വിഭിന്ന ചുറ്റുപാടിലാണു കഴിഞ്ഞതെങ്കിലും ഓർത്തഡോക്സ് സഭയുടെ ആചാരങ്ങളിൽ നിന്ന് ഒട്ടും അകലാതെയും വ്യതിചലിക്കാതെയുമാണ് എം. സി. കോര ജീവിച്ചതെന്നു എടുത്തു പറയേണ്ടതുണ്ട്.

സി. എം. എസ്. കോളജിൽ പഠിക്കുന്ന കാലത്തു സുപ്രസിദ്ധ ഉത്തരേന്ത്യൻ മിഷനറിയായ സാധു സുന്ദർസിംഗ് കോട്ടയത്തു വരികയും ശ്രദ്ധേയമായ രണ്ടു പ്രസംഗങ്ങൾ ചെയ്യുകയും അവ എം. സി. കോരയുടെ ഹൃദയത്തെ വല്ലാതെ പിടിച്ചു കുലുക്കുകയും ചെയ്തു. പ്രസംഗങ്ങളിൽ ഒന്ന് പ്രാർത്ഥിക്കാതിരുന്ന പത്രോസ് ശ്ലീഹായ്ക്കു നേരിട്ട വിപത്തിനെപ്പറ്റിയായിരുന്നു. രണ്ടാമത്തെ പ്രസംഗം "എന്റെ മകനെ മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്യുക" എന്ന വാക്യത്തെ അധികരിച്ചുള്ളതും. രണ്ടു പ്രസംഗങ്ങളും തന്റെ ഭാവിജീവിതത്തെ സാരമായി സ്പർശിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തതായി റമ്പാച്ചൻ പലരോടും ആവർത്തിച്ചു പറയുകയും പിന്നീട് എഴുതുകയും ചെയ്തിട്ടുണ്ട്. ഇരുപത്തിനാലാം വയസ്സിൽ ബിരുദം നേടിയശേഷം കോളജ് വിദ്യാഭ്യാസത്തിനു വിരാമമിട്ടു.

# 3

# മികച്ച അധ്യാപകൻ

ലോകത്തിലെ മഹാന്മാരുടെ ജീവചരിത്രം പരിശോധിച്ചാൽ അവരിൽ മിക്കവരും അധ്യാപകരായിട്ടാണു സേവനരംഗത്ത് ആദ്യം കാൽവയ്ക്കുന്നതെന്നു കാണാം. മാന്യമായ അധ്യാപകവൃത്തി അവരുടെ വിജ്ഞാന ചക്രവാളം വികസിപ്പിക്കുകയും അവർക്ക് ഒട്ടധികം പ്രശസ്ത ശിഷ്യന്മാരെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ശിഷ്യഗണങ്ങളിൽ പലരും തങ്ങളുടെ ഉയർച്ചയ്ക്ക് ഉത്തമന്മാരായ അധ്യാപകരാണു മുഖ്യ കാരണക്കാർ എന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്യാറുണ്ട്. അധ്യാപകരിൽ പലരും കൂടുതൽ ഉന്നതസ്ഥാനങ്ങളിലേക്കു മാറിപ്പോകുകയും പതിവാണ്.

സയൻസിൽ ബിരുദം നേടിയ ഇരുപത്തിയൊന്നുകാരനായ എം. സി. കോരയും വൈകാതെ അധ്യാപകനായിട്ടാണു മനുഷ്യസേവന രംഗത്തു പ്രത്യക്ഷപ്പെടുന്നത്. തിരുവല്ലയിലെ പ്രശസ്തമായ തിരുമൂലപുരം ബാലികാമഠം, നിക്കോൾസൺ എന്നീ വനിതാ ഹൈസ്കൂളുകളിൽ യഥാക്രമം ഒന്നും ആറും വർഷം മികച്ച അധ്യാപകനായി അദ്ദേഹം നല്ല സേവനം അനുഷ്ഠിച്ചു. ആംഗലേയ മഹിളകളുടെ മാനേജ്മെന്റിലായിരുന്നു ഇരു വിദ്യാലയങ്ങളും നടന്നുവന്നത്. ബാലികാമഠത്തിലെ ഹെഡ്മിസ്ട്രസ് മിസ് ഹോംസും നിക്കോൾസണിലെ ഹെഡ്മാസ്റ്റർ റ്റി. കെ. കുരുവിളയും ആയിരുന്നു. ഇവരുടെ കീഴിൽ സേവനം അനുഷ്ഠിക്കാൻ സാധിച്ചത് ഒരു വലിയ ഭാഗ്യമായിട്ടാണു കോര മാസ്റ്റർ കരുതിയത്. വിദ്യാലയങ്ങളിൽ നിന്നു ലഭിച്ച അറിവിനേക്കാൾ കൂടുതൽ അനുഭവപരിചയവും കൃത്യനിഷ്ഠയും സമ്പാദിക്കാൻ ഇക്കാലത്തു സാധിച്ചു എന്നു പിന്നീട് റമ്പാച്ചനായപ്പോൾ അദ്ദേഹം നടത്തിയ തിരിഞ്ഞുനോട്ടത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. അന്നത്തെ ക്രിസ്തീയ കൂട്ടായ്മയും അതിലൂടെ ലഭിച്ച യഥാർത്ഥ സേവനത്തിന്റെ സന്തോഷവും മാധുര്യവും മറ്റൊരിടത്തു നിന്നും ആസ്വദിക്കാൻ കഴിഞ്ഞിട്ടില്ലെന്നും റമ്പാച്ചൻ അനുസ്മരിച്ചിരിക്കുന്നു.

ഒരു മാതൃകാ മഹിളാമണിയായിരുന്ന മിസ് ഹോംസിന്റെ ഗുണഗണങ്ങളെ പരാമർശിച്ചുകൊണ്ട് റമ്പാച്ചൻ അവരുടെ ഒരു ലഘു ജീവചരിത്രവും പിന്നീടു രചിച്ചു. റ്റി. കെ. കുരുവിള തനിക്കു പരിചയപ്പെടാനിടയായിട്ടുള്ള മാർത്തോമ്മാ സഭാംഗങ്ങളിൽ ഏറ്റവും നല്ലവനും വിശ്വസ്തനും കളങ്കരഹിതനും ആയിരുന്നുവെന്നും അനുസ്മരണയിൽ പറയുന്നു. ഏഴു വർഷത്തിനിടയിൽ ഓർത്തഡോക്സ് – മാർത്തോമ്മാ സമു

ദായങ്ങളിൽപ്പെട്ട ഒട്ടധികം ഉന്നത വ്യക്തികളുമായി പ്രത്യക്ഷമായും പരോക്ഷമായും ഇടപെടാനും സൗഹൃദം പങ്കിടാനും റമ്പാച്ചനു സാധിച്ചു എന്നതും ഒരു വലിയ നേട്ടമായി കരുതി. പ്രശ്നങ്ങൾ ഒന്നുമില്ലാതെ നല്ല വരുമാനം ലഭിച്ചുകൊണ്ടിരുന്ന സ്കൂൾ ജീവിതം ജീവിതത്തിലെ ഒരു സുവർണ്ണ ഘട്ടമായിരുന്നു എന്നു റമ്പാച്ചൻ സാക്ഷ്യപ്പെടുത്തുന്നു. ബാലികാമഠത്തിൽ നിന്നു കോര മാസ്റ്റർ നിക്കോൾസണിൽ ചേരാനുള്ള സാഹചര്യം വ്യക്തമല്ല.

## ബാലികാമഠം സ്കൂൾ

ബാലികാമഠത്തിന്റെ സ്ഥാപന ചരിത്രം സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ടതാകയാൽ അതിവിടെ ചേർക്കുകയാണ്.

മുഖ്യമായും ബാലന്മാരെ ഉദ്ദേശിച്ചു 1892-ൽ ആരംഭിച്ച കോട്ടയം എം. ഡി. സെമിനാരി, പിന്നീട് സ്ഥാപിച്ച തിരുവല്ലാ എം. ജി. എം. എന്നീ ഹൈസ്ക്കൂളുകൾക്ക് അനുപൂരകമായി ബാലികമാർക്ക് ഒരു ഹൈസ്കൂൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി ആവിർഭവിച്ചതാണു തിരുമൂലപുരം ബാലികാമഠം ഹൈസ്കൂൾ. കണ്ടത്തിൽ വറുഗീസ് മാപ്പിള ഈ ആവശ്യത്തിലേക്കായി സംഭാവന ചെയ്ത സ്ഥലത്ത് അദ്ദേഹത്തിന്റെ തന്നെ ശ്രമഫലമായി പിരിച്ചെടുത്ത പണം ഉപയോഗിച്ച് 1904-ൽ സ്കൂൾ കെട്ടിടം നിർമ്മിക്കപ്പെട്ടു. പണപ്പിരിവിന് ശ്രീമൂലം തിരുനാൾ മഹാരാജാവ്, ദിവാൻ എം. കൃഷ്ണസ്വാമിറാവു, കേരളവർമ്മ വലിയകോയിതമ്പുരാൻ, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തുടങ്ങിയവരുടെ പിന്തുണ ലഭിച്ചിരുന്നു. കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കിയത് എൻജിനീയർ സി. ജെ. മാണിയും, വിദ്യാലയത്തിന്റെ ഭരണഘടന തയ്യാറാക്കിയത് ഇ. ജെ. ജോണും ആയിരുന്നു. പ്രശസ്ത സാഹിത്യകാരനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ആർഭാടപൂർവം നടന്ന ഒരു മഹാസമ്മേളനത്തിൽ വച്ച് സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തു. അധികം താമസിയാതെ വറുഗീസ് മാപ്പിള നിര്യാതനായതിനാൽ, ആ വർഷമോ അതിനെത്തുടർന്നുള്ള വർഷങ്ങളിലോ സ്കൂൾ ആരംഭിക്കുവാൻ സാധിച്ചില്ല.

കെ. ഐ. വറുഗീസ് മാപ്പിളയുടെ പുത്രൻ കെ. വി. ഈപ്പൻ സ്വപിതാവിന്റെ ആഗ്രഹപ്രകാരം 1920-ൽ ഇംഗ്ലണ്ടുകാരായ മദാമ്മമാരുടെ ചുമതലയിൽ തന്നെ സ്കൂൾ പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചു. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം അന്ന് സെറാമ്പൂർ വൈദിക കോളജ് പ്രൊഫസർ ആയിരുന്ന ഫാദർ പി. റ്റി. ഗീവറുഗീസ്, ഓക്സ്ഫോർഡ് മിഷൻ സന്ന്യാസിനിമഠാദ്ധ്യക്ഷയായ മദർ ഈഡിത്തിനെ സമീപിച്ച് ഒരു വിദ്യാഭ്യാസ പ്രവർ

ത്തകയെ ഇംഗ്ളണ്ടിൽ നിന്നു വരുത്തുന്നതിനെപ്പറ്റി ആലോചിച്ചു. മുപ്പതിൽപരം വർഷം ഓക്സ്ഫോഡിലെ ഒരു പബ്ളിക്ക് സ്കൂളിന്റെ പ്രഥമാദ്ധ്യാപികയായി പ്രശസ്ത സേവനം അനുഷ്ഠിച്ചശേഷം റിട്ടയർ ചെയ്തു വിശ്രമിച്ചു വന്നിരുന്ന മിസ്സ്. ഹോംസ് പുതിയ വിദ്യാലയത്തിന്റെ ചുമതല വഹിക്കുന്നതിന് ഏറ്റവും അനുയോജ്യയാണെന്നു കണ്ട് അവരുടെ സേവനം ലഭ്യമാക്കുവാൻ മദർ ഈഡിത്തു ശ്രമിച്ചു. തൽഫലമായി മിസ്സ്. ബ്രൂക്ക് സ്മിത്ത് എന്ന സഹകാരിയോടൊപ്പം മിസ്സ ഹോംസ് 1920 മാർച്ചിൽ തിരുമൂലപുരത്തെത്തി. ആ വർഷം മെയ് മാസത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. തദവസരത്തിൽ സ്കൂൾ കെട്ടിടം കൂദാശ ചെയ്ത് ആശീർവദിച്ചതു മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു. അധികം താമസിയാതെ അന്നു മദ്രാസ് ഗവർണർ ആയിരുന്ന വെല്ലിംഗ്ഡൻ പ്രഭു തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ പ്രഭ്വി, സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു. മിസ്സ ഹോംസും, മിസ്സ ബ്രൂക് സ്മിത്തും ഓർത്തഡോക്സ് സഭയുടെ പ്രാർത്ഥനകളിലും കർമങ്ങളിലും വി. കുർബാനയിലും ഭക്തിപൂർവ്വം സംബന്ധിച്ചു വന്നിരുന്നു. ആ മാതൃക സ്കൂളിലെ വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കും പ്രചോദനം നൽകി.

സ്കൂളിന്റെ ആരംഭം ഒരു പൂർണ മിഡിൽ സ്കൂൾ ആയിട്ടായിരുന്നു. 1923-ൽ ആണ് പൂർണ ഹൈസ്ക്കൂളായി ഉയർന്നത്. 1924-ൽ മിസ്സ് ഹോംസ് ഇംഗ്ളണ്ടിലേക്കു തിരികെപ്പോയി. സ്കൂളിന്റെ പടിഞ്ഞാറു ഭാഗത്ത് അവരുടെ ശ്രമഫലമായി നിർമിച്ച കെട്ടിടത്തിന് 'മിസ്സ ഹോംസ് ഹോസ്റ്റൽ' എന്നു നാമകരണം ചെയ്തിരിക്കുന്നത് ആ മഹതിയുടെ സ്മരണയെ മുൻനിർത്തിയാണ്. അവരുടെ ബഹുമാനാർത്ഥം നടത്തിയ യാത്രയയപ്പു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചതും മലങ്കര മെത്രാപ്പോലീത്താ തന്നെ ആയിരുന്നു. അവരുടെ സേവനത്തെ പ്രകീർത്തിച്ചു റാവു സാഹിബ് ഒ. എം. ചെറിയാൻ പ്രസംഗിക്കുകയും ഇ. ജെ. ജോൺ വായിച്ച മംഗളപത്രം എം. എ. ചാക്കോ സമർപ്പിക്കുകയും ചെയ്തു. ഇതിൽ നിന്നു മലങ്കരസഭ ആ വിദ്യാഭ്യാസ പ്രവർത്തകയുടെ സേവനം എത്രമാത്രം വിലമതിച്ചിരുന്നു എന്നു മനസ്സിലാക്കാം.

മിസ്സ ഹോംസിനുശേഷം ഹെഡ്മിസ്ട്രസ്സ് ആയതു മിസ്സ് പി. ബ്രൂക്ക് സ്മിത്ത് ആയിരുന്നു. ഈ സ്ഥാപനത്തിന്റെ പ്രവർത്തകർ അതിന്റെ മഹത്തായ പാരമ്പര്യം ഭംഗം കൂടാതെ പുലർത്തുവാൻ ശ്രദ്ധിക്കുന്നതുകൊണ്ടു കേരളത്തിലെ ഒന്നാംകിടയിലുള്ള ഒരു റസിഡൻഷ്യൽ സ്കൂളായി അതു പരിഗണിക്കപ്പെടുന്നു.

# 4

# വൈദിക ജീവിതത്തിലേക്ക്

ഇരുപതു നൂറ്റാണ്ടുകളായി സനാതന വിശ്വാസം അന്യൂനം കാത്തു സൂക്ഷിക്കുന്ന ഓർത്തഡോക്സ് സഭാ മാതാവെന്ന അമ്മത്തൊട്ടിലിൽ വളർന്നുവന്ന എം. സി. കോര, സഭയുടെ വിശ്വസ്തനും സമുന്നതനുമായ ഒരു ഭടനായിത്തീരാതിരുന്നു എങ്കിൽ അതൊരദ്ഭുതമാകുമായിരുന്നേനേ. പഠിക്കുന്ന കാലത്തുതന്നെ ഒരു ദയറായക്കാരനായി സഭയെ സേവിക്കണമെന്ന അടങ്ങാത്ത അഭിലാഷം അദ്ദേഹത്തെ അടിമുടി ഭരിച്ചിരുന്നു. തന്നിമിത്തം ബിരുദം നേടിയ ശേഷം വ്യക്തിപരമായി ഇഷ്ടമുള്ളതും ആദായകരവും ആനന്ദപ്രദവുമായ അധ്യാപകവൃത്തിയിൽ കുറച്ചു കാലം കഴിഞ്ഞശേഷം അതു വേണ്ടെന്നു തീരുമാനിച്ചത് ബാല്യം മുതൽ അദ്ദേഹത്തിൽ അന്തർലീനമായിരുന്ന അദമ്യമായ സഭാസേവന ദർശന പ്രേരണ കൊണ്ടാണ്. ഉദ്യോഗവും കാര്യമായ വരുമാനവും ഒന്നും ആ ഉന്നത ദർശനത്തിനു ഒട്ടും മങ്ങലേൽപ്പിക്കാൻ സാധിച്ചില്ല.

ഒരു പുരോഹിതനാകണമെന്ന ആഗ്രഹത്തിനു ശക്തി പ്രദാനം ചെയ്തത് കുടുംബ പശ്ചാത്തലവും കുടുംബത്തിലെ പല ഉത്തമ വൈദികരുടെ സാമീപ്യവും സർവ്വോപരി പുണ്യസ്മരണാർഹനായ കാരുചിറ ഗീവറുഗീസ് റമ്പാന്റെ (പിന്നീട് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവ) സന്മാതൃകകളും സൽപ്രേരണകളുമായിരുന്നു. ഗീവറുഗീസ് റമ്പാൻ തന്റെ ഇടവകയായ വാകത്താനം വലിയപള്ളിയിലും വള്ളിക്കാട്ടു ദയറായിലുമായിരുന്നു താമസിച്ചുകൊണ്ടിരുന്നത്. എം. സി. കോരയുടെയും സ്വന്തം ഇടവക വാകത്താനം പള്ളി ആയിരുന്നു. അതുകൊണ്ട് വാകത്താനം പള്ളിയിലെയും വള്ളിക്കാട്ടു ദയറായിലേയും ആരാധനകളിൽ എം. സി. കോര പങ്കെടുത്തു വന്നു. വിദ്യാഭ്യാസം കഴിഞ്ഞു അധ്യാപകവൃത്തിയിൽ പ്രവേശിച്ചതിനെ തുടർന്നു വിവാഹിതനാകാൻ മാതാപിതാക്കൾ സാധാരണഗതിയിൽ കോരയെ വളരെയധികം നിർബന്ധിച്ചിരുന്നു എങ്കിലും അദ്ദേഹം ശക്തിപൂർവ്വം അതു നിരസിക്കുകയായിരുന്നു. കാരണം, ഒരു ദയറായക്കാരനായി ജീവിക്കണമെന്നുള്ള ബാല്യത്തിലെ തീരുമാനത്തിനു നിരക്കാത്ത വഴികളിൽ ചരിക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ഇതിനകം കുടുംബപരമായും ബന്ധമുള്ള കാരുചിറ ഗീവറുഗീസ് റമ്പാച്ചനുമായുള്ള അടുപ്പം കാന്തവും ഇരുമ്പും പോലെയായിരുന്നു. റമ്പാച്ചന്റെ വിനയവും ലളിതമനോഹരമായ വിശുദ്ധ ജീവിതവും കൃത്യനിഷ്ഠയും സർവ്വോപരി പ്രാർത്ഥനാനിർഭരമായ പോക്കും കോറിക്കൊച്ചിനെ വല്ലതാകർഷിച്ചു. തന്റെ മാതൃകാപുരുഷനെ റമ്പാച്ചനിൽ കണ്ടെത്തിയ എം. സി. കോര വൈകാതെ അദ്ദേഹത്തിന്റെ കാൽ

ചുവടുകൾ പിന്തുടരാൻ തീരുമാനിച്ചപ്പോൾ മറ്റൊരു കൊച്ചു റമ്പാൻ അധികം ആരും അറിയാതെ അദ്ദേഹത്തിൽ വളരുകയായിരുന്നു.

എം. സി. കോര അധ്യാപകനായിരിക്കുന്ന കാലം. ഒരു ദിവസം കോരയുടെ പിതാവും ധനാഢ്യനും വളരെയധികം ഭൂസ്വത്തുക്കളുടെ ഉടമയും തികഞ്ഞ സഭാസ്നേഹിയുമായ മാളികയിലെ ചാക്കോച്ചനെ കാരുചിറ ബാവാ വള്ളിക്കാട്ടു ദയറായിൽ വിളിച്ചു വരുത്തി, എല്ലാ യോഗ്യതകളുമുള്ള മകനു പട്ടം കൊടുക്കണമെന്നും ദൈവവിളിയുള്ള അവൻ അതിനു അർഹനാണെന്നും ദൈവനിശ്ചയമാണെന്നു തനിക്കു ബോധ്യപ്പെട്ടിരിക്കുന്നുവെന്നും മനസ്സിൽ അക്കാര്യം തീരുമാനിച്ചിരിക്കുകയാണെന്നും പറഞ്ഞു.

അതിനു മറുപടിയായി അവൻ അധ്യാപകവൃത്തിയിൽ തുടരട്ടെ എന്നും ഇപ്പോൾ പട്ടം കൊടുക്കേണ്ടതില്ലെന്നും പിതാവ് അറിയിച്ചു. എന്നാൽ ബാവാ നിർബന്ധിച്ചപ്പോൾ ആ താപസവര്യനോട് എതിർത്തു നിൽക്കാൻ തയ്യാറാകാതെ തിരുമേനിയുടെ ഇഷ്ടംപോലെ ആകട്ടെ എന്നറിയിച്ചു.

ഈ പശ്ചാത്തലത്തിൽ 1929-ലെ സ്കൂൾ വർഷാവസാനത്തിൽ അധ്യാപകവൃത്തിയിൽ നിന്നു വിരമിച്ചു ബാവായിൽ നിന്നു ശെമ്മാശുപട്ടം സ്വീകരിക്കാൻ ആലോചിച്ചു തീരുമാനിച്ചു. എന്നാൽ നെയ്യൂർ ആശുപത്രിയിലെ ഒരു ശസ്ത്രക്രിയയെ തുടർന്ന് ബാവാ 1928 ഡിസംബർ 17-നു അപ്രതീക്ഷിതമായി കാലം ചെയ്തു. ദുഃഖസാഗരത്തിൽ മുങ്ങിയ എം. സി. കോര തന്റെ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും അധ്യാപകജോലി രാജി വയ്ക്കുകയും സ്വന്തം ഇടവകപ്പള്ളിയായ വാകത്താനം വലിയപള്ളിയിൽ 1929 ഏപ്രിൽ ഏഴിനു കോട്ടയം ഇടവകയുടെ പുണ്യസ്മരണാർഹനായ പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നു ശെമ്മാശുപട്ടം ഏൽക്കുകയുമാണുണ്ടായത്. സ്ഥിരവരുമാനമുള്ള അധ്യാപകജോലിയും വീടും നാടും എല്ലാം വിട്ടു ശെമ്മാശൻ ഭാവിയെന്തായിരിക്കുമെന്നുള്ള ചിന്താഭാരത്തെ തെല്ലും വകവയ്ക്കാതെ സഭാസേവനത്തിനുവേണ്ടി സധൈര്യം കാൽ മുന്നോട്ടു വയ്ക്കുകയായിരുന്നു. ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ചുകൊണ്ടുള്ള ആ എടുത്തുചാട്ടത്തിൽ ദൈവകരങ്ങൾ അദ്ദേഹത്തെ മുറുകെ പിടിച്ചിരുന്നു



**പ. ഗീവർഗീസ് പ്രഥമൻ ബാവാ**

എന്നാണു പിന്നീടുള്ള അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ശെമ്മാശനായ ശേഷം ഒന്നര കൊല്ലത്തോളം സഭയുടെ ഭരണതലസ്ഥാനം കൂടിയായ പഴയസെമിനാരിയിൽ താമസിച്ചു സുറിയാനി ഭാഷ പഠിച്ച് അതിൽ അവഗാഹം നേടി. സുറിയാനിയോടുള്ള ആഭിമുഖ്യം മൂലം അദ്ദേഹം പിൽക്കാലങ്ങളിൽ വിശുദ്ധ കുർബ്ബാന ചൊല്ലുമ്പോൾ സുറിയാനി സുലഭമായി ഉപയോഗിച്ചിരുന്നു. മീനച്ചിലാറിനാൽ ചുറ്റപ്പെട്ട പഴയസെമിനാരി ഗുരുകുല സമ്പ്രദായം നിലനിന്ന ഒരു പഴയ പാഠശാലയായിരുന്നു എന്നു പറഞ്ഞാലും ഒരളവിൽ ശരിയാണ്. ഒരു പർണ്ണശാലയുടെ ആധ്യാത്മികാന്തരീക്ഷം അവിടെ സദാ തളം കെട്ടി നിന്നിരുന്നു. വിശുദ്ധിയുടെ പ്രതീകങ്ങളായ കുന്തിരക്കപ്പുകയും ഇമ്പകരവും സുദീർഘവുമായ നമസ്ക്കാരവും പ്രാർത്ഥനാഗാനങ്ങളും എല്ലാം അവിടുത്തെ വായുവിലും ഒരാധ്യാത്മിക പരിമളം കലർത്തിയിരുന്നു. ഭൂമിയിലാണെങ്കിലും പറുദീസയിലിരിക്കുന്നതുപോലെയുള്ള ഒരു മാനസിക ഭാവം ശിഷ്യന്മാകെ ഭരിച്ചിരുന്നു. പഴയ സെമിനാരി മാനേജരായിരുന്ന നിരണം മട്ടയ്ക്കൽ അലക്സന്ത്രയോസ് അച്ചനും മലങ്കരസഭയുടെ ഗമാലിയേൽ എന്നു പരനാമമുള്ള സെമിനാരി പ്രിൻസിപ്പലും വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയുമായിരുന്ന ചെറിയമഠത്തിൽ സ്ക്കറിയാ മല്പാനച്ചനും ആയിരുന്നു ഡീക്കൻ എം. സി. കോരയുടെ സമുന്നതരായ മല്പാന്മാർ. സഭാ സമാധാന സംഭാഷണങ്ങൾക്കായി ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായുമൊന്നിച്ചു 1934-ൽ ഹോംസിലെത്തി അപ്രേം പാത്രിയർക്കീസിനെ സന്ദർശിച്ചപ്പോൾ ചെറിയമഠത്തിലച്ചനാണ് സമാധാന വ്യവസ്ഥകൾ സുറിയാനിയിൽ പറഞ്ഞു പാത്രിയർക്കീസിനെ ധരിപ്പിച്ചത്. അച്ചന്റെ സുറിയാനി ഭാഷയിലുള്ള പ്രാവീണ്യം മനസ്സിലാക്കിയ പാത്രിയർക്കീസ് "അച്ചൻ എവിടെനിന്നാണു ഇത്ര ഭംഗിയായി സുറിയാനി പഠിച്ചതെന്ന്" ചോദിച്ച



**ഫാ. അലക്സന്ത്രയോസ് മട്ടയ്ക്കൽ**



**ചെറിയമഠത്തിൽ സ്കറിയാ മല്പാൻ**

കാര്യം ഇവിടെ ഓർത്തു പോകുകയാണ്. ഈ ഉത്തമന്മാരായ വൈദിക ശ്രേഷ്ഠരുടെ കീഴിൽ പഠിക്കാൻ കഴിഞ്ഞത് ഒരസുലഭഭാഗ്യമായി ശെമ്മാശൻ കരുതിയിരുന്നു. പഴയസെമിനാരിയിലെ സുറിയാനി പഠനത്തിനിടയിൽ കിട്ടുന്ന അവധി ദിവസങ്ങളിൽ ശെമ്മാശൻ താബോറിന്റെ അന്തരീക്ഷമുള്ള പാമ്പാടി ദയറായിലായിരുന്നു താമസിച്ചു വന്നത്. പാമ്പാടി തിരുമേനിയുടെ സാമീപ്യം, സഹവാസം എന്നിവ കൊച്ചു ശെമ്മാശനു അനുഗൃഹീത അവസരങ്ങളായിരുന്നു. ഇതിനകം ഒരു വൈദികനുണ്ടായിരിക്കേണ്ട പഠനവും പരിശീലനവും സുറിയാനി ഭാഷാ ജ്ഞാനവും ആരാധന നടത്തുന്നതിനുള്ള കഴിവും എല്ലാം കുറിയാക്കോസ് ശെമ്മാശൻ സ്വായത്തമാക്കിയിരുന്നു. ഈ നിറഞ്ഞ സാഹചര്യത്തിലാണ് 1930 ഡിസംബർ ഏഴിനു വൈദികപട്ടം നൽകപ്പെട്ടത്. അന്നേ ദിവസം വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ പുണ്യ ദിവസമായിരുന്നു. വാകത്താനം വലിയപള്ളിയിൽ വച്ചു പാമ്പാടി തിരുമേനി നടത്തിയ പട്ടംകൊടയിൽ ഒരു വലിയ ജനക്കൂട്ടം സംബന്ധിച്ചിരുന്നു. വൈദികനായശേഷം ഒരു പള്ളിയുടെയും ചുമതല ഭരമേൽക്കാതെ ഫാ. എം. സി. കുറിയാക്കോസ് പാമ്പാടി ദയറായുടെ പാവനാന്തരീക്ഷത്തിൽ തന്നെ താമസിച്ചു പഠനവും ധ്യാനവും തുടർന്നു. വൈദികനായശേഷം ഇതര ജോലിക്കൊന്നും പോകാൻ ഇഷ്ടമില്ലാതിരുന്ന ഫാ. കുറിയാക്കോസ് വാകത്താനം ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ഹെഡ്മാസ്റ്റർ സ്ഥാനം വഹിക്കാൻ ആരും ഇല്ലാതിരുന്ന സാഹചര്യത്തിൽ മാനേജ്മെന്റിന്റെ നിർബന്ധപ്രകാരം ഒരു വർഷം അവിടെ പ്രഥമാധ്യാപകനായി പ്രശോഭിച്ചു.





**കുറിയാക്കോസ് റമ്പാച്ചന് പട്ടം നൽകിയ മാർ ഗ്രീഗോറിയോസും (പ. പാമ്പാടി തിരുമേനി) പ. ഗീവർഗീസ് ദ്വിതീയൻ ബാവായും**

# 5

# കവിയൂർ പള്ളി വികാരി

എം. സി. കുറിയാക്കോസ് അച്ചൻ പള്ളി ഭരണച്ചുമതല ഒന്നും ഇല്ലാതെ പാമ്പാടി ദയറായിലെ ആധ്യാത്മികാന്തരീക്ഷത്തിൽ "ധ്യാനം കൊണ്ടാത്മാവേ ആത്മാവിൽ കണ്ടുകൊണ്ടാനന്ദലീനനായ്" കഴിയുമ്പോൾ മധ്യതിരുവിതാംകൂറിലെ പ്രശസ്തവും പ്രബുദ്ധവും അംഗബലം കൊണ്ടു പ്രമുഖവുമായ കവിയൂർ സ്ലീബാ പള്ളിയിൽ വികാരിയായി നിയമിക്കപ്പെട്ടു. മലങ്കര മെത്രാപ്പോലീത്തായുടെയും ഇടവക മെത്രാപ്പോലീത്താ തോമ്മാ മാർ ദീവന്നാസ്യോസിന്റെയും ഇടവകക്കാരുടെയും ആവശ്യപ്രകാരവും പാമ്പാടി തിരുമേനിയുടെ അനുവാദപ്രകാരവുമാണു കുറിയാക്കോസ് അച്ചൻ കവിയൂർ പള്ളി വികാരിയായി നിയമിക്കപ്പെട്ടത്. കവിയൂർ പള്ളി അന്നു ചില സങ്കീർണ്ണ പ്രശ്നങ്ങളെ നേരിടുന്ന സമയമായിരുന്നു. അന്നവിടെ വികാരിയായിരുന്ന കലയിക്കാട്ടു തോമസ് കത്തനാർ, മാർ ഈവാനിയോസിന്റെ (പിന്നീട് ആർച്ചുബിഷപ്പ്) വഞ്ചനയിൽ നിന്നു ജന്മമെടുത്ത റീത്തു പ്രസ്ഥാനത്തിൽ, കൂനൻകുരിശു സത്യത്തിൽ നിലകൊണ്ട സഭയോടും പട്ടം നൽകിയ മേല്പട്ടക്കാരോടും ചെയ്ത പ്രതിജ്ഞകൾ കാറ്റിൽ പറത്തിക്കൊണ്ടു ചേർന്നതുകൊണ്ടാണു സ്ലീബാപ്പള്ളിയിൽ വികാരിസ്ഥാനം ഒഴിവുണ്ടായത്. ധാരാളം പണവും, സ്ഥാനമാനങ്ങളും, ഉദ്യോഗങ്ങളും വാഗ്ദാനം ചെയ്തുകൊണ്ട് മാർ ഈവാനിയോസ് ഒട്ടധികം ഓർത്തഡോക്സുകാരെ സത്യവിശ്വാസത്തിൽ നിന്നു അടർത്തി റീത്ത് സഭയുടെ അംഗസംഖ്യ വർദ്ധിപ്പിച്ചു.

ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ ഒരു മേല്പട്ടക്കാരന് ഒട്ടും നിരക്കാത്ത ചെയ്തികളെപ്പറ്റി "ബഥനി ആശ്രമവും റീത്ത് പ്രസ്ഥാനവും" എന്ന എന്റെ പുസ്തകത്തിൽ അക്കമിട്ടു സവിസ്തരം പറഞ്ഞിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. മലങ്കരസഭയുടെ വിശ്വാസം പിതാക്കന്മാർക്കു ഒരിക്കലായി നൽകിയതാണെന്നും അന്യൂനമാണെന്നും 1907-ൽ അദ്ദേഹം എം. എ. ബിരുദം സംബന്ധിച്ചു സമർപ്പിച്ച "സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നോ" എന്ന പ്രബന്ധത്തിൽ അസന്ദിഗ്ധമായി സ്ഥാപിച്ചിട്ടുണ്ട്. വിശ്വാസപ്രശ്നത്തിലല്ല, പൂർണ്ണതയ്ക്കു വേണ്ടിയാണു ഓർത്തഡോക്സുകാരെ വല വീശുന്നതെന്നും അദ്ദേഹം പിന്നീട് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തെ റോമാ സഭയിൽ എടുത്തപ്പോൾ ഒരു ശുശ്രൂഷയും കൂടാതെ സ്വീകരിച്ചതെന്നും ഓർക്കേണ്ടതുണ്ട്.

സഭയിലെ സന്യാസി പ്രസ്ഥാന വളർച്ചയ്ക്കുവേണ്ടി 1918-ൽ റാന്നി-

പെരുനാട്ടിൽ ആരംഭിച്ച ബഥനി ആശ്രമത്തിന്റെ ഭൂമിയും പണവും ബഥനിപ്പള്ളികളും പിന്നീട് വട്ടശ്ശേരിൽ തിരുമേനി ഭരമേല്പിച്ച സ്കൂൾ മാനേജ്മെന്റിലൂടെ വിദ്യാലയങ്ങളും കൈക്കലാക്കി റീത്തിലേക്കു പോയ മാർ ഈവാനിയോസ് മലങ്കരസഭ വക സ്കൂളുകൾക്കു വേണ്ടി കേസു നടത്തിയും ഒരു കോടീശ്വര മേല്പട്ടക്കാരനായി എന്നതാണു ചരിത്രം. വെള്ളിയും പൊന്നും ഒന്നും തനിക്ക് ഇല്ലെന്നു പറഞ്ഞ പത്രോസിന്റെ പിൻഗാമിയുടെ അനുസരണമുള്ള സേവകൻ! ബഥനിക്കു വേണ്ടി എന്നു പറഞ്ഞു മാർ ഈവാനിയോസ് കൽക്കട്ടയിൽ ജോലി ചെയ്തിരുന്നു റിട്ടയർ ചെയ്ത സർ ഡാനിയേൽ ഹാമിൽട്ടൻ എന്ന ഇംഗ്ലണ്ടുകാരനായ സായിപ്പിൽ നിന്നു കൽക്കട്ടയിൽ വച്ചു മറ്റാരും അറിയാതെ 7000 രൂപ രണ്ടു ശതമാനം പലിശയ്ക്കു പ്രമാണം എഴുതിക്കൊടുത്തു വാങ്ങി. അതു തിരിച്ചു കൊടുക്കാതെ സ്വന്താവശ്യത്തിനു എടുത്തതും പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സഹോദരി സിസ്റ്റർ ശൈനോയിൽ നിന്നു ഏഴായിരം രൂപ വാങ്ങിയതും ബഥനിയുടെ സ്വത്തുക്കളിൽ 200 ഏക്കർ സ്ഥലം രഹസ്യമായി ട്രസ്റ്റുണ്ടാക്കി അതിന്റെ കീഴിലാക്കിയതും മറ്റും "പരിശുദ്ധനായ" റീത്ത് സഭാ സ്ഥാപകന്റെ അതിബുദ്ധിയുടെ ഉദാഹരണങ്ങളാണ്.

എം. സി. കുറിയാക്കോസ് റമ്പാച്ചനെ റീത്തിൽ ചേർക്കാൻ മാർ ഈവാനിയോസ് രണ്ടു തവണ പാത്താമുട്ടം സ്ലീബാപ്പള്ളിയിൽ എത്തി ശ്രമം നടത്തി. പണവും സ്ഥാപനങ്ങളും സ്കൂളും മറ്റും വാഗ്ദാനം ചെയ്തു. താൻ തന്റെ പുരാതന സഭയുടെ സത്യവിശ്വാസത്തിൽ നിന്നു അണുവിട മാറുകയില്ലെന്നും പ്രതിജ്ഞ ലംഘിക്കുകയില്ലെന്നും മേലിൽ തന്നെ ശല്യപ്പെടുത്തരുതെന്നും രണ്ടാം പ്രാവശ്യം തന്റേടത്തോടെ തീർത്തു പറഞ്ഞു. പുത്തൻകാവു മാർ പീലക്സിനോസ് തിരുമേനിയെ റീത്തിൽ ചേർക്കാൻ ബഥേൽ അരമനയിൽ ഒരു രാത്രി സമയം മാർ ഈവാനിയോസ് ചെന്നു. സെറാമ്പൂരിൽ വച്ചു മലങ്കരസഭയുടെ വിശ്വാസം അന്യൂനമാണെന്നു പഠിപ്പിച്ച ഗുരുവായ മാർ ഈവാനിയോസ് ശിഷ്യനോടു റോമാ സഭയിൽ ചേരാൻ ആവശ്യപ്പെട്ടപ്പോൾ പുത്തൻകാവു മാർ പീലക്സിനോസ് തന്റെ ഗുരുവിന്റെ നടപടി "ഒരു ഫാദർലസ്" പണിയാണെന്നു വിശേഷിപ്പിച്ചു. പുത്തൻകാവു തിരുമേനിയെ റീത്തിൽ ചേർക്കാൻ പരുമല സെമിനാരി മാനേജരായിരിക്കേ അവിടത്തെ പണവുമായി മുങ്ങി റീത്തിൽ പൊങ്ങിയ വാളക്കുഴി മാർ സേവേറിയോസ് പല കത്തുകൾ അയച്ചുകൊണ്ടിരുന്നു. റീത്ത് പ്രസ്ഥാന നേതാക്കളുടെ യഥാർത്ഥ ചിത്രം മനസ്സിലാക്കാൻ ഇത്രയും കുറിച്ചെന്നു മാത്രം

ഒരു സംഭവം കൂടി വായിക്കുക. റോമാസഭ ലോകമെമ്പാടും പൂർവ്വിക സഭകളിലെ അംഗങ്ങളെ തങ്ങളുടെ കൂടെ ചേർക്കുവാൻ പണത്തി

ന്റെയും പദവികളുടെയും മറ്റും പ്രലോഭനമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭാചരിത്രം സംശയം കൂടാതെ വെളിപ്പെടുത്തുന്നുണ്ട്. മദ്ധ്യകേരളത്തിൽ റീത്തുകാർ ആരംഭിച്ച ഒരു ഇംഗ്ലീഷ് ഹൈസ്കൂളിൽ മണ്ണത്തൂർ തേലാനികുന്നേൽ വീട്ടിലെ സുറിയാനി സഭാംഗമായ ഒരു മാന്യ യുവാവിനെ ബി. എ. എൽ. റ്റി. പാസ്സായ ഉടനെ അദ്ധ്യാപകനായി നിയമിച്ചു. അവിടെ ഹെഡ്മാസ്റ്ററായിരിക്കുന്ന ദേഹം ആ വർഷം പെൻഷനാകുന്ന ഒഴിവിൽ നിയമിക്കാമെന്ന വാഗ്ദാനം വിശ്വസിച്ചാണ് അദ്ദേഹം അവിടെ ജോലിക്ക് ചേർന്നത്. ഒരു ബി. എ. എൽ. റ്റി. ക്കാരനെ തിരക്കിച്ചെന്ന് ജോലി കൊടുക്കുന്ന കാലമായിരുന്നു അത്. അദ്ദേഹത്തെ ഹെഡ്മാസ്റ്ററായി നിയമിക്കേണ്ട ഘട്ടമായപ്പോൾ സ്കൂൾ മാനേജരായ മെത്രാൻ നേരിട്ട് അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് പറഞ്ഞത്, ഹെഡ്മാസ്റ്ററായി നിയമിക്കാം; പക്ഷേ, റീത്തിൽ ചേരണമെന്നാണ്. ആ പ്രദേശത്തു നിന്ന് റീത്തിൽ ചേർന്ന ഒരു വൈദികനെ ആ സ്ഥാനത്തേക്കുള്ള നിയമനത്തിന് കണ്ടുവച്ചിരിക്കയായിരുന്നു. ആ മാന്യദേഹം പറഞ്ഞു. ഹെഡ്മാസ്റ്റർ സ്ഥാനത്തിനുവേണ്ടി സഭ മാറാനൊന്നും കഴിയില്ല. എന്നോടു പറഞ്ഞിരുന്ന വാക്ക് പാലിക്കുന്നുണ്ടോ എന്ന് മാത്രമേ ഞാൻ ചോദിക്കുന്നുള്ളു. പ്രതികൂലമായ മറുപടി കേട്ട് മെത്രാൻ ഇച്ഛാഭംഗത്തോടെ മടങ്ങിപ്പോയി. ഏതായാലും ആ സ്ഥാനത്ത് റീത്തിൽ ചേർന്ന വൈദികൻ നിയമിക്കപ്പെട്ടു. യോഗ്യനായ യുവാവ് പിന്നീട് സർക്കാർ സർവ്വീസിൽ അദ്ധ്യാപകനായി ചേർന്ന് ദീർഘകാലം അദ്ധ്യാപകനായിരുന്ന് ഹെഡ്മാസ്റ്ററും സ്കൂൾ ഇൻസ്പെക്ടറും ഡിസ്റ്റിക്ട്ര് എഡ്യുക്കേഷൻ ഓഫീസറുമൊക്കെയായി പിരിഞ്ഞു. മലങ്കര കത്തോലിക്കാ വിഭാഗം അന്നും ഇന്നും ആളു കൂട്ടാൻ നടത്തുന്ന പ്രലോഭനത്തിന് ഉദാഹരണമായി ഇത് സൂചിപ്പിച്ചുവെന്നേയുള്ളൂ.

കവിയൂർ സ്ലീബാപ്പള്ളി വികാരിയായി ഫാ. എം. സി. കുറിയാക്കോസിനെ നിയമിച്ചതു സംബന്ധിച്ചുള്ള മലങ്കര മെത്രാപ്പോലീത്തായുടെ കല്പന ചുവടെ ചേർക്കുന്നു:

മലങ്കര ഇടവകയുടെ

**മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായിൽ നിന്നും**

നമ്മുടെ കവിയൂർ സ്ലീബാ പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, ആ പള്ളി നടത്തിവന്ന പട്ടക്കാരിൽ കലയക്കാട്ടിൽ തോമ്മസു കത്തനാർ റോമ്മാ സഭയിൽ ചേർന്നു വിശ്വാസ പ്രതിജ്ഞ ചെയ്യുകയും, നമ്മുടെ വി. സഭയേയും സത്യവിശ്വാസത്തേയും ഉപേ

ക്ഷിച്ചു സഭ വിട്ടുപോയിരിക്കുകയും ചെയ്യുന്നതായി അറിയുന്നതിൽ നമുക്കു ഖേദമുണ്ടെങ്കിലും നമ്മുടെ സഭയിൽ തന്നെയാണ് നിലയെന്നു ഭാവിച്ചുകൊണ്ട് സഭയെ ഉപദ്രവിക്കുന്നതിനേക്കാൾ സഭ വിട്ടു പിരിഞ്ഞു പോയതു തന്നെയാണ് നല്ലതെന്നു നമ്മോടു കൂടെ നിങ്ങളും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. ആ പള്ളിയുടെ ശക്തിയും സൗകര്യവും ആലോചിച്ചാൽ അവിടെ സ്ഥിരമായി ഒരു പട്ടക്കാരൻ താമസിച്ചു പള്ളിക്കർമ്മാദികൾ നടത്തുകയും പള്ളിക്കാര്യാദികൾ അന്വേഷിക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നുള്ള അഭിപ്രായം മൂലം നമ്മുടെ മാളികയിൽ കുറിയാക്കോസു കത്തനാരെ അവിടേക്കു നിയമിച്ചു തരണമെന്നുള്ള നിങ്ങളുടെ ആഗ്രഹവും അപേക്ഷയും അനുസരിച്ചു ടി കുറിയാക്കോസു കത്തനാരെ ഈ കല്പന മൂലം ആ പള്ളിയുടെ വികാരിയായി നിയമിച്ചിരിക്കുന്നു. ഇനി ഇതു സംബന്ധമായി വേറൊറു കല്പന നാം അയക്കുന്നതുവരെ ഇപ്പോൾ ആ പള്ളി നടത്തിവരുന്ന കണിയാന്ത്ര അലക്സന്ത്രയോസു കത്തനാരും ഇപ്പോൾ പുതിയതായി നിയമിക്കപ്പെട്ടിരിക്കുന്ന കുറിയാക്കോസു കത്തനാരും കൂടി യോജിച്ചും, സ്നേഹമായും നടന്നും, നടത്തിച്ചും കൊള്ളുമെന്നു നാം വിശ്വസിക്കുന്നു. കുറിയാക്കോസു കത്തനാർ ആ പള്ളിയിൽ താമസിച്ചു പള്ളിഭരണം നടത്തുവാൻ തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതാക കൊണ്ടു ടിയാന്റെ താമസം മാന്യമായും, ഭംഗിയായും ഇരിപ്പാൻ തക്കവണ്ണം അതിലേക്കു വേണ്ട ഏർപ്പാടുകൾ നിങ്ങൾ പള്ളിക്കാർ ചെയ്തു കൊടുത്തുകൊള്ളുകയും വേണം. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയക്കുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1931–ന് കൊല്ലം 1106 മകരം 29–നു കോട്ടയം സിമ്മനാരിയിൽ നിന്നും.

## മൂന്നു വർഷം

ഫാ. എം. സി. കുറിയാക്കോസിന്റെ കവിയൂർ പള്ളിയിലെ മൂന്നു വർഷത്തെ സേവനത്തെപ്പറ്റി ബാലികാമഠത്തിൽ അച്ചന്റെ സഹാധ്യാപകനും കവിയൂർ പള്ളി ട്രസ്റ്റിയുമായിരുന്ന വിദ്വാൻ ജെ. ജോൺ, റമ്പാച്ചന്റെ വൈദിക രജതജൂബിലി സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ പറയുന്നതിലധികമായി ഒന്നും രേഖപ്പെടുത്താനില്ലാത്തതിനാൽ അതു ചുവടെ ഉദ്ധരിക്കുന്നു:

‘അദ്ധ്യാപകവൃത്തിയിൽ നിന്നും പിരിഞ്ഞ് പട്ടമേറ്റ് അധികകാല താമസമെന്യേ കവിയൂർ സ്ളീബാപ്പള്ളിയിലെ വികാരി എന്ന നിലയിൽ

പള്ളിമേടയിൽ സ്ഥിരതാമസമാക്കി. ആ കാലഘട്ടത്തെ ആ പള്ളിയുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു ഭാഗ്യദശ യായിട്ടാണ് ആ ഇടവകക്കാർ കരുതിപ്പോരുന്നത്. ഇന്നെന്നപോലെ അന്നും ഞാൻ ആ പള്ളിയിലെ ട്രസ്റ്റി ആയിരുന്നതിനാൽ ഇദ്ദേഹത്തിന്റെ ഗുണ ഗണങ്ങളേയും കഴിവുകളേയുംപറ്റി കൂടുതലായി അറിയുന്നതിനും വീണ്ടും അടുത്തു സഹവാസം ചെയ്യുന്നതിനും എനിക്കു സംഗതിയായി. 1930-ൽ ഇദ്ദേഹം കവിയൂർ പള്ളിയിൽ വന്ന് അവിടുത്തെ ഭരണഭാരം ഏറ്റപ്പോൾ തുടങ്ങി പൂർവാധികം നന്മയേറിയ ഒരു പരിവർത്തനദശയി ലൂടെ ആ പള്ളി പുരോഗമിക്കുവാൻ തുടങ്ങി. അന്നു റമ്പാച്ചൻ അടി സ്ഥാനമിട്ട് ഉറപ്പിച്ചു നടപ്പാക്കിയ പല നല്ല കാര്യങ്ങളും നല്ല പദ്ധതി കളും ഇന്നും അതേരീതിയിൽ നടന്നു പോരുന്നു.

500-ൽപരം വീടുകളുള്ള ആ ഇടവക ആളുകൊണ്ടും പ്രായേണ അർത്ഥം കൊണ്ടും വളരെ പുഷ്ടിയെ പ്രാപിച്ചിട്ടുള്ള ഒരു ഇടവകയാ ണെന്നു സമുദായത്തിൽ പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതിൽ അഭിമാനം കൊള്ളുന്നു. വിദ്യാസമ്പന്നരും സംസ്ക്കാരമാനസരുമായ ജനങ്ങൾ ധാരാ ളമുള്ള ഒരു ഇടവകയാകയാൽ പൊതുയോഗങ്ങളും കമ്മറ്റി മീറ്റിംഗുകളും എല്ലാം വളരെ അച്ചടക്കത്തോടുകൂടിയും നിയമാനുസൃതവും നടന്നു വരുന്നു എന്നുള്ളത് നമ്മുടെ മേൽപ്പട്ടക്കാർക്കെല്ലാം ബോദ്ധ്യമുള്ള സംഗ തിയാണ്. അവിടെ കക്ഷിഭേദം എന്നൊന്നില്ല. എല്ലാവരും ഒരേ ഒരു കക്ഷി. കാതോലിക്കാ സിംഹാസനത്തോട് അഭംഗഭായ ഭക്ത്യാദരവുകൾ ഉള്ള ഒരു ജനത. കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ അണി നിരന്ന് സിംഹാസനത്തോടുള്ള ഭക്തിയും വിശ്വാസവും ഏതു കാലത്തും അഭംഗം പാലിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുന്നതായ നിശ്ചയം ആണ്ടുതോറും കാതോലിക്കാദിനത്തിൽ ആവർത്തിച്ചാവർത്തിച്ചു പാസ്സാക്കി അതിന്റെ കോപ്പി സിംഹാസനത്തിങ്കലേക്കു പതിവായി അയച്ചു കൊടുക്കുന്നു. ഇങ്ങനെ ഏതുവിധത്തിൽ നോക്കിയാലും മലങ്കരസഭയിൽ അഗ്രപംക്തിയിൽ നിൽക്കുന്ന ചുരുക്കം ചില പള്ളികളിൽ ഒന്നായ കവി യൂർ സ്ളീബാപള്ളിയിലെ ഇപ്പോൾ കാണുന്ന നല്ല നടപടികൾക്കൊ ക്കെയും അസ്തിവാരമുറപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്തത് ഈ റമ്പാച്ചനാണെന്നു പറയുമ്പോൾ ആ ഇടവകക്കാർക്ക് ഇദ്ദേഹത്തോട് എത്രമാത്രം സ്നേഹബഹുമാനങ്ങൾ ഉണ്ടായിരിക്കുമെന്നുള്ളത് വിശേ ഷിച്ചു പ്രസ്താവിക്കണമെന്നില്ലല്ലോ. ഇദ്ദേഹത്തിന്റെ സ്വഭാവത്തിലുള്ള മേന്മയും കൃത്യനിർവഹണത്തിലുള്ള കാര്യക്ഷമതയും ആ ഇടവകയെ എന്നന്നേക്കുമായി ആകർഷിച്ചുകളഞ്ഞു. ഏതു ചെറിയ കാര്യത്തിനാ യാലും വലിയ കാര്യത്തിനായാലും മുൻകൂട്ടി തയ്യാറാക്കിയ പ്ളാൻ അനു സരിച്ചുള്ള പ്രവർത്തനം, അതെല്ലാം എത്രയും ആകർഷണീയമാക്കാ

നുള്ള സ്വതസിദ്ധമായ സാമർത്ഥ്യം, കൃത്യനിഷ്ഠ, സ്നേഹം, മര്യാദ യായ പെരുമാറ്റം, സത്യവും കണിശവും, അനാഡംബരവും ലളിതവുമായ ജീവിതരീതി, കാര്യനിർവഹണത്തെ മാത്രം ലക്ഷ്യമാക്കി ആർഭാടമി ല്ലാത്ത പ്രവർത്തനരീതി, സർവോപരി ആദ്ധ്യാത്മിക ചൈതന്യം തുളു മ്പുന്ന വൈദിക കർമ്മങ്ങൾ, ശബ്ദഭംഗി പോരാ എങ്കിലും അതിനേ ക്കാൾ ഉപരിയായി, സംബന്ധിക്കുന്ന ആളുകളെ ഭക്തിനിർഭരമായ ഒരു ആദ്ധ്യാത്മിക ലോകത്തിലേക്കു ഉയർത്തുവാനുള്ള കഴിവ് (ഒരു ആത്മി കാന്തരീക്ഷത്തിൽ നമ്മുടെ അന്തരാത്മാവ് ഉയർന്നുകഴിഞ്ഞാൽ പിന്നെ ബാഹ്യമായ ശബ്ദഭംഗിയേക്കുറിച്ച് ആരും ഓർക്കാറില്ലല്ലോ). ഇപ്രകാരം ഇദ്ദേഹത്തിന്റെ സൽസ്വഭാവവും കാര്യശേഷിയും എണ്ണിയെണ്ണി പറ ഞ്ഞാൽ അനവധിയാണ്.

കവിയൂർ സ്ളീബാപ്പള്ളിയിൽ വികാരിയായിരുന്ന മൂന്നു വർഷക്കാലം എനിക്ക് ഇദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങളും കാര്യശേഷിയും നല്ലതു പോലെ ബോധ്യമായിട്ടുള്ളതാണ്. മദുബ്ഹായും പള്ളിയകവും വെടി പ്പായ ഉപകരണങ്ങൾകൊണ്ട് മോടിപിടിപ്പിക്കുക, പള്ളിയുടെ മുറ്റവും പരിസരങ്ങളും ശവക്കോട്ടയും ഭംഗിയാക്കുക, പൂച്ചെടികൾ വച്ചുപിടിപ്പിച്ച് ഉദ്യാനങ്ങൾ ചമയ്ക്കുക, തെങ്ങ്, തേന്മാവ്, പ്ളാവ് മുതലായ ഫലവൃക്ഷ ങ്ങൾ വച്ചുപിടിപ്പിക്കുക, ഉദ്യാനങ്ങൾ വർണ്ണപ്പകിട്ടുകൊണ്ടും ചിത്രീകൃത മായ ആകൃതികൊണ്ടും നയനാഭിരാമമാക്കിത്തീർക്കാൻ ശ്രദ്ധിക്കുക, മുതലായി ദൈവത്തിന്റെ ആലയത്തിനു അതർഹിക്കുന്ന ശുചിത്വവും ഭംഗിയും മോടിയും വരുത്തുന്നതിനാണ് ഇദ്ദേഹം ഒന്നാമതായി ശ്രമി ച്ചത്. അനന്തരം സൺഡേസ്കൂളുകൾ, വനിതാസമാജങ്ങൾ, പ്രാർത്ഥ നായോഗങ്ങൾ മുതലായവ സംഘടിപ്പിച്ചും പുനരുദ്ധരിച്ചും നടപ്പാക്കു ന്നതിലാണ് ശ്രദ്ധിച്ചത്. പിന്നീട് വലിപ്പച്ചെറുപ്പഭേദമെന്യെ സകല വീടു കളും സന്ദർശിച്ച് അവരുടെ സ്നേഹബഹുമാനങ്ങൾ അദ്ദേഹം ആർ ജ്ജിച്ചു. രോഗികളെ ചെന്നു കാണുക, അവർക്കുവേണ്ടി പ്രാർത്ഥന നട ത്തുക, അവർക്കു വേണ്ട മറ്റു സഹായങ്ങൾ ചെയ്യുക, പാവപ്പെട്ടവരുടെ വീടുകളിൽ ചെല്ലുമ്പോൾ അവരുടെ ദാരിദ്ര്യ പരിഹാരാർത്ഥം എന്തെ ങ്കിലും കൊടുത്തുംവച്ചു പോരിക എന്നിങ്ങനെ മനുഷ്യധർമ്മവും പ്രത്യേ കിച്ചും വൈദിക ധർമ്മവും അനുസരിച്ചുള്ള പ്രവൃത്തികൾ നടത്തിത്തു ടങ്ങി. പള്ളിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മറ്റുമായി ആദ്യഫലം, പടിയരി, വീട്ടുകൂദാശ മുതലായവ നടപ്പാക്കി. പണസംബന്ധമായ കാര്യ ങ്ങളിൽ തനിക്കു ജന്മനാലുള്ള സത്യദീക്ഷയും കണിശവും മറ്റും പാലിച്ചു കണ്ടപ്പോൾ ജനങ്ങളുടെ വിശ്വാസം വർദ്ധിച്ചു വരികയും തന്മൂലം പള്ളി വരുമാനം കൂടിക്കൂടി വരികയും ചെയ്തു.

ഇദ്ദേഹം തുടങ്ങിവച്ച സാധുജന സംരക്ഷണം വികസിച്ചു ഇപ്പോൾ

ആണ്ടുതോറും നാനൂറു അഞ്ഞൂറു രൂപാ പള്ളിയിൽ നിന്നും ഇടവക യിലെ പാവപ്പെട്ടവർക്കായി പല ഇനങ്ങളിൽ കൊടുത്തു വരുന്നു. ഇപ്ര കാരം എല്ലാവിധത്തിലും നന്മകളുടെ കേദാരമായിക്കണ്ട അന്നത്തെ കുറി യാക്കോസ് അച്ചൻ കവിയൂർ പള്ളിക്കാരുടെ കണ്ണിലുണ്ണിയും ആരാധ നാപാത്രവുമായി തീർന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. എന്നെപ്പോലെ തന്നെ ആ ഇടവകയിലെ അനേകം ജനങ്ങളുടേയും മാനസനേത്രങ്ങൾ ഇദ്ദേഹത്തെ ഒരു റമ്പാച്ചനായിട്ടല്ല, പ്രത്യുത ഒരു മെത്രാനായിട്ടാണ് ദർശി ക്കുന്നത്. കൂടെയുള്ള വേലക്കാർ, കപ്യാരന്മാർ എന്നിങ്ങനെയുള്ളവർക്ക് ഇദ്ദേഹത്തോടുള്ള ഭക്തിക്കും സ്നേഹത്തിനും അതിരില്ല. വേലക്കാർക്ക് ഒരിക്കലും ഇദ്ദേഹത്തെ വിട്ടുപിരിയാൻ മനസ്സു വരികയില്ല. ഞങ്ങളുടെ കപ്യാരായ അവറാം ചേട്ടൻ ഇന്ന് പള്ളിയിലെ ചുമതലകൾ ഇട്ടും വച്ച് ഇവിടെ വന്നുചേരാൻ നിവൃത്തിയില്ലായ്കയാൽ വരാഞ്ഞതാണ്. എങ്കിലും അയാളുടെ ശരീരം അവിടെയും മനസ്സ് ഇവിടെയുമാണ്. കൂടെ നിൽക്കുന്ന കീഴിലുള്ളവരെ ഇതുപോലെ കരുതുന്ന ഒരാൾ ഇല്ലെന്നാണ് അവറാം ചേട്ടൻ പറയുന്നത്.

ഇപ്രകാരം കവിയൂർ പള്ളിയിലെ മൂന്നു വർഷത്തെ ഭരണം വിജയ കോടിയിൽ എത്തിയത് വിദൂരവീക്ഷണ ചതുരനും പണ്ഡിതാഗ്രേസ രിയും, വീരസിംഹവുമായ വട്ടശ്ശേരിൽ തിരുമേനിയുടെ ശ്രദ്ധയെ ആകർ ഷിച്ചു. തന്മൂലം റമ്പാച്ചൻ കേന്ദ്രത്തിലേക്കു ക്ഷണിക്കപ്പെട്ടു. കവിയൂർ പള്ളിക്കാർ വിഷാദനിമഗ്നരായി. സങ്കടനിവേദനവുമായി വല്യതിരുമേ നിയെ സമീപിച്ചു. തിരുമേനി കൽപ്പിച്ചു അരുളിച്ചെയ്തത് ഇങ്ങനെയാണ്. “അസാധാരണ കഴിവുകളുള്ള കുറിയാക്കോസ് അച്ചന്റെ കഴിവുകൾ പൊതുസമുദായത്തിനു പ്രയോജനപ്പെടേണ്ടതാണ്. അതു ഒരു ഇടവ കയ്ക്ക് മാത്രം ലഭിച്ചാൽ പോരാ. നിങ്ങൾ വെറും പ്രാദേശിക താൽപ്പര്യം കൊണ്ടുമാത്രം പറയുന്നതാണ്. അദ്ദേഹത്തെക്കൊണ്ടു പൊതു സമുദാ യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പലതും പ്രവർത്തിപ്പിക്കാനുണ്ട്. അതി നാൽ കവിയൂർ പള്ളിയിൽ തന്നെ അങ്ങനെ സ്ഥിരമായിട്ട് എന്നും വച്ചു കൊണ്ടിരിക്കാൻ സാധിക്കയില്ല.” തിരുമേനിയുടെ യുക്തിവാദത്തിൽ ഈയുള്ളവർ കീഴടങ്ങി സങ്കടത്തോടുകൂടെ പിൻവാങ്ങുകയാണ് ചെയ്തത്. എന്നാൽ കുശാഗ്രബുദ്ധിമാനായ വട്ടശ്ശേരിൽ തിരുമേനിയുടെ കാലശേഷം അസാധാരണ കർമ്മശക്തിയുള്ള ഈ റമ്പാച്ചന്റെ കാര്യ പ്രാപ്തിയേയും സൽഗുണങ്ങളേയുംപറ്റി ചുമതലപ്പെട്ട തിരുമേനിമാർ വേണ്ടവിധം മനസ്സിലാക്കി പ്രവർത്തിച്ചിട്ടില്ലെന്നുള്ളത് അസ്മാദികൾക്കു വേദനാജനകം തന്നെ.

ഇദ്ദേഹം ഏതു നിസ്സാരമായ ചെറിയ കാര്യത്തിൽ പോലും ബുദ്ധി പൂർവമായി നല്ല പ്ലാൻ അനുസരിച്ച് പ്രവർത്തിക്കുന്നതായി കാണാം.

കാതോലിക്കേറ്റ് നിധിപ്പിരിവിന്റെ ആഫീസു ചുമതല വഹിക്കുന്ന കാലത്ത്, ഫോറങ്ങൾ കെട്ടുന്നതിനുള്ള ടയിൻ, പിൻ ചെയ്യാനുള്ള മൊട്ടു സൂചി വരെ ഓരോ പള്ളിക്കും അയച്ചുകൊടുത്തുകൊണ്ടിരുന്നു. ഇദ്ദേഹം ഒരു തച്ചുശാസ്ത്ര വിദഗ്ദ്ധനോ ഇഞ്ചിനീയറോ അല്ലെങ്കിലും ആലയ നിർമ്മാണത്തിൽ അപ്രകാരം ഉള്ളവരെപ്പോലും അതിശയിച്ചിരിക്കുന്നു. ഈ പള്ളിയോടു ചേർന്ന് താമസത്തിനുണ്ടാക്കിയിരിക്കുന്ന ഈ ദയറാ തന്നെ അതിന് ഒരു മകുടോദാഹരണമാണെന്നത്രെ എന്റെ പക്ഷം. ചുരുങ്ങിയ ചെലവിൽ കൂടുതൽ ഉപയോഗപ്രദമായ വിധത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടി നല്ല പ്ലാൻ അനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന കാര്യക്ഷമത സർവകാര്യ സമ്പൂർണ്ണമായിട്ടുള്ളതാണ്. ഈ പള്ളിയും ഇതിന്റെ പരിസരങ്ങളും ഇവിടുത്തെ ശാന്തമായ അന്തരീക്ഷവും എന്റെ ഈ അഭിപ്രായത്തിനു ഉപോൽബലമാകുന്നു. ആദ്ധ്യാത്മിക ചൈതന്യം തുളുമ്പുന്ന ഈ കുന്നിൻപുറം ഒരു സിദ്ധന്റെ ആവാസസ്ഥാനത്തിനു പറ്റിയതുതന്നെ. വൈദിക പ്രസരം കളിയാടുന്ന ഇവിടുത്തെ അന്തരീക്ഷം ഞങ്ങളെ അസൂയാലുക്കളാക്കുകയാണ്.

കവിയൂർ ഇടവകയും കുറിയാക്കോസു റമ്പാച്ചനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ഈ ജൂബിലിയുടെ വിവരം അറിഞ്ഞപ്പോൾ മാനേജിംഗ് കമ്മറ്റിയുടെ ഒരു വിശേഷാൽ യോഗം അടിയന്തിരമായി വിളിച്ചുകൂട്ടി. പള്ളി ഇടവകയുടെ പ്രതിനിധികളായി കുറേപ്പേരെ ഇങ്ങോട്ട് അയക്കണമെന്നും റമ്പാച്ചന്റെ സ്ഥാനത്തിനും സ്ഥിതിക്കും കവിയൂർ പള്ളിയുടെ അന്തസ്സിനും അനുയോജ്യമായവിധത്തിൽ ഇവിടെ വന്നു പ്രവർത്തിക്കണമെന്നും നിശ്ചയം ചെയ്തു. അതനുസരിച്ചും കൂടെയാണ് കോയിക്കൽ മാത്തു, മേളാകയിൽ ഇട്ട്യേരാ, മുരിങ്ങശേരിൽ മത്തായി, ചക്കാലയിൽ യൗസേപ്പ്, വടക്കേമുറിയിൽ ഇട്ടി അയ്പ്, മാലിയിൽ യോഹന്നാൻ, പ്ലാന്തോട്ടത്തിൽ മാത്തുക്കുട്ടി, മറ്റമല ജോൺ എന്നിവർ ഇവിടെ വന്നിരിക്കുന്നത്.



**വിദ്വാൻ ജെ. ജോൺ**

# 6

# പാത്താമുട്ടം സ്ലീബാപ്പള്ളി

പാത്താമുട്ടത്തെ അതിമനോഹരമായ ഒരു കുന്നിൻമുകളിൽ നില കൊള്ളുന്ന സ്ലീബാപ്പള്ളി എന്നതു പവിത്ര സ്മരണാർഹനായ എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ പര്യായമാണ്. വൈദികനായിരിക്കുമ്പോൾ ഒരു പള്ളി സ്ഥാപിക്കണമെന്ന ചിന്തയൊന്നും അദ്ദേഹത്തിനില്ലായിരുന്നു. ചില യാദൃച്ഛിക സംഭവങ്ങൾ ആ വഴിക്കു ചിന്തിക്കാൻ പ്രേരിപ്പിച്ചപ്പോൾ സ്ഥലം വാങ്ങി പള്ളി പണിയുകയും അതുമായി താദാത്മ്യപ്പെടുകയും സ്ലീബാപ്പള്ളി വിട്ടുള്ള ഒരു വ്യക്തിത്വം റമ്പാച്ചനു നഷ്ടപ്പെടുകയുമാണു ണ്ടായത്.

കവിയൂർ സ്ലീബാപ്പള്ളിയിലെ വിജയകരമായ മൂന്നു വർഷത്തെ സേവ നത്തിനുശേഷം എം. സി. കുറിയാക്കോസ് അച്ചന്റെ സഹായം സഭാ കേന്ദ്രത്തിനു ആവശ്യമായി വന്നു. മലങ്കര മെത്രാപ്പോലീത്താ ആയി രുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, അച്ചനെ 1933-ൽ പഴയസെമിനാരിയിലേക്കു ക്ഷണിച്ചു മാനേജരാക്കി. കുറെ കഴിഞ്ഞ പ്പോൾ അവിടത്തെ ചുറ്റുപാടിൽ മാനേജരായിക്കാൻ കഴിവില്ലെന്നുള്ള വിവരം തിരുമേനിയെ അറിയിക്കുകയും പോകാൻ അദ്ദേഹം അനുവദി ക്കുകയുമാണുണ്ടായത്. സെമിനാരി വിട്ടിറങ്ങിയപ്പോൾ തല ചായിക്കാൻ ഇടമോ വിശുദ്ധ കുർബ്ബാന അർപ്പിക്കാൻ പള്ളിയോ ഇല്ലാത്ത ദുരവസ്ഥ അച്ചനെ തുറിച്ചു നോക്കി. നാടും വീടും വിട്ടുപോയ അദ്ദേഹം വീണ്ടും വീട്ടിലേക്കു മടങ്ങി. അക്കൊല്ലം തന്നെ തന്റെ മാതാപിതാക്കന്മാർ ഈ ലോകം വിട്ടിരുന്നു. അതൊരഗ്നി പരീക്ഷണമായി കണക്കാക്കി അതിനെ നേരിടാൻ തന്നെ ഉറച്ചു. ഈ വിഷമ ഘട്ടത്തിലാണു ഒരു പള്ളി സ്ഥാപി ക്കണമെന്ന ദൃഢനിശ്ചയത്തോടെ 1935-ൽ സ്ലീബാപ്പള്ളി സ്ഥാപിക്കു ന്നത്. കവിയൂർ സ്ലീബാപള്ളി ഇടവകയോടുള്ള അഭേദ്യമായ സ്നേഹ ബന്ധത്തെ മുൻനിർത്തിയാണ് പാത്താമുട്ടത്തെ പള്ളിക്കും സ്ലീബാപ്പള്ളി എന്നു പേരു നൽകിയത്.

സ്ലീബാപ്പള്ളി ഇരിക്കുന്ന സ്ഥലം റമ്പാച്ചന്റെ ബാല്യകാലത്തു കാടു പിടിച്ചു കിടന്ന കുന്നിൻപ്രദേശമായിരുന്നു. ആ സ്ഥലത്തിന്റെ സൗകു മാര്യം ബാല്യം മുതൽ തന്നെ റമ്പാച്ചനെ ഹഠാദാകർഷിച്ചിട്ടുള്ളതും കോളജിൽ പഠിക്കുമ്പോഴും പല തവണ ഈ കുന്നിൻപ്രദേശത്തു വന്നു സമയം ചെലവഴിച്ചിട്ടുള്ളതുമാണ്. എന്തായാലും നേരത്തെ ഈ കുന്നിന്റെ ഒരു ഭാഗം റമ്പാച്ചന്റെ പിതാവായ മാളികയിൽ ചാക്കോച്ചൻ വില കൊടുത്തു വാങ്ങിയിട്ടിരുന്നു. അവിടെ നാട്ടുകാരുടെ സഹകരണത്തോടു

കൂടി ഒരു ഷെഡു പണിയുന്നതിനു ചാക്കോച്ചൻ ആരംഭിച്ചു എങ്കിലും അതു പൂർത്തിയാക്കാൻ സാധിക്കാതെ അദ്ദേഹം കടന്നുപോയി. തന്റെ ആഗ്രഹം നിറവേറ്റണമെന്ന കാര്യം മരണക്കിടക്കയിൽ വച്ചു പുത്രന്മാരോടു സൂചിപ്പിച്ചിരുന്നു. അതനുസരിച്ചു റമ്പാച്ചൻ കുന്നിന്റെ ബാക്കിയുള്ള ഭാഗവും വാങ്ങി സർക്കാരിന്റെ അനുമതിയോടെ പള്ളി നിർമ്മിക്കാൻ തുടങ്ങി. അങ്ങനെ 1935-ൽ സ്ലീബാപ്പള്ളിയും ദയറായും മലമുകളിൽ ശോഭിക്കുന്ന നഗരം പോലെ പാത്താമുട്ടം കുന്നിൽ ഉദയം ചെയ്തു. പള്ളിയുടെ ശിലാസ്ഥാപനം നിർവഹിച്ചതും ആദ്യം കുർബ്ബാന അർപ്പിച്ചതും പാമ്പാടി തിരുമേനിയായിരുന്നു. ഇതിന്റെ കൂദാശ നടത്തിയത് ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായാണ്. ഇരുപതിൽപരം വർഷം പാത്താമുട്ടം പള്ളിയിലും ദയറായിലുമായി റമ്പാച്ചൻ ജീവിച്ചു. കൂടാതെ സഭയുടെ പല തലങ്ങളിൽ വിലപ്പെട്ട സേവനം അനുഷ്ഠിച്ചു. സ്ലീബാപ്പള്ളിയിൽ കുട്ടികൾക്കു മികച്ച രീതിയിലുള്ള സണ്ടേസ്കൂൾ അഭ്യസനം നൽകി. കൂടാതെ കാനോനിക നോമ്പ് അല്ലെങ്കിലും ആ പള്ളിയിൽ വനിതകൾക്കുവേണ്ടി റമ്പാച്ചൻ എട്ടു നോമ്പു നടത്തിയിരുന്നു. എട്ടുനോമ്പിനെപ്പറ്റി ഒരു പുസ്തകവും രചിച്ചു.

പ്രമേഹം, വാതം എന്നീ രോഗങ്ങൾ പിടിപെട്ടതിനെ തുടർന്ന് 1951-ൽ പൊതു പ്രവർത്തനങ്ങളിൽ നിന്നു വിട്ടുനിന്ന റമ്പാച്ചൻ സ്ലീബാപ്പള്ളിയോടനുബന്ധിച്ചുള്ള ദയറായിൽ താമസിച്ചുകൊണ്ടു ലേഖനങ്ങളും പുസ്തകങ്ങളും രചിച്ചു മഹത്തായ സേവനം തുടർന്നു. പ്രശാന്തമായ ദയറാ ജീവിതമാണു തനിക്കു ദൈവം തന്നിരിക്കുന്നതെന്നുള്ള ബോധ്യത്തോടെ അന്ത്യംവരെയും സന്യാസിവര്യനായി ജീവിച്ചു. രോഗം സൃഷ്ടിച്ച വേദനകൾ എല്ലാം ക്ഷമാപൂർവ്വം സഹിച്ചു. അതൊന്നും അദ്ദേഹത്തിന്റെ വിശ്വാസഹാനിക്കോ ദൈവാശ്രയക്കുറവിനോ ഇടവരുത്തിയില്ല. യഹോവയുടെ വിശുദ്ധനാമത്തെ വാഴ്ത്തി അന്ത്യംവരെയും പ്രത്യാശയോടു ജീവിച്ചു.

# 7

# കാതോലിക്കാ നിധി

മലങ്കരസഭയുടെ വ്യവഹാര ചരിത്രത്തോളം തന്നെ സന്ധി ആലോചനകൾക്കും പഴക്കമുണ്ടെന്ന് ഇരുപതാം ശതകത്തിലെ സഭാചരിത്രം പഠിക്കുന്നവർക്കു വ്യക്തമാകും. പല തവണ മലങ്കരയിലെ ഉന്നത നേതാക്കന്മാർ തമ്മിലും 1934-ൽ ഹോംസിൽ വച്ചു പാത്രിയർക്കീസും ഇവിടത്തെ കാതോലിക്കായും തമ്മിലും നടത്തിയ സഭാ സമാധാന ചർച്ചകൾ എല്ലാം പരാജയപ്പെട്ടശേഷം മലങ്കരസഭ നേരിടുന്ന ചില സുപ്രധാന കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനു ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ മലങ്കര അസോസിയേഷന്റെ ഒരു യോഗം 1934 ഡിസംബറിൽ സഭാചരിത്ര പ്രധാനമായ സംഭവങ്ങളുടെ സാക്ഷിയായ കോട്ടയം എം. ഡി. സെമിനാരിയിൽ വിളിച്ചു കൂട്ടി. ഈ യോഗം മലങ്കര സഭയുടെ ഭാവി നിർണ്ണയിച്ച ഭരണഘടന അംഗീകരിക്കുകയും വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ മരണത്തെത്തുടർന്ന് ഒഴിവു വന്ന മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൂടി കാതോലിക്കാ ബാവായിൽ നിക്ഷിപ്തമാക്കുകയും ചെയ്തു. സഭയുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നതിനാൽ സഭയുടെ വിവിധ സേവന പ്രവർത്തനങ്ങൾക്കു വേണ്ടി ധനശേഖരണം നടത്തണമെന്ന യോഗ നിശ്ചയമനുസരിച്ചാണു "കാതോലിക്കേറ്റ് വ്യവസ്ഥാപിതനിധി" രൂപം കൊണ്ടത്. അതായത് സമുദായ കാര്യങ്ങൾക്കു വേണ്ടിവരുന്ന പണം കൂടെക്കൂടെ ശേഖരിക്കുന്നതിനു പകരം സ്ഥിരവും ക്രമീകൃതവുമായ ഒരു പദ്ധതി ആവിഷ്കരിച്ച് അതിനു നിയമ പ്രാബല്യം നൽകേണ്ടതാണെന്നത്രെ അസോസിയേഷൻ നിശ്ചയം. എന്നാൽ സമുദായ ഭരണഘടന സ്വീകരിക്കുംമുമ്പ് നിധിയുടെ കാര്യത്തിൽ ഭരണക്രമവും കമ്മിറ്റിയും ഉണ്ടായാൽ സമുദായ ഭരണചക്രവുമായി പൊരുത്തക്കുറവ് ഉണ്ടായേക്കുമെന്ന ഭയം ബാവാ വെളിപ്പെടുത്തിയപ്പോൾ നിധി സംഭരണ തീരുമാനത്തിനു വേഗം കുറഞ്ഞു.

ഭരണഘടന പാസ്സായപ്പോൾ താമസംകൂടാതെ നിധി സംഭരണത്തിനുള്ള നിശ്ചയങ്ങൾ ഉണ്ടായി. 1110 ധനു 11-ന് കൂടിയ സഭാ മാനേജിംഗ് കമ്മിറ്റിയാണ് സഭയുടെ നിലനില്പിനും പുരോഗതിക്കും ഉതകുന്ന ഒരു ധനശേഖര പദ്ധതിക്ക് (പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കര നിധി പിരിവ്) രൂപം നൽകിയത്. ഈ പദ്ധതിയുടെ അവതാരകൻ കെ. സി. മാമ്മൻ മാപ്പിളയും അനുവാദകൻ റാവു സാഹിബ് ഒ. എം. ചെറിയാനും ആയിരുന്നു.

സ്ഥിര മാസപ്പടിയോ വരുമാനമോ ഉള്ളവരെ നേരിട്ടു കണ്ടോ കത്തിടപാടിലൂടെയോ പണപ്പിരിവ് നടത്തുന്നതിനായി കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി എന്നിവരെയും ഒരു ക്ലിപ്ത ദിവസം സകല ഭവനങ്ങളിലും നിന്ന് ആളുകളെ അയച്ചു ശക്ത്യാനുസരണമുള്ള സംഖ്യ സ്വരൂപിക്കുന്നതിന് വേണ്ട ഏർപ്പാടുണ്ടാക്കുവാൻ ദിവ്യശ്രീ. എം. സി. കുര്യാക്കോസ് കശ്ശീശ, ഒ. എം. ചെറിയാൻ എന്നിവരെയും സബ് കമ്മിറ്റികളായി നിയമിച്ചു.

1935 മെയ് 3-ാം തീയതി (1110 മേടം 20) വെള്ളിയാഴ്ച പരിശുദ്ധ ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മ ദിവസം സർവ്വ ഭവനങ്ങളിലും നിന്ന് പിരിവ് നടത്തണമെന്നാണ് തീരുമാനിച്ചത്.

പിരിവ് നടത്തേണ്ട മേടം 20-നു മുമ്പ് ഒ. എം. ചെറിയാൻ ഇടവകകളിൽ യാത്ര ചെയ്ത് സഭാംഗങ്ങളെ പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. ഈ പ്രവർത്തനങ്ങൾക്ക് വോളന്റിയർമാരെയും ഗ്രൂപ്പ് ഓർഗനൈസർമാരെയും ലഭിക്കുന്നതിന് വേണ്ട പ്രചരണവും അദ്ദേഹം നേരിട്ട് നടത്തി വന്നു.

ഇക്കാര്യത്തിന് ചെറിയാൻ നിരന്തരം സഞ്ചാരത്തിലായതിനാൽ ഇതു സംബന്ധമായ എഴുത്തുകുത്തുകൾ തയ്യാറാക്കുകയും അത് ഇടവകകളിലും ഗ്രൂപ്പ് ലീഡർമാർക്കും എത്തിക്കുകയും ചെയ്യേണ്ട ഭാരം മുഴുവൻ കുറിയാക്കോസ് കശ്ശീശ ഏറ്റെടുത്തു. ഇതേപ്പറ്റി പ്രസിദ്ധ സഭാചരിത്രകാരനായ ഇസ്സഡ് എം. പാറേട്ട് ഇങ്ങനെ രേഖപ്പെടുത്തുന്നു:

"ഒ. എം. ചെറിയാൻ തന്റെ ഉത്സാഹവും കാര്യനിർവ്വഹണശേഷിയും നിധിപ്പിരിവിലേക്ക് തിരിച്ചുവിട്ടു. അവ പകരുന്ന രോഗം പോലെ അടുത്തു ചെന്നവരിൽ പകർന്നു. പ്രകൃത്യാ ശാന്തനായ എം. സി. കുര്യാക്കോസ് കശ്ശീശായ്ക്ക് ഒരു തലയെടുപ്പും ചുറുചുറുക്കും അദ്ദേഹം അറിയാതെ തന്നെ ഉണ്ടായി" (മലങ്കര നസ്രാണികൾ വാല്യം 5, പേ. 74). നിധിപ്രസ്ഥാനത്തിൽ സഹകരിച്ച് ഓഫീസിലിരുന്ന് കാര്യങ്ങൾ നടത്തുന്നതിന് സമർത്ഥനാണെന്ന സമ്മതി സമ്പാദിച്ച എം. സി. കുര്യാക്കോസ് റമ്പാനെ സമുദായ സെക്രട്ടറിയായി നിയമിച്ചുവെന്നും അദ്ദേഹം എഴുതി (ടി, പേജ് 223).

25000 വീടുകളും മുന്നൂറോളം പള്ളികളുമായുള്ള എഴുത്തുകുത്തുകൾ രാപകലില്ലാതെ ചെയ്ത് കുര്യാക്കോസ് കശ്ശീശ കിടപ്പിലാകുക പോലും ഉണ്ടായി. ഏതാനും ദിവസങ്ങൾക്കകം സുഖം പ്രാപിച്ചു പഴയ പടി തന്നെ ബദ്ധപ്പെടുകയും ചെയ്തു.

പിരിവിന്നായുള്ള പരിശുദ്ധ കാതോലിക്കാബാവായുടെയും മറ്റ് മെത്രാ

പ്പോലീത്തന്മാരുടെയും കല്പനകൾ, സെക്രട്ടറിമാരുടെ 9 വിജ്ഞാപനങ്ങൾ തുടങ്ങിയത് അതതു സമയം ബന്ധപ്പെട്ട വികാരിമാർ ഓർഗനൈസർമാർ മുതലായവർക്ക് എത്തിക്കുന്നതും അവരിൽ നിന്നെല്ലാമുള്ള അന്വേഷണങ്ങൾക്കും മറ്റും യഥാസമയം മറുപടി നൽകുന്നതുമായ എല്ലാത്തരം ജോലികളും ഓഫീസ് സെക്രട്ടറി എന്ന നിലയിൽ കുര്യാക്കോസ് കശ്ശീശായാണ് നിർവ്വഹിച്ചത്. ഓരോ വീട്ടിലും പതിക്കേണ്ട നോട്ടീസ് 25000 പ്രതികളും 75000 രസീതുകളും മറ്റും ഈ ആവശ്യത്തിന് കൃത്യസമയത്ത് അതതു സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കേണ്ടതുണ്ടായിരുന്നു. ഇതു സംബന്ധിച്ച് റമ്പാച്ചൻ പൗരോഹിത്യ രജത ജൂബിലി സുവനിറിൽ ഇങ്ങനെ എഴുതി:

“ഞാൻ ഏറ്റവും ക്ലേശപ്പെട്ടദ്ധ്വാനിച്ചത് കാതോലിക്കേറ്റ് നിധി സംഭരണം സംബന്ധിച്ചായിരുന്നു. അതിലേക്ക് റാവുസാഹിബ് ഒ. എം. ചെറിയാൻ യാത്രാ സെക്രട്ടറിയായും ഞാൻ ആഫീസ് സെക്രട്ടറിയായും 1935 ജനുവരിയിൽ നിയമിക്കപ്പെട്ടു. ഞങ്ങൾ പരിപൂർണ്ണ സഹകരണത്തിൽ ജോലി ചെയ്തു. അദ്ദേഹത്തിന്റെ കഴിവുകളും ഊർജ്ജസ്വലതയും അതുല്യമായിരുന്നു. അദ്ദേഹം ഇടവകതോറും സഞ്ചരിച്ച് പ്രൗഢമായ പ്രസംഗങ്ങൾ ചെയ്തു. ഞാൻ ആപ്പീസിൽ ഇരുന്ന് വിജ്ഞാപനങ്ങളും എഴുത്തുകളും സ്വന്തമായി അയച്ചുകൊണ്ടിരുന്നു. വിദ്യാഭ്യാസകാലത്തു പോലും ഒമ്പതു മണിക്കപ്പുറം പഠിക്കുക പതിവില്ലാതിരുന്ന ഞാൻ ആറു മാസത്തോളം പാതിരാത്രി വരെ മാർ ഏലിയാ ചാപ്പൽ മുറിയിൽ ഇരുന്ന് അദ്ധ്വാനിച്ചു. പള്ളികളുമായി തുടരെത്തുടരെ എഴുത്തുകുത്തു നടത്തിയ ആദ്യ സമുദായ ആഫീസ് അതായിരുന്നു. സഭയിൽ പൊതുവേ ഒരു താല്പര്യം ഉളവായി. റിപ്പോർട്ടും കണക്കും അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി. നമ്മുടെ സമുദായത്തിലെ എല്ലാ പള്ളികളെയും പട്ടക്കാരെയും അനേകം



എ. എം. വർക്കി



ഒ. എം. ചെറിയാൻ

വ്യക്തികളെയും അറിയുന്നതിനും ഒരു ആപ്പീസിന്റെ പ്രവർത്തനരീതി പഠിക്കുന്നതിനും എനിക്കു സഹായമായി ഭവിച്ചു."

'പൗരസ്ത്യ കാതോലിക്കേറ്റ് വ്യവസ്ഥാപന മലങ്കര നിധി' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടും കണക്കും ആദ്യ നിധി പിരിവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്ന ഒരു നല്ല രേഖയാണ്. ഇതിന്റെ പ്രസിദ്ധീകരണത്തിനും പിരിവിനും അഹോരാത്രം ദീർഘനാൾ പ്രവർത്തിച്ച നിധി സെക്രട്ടറിമാരുടെ ഒറ്റയ്ക്കുള്ള പടങ്ങൾ പോലും ഇതിൽ കാണുന്നില്ലെന്നുള്ളതും തെല്ല് അത്ഭുതത്തോടെ സൂചിപ്പിക്കട്ടെ. നിധി പിരിവിന്റെ ചുമതലക്കാരുടെ ഗ്രൂപ്പ് ഫോട്ടോയിലേ അവരെ കണ്ടെത്താനാകൂ. അക്കാലത്തെ പല പ്രമുഖരുടെയും പടങ്ങൾ - പ്രതിപക്ഷത്തുള്ളവരുടെ പോലും - ചേർക്കുവാൻ പ്രസാധകരായ ഇവർ ശ്രദ്ധിച്ചുതാനും.

## കാതോലിക്കാ ദിനപ്പിരിവിന്റെ തീയതി മാറ്റം

കാതോലിക്കാ ദിനപ്പിരിവ് ഒന്നാം കാതോലിക്കാ ബാവായുടെ ഓർമ്മ ദിനത്തിൽ നിന്ന് നോമ്പിന്റെ 36-ാം ഞായറാഴ്ചയിലേക്ക് മാറ്റിയത് 1944-ൽ എം. സി. കുര്യാക്കോസ് കശ്ശീശ സമുദായ സെക്രട്ടറിയായിരിക്കുമ്പോഴാണ്. അദ്ദേഹത്തിന്റെ മുൻഗാമിയായ സെക്രട്ടറി എ. എം. വർക്കിയുടെ സേവനകാലത്ത് ആ മാറ്റം ആസൂത്രണം ചെയ്തെങ്കിലും നടപ്പിലാക്കിയത് കുര്യാക്കോസ് കശ്ശീശായാണ്. അക്കാലയളവിൽ മൂന്നു വർഷം കൊണ്ട് ഒരു പൈസ പോലും ചോരാതെ 40000 രൂപയാണ് (8000 + 14000 + 18000) കാതോലിക്കാദിന പിരിവായി സ്വരൂപിച്ചത്. ഇന്നു മൂന്നു കോടി രൂപയിൽ എത്തി നിൽക്കുന്നതും വിവിധ സേവന പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ നിധി പിരിവിന്റെ വളർച്ചയിൽ ഒ. എം. ചെറിയാന്റെയും റമ്പാച്ചന്റെയും ആത്മാക്കൾ ആനന്ദിക്കുന്നുണ്ടാവണം.

ഇപ്പോൾ കാതോലിക്കാദിനം മഹത്തായ സഭാദിനമായി ആചരിക്കപ്പെടുന്നതിൽ സഭാംഗങ്ങൾക്ക് സന്തോഷിക്കാൻ വകയുണ്ട്. സഭയിലെ എല്ലാ കുടുംബങ്ങളും അവശ്യം സഭയ്ക്കു നൽകേണ്ട കാതോലിക്കാദിനപ്പിരിവു നൽകാത്ത പലരുണ്ട്. നൽകണമെന്നാവശ്യപ്പെടുന്ന ഒരു ദിവസത്തെ വരുമാനം നൽകുന്നവരും വരുമാനത്തിന്റെ ഒരംശം മാത്രം നൽകുന്നവരും കുറവല്ല. അതേസമയം കാതോലിക്കാ ദിനപ്പിരിവു ശേഖരിച്ചശേഷം അതിന്റെ ഒരു ഭാഗം മാറ്റിവച്ചു കൊണ്ടു കേന്ദ്രത്തിൽ കൊടുക്കുന്ന ചുരുക്കം ചില ഇടവകക്കാരും ഇല്ലാതില്ല. ഇതു തെറ്റായ ഒരു പ്രവണതയാണ്. എന്തായാലും വർദ്ധിച്ചുവരുന്ന സഭയുടെ ആവശ്യങ്ങൾക്കാനുപാതികമായി നിധിശേഖരണ പദ്ധതിയിൽ ചില മാറ്റങ്ങൾ

വരുത്തേണ്ടതുണ്ട്. അതു വർക്കിംഗ് കമ്മിറ്റിയും മാനേജിംഗ് കമ്മിറ്റിയും പരിഗണിക്കേണ്ട പ്രശ്നമാണ്. ശമ്പള വർദ്ധന, വരുമാനം കൂടുതൽ, പണത്തിന്റെ വിലക്കുറവ് മുതലായവയുടെ അടിസ്ഥാനത്തിൽ മൂന്നു കോടി രൂപ ഇന്ന് ഒരു വലിയ സംഖ്യയല്ലെന്നും ഓർക്കണം. ലക്ഷ്യം പത്തുകോടി എങ്കിലും ആകണം.

# 8

# പൊന്നുരുക്കി കുരിശുണ്ടാക്കാൻ നേതൃത്വം നൽകിയ സന്യാസി

(‘പൂച്ചയ്ക്കെന്താ പൊന്നുരുക്കുന്നിടത്തു കാര്യം’ എന്ന ചൊല്ലാണ് സർവ്വസംഗ പരിത്യാഗിയായ എം. സി. കുറിയാക്കോസ് റമ്പാച്ചൻ നിരണത്തെ പുകൾപെറ്റ രണ്ടാം പൊൻകുരിശു നിർമ്മാണത്തിനു നേതൃത്വം നൽകിയ സംഭവം അനുസ്മരിപ്പിക്കുന്നത്. സത്യസന്ധത നിറഞ്ഞ കനക കുംഭമായിരുന്നു റമ്പാച്ചൻ എന്ന വസ്തുതയെ മാലോകർക്കിടയിൽ വിളംബരം ചെയ്യുന്നതായിരുന്നു സ്ലീബായെ അങ്ങേയറ്റം ബഹുമാനിക്കുന്ന റമ്പാച്ചന്റെ അണുവിട കുറയാത്ത സ്വർണ്ണക്കുരിശു നിർമ്മാണം സംബന്ധിച്ച മേൽനോട്ടം.)

ഭുവന പ്രസിദ്ധമായ നിരണം പള്ളിയുടെ കീർത്തികേട്ട 900 പവൻ തൂക്കമുള്ള പുരാതന തങ്കക്കുരിശ് 1916 മെയ് 29-ാം തീയതി അർദ്ധരാത്രിയിൽ ലോകം ഉറങ്ങിക്കിടക്കവേ കോലപ്പനും കൂട്ടരും മോഷ്ടിച്ചുകൊണ്ടുപോയ സംഭവം, വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട നിരണം പള്ളിയുടെ സുദീർഘമായ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായമാണ്. പൊൻകുരിശിനോടൊപ്പം കാസ, പീലാസാ, അരുളിയ്ക്കാ, തളിക, സ്പൂൺ തുടങ്ങിയ തനി കട്ടിസ്വർണ്ണത്തിൽ നിർമ്മിച്ച പല വിശിഷ്ട വസ്തുക്കളും മോഷ്ടിക്കപ്പെട്ടു. കളവ് നടന്ന് അധികം താമസിയാതെ പാണ്ടിത്തട്ടാൻ കോലപ്പനും കൂട്ടാളികളായ വെള്ളായണി പരമു, ചങ്ങനാശ്ശേരി ഗോപാലൻ, കളവു മുതൽ വാങ്ങി ഒതുക്കിയ രാമസ്വാമി ചാലിയ എന്നിവരെ പോലീസ് അറസ്റ്റു ചെയ്തു. പൊൻകുരിശിന്റെ ഭാഗങ്ങൾ ഉരുക്കി രൂപഭേദം വരുത്തിയ നിലയിൽ കുറെ സ്വർണ്ണം ഇവരിൽ നിന്ന് പോലീസ് പിടിച്ചെടുത്തെങ്കിലും അതെല്ലാം ഇതിനകം മാറ്റു കുറഞ്ഞതായിരുന്നു. തൊണ്ടി മുതലിൽ പലേ കൃത്രിമങ്ങളും നടത്തുകയും ചെയ്തു. കിട്ടിയ സ്വർണ്ണമെല്ലാം നിരണം പള്ളിയിൽ സൂക്ഷിച്ചുവെച്ചു. നഷ്ടപ്പെട്ട കുരിശിനു പകരം പുതിയ സ്വർണ്ണക്കുരിശ് പണിയിക്കണമെന്ന് നിരണം പള്ളി ഇടവകക്കാർക്ക് അതിയായി ആഗ്രഹം ഉണ്ടായി. 1946-ൽ പുതിയ സ്വർണ്ണക്കുരിശ് പണിയിക്കാൻ ഇടവകയോഗം തീരുമാനിച്ചു.

പുതിയ സ്വർണ്ണക്കുരിശ് പണിയാൻ പല തയ്യാറെടുപ്പുകളും എടുക്കേണ്ടതുണ്ടായിരുന്നു. കൈവശമുള്ള പൊന്നുരുക്കി ശുദ്ധി ചെയ്ത് പവൻ മാറ്റ് സ്വർണ്ണമാക്കണം. തികയാതെ വരുന്ന സ്വർണ്ണം വാങ്ങിക്കണം.



സ്വർണ്ണക്കുരിശിന്റെ മാതൃക തയ്യാറാക്കണം. കുരിശു പണിയാൻ വിശ്വസ്തരും, വിദഗ്ധരുമായ സ്വർണ്ണപ്പണിക്കാരെ കണ്ടുപിടിക്കണം. കുരിശു നിർമ്മാണത്തിന് വേണ്ടിവരുന്ന ഭാരിച്ച സംഖ്യ ജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുവാൻ സമർത്ഥമായ നേതൃത്വം കൊടുക്കാൻ പറ്റിയ ആളെ കണ്ടെത്തണം. കൂടാതെ ഇതിനു വേണ്ടി സത്യസന്ധനും, കർമ്മനിപുണനുമായ ഒരാളെ ലഭിക്കാൻ നിരണം ഇടവകക്കാർ അന്വേഷണം തുടങ്ങി. വിപുലമായ അന്വേഷണങ്ങൾക്കുശേഷം നറുക്കു വീണത് വന്ദ്യ ദിവ്യശ്രീ. എം. സി. കുറിയാക്കോസ് റമ്പാനാണ്. മലങ്കരസഭയിൽ ഇത്രത്തോളം യോഗ്യനായ ഒരു വൈദികനില്ലെന്ന് നിരണം ഇടവകക്കാർ തീരുമാനിച്ചു. അവരുടെ നിശ്ചയം ശരിയായിരുന്നുവെന്ന് റമ്പാച്ചന്റെ പ്രവർത്തനം തെളിയിച്ചു.

ഒട്ടും ഒച്ചപ്പാടില്ലാതെ വളരെ സൂക്ഷ്മമായി കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിവുള്ള വ്യക്തിയായിരുന്നു റമ്പാച്ചൻ. ഇടവകജനങ്ങളെ സഹകരിപ്പിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുവാനുള്ള അപാര കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. പൊതുയോഗത്തിലും, പള്ളിയിലും അദ്ദേഹം ചെയ്ത പ്രസംഗങ്ങൾ ജനങ്ങളുടെ മനസ്സിൽ ആഞ്ഞിറങ്ങി. പൊൻകുരിശു നിർമ്മാണം വിജയകരമായി പൂർത്തിയാക്കാൻ ഇടവക ജനങ്ങൾ അരയും തലയും മുറുക്കി രംഗത്തിറങ്ങി.

3-3-1122 (20-10-1946) ഞായറാഴ്ച നിരണം പള്ളി പൊതുയോഗം കൂടി കുരിശു പണിയുടെ ചുമതല വഹിക്കുന്നതിന് എം. സി. കുറിയാക്കോസ് റമ്പാനെ വരുത്തണമെന്ന് തീരുമാനിച്ചു.

കുരിശുപണിയുടെ വിശദവിവരങ്ങൾ അതിനായി തിരഞ്ഞെടുത്ത സെക്രട്ടറി ഒരു പുസ്തകത്തിൽ എഴുതി സൂക്ഷിച്ചിരുന്നു. ആ പുസ്തകത്തിൽ നിന്ന് കുറിയാക്കോസ് റമ്പാനെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെക്കൊടുക്കുന്നു:

29-03-1122 (15-11-1946) വെള്ളി.

ബ. വികാരിയച്ചനും (കാരിക്കോട്ടു ദിവ്യശ്രീ ബർസ്ലീബാ കത്തനാർ) പനയ്ക്കാമറ്റത്തു തോമസ് അച്ചനും മോടിശ്ശേരിൽ മാത്യൂസ് അച്ചനും കൂടി പാത്താമുട്ടത്തു ചെന്ന് റമ്പാച്ചനെ ക്ഷണിച്ചു.

2-4-1122 (17-11-1946) ഞായർ

സന്ധ്യയ്ക്ക് റമ്പാച്ചൻ പള്ളിയിൽ എത്തി.

9-4-1122 (24-11-1946) ഞായർ

റമ്പാച്ചൻ ഇവിടെ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും പ്രസംഗമദ്ധ്യേ കുരിശുപണിയിൽ എല്ലാവരും സഹകരിക്കണമെന്ന് ഉദ്ബോധിപ്പിക്കയും ചെയ്തു.

15-4-1122 (30-11-1946) ശനി

പണി നടന്നില്ല. തങ്കത്തിന്റെ വില മുതലായവ അന്വേഷിക്കാൻ പോയി. 12 മണിക്ക് റമ്പാച്ചൻ അവർകൾ പാത്താമുട്ടത്തിനു പോയിരിക്കയാണ്.

11-5-1122 (20-12 1946) വ്യാഴം.

പണിക്കാർ രാവിലെ വന്നു. പണി പതിവുപോലെ ബ. റമ്പാച്ചൻ അവർകളുടെ ചുമതലയിൽ ആരംഭിച്ചു. തകിട് അടിച്ചുകൊണ്ടിരിക്കുന്നു.

15-5-1122 (30-12-1946) തിങ്കൾ

കുരിശിന്റെ മകുടത്തിനുള്ള സ്വർണ്ണം അടിച്ചു പരത്തിക്കൊണ്ടിരിക്കുന്നു. റമ്പാച്ചൻ അവർകൾ 4 മണിയോടു കൂടി കോട്ടയത്തിനു പോയി.

19-6-1122 (1-2-1947) ശനി.

ബ. എം. സി. കുറിയാക്കോസ് റമ്പാച്ചൻ അവർകൾ ഇന്നു വൈകിട്ടു വന്നു ചേർന്നു. പതിവുപോലെ ഉണ്ണിപ്പണിക്കൻ തനിച്ച് പണി തുടർന്നു.

എടത്വാ പള്ളിവക പൊൻകുരിശ് കാണുന്നതിനായി ബ. റമ്പാച്ചൻ അവർകളും ബ. പട്ടക്കാരും ട്രസ്റ്റി അവർകളും ഉണ്ണിപ്പണിക്കനും കൂടി പോയി.

24-6-1122 (6-2-1947) വ്യാഴം.

ബ. റമ്പാച്ചൻ അവർകൾ പാത്താമുട്ടത്തിന് പോയി.

20-7-1122 (4-3-1947) ചൊവ്വ.

രാവിലെ 10 മണിക്ക് ഉണ്ണിപ്പണിക്കൻ വന്നു പണി തുടങ്ങി. ബ. കാട്ടുപറമ്പിൽ അച്ചനും ബ. കൊച്ചച്ചനും കൂടി പൂവമ്മേലി ഭാഗത്ത് പണപ്പിരിവിനായി പോയി. 54 രൂപ മാത്രം പിരിവുണ്ടായിരുന്നു. വന്ദ്യ ദിവ്യശ്രീ. എം. സി. കുറിയാക്കോസ് റമ്പാച്ചൻ അവർകൾ 11 മണിക്ക് വന്നുചേർന്നു.

25-7-1122 (9-3-1947) ഞായർ.

ബ. കാരിക്കോട്ടച്ചൻ വി. കുർബ്ബാന ചൊല്ലി. ബ. റമ്പാച്ചൻ അവർകൾ പുളിക്കീഴു പള്ളിയിൽ പോയി. ഇന്നു പൊതുയോഗം നടന്നു.

29-7-1122 (13-3-1947) വ്യാഴം.

ബ. എം. സി. കുറിയാക്കോസ് റമ്പാച്ചൻ ഇന്നു രാവിലെ പാത്താമുട്ടത്തിനു പോയി. പണി രണ്ടു ആശാരിമാരും കൂടി തുടർന്നുവരുന്നു.

കുരിശിന്റെ പണി പലപ്പോഴും മുടങ്ങിയിട്ടുണ്ട്. ഒടുവിൽ 1950-ലാണ് പണി പൂർത്തിയായത്. പ്രശസ്തിയുടെയും പൊൻപ്രഭ വീണ്ടും വിതറിയ കുരിശിന്റെ പ്രതിഷ്ഠാകർമ്മം 1952 ഡിസംബർ 27-നു ശനിയാഴ്ച നടന്നു. സെന്റ് തോമസിന്റെ 19 നൂറ്റാണ്ടു കഴിഞ്ഞുവന്ന ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന മഹാസമ്മേളനത്തിൽ സംബന്ധിക്കുവാൻ 1952 ഡിസംബർ 26-നു വെള്ളിയാഴ്ച മൂന്നു മണിയോടു കൂടി നിരണത്തു വന്നുചേർന്ന പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായേയും, ഔഗേൻ മാർ തീമോത്തിയോസ്, പാമ്പാടി മാർ ഗ്രീഗോറിയോസ്, തോമ്മാ മാർ ദീവന്നാസ്യോസ് എന്നീ തിരുമേനിമാരേയും കൊണ്ട് പുളിക്കീഴിൽ നിന്ന് നിരണം പള്ളിയിലേക്ക് നടത്തിയ വമ്പിച്ച എതിരേൽപിൽ ആദ്ധ്യാത്മികത്തിമിർപ്പോടെ അനേകായിരം ജനങ്ങൾ സംബന്ധിച്ചു. ശനിയാഴ്ച രാവിലെ വലിയപള്ളിയിൽ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും പാമ്പാടി മാർ ഗ്രീഗോറിയോസ് വന്ദ്യ ദിവ്യശ്രീമാന്മാരായ എം. സി. കുറിയാക്കോസ് റമ്പാൻ, പി. ഇ. ദാനിയേൽ റമ്പാൻ, ദിവ്യശ്രീ പനയ്ക്കാമറ്റത്തു കുറിയാക്കോസ് കത്തനാർ എന്നിവരുടെ സഹകരണത്തിലും അഞ്ചിന്മേൽ കുർബ്ബാന അർപ്പിച്ചു. ഒരു ലക്ഷത്തിൽ പരം രൂപാ ചെലവു ചെയ്തു നിർമ്മിച്ച സ്വർണ്ണക്കുരിശിന്റെ പ്രതിഷ്ഠാകർമ്മവും തദവസരത്തിൽ പ. കാതോലിക്കാബാവാ നിർവ്വഹിച്ചു. പൊൻകുരിശു നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച് സ്തുത്യർഹമായ സേവനം കഴ്ചവെച്ച എം. സി. കുറിയാക്കോസ് റമ്പാച്ചന് നിരണം പള്ളി വകയായുള്ള പാരിതോഷികം പ. കാതോലിക്കാബാവാ സമ്മാനിച്ചു.

(നിരണം പൊൻകുരിശ് കോലപ്പനും കൂട്ടരും കട്ടുകൊണ്ടു പോയ സംഭ്രമജനകമായ വിവരങ്ങളും കള്ളന്മാരെ അതിസാഹസികമായി അറസ്റ്റു ചെയ്ത വിവരങ്ങളും നിരണം പള്ളിക്കാർ സ്വർണ്ണക്കുരിശ് നിർമ്മിച്ച വിവരവും നാടകീയമായി അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ രചിച്ച *നിരണം പള്ളി ചരിത്രം* എന്ന ഗ്രന്ഥത്തിൽ വിശദമായി ചേർത്തിട്ടുണ്ട്.)

# 9

# പത്രാധിപരും എഴുത്തുകാരനും

സമുദായ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞശേഷം കുര്യാക്കോസ് റമ്പാച്ചനെ സഭവക സ്ഥാപനമായ കുണ്ടറ എം. ജി. ഡി. ഹൈസ്കൂളിന്റെ പ്രാദേശിക മാനേജരായി (കറസ്പോണ്ടന്റ്) നിയമിച്ചു. അവിടെയുണ്ടായിരുന്ന പ്രശ്നങ്ങളും ക്രമക്കേടുകളും പരിഹരിക്കുകയായിരുന്നു ഉദ്ദേശ്യം. അദ്ധ്യാപകനായിരുന്ന റമ്പാച്ചൻ ആത്മാർത്ഥയോടെ ജോലി ചെയ്ത് സ്കൂളിനെ അധഃപതനാവസ്ഥയിൽ നിന്ന് കരകയറ്റി. അദ്ദേഹം സ്ഥാനമൊഴിയുമ്പോൾ സ്കൂളിന് 25,000 രൂപ മിച്ചമുണ്ടായിരുന്നു.

### മറ്റ് പൊതു സേവനങ്ങൾ

വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ രജത ജൂബിലി നിധി പിരിവിൽ റമ്പാച്ചന്റെ നേതൃത്വം മൂലം ആയിരത്തിലധികം രൂപ അക്കാലത്ത് ശേഖരിച്ചു.

പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ യെരുശലേം യാത്രയ്ക്ക് 5000 രൂപയും, എഡിൻബറോ യാത്രയ്ക്ക് 6000 രൂപയും, മാർ തേവോദോസ്യോസ് തിരുമേനിയുടെ കാർ ഫണ്ടിന് 1800 രൂപയും ശേഖരിച്ചതിൽ റമ്പാച്ചനായിരുന്നു മുഖ്യ പങ്ക്.

പൊതുമുതലുകൾ കൈകാര്യം ചെയ്യുന്നതിലും അതിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിലും ബന്ധപ്പെട്ടവരെയെല്ലാം ബോദ്ധ്യപ്പെടുത്തുന്നതിലും ഉള്ള റമ്പാച്ചന്റെ ശുഷ്കാന്തിയിലും വിശ്വസ്തതയിലും സഭയ്ക്കൊന്നാകെ അചഞ്ചലമായ ബോദ്ധ്യമുണ്ടായിരുന്നു.

സഭാ സാഹിത്യ രംഗത്ത് എം. സി. കെ. എന്ന ചുരുക്കപ്പേരിൽ എഴുതിക്കൊണ്ടിരുന്ന റമ്പാച്ചന്റെ രചനകൾ 'നിക്ഷേപ'മായി വായനക്കാർ കണ്ടിരുന്നു. ലേഖനങ്ങൾ മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ രചനകൾ. ധ്യാനാത്മകമായ ആത്മീയ ഗീതങ്ങൾ രചിച്ച ഒരു നല്ല കവിയുമായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ പ്രധാന കൃതി എന്ന് വിശേഷിപ്പിക്കാവുന്ന 'ആത്മനിക്ഷേപം' താൻ പത്രാധിപരും മാനേജരുമായിരുന്ന 'മലങ്കരസഭ'യിലൂടെ ഖണ്ഡശ്ശ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനങ്ങളുടെ സമാഹാരമാണ്. മലയാളം, ഇംഗ്ലീഷ്, സുറിയാനി ഭാഷകളിലെ അദ്ദേഹത്തിന്റെ പരിജ്ഞാനം തന്റെ രചനകളെ ഒന്നാംകിടയിലേക്ക് ഉയർത്തി.

സുറിയാനി ഭാഷയിൽ നല്ല പണ്ഡിതനായിരുന്നു റമ്പാച്ചൻ. അതു

കൊണ്ടാണ് സമുദായക്കേസിന്റെ ആവശ്യത്തിന് ഹൂദായ കാനോൻ മലയാളത്തിലേക്ക് തർജ്ജമ ചെയ്യേണ്ട ചുമതല പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവാ അദ്ദേഹത്തെ ഏല്പിച്ചത്. ആ ജോലി പൂർത്തിയാക്കി ബാവായ്ക്കു സമർപ്പിച്ചപ്പോൾ സന്തോഷംകൊണ്ട്, തത്സമയം കൂടെയുണ്ടായിരുന്ന അന്നത്തെ വൈദികട്രസ്റ്റി പാലപ്പിള്ളിൽ പൗലോസ് കത്തനാർ അദ്ദേഹത്തിന്റെ വക, പരിശുദ്ധ പരുമല തിരുമേനി പകർത്തിയെഴുതിയ ഒരു ആണ്ടു തക്സാ പുസ്തകം റമ്പാച്ചന് സമ്മാനമായി നൽകി.

അദ്ദേഹത്തിന്റെ സുറിയാനി പരിജ്ഞാനത്തെക്കുറിച്ചും, ശുശ്രൂഷകളുടെ നടത്തിപ്പിലുള്ള ജ്ഞാനത്തെക്കുറിച്ചും ബോദ്ധ്യമുണ്ടായിരുന്ന ഗീവറുഗീസ് ദ്വിതീയൻ ബാവാ പ്രധാനപ്പെട്ട ശുശ്രൂഷകൾക്ക് (പട്ടംകൊട, പള്ളി കൂദാശ മുതലായവയ്ക്ക്) പോകുമ്പോൾ റമ്പാച്ചനെ കൂട്ടത്തിൽ കൊണ്ടുപോയിരുന്നു. 1946/1121 മകരം 24-ന് കടമറ്റം പോയേടം ചാപ്പലിന്റെ കൂദാശയ്ക്ക് ബാവായോടും ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായോടും ഒരുമിച്ച് റമ്പാച്ചനെയും സംബന്ധിപ്പിച്ചത് ഇതിന് ഒരു ഉദാഹരണം മാത്രം.

സുറിയാനി പണ്ഡിതനായിരുന്നിട്ടും, ജനങ്ങളോടൊത്ത് ആരാധന നടത്തുമ്പോൾ മലയാളം ഉപയോഗിക്കണമെന്നും, അങ്ങനെ ജനപങ്കാളിത്തം ഉറപ്പാക്കണമെന്നും അദ്ദേഹം നിഷ്കർഷിച്ചിരുന്നു. പുട്ടിനിടയിൽ തേങ്ങാപ്പീര എന്നപോലെ സുറിയാനി വാക്യങ്ങൾ മലയാളത്തിനിടയിൽ തിരുകി ആരാധന നടത്തുന്ന പണ്ഡിതമ്മന്യന്മാർ ഈ നിഷ്കർഷയെക്കുറിച്ച് ചിന്തിക്കേണ്ടതാണ്.

### ആദ്ധ്യാത്മിക ഗുരു

നല്ല ഒരു സുവിശേഷ പ്രസംഗകനും ആത്മീയോപദേശകനും അംഗീകൃത ധ്യാനഗുരുവും എല്ലാമായിരുന്നു റമ്പാച്ചൻ എന്ന് ആ തലമുറയിലെ അനേകരും അംഗീകരിച്ചിരുന്നു. വാഗ്വൈഭവ പ്രകടനമില്ലാതെ, വളച്ചുകെട്ടലില്ലാതെ, ലളിത ഭാഷയിലായിരുന്നു അദ്ദേഹം ആശയങ്ങൾ വെളിപ്പെടുത്തിയിരുന്നതും.

### രോഗശാന്തിവരം

ആരാധനയിൽ വിട്ടുവീഴ്ച ചെയ്യാത്ത പ്രാർത്ഥനാ ജീവിതമുള്ള ദിവ്യനായിരുന്നു റമ്പാച്ചൻ. റമ്പാച്ചന്റെ മദ്ധ്യസ്ഥ പ്രാർത്ഥനകൾ ജീവിതകാലത്തു തന്നെ പലർക്കും ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന് ഉതകിയതായി പലരുടെയും സാക്ഷ്യമുണ്ട്. രോഗസൗഖ്യത്തിനായുള്ള പ്രാർത്ഥനയിലൂടെ ആശ്വാസം നേടിയ പലരും റമ്പാച്ചന്റെ രോഗശാന്തിവരത്തിന്റെ സാക്ഷികളാണ്. നിത്യതയിലിരുന്ന് ഇന്നും തന്റെ മദ്ധ്യസ്ഥത തുടരുന്നതായി അനുഭവസാക്ഷ്യങ്ങൾ ഉണ്ട്.

## ആശ്രിത വാത്സല്യം

രോഗചികിത്സയ്ക്കായി വെല്ലൂരേക്ക് പോകുന്നതിന്റെ തലേന്ന് സഹോദരപുത്രീ മറിയാമ്മയെ വിളിച്ചു വരുത്തി, തന്റെ മുൻ കുശിനിക്കാരന്റെ വീടുപണിക്കായി സഹായം നൽകുവാൻ പണം ഏല്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സമുദായ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നപ്പോൾ സഹായിയായി പ്രവർത്തിച്ചിരുന്ന ആളിന് അദ്ദേഹം ചുമതല വിട്ടുപോകുമ്പോൾ കാര്യമായ ഒരു സംഖ്യ സമ്മാനമായി നൽകിയതായി സാക്ഷ്യമുണ്ട്. റമ്പാച്ചൻ പ്രതിഫലമൊന്നും കൂടാതെയായിരുന്നു സേവനം ചെയ്തിരുന്നത്. എന്നാൽ തനിക്ക് സഹായിയായിരുന്ന ആളോടുള്ള കരുതലിന്റെ ഈ കഥ അദ്ദേഹത്തിന്റെ സഹജമായിരുന്ന ആശ്രിത വാത്സല്യത്തിന്റെ ഉദാഹരണമാണ്.

## കസവു മസ്നപ്സ

"ഒരു ആത്മനിക്ഷേപകന്റെ ജീവിത കഥ" എന്ന പുസ്തകത്തിൽ ഡോ. എം. പി. ചാക്കോ മാളികയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "അന്നേ ദിവസം വി. കുർബ്ബാനയ്ക്കും, റമ്പാൻ സ്ഥാനശുശ്രൂഷയ്ക്കും അഭിവന്ദ്യ പാമ്പാടി തിരുമേനി ധരിച്ചിരുന്ന കസവു മസ്നപ്സ കുർബ്ബാനയ്ക്കുശേഷം അദ്ദേഹം ബ. റമ്പാച്ചന് അനുഗ്രഹിച്ച് സമ്മാനമായി നൽകി. ആ മസ്നപ്സാ, ഒരു നിധിപോലെ ബ. റമ്പാച്ചൻ സൂക്ഷിച്ചു വയ്ക്കുകയും, വളരെ വിശേഷപ്പെട്ട ദിവസങ്ങളിൽ മാത്രം വി. കുർബ്ബാനയ്ക്ക് അത് ധരിക്കുകയും ചെയ്തിരുന്നു.

എം. സി. കുറിയാക്കോസച്ചൻ ഭാവിയിൽ ഒരു റമ്പാൻ ആകുമ്പോൾ, ഉപയോഗിക്കുന്നതിനായി നൽകുവാൻ വാകത്താനം വള്ളിക്കാട്ട് കാരുചിറ ബാവാ തിരുമേനി ആഗ്രഹിച്ചുകൊണ്ടു വച്ചിരുന്ന സാധനങ്ങളായ, ഒരു കസവു മസ്നപ്സാ (ബാവാതിരുമേനി വി. കുർബ്ബാനയിൽ ഉപയോഗിച്ചുകൊണ്ടിരുന്ന മസ്നപ്സാകളിൽ ഒന്ന്), ഒരു സുറിയാനി വേദപുസ്തകം, ഹൂദായ കാനോൻ പുസ്തകം (സുറിയാനി ഭാഷയിൽ മനോഹരമായ കയ്യെഴുത്തുപ്രതി), കുർബ്ബാന അപ്പം അടിച്ചുകാച്ചാനുള്ള അച്ച് എന്നിവ, ബാവാ തിരുമേനിയുടെ അനുജനും, ചൂരപ്പാടിൽ ബ. കെ. സി.



പ്രൊഫ. എം. പി. ചാക്കോ



ഫാ. കെ. സി. പുന്നൂസ്

പുന്നൂസ് അച്ചന്റെ പിതാവുമായ ചൂരപ്പാടിൽ ചാക്കോച്ചൻ ബാവാ തിരുമേനിയുടെ മുമ്പുകൂട്ടിയുള്ള നിർദ്ദേശാനുസരണം റമ്പാച്ചനു സമ്മാനമായി നൽകി. റമ്പാനായി കഴിഞ്ഞപ്പോൾ കിടക്കുവാനുള്ള കട്ടിൽ മേൽപറയപ്പെട്ട ബ. ചൂരപ്പാടിലച്ചൻ സമ്മാനമായി നൽകുകയും, ആ കട്ടിലിൽ ബ. റമ്പാച്ചൻ മരണപര്യന്തം കിടക്കുകയും ചെയ്തു. കൂടാതെ ബ. ചൂരപ്പാടിൽ അച്ചൻ, ബ. റമ്പാച്ചന് ഒരു പീലാസായും നൽകി, പ്രതിസമ്മാനമായി ബ. റമ്പാച്ചൻ, ബ. ചൂരപ്പാടിലച്ചന്, ഇംഗ്ളണ്ടിൽ തയിച്ച മനോഹരമായ ഒരു കറുത്ത കുപ്പായം നൽകി. മേൽപറയപ്പെട്ട കസവുമസ്നപ്സാ വള്ളിക്കാട്ടു ബാവാ തിരുമേനി, സ്വന്തം കൈകളാൽ തയിച്ച് എടുത്തിട്ടുള്ളതാണ്. അച്ച് ബാവാതിരുമേനി സ്വന്തം കൈകൊണ്ട് തടിയിൽ കൊത്തി നിർമ്മിച്ചിട്ടുള്ളതാണ്. പ്രസ്തുത മസ്നപ്സാ വളരെ വിശേഷപ്പെട്ട ദിവസങ്ങളിൽ മാത്രം ബ. റമ്പാച്ചൻ വി. കുർബ്ബാനയ്ക്ക് ധരിച്ചിരുന്നു. ടി അച്ച്, പെസഹാ വ്യാഴാഴ്ചത്തെ കുർബ്ബാനഅപ്പം അടിച്ചുകാച്ചാൻ മാത്രം ഉപയോഗിച്ചിരുന്നു. അങ്ങനെ വാകത്താനം വള്ളിക്കാട്ടു ബാവാതിരുമേനിയിൽ നിന്നു കിട്ടിയ വസ്തുക്കൾ ഒക്കെയും വളരെയധികം ബഹുമാനത്തോടുകൂടി ബ. റമ്പാച്ചൻ സൂക്ഷിച്ചിരുന്നു.

## ഒരുക്കത്തോടെ നിത്യതയിലേക്ക്

മരിച്ചു കഴിയുമ്പോൾ മൃതദേഹത്തിൽ ധരിപ്പിക്കേണ്ട അംശവസ്ത്രങ്ങളും മൃതദേഹം കിടത്തുന്ന കട്ടിലിന്റെ വിരിപ്പും വരെ ഒരുക്കിവച്ചാണ് ആ വിശ്വാസധീരൻ കഴിഞ്ഞിരുന്നത്.

പൗരോഹിത്യ രജത ജൂബിലിക്കു ശേഷം രോഗം ക്രമേണ ഗുരുതരമായിക്കൊണ്ടിരുന്നു. മൂന്നു വർഷത്തോളം കിടപ്പിലായി എന്ന് പറയാം. വെല്ലൂർ ആശുപത്രിയിൽ പോയി ഏതാനും മാസം ചികിത്സിച്ചിട്ടും രോഗശമനമുണ്ടായില്ല. കാഴ്ച മങ്ങി വായിക്കാൻ കഴിയാത്ത അന്ധതയിലേക്ക് രോഗം എത്തി. കുടുംബാംഗങ്ങളുടെയും ശിഷ്യന്മാരുടെയും ഇടവകാംഗങ്ങളുടെയും എല്ലാം പരിചരണം അദ്ദേഹത്തിന് നിർലോഭം ലഭിച്ചു.

പ്രാർത്ഥനാ ജീവിതത്തിലൂടെ ലഭ്യമായ ദീർഘദൃഷ്ടികൊണ്ടാകാം തന്റെ പിതാവിന്റെ ഓർമ്മദിവസം തന്നെ താൻ യാത്രയാകുമെന്ന് മുൻകൂട്ടി പറഞ്ഞു. വേണ്ടപ്പെട്ടവരൊക്കെ മരണസമയത്ത് തന്റെ അടുത്തുണ്ടായിരിക്കുവാൻ വേണ്ട നിർദ്ദേശം നൽകി.

57 വർഷത്തെ ഹ്രസ്വ ജീവിതം കൊണ്ട് അവിശ്വസനീയവും വിലപ്പെട്ടതുമായ സംഭാവനകളാണ് മലങ്കരസഭയ്ക്ക് അദ്ദേഹം നൽകിയത്. ആ ദിവ്യ സ്മരണയിൽ ആമഗ്നരായി നമുക്ക് അനുഗ്രഹം യാചിക്കാം.

# 10

# ഗുരുവിന്റെ ജീവിതാന്ത്യവും ശിഷ്യന്റെ അന്ത്യാഭിവാദ്യവും

എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ജീവിതാന്ത്യത്തെപ്പറ്റിയും ജബൽപൂർ പള്ളി വികാരിയും ശിഷ്യ പ്രമുഖനുമായ ഫാ. കെ. കെ. പുന്നൂസ് നടത്തിയ അന്ത്യകൂദാശാനുഷ്ഠാനത്തെപ്പറ്റിയും തോമസ് നീലാർമഠം 2006-ൽ പ്രസിദ്ധീകരിച്ച "സ്തേഫാനോസ് മാർ തേവോദോസിയോസ്: മനുഷ്യ സേവനത്തിലേക്കുള്ള മഹാ പ്രയാണം" എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു:

"ജബൽപൂരിലെത്തി രണ്ടു വർഷം കഴിഞ്ഞപ്പോൾ 1954-ൽ ഫാ. പുന്നൂസ് അവധിക്ക് നാട്ടിലെത്തി. 1956-ലും അദ്ദേഹം നാട്ടിൽ വന്നിരുന്നു. കുറിയാക്കോസ് റമ്പാൻ രോഗബാധിതനായിക്കഴിഞ്ഞിരുന്നു. ഡോക്ടർമാരുടെ ശുശ്രൂഷയും പരിചരണവും വേണ്ടത്ര ഫലം നൽകിയില്ല. വെല്ലൂർ മെഡിക്കൽ കോളജിൽ കൊണ്ടുപോയാൽ പ്രതീക്ഷയ്ക്ക് വകയുണ്ടെന്ന് ഡോക്ടർ നിർദ്ദേശിച്ചു. എന്നാൽ സാമ്പത്തികപ്രശ്നവും യാത്രയുടെ ബുദ്ധിമുട്ടും ഒരു തീരുമാനത്തിലെത്താൻ പ്രയാസമുണ്ടാക്കി. ഈ അവസരത്തിലാണ് പുന്നൂസച്ചൻ നാട്ടിലെത്തുന്നത്. റമ്പാച്ചനെ വെല്ലൂർക്ക് കൊണ്ടുപോകണമെന്ന് അച്ചൻ വേണ്ടപ്പെട്ടവരെ അറിയിച്ചു. അവിടെ അഡ്മിറ്റാക്കിയിട്ട് ജബൽപൂരിനു പോകാനായിരുന്നു അച്ചൻ ആലോചിച്ചത്. എല്ലാവരും അത് അംഗീകരിച്ചു. അങ്ങനെ കുറിയാക്കോസ് റമ്പാനെ വെല്ലൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ട് അച്ചൻ ജബൽപൂരിലെത്തി. രണ്ടു മാസത്തെ ചികിത്സയ്ക്കു കാര്യമായ പ്രയോജനം കിട്ടിയില്ല. അതിനാൽ നാട്ടിൽ തിരിച്ചെത്തി ആയുർവ്വേദ ചികിത്സ നടത്താൻ റമ്പാച്ചൻ ആഗ്രഹിച്ചു.

രണ്ടു വർഷം കഴിഞ്ഞപ്പോൾ അസുഖം പൂർണമായി ഭേദപ്പെട്ടു. അദ്ദേഹം വി. കുർബ്ബാന അർപ്പിക്കുകയും പള്ളിക്കാര്യങ്ങളിൽ വ്യാപൃതനാകുകയും ചെയ്തു തുടങ്ങി. അങ്ങനെയിരിക്കെ റമ്പാച്ചന്റെ ഒരു കത്ത് പുന്നൂസച്ചനു ലഭിച്ചു.

"എം. എ പരീക്ഷ കഴിഞ്ഞാലുടൻ അച്ചൻ നാട്ടിലേക്ക് വരണം. എനിക്ക് കാഴ്ചശക്തി നഷ്ടപ്പെട്ടു തുടങ്ങി. എനിക്ക് അച്ചനെ ഒന്നു കാണണം."

രണ്ടു വർഷത്തിലൊരിക്കൽപോലും നാട്ടിലേക്കുള്ള യാത്രയ്ക്ക്



**സ്തേഫാനോസ് മാർ തേവോദോസ്യോസ്**

പുന്നൂസച്ചൻ പണത്തിന് ബുദ്ധിമുട്ടുകയായിരുന്നു. രോഗം ഭേദമായതിനുശേഷം റമ്പാച്ചനെ ഒന്നു കാണാൻ അതിയായ ആഗ്രഹം അച്ചനുണ്ടായിരുന്നു. ബാഹ്യ കേരള ഭദ്രാസനത്തിന്റെ വാർഷിക പൊതുയോഗം ആ സമയത്ത് നടത്താൻ തീരുമാനിച്ചിരുന്നു. ആ സമ്മേളനത്തിൽ പങ്കെടുക്കണമെന്നുമുണ്ട്. ഒടുവിൽ പുന്നൂസച്ചൻ നാട്ടിലെത്തി. റമ്പാച്ചനോടൊപ്പം ഒരു മാസത്തോളം താമസിച്ചു. ഭദ്രാസന സമ്മേളനം കോയമ്പത്തൂരിൽ വച്ചാണ് നടക്കുന്നത്. സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ മെത്രാപ്പോലീത്താ രോഗബാധിതനായി അവിടെ ചികിത്സയിൽ കഴിയുന്നു. അവധി തീരുന്നതിനു രണ്ടു ദിവസം മുമ്പേ പുന്നൂസച്ചൻ കോയമ്പത്തൂരു വഴി ജബൽപൂരിലേക്കു പോകാൻ തീരുമാനിച്ചു. എന്നാൽ അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് സമ്മേളനം മാറ്റിവെച്ചതായി പത്രത്തിലൂടെ അറിഞ്ഞു. അതിനാൽ കുറച്ചു ദിവസങ്ങൾ കൂടി തന്നോടൊപ്പം താമസിച്ചിട്ടു പോയാൽ മതിയെന്ന് റമ്പാച്ചൻ പറഞ്ഞു. അങ്ങനെ അച്ചൻ യാത്ര നീട്ടിവെച്ചു.

തന്റെ സാന്നിദ്ധ്യത്തിനുവേണ്ടി ഉള്ളിലെവിടെയോ തേങ്ങലിടുന്ന റമ്പാച്ചന്റെ മനസ്സ് പുന്നൂസച്ചൻ കണ്ടു. ഒരു ദിവസം രാവിലെ റമ്പാച്ചൻ ഒരാശാരിയെ വിളിച്ച് എന്തോ പണിയാൻ നിർദ്ദേശങ്ങൾ കൊടുക്കുന്നത് കണ്ടു. റമ്പാച്ചനോട് 'എന്തു പണിയുന്നതിനു വേണ്ടിയാണിത്?' എന്ന് അച്ചൻ ചോദിച്ചു.

'വലുതായിട്ടൊന്നുമില്ല. ഒരു ചെറിയ ആവശ്യത്തിനാണ്' എന്നു പറഞ്ഞിട്ട് റമ്പാച്ചൻ മുറിയിലേക്കു പോയി.

ആശാരി പുന്നൂസച്ചനോടു പറഞ്ഞു 'കുഴിമാടത്തിന് മുകളിൽ സ്ലാബ് വാർക്കുന്നതിനുള്ള ഫ്രെയിം ഉണ്ടാക്കാനാണ്.'

ആ വിളക്കിന്റെ വെട്ടം മുനിഞ്ഞു കത്തിത്തുടങ്ങിയെന്ന് പുന്നൂസച്ചൻ അറിഞ്ഞു. അണയാൻ ഇനി അധികസമയമില്ല.

അത് മുൻകൂട്ടി കണ്ട് അവസാന യാത്രയ്ക്കുള്ള ഒരുക്കത്തിലാണ് റമ്പാച്ചൻ. അതോർത്തപ്പോൾ ഫാ. കെ. കെ. പുന്നൂസ് ഒന്നു നടുങ്ങി. ഓളമടങ്ങാത്ത കടലായിരുന്നു ആ വലിയ മനസ്സ്.

കറുകയും കൈതപ്പൂവും ഇടതൂർന്നു നിന്നിരുന്ന പാത്താമുട്ടം ഗ്രാമത്തിന് തിലകച്ചാർത്തുപോലൊരു ദേവാലയമുണ്ടാക്കി വിശുദ്ധിയുടെ പുളകം സൃഷ്ടിച്ച കർമ്മവര്യനായ റമ്പാച്ചന്റെ അതിഗാഢമായ സ്നേഹാതിരേകം ഏറ്റുവാങ്ങാൻ ഭാഗ്യമുണ്ടായ നിമിഷങ്ങളോരോന്നും പുന്നൂസച്ചന്റെ മനസ്സിൽ ചലച്ചിത്രത്തിലെന്നപോലെ തെളിഞ്ഞു വന്നു. ജീവിതച്ചൂടിൽ വാടിക്കരിഞ്ഞു വീഴാറായ ഒരു പുൽക്കൊടി മാത്രമായിരുന്നു താൻ.

റമ്പാച്ചൻ ഇരുകൈകളും നീട്ടി സ്വീകരിച്ചില്ലായിരുന്നെങ്കിൽ ഒരു പക്ഷേ, തന്റെ വിധി മറ്റൊന്നാകുമായിരുന്നു.

പിറ്റേദിവസം പ്രഭാതപ്രാർത്ഥനയ്ക്ക് റമ്പാച്ചൻ വന്നില്ല. പ്രാർത്ഥന കഴിഞ്ഞ് അച്ചൻ റമ്പാച്ചന്റെ മുറിയിൽ ചെന്നു. അദ്ദേഹം കട്ടിലിൽ കിടക്കുകയാണ്. കാലിലും മുഖത്തും നീർക്കെട്ടുണ്ട്. ഡോ. സക്കറിയാ ആയിരുന്നു റമ്പാച്ചനെ ചികിത്സിച്ചിരുന്നത്. ഡോ. സക്കറിയ ചില മരുന്നുകളൊക്കെ നൽകി. പക്ഷേ, അതുകൊണ്ട് പ്രയോജനമുണ്ടായില്ല. റമ്പാച്ചന്റെ സഹോദരപുത്രിയായ എം. പി. മറിയാമ്മ ശുശ്രൂഷിക്കുന്നതിനുവേണ്ടി അവിടെയുണ്ടായിരുന്നു. റമ്പാച്ചൻ അവളോട് പിതാവിന്റെ മരണദിവസം ഏതാണെന്നു ചോദിച്ചു. നാളെയാണെന്ന് മറിയാമ്മ പറഞ്ഞപ്പോൾ "എന്റെ ദിവസവും നാളെയാണ്" എന്നായിരുന്നു റമ്പാച്ചന്റെ മറുപടി.

പുന്നൂസച്ചൻ അന്ന് വിശുദ്ധ കുർബാന അർപ്പിച്ചു. റമ്പാച്ചന് തൈലാഭിഷേകം നേരത്തെ നടത്തിയിരുന്നു. റമ്പാച്ചൻ പൂർണ്ണ ബോധത്തോടെ വിശുദ്ധ കുർബാന അനുഭവിച്ചു. പുന്നൂസ് അച്ചനോട് സൈത്തു പൂശി അന്ത്യകൂദാശകൾ നടത്താൻ റമ്പാച്ചൻ ആവശ്യപ്പെട്ടു. അതിനുശേഷം അച്ചനോട് പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കാൻ പറഞ്ഞു. കട്ടിലിൽ ശാന്തനായി കിടന്നുകൊണ്ട് അദ്ദേഹം പ്രാർത്ഥന കേട്ടു.

ആ പ്രാർത്ഥന പൂർത്തീകരിക്കാൻ അച്ചന് കഴിഞ്ഞില്ല. ഗദ്ഗദം കൊണ്ട് അദ്ദേഹം നിരുദ്ധകണ്ഠനായിത്തീർന്നു. ചുറ്റുപാടുമുള്ള ആൾക്കാരിൽ ചിലർ അവിടെ കൂടിയിരുന്നു. അവരിലൊരാൾ പ്രാർത്ഥന പൂർത്തിയാക്കി.

റമ്പാച്ചൻ കണ്ണുകൾ തുറന്ന് എല്ലാവരെയും ഒന്നു നോക്കി. ഒരു യാത്രാമൊഴിയുടെ മൗനമായ മുദ്രകൾ ആ ചുണ്ടിൽ തടഞ്ഞു നിന്നിരുന്നു. ആ കണ്ണുകൾ എന്നെന്നേയ്ക്കുമായി അടഞ്ഞു.

ചിരസ്ഥായിയായ ദൈവികധ്യാനത്തിന്റെ ഗോപുരലോകങ്ങൾ തേടി നിത്യതയിലേക്ക് ആ ആത്മാവ് കുതികൊണ്ടു.

പുന്നൂസച്ചൻ ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു ശരീരത്തിൽ നിന്ന്

ജീവൻ നഷ്ടപ്പെടുന്നത് കാണുന്നത്. അച്ചന്റെ ജീവിതത്തിലെ ആദ്യത്തെ കനത്ത ആഘാതമായിരുന്നു കുറിയാക്കോസ് റമ്പാച്ചന്റെ വേർപാട്. തന്റെ ഗുരുവും പിതാവും സഹോദരനും വഴികാട്ടിയുമായ റമ്പാച്ചന്റെ മരണം ഉള്ളിലുണർത്തിയ നൊമ്പരത്തിന്റെ മുറിവുകൾ ഇന്നും ഉണങ്ങിയിട്ടില്ല. തുടർന്നുള്ള ദിവസങ്ങളിൽ റമ്പാച്ചന്റെ ആത്മിക സാന്നിദ്ധ്യം നിറഞ്ഞ അന്തരീക്ഷത്തിൽ നിന്ന് കൂടുതൽ ചൈതന്യം ഏൽക്കുവാൻ പുന്നൂസച്ചന് സാധിച്ചു.

കുറിയാക്കോസ് റമ്പാന്റെ നിര്യാണത്തെ തുടർന്ന് സ്ലീബാപള്ളിയുടെയും അതിനോടു ചേർന്നുള്ള സ്ഥലത്തിന്റെയും ചുമതല ഫാ. പുന്നൂസിലായി. അതിനാൽ ജബൽപൂരിലേക്ക് ഉടനെ തിരിച്ചുപോകാൻ കഴിഞ്ഞില്ല. സ്ലീബാപള്ളിയും അനുബന്ധ സ്ഥലവും കെട്ടിടങ്ങളും മറ്റും റമ്പാച്ചൻ കാതോലിക്കാബാവായുടെ പേരിൽ വിൽപത്രത്തിൽ എഴുതി വച്ചിരുന്നു. സ്ലീബാപള്ളിയുടെ വികാരിയും മാനേജരുമായി ഫാ. കെ. കെ. പുന്നൂസിനെ ബാവാതിരുമേനി നിയമിച്ചു. അതോടൊപ്പം പള്ളിസ്ഥലത്തുള്ള ആദായം എടുക്കുന്നതിനും തിരുമേനി കല്പിച്ചിരുന്നു.''



**ഗുരുവും ശിഷ്യനും (റമ്പാച്ചനും കെ. കെ. പുന്നൂസച്ചനും)**

# 11

# ജീവിത സായാഹ്നം

## ഡോ. എം. എസ്. അലക്സാണ്ടർ (യു. കെ.)

എം. സി. കുറിയാക്കോസ് റമ്പാച്ചൻ ദിവംഗതനാകുന്നതിനുമൂന്നു നാലു വർഷം മുമ്പു തന്നെ അദ്ദേഹം പ്രമേഹം, ചുരുക്കുവാതം മുതലായ രോഗങ്ങൾ മൂലം ക്ഷീണിതനായിക്കൊണ്ടിരുന്നു. ഈ രോഗങ്ങൾക്ക് ഇന്നത്തെപ്പോലെ വിദഗ്ധ ചികിത്സ ഇല്ലാത്ത കാലഘട്ടം. തിരുവല്ലയിലെ മിഷൻ ആശുപത്രിയിലും (സായിപ്പിന്റെ ആശുപത്രി) വെല്ലൂരാശുപത്രിയിലും റമ്പാച്ചനെ ചികിത്സിച്ചതിനും പുറമേ കോട്ടയത്തെ ആയുർവേദ വൈദ്യൻമാരും മരുന്നുകൾ നൽകി എങ്കിലും കഠിനമായ വേദനകൾക്കു ശമനം ഉണ്ടായില്ല. സ്വന്തമായി നടക്കുന്നതിനോ ഇരിക്കുന്നതിനോ സാധിക്കാതെ ഉറങ്ങാത്ത രാവുകളും പകലുകളും തള്ളിനീക്കിക്കൊണ്ടിരുന്നു. ഇതിനിടയിലും "അപ്പൻ ഇഷ്ടപുത്രനോടു ചെയ്യുന്നതുപോലെ യഹോവ താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു" എന്ന ശലോമോന്റെ വാക്കുകൾ (സദൃ. 3:12) റമ്പാച്ചനു കുറെയെല്ലാം ആശ്വാസം നൽകുന്നുണ്ടായിരുന്നു. ചികിത്സാർത്ഥം വെല്ലൂരാശുപത്രിയിൽ താമസിക്കുമ്പോൾ റമ്പാച്ചൻ ഒരു സുഹൃത്തിനയച്ച ഒരു കത്താണു ചുവടെ ചേർക്കുന്നത്.

From,

MCK,
C. Ward
CMC Hospital
Vellore

3-7-1956

My Dear Kunjoonju,

അവിടെനിന്നും അയച്ച P.C മാസികകൾ കിട്ടി. വായിപ്പാൻ ശക്തിയില്ല.

ഞാൻ വീഴ്ചയായിട്ടു 6 ആഴ്ചയായി. കാലുകൾക്കു മരണതുല്യമായ അതിവേദനയാണ്. നാട്ടിലെ ചികിത്സകൾ ഫലിക്കായികയാൽ രണ്ടാഴ്ച മുമ്പ് ഇങ്ങോട്ടു പോന്നു. മൂത്രത്തിലും രക്തത്തിലും ഷുഗർ കൂടി നില്ക്കുന്നു. അതു കുറയുമ്പോൾ നൊമ്പരം മാറുമെന്നു ഡോക്ടറന്മാർ പറയുന്നു. ഇപ്പോൾ അതിവേദനയാണ്. ഉറക്കം പ്രയാസം. എല്ലാ രാത്രിയിലും codein കുത്തിവയ്ക്കുന്നുണ്ട്. രോഗം diabetic ......... ആണത്രെ.

ഞാൻ വളരെ വിഷമിക്കുന്നു. യോബിനെപ്പോലെ എന്നെ ദണ്ഡിപ്പിക്കുവാൻ ദൈവം തിരുമനസ്സായിരിക്കയാണ്. അതു കഴിഞ്ഞ് എങ്ങോട്ടായിരുന്നാലും തെളിഞ്ഞു വന്നാൽ മതിയായിരുന്നു.

തിരുവല്ലായിൽ നിന്നു ഞാൻ നിന്റെ പേർക്കു ഒരെഴുത്തയച്ചിരുന്നു. ദൂരെയായിരിക്കുമ്പോഴും എന്നെക്കുറിച്ചുള്ള സ്മരണയുള്ളതിൽ നന്ദിയുള്ളവനായിരിക്കുന്നു. തന്മൂലം അയച്ചുതന്ന പുസ്തകങ്ങൾ രണ്ടും കിട്ടി.

എഴുന്നേറ്റിരുന്നു എഴുതാൻ പ്രയാസം. ക്ഷീണം മൂലം സ്വല്പമെഴുതുമ്പോൾ കൈ വിറയ്ക്കും. നിർത്തട്ടെ.

ഞാൻ എത്രനാൾ ഇവിടെ താമസിക്കേണ്ടി വരുമോ? രണ്ടു മാസത്തോളം വേണ്ടിവരുമെന്നു ചിലർ പറയുന്നു. രണ്ടിലൊന്നു വരെയാകട്ടെ.

Yours ........

ചികിത്സയും കന്തീലായും തൈലാഭിഷേകവും കഴിഞ്ഞപ്പോൾ റമ്പാച്ചന്റെ ആരോഗ്യനില മെച്ചപ്പെട്ടു വന്നു. അതു സംബന്ധിച്ചു മലങ്കരസഭാ മാസികയിൽ വന്ന ഒരു കുറിപ്പാണു ചുവടെ ചേർക്കുന്നത്.

**മരണം വഴി മാറുന്നു**

ബ. എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ തൂലിക “മലങ്കരസഭ” വായനക്കാർക്ക് സുപരിചിതമാണ്. കഴിഞ്ഞ രണ്ടു വർഷത്തോളം കഠിനരോഗബാധിതനായി, ശയ്യാവലംബിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഈ പംക്തികളിൽ വരാതിരിക്കയായിരുന്നു. തിരുവല്ലാ മിഷൻ ആശുപത്രിയിലും വെല്ലൂർ മെഡിക്കൽ മിഷൻ ആശുപത്രിയിലും താമസിച്ചു ചികിത്സിക്കപ്പെട്ടശേഷം തിരിച്ചു പാത്താമുട്ടം ദയറായിലെത്തിയ റമ്പാച്ചന് കന്തീലാ ശുശ്രൂഷയും ഒന്നിലധികം പ്രാവശ്യം രോഗികളുടെ തൈലാഭിഷേകവും ലഭിച്ചു. മരണത്തിന്റെ വക്കോളം എത്തിയശേഷം ദൈവത്തിന്റെ മഹാകൃപയാൽ ഇപ്പോൾ ക്രമേണ അദ്ദേഹം സുഖം പ്രാപിച്ചു വരുന്നു എന്ന് അറിയുന്നതിൽ വായനക്കാർ ദൈവത്തെ മഹത്വപ്പെടുത്തുമല്ലോ. പ്രഭാകരസിദ്ധയോഗി എന്ന ഒരു സ്വാമികളുടെ നിർദ്ദേശാനുസരണം വാകത്താനത്തുള്ള മണിയെമ്പടം അയ്പു മാത്യു എന്ന വൈദ്യനാണിപ്പോൾ ചികിത്സിക്കുന്നത്. ചാരുകസേരയിൽ ഇരുന്നു ലേഖനം എഴുതുവാൻ തക്ക ശരീരസുഖം ഇപ്പോൾ ബ. റമ്പാച്ചനുണ്ട്. ഈ മാസികാവർഷത്തിലെ 1-ാം ലക്കത്തിൽ തന്നെ ബ. റമ്പാച്ചന്റെ ലേഖനം അവതരിപ്പിക്കാൻ ഇടയായതിൽ ഞങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

(പത്രാധിപർ)

## രോഗവും മരണവും

ശാരീരികമായ വേദനയോടു കൂടി മാനസികമായ കഷ്ടതകളും തുടങ്ങി. എല്ലാ ആഴ്ചയിലും വി. കുർബാന ഉണ്ടായിരുന്ന സ്ലീബാ പള്ളിയിൽ പലപ്പോഴും ആരാധന മുടങ്ങി. താൻ സ്ഥാപിച്ച സെന്റ് മേരീസ് ചാപ്പലിലും ആരാധന ഇല്ലാതായി. റമ്പാച്ചന്റെ 'ആത്മനിക്ഷേപം' എന്ന ലേഖനങ്ങളുടെ എഴുത്തു നിന്നു. 'മലങ്കരസഭ'യുടെ പത്രാധിപ സ്ഥാനം ഒഴിഞ്ഞു കൊടുക്കേണ്ടി വന്നു. കയ്യിലുണ്ടായിരുന്ന പണം മുഴുവനും തീർന്നു. ദൈവത്തെ ഇത്രയധികം സ്നേഹിച്ചു, സേവിച്ച ഈ റമ്പാച്ചൻ എങ്ങിനെ ഈ സ്ഥിതിയിലായി എന്നു പൊതുജനം ചിന്തിച്ചു തുടങ്ങി. ഈ ദുരവസ്ഥയിലും റമ്പാച്ചൻ "പുരാതനനായ ദൈവം എന്റെ സങ്കേതം, കീഴേ ശാശ്വതഭുജങ്ങൾ ഉണ്ട്" എന്ന് ഇടയ്ക്കിടെ പറഞ്ഞു കൊണ്ടിരുന്നു.

സ്വന്തം മനസിൽ അദ്ദേഹം ആത്മീയമായ ഒരു കോട്ട കെട്ടി. "എന്റെ ദൈവമേ, നിന്റെ പരിശുദ്ധാത്മാവിനെ എന്റെ ഉള്ളിൽ നിന്നും എടുക്കരുതേ" എന്നു രാവും പകലും പ്രാർത്ഥിച്ചു. മലങ്കരസഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും വൈദികരും സഭാനേതാക്കളും പതിവായി റമ്പാച്ചനെ വന്നു കണ്ട് ആശ്വസിപ്പിച്ചുകൊണ്ടിരുന്നു.

തന്റെ ശവപ്പെട്ടി പണിയാനുള്ള തടി അറപ്പിച്ചു പലകകളായി നമ്പരിട്ടു റമ്പാച്ചൻ സൂക്ഷിച്ചിരുന്നു. ആവശ്യം വരുമ്പോൾ ഈ പലകകൾ എടുത്തു നിർദ്ദേശപ്രകാരം കൂട്ടിച്ചേർത്തു ആണി അടിച്ചാൽ മാത്രം മതിയായിരുന്നു. അതുപോലെ തന്നെ കബറും സ്ളീബാ പള്ളിയുടെ മുന്നിൽ തന്നെ സ്ഥാപിച്ചിട്ടുണ്ടായിരുന്നു.

രോഗശാന്തിക്കുവേണ്ടി ഒരു കന്തീലാ ശുശ്രൂഷ വിപുലമായി നടത്തുന്നതു നല്ലതാണെന്നുള്ള അഭിപ്രായം വന്നു. ഇതു സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും നേതൃത്വം കൊടുത്തത് റമ്പാച്ചന്റെ ബന്ധുവും സഭയിലെ സീനിയർ വൈദികനുമായിരുന്ന കുഴിമറ്റത്തു പട്ടശ്ശേരിൽ പി. ജെ. അലക്സന്ത്രയോസ് കോർഎപ്പിസ്കോപ്പാ ആയിരുന്നു. കന്തീലാ ശുശ്രൂഷ 1956 സെപ്റ്റംബർ മാസം 16-ാം തീയതി സ്ളീബാ പള്ളിയിൽ വച്ചു നടത്തി.

കന്തീലാ ശുശ്രൂഷ കൊണ്ട് റമ്പാച്ചനു കിട്ടിയ ആത്മീയമായ ഉണർവ് ശാരീരികമായും മാനസികമായും ഉണ്ടായിരുന്ന ക്ഷീണത്തിനു കുറവ് വരുത്തി. ആ ശുശ്രൂഷയിൽകൂടി കാരുണ്യവാനായ കർത്താവ് അദ്ദേഹത്തിനു ആശ്വാസവും സമാധാനവും സന്തോഷവും കൊടുത്തു.

സ്വന്തം പിതാവായിരുന്നു മാളികയിൽ ചാക്കോയുടെ മരണ വാർഷി

കമായ ജൂലൈ 19-ാം തീയതി തന്നെ താനും മരിക്കുമെന്നു റമ്പാച്ചൻ മുൻകൂട്ടി അറിയിച്ചിരുന്നു. അന്നു രാവിലെ പള്ളിയിൽ വി. കുർബാന ഉണ്ടായിരുന്നു. റമ്പാച്ചൻ ഒരുക്കത്തോടെ വി. കുർബാന അനുഭവിച്ചു. ജൂലൈ 19-ാം തീയതി ഒരു മണിയാകാറായപ്പോൾ സ്നേഹിതൻ സഹായിക്കുന്നതിനൊ വൽസലർ രക്ഷിക്കുന്നതിനോ കഴിയാത്ത നാഴിക അടുത്തിരിക്കുന്നു എന്ന് അദ്ദേഹം അറിഞ്ഞു. കൂടെ ഉണ്ടായിരുന്നവരോടു തന്റെ രോഗക്കിടക്ക കിഴക്കുപടിഞ്ഞാറായിട്ടിട്ടു തന്റെ ദേഹം കിഴക്കോട്ടു നോക്കിക്കിടത്തുവാൻ നിർദ്ദേശിച്ചു. ഒരു ചെറിയ മരക്കുരിശ് വലതു കൈയിൽ പിടിച്ചുകൊണ്ട് സുബോധത്തോടു കൂടി, "മരണസമയത്തെ മുറകൾ" എന്ന പ്രാർത്ഥനകൾ ചൊല്ലിയും സമീപത്തു നിന്നിരുന്ന ബഹു. കെ. കെ. പുന്നൂസ് അച്ചൻ, സഹോദരി മീനടത്തു ഏലിയാമ്മ, സഹോദരപുത്രി എം. പി. മറിയാമ്മ തുടങ്ങി മറ്റുള്ളവരെക്കൊണ്ട് ചൊല്ലിച്ചും, "മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതുജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ, ആമേൻ" എന്നു പ്രാർത്ഥിച്ചു. കുരിശു വരച്ചുകൊണ്ട് അദ്ദേഹത്തിന്റെ ദൃഷ്ടി മേൽപ്പോട്ടു നോക്കിയപ്പോൾ മുഖം ആത്മീയ പ്രകാശം കൊണ്ട് ജ്വലിച്ചു. ആ സമയം ഒരു സ്വർഗീയ ദർശനം കണ്ടുകൊണ്ട് സമാധാനമായി അദ്ദേഹത്തിന്റെ ആത്മാവ് സ്വന്തം ദേഹിയോടു വിടപറഞ്ഞു. ആ സമയം ആ കിടക്കമുറി മുഴുവൻ കുന്തിരിക്കത്തിന്റെ സൗരഭ്യംകൊണ്ട് നിറഞ്ഞിരുന്നു. ഇതെല്ലാം നേരിട്ടു കാണുവാനുള്ള ഭാഗ്യം ഈ ലേഖകനുണ്ടായിരുന്നു. സമാധാനത്തിന്റെ മനുഷ്യർക്കുള്ള നല്ല അവസാനത്തിനു ദൈവം റമ്പാച്ചനെ യോഗ്യനാക്കി.

മരണശേഷം അദ്ദേഹം തന്നെ ഒരുക്കിവച്ചിരുന്ന അംശവസ്ത്രങ്ങൾ ബഹു. കെ. കെ. പുന്നൂസ് അച്ചൻ പ്രാർത്ഥനകളോടുകൂടി അദ്ദേഹത്തെ ധരിപ്പിച്ചു. പിന്നീട് മൃതദേഹം പൊതു ദർശനത്തിനായി കിടക്കമുറിയിൽ നിന്നു സ്ളീബാപ്പള്ളിക്കുള്ളിലേക്കു മാറ്റി.



ഡോ. എം. എസ്. അലക്സാണ്ടർ

20-ാം തീയതി രാവിലെ വി. കുർബാന മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടന്നു. അതിനു ശേഷം പ്രത്യേകം അലങ്കരിച്ച രഥത്തിൽ നഗരികാണിക്കൽ നരിമറ്റത്തിൽ യോഹന്നാൻ മൽപ്പാനച്ചന്റെ നേതൃത്വത്തിൽ നടന്നു. റമ്പാച്ചന്റെ നേതൃത്വത്തിൽ പണിത നിരണം പള്ളിയുടെ പൊൻകുരിശും മറ്റു ധാരാളം കുരിശു

കളും മുത്തുക്കുടകളും ആയിരക്കണക്കിനു ആളുകളും വിലാപയാത്ര യ്ക്കുണ്ടായിരുന്നു. ഉച്ചകഴിഞ്ഞു നടന്ന കബറടക്ക ശുശ്രൂഷയ്ക്കു മെത്രാപ്പോലീത്തന്മാർ നേതൃത്വം കൊടുത്തു. വൈദികസെമിനാരിയിലെ എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും ധാരാളം വൈദികരും സഭാനേതാക്കന്മാരും ജനങ്ങളും ഭക്തിനിർഭരമായ ചടങ്ങിൽ സംബന്ധിച്ചു.



**വന്ദ്യ എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ബന്ധുവും ആത്മസുഹൃത്തും ദീർഘകാലം പാത്താമുട്ടം സ്ലീബാപ്പള്ളി വികാരിയുമായിരുന്ന വെരി. റവ. ഫാ. പി. ജെ. അലക്സന്ത്രയോസ് കോർഎപ്പിസ്കോപ്പാ**

# 12

# ഒരു വൈദിക പ്രമുഖന്റെ നിര്യാണം

എം. സി. കുറിയാക്കോസ് റമ്പാച്ചൻ 1958 ജൂലൈ 19-നു അന്തരിച്ചു. ചരമ കബറടക്ക വാർത്തകൾ പത്രങ്ങളും സഭാമാസികകളും മറ്റും വിശദമായി കൊടുത്തു. അന്നത്തെ കേരളഭൂഷണം പത്രത്തിൽ വന്ന സമഗ്രമായ റിപ്പോർട്ടു വായിക്കുക:

(സ്വ. ലേ.) പാത്താമുട്ടം. ജൂ. 21. കഴിഞ്ഞ മൂന്നു വർഷക്കാലമായി രോഗബാധിതനായിരുന്ന വ. ദി. ശ്രീ. കുറിയാക്കോസ് റമ്പാൻ അവർകൾ മിനിയാന്ന് (ശനിയാഴ്ച) ഉച്ചയ്ക്കുശേഷം ഒന്നര മണിയോടു കൂടി സ്ഥലം സ്ലീബാ പള്ളിയിൽ വച്ച് 56-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. മൃതദേഹം ഇന്നലെ സ്ലീബാ പള്ളിക്കു തൊട്ടടുത്തുള്ള കുരിശിൻതൊട്ടിയോടു ചേർത്തു നേരത്തെ തയ്യാറാക്കിയിരുന്ന കല്ലറയിൽ നാലു തിരുമേനിമാരുടെ കാർമ്മികത്വത്തിലും അറുപതോളം വൈദികരുടെയും ശെമ്മാശ്ശന്മാരുടെയും സഹകരണത്തിലും ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും യഥാവിധി സംസ്ക്കരിക്കപ്പെട്ടു. ഇന്നലെ രാവിലെ മത്ത്യൂസ് മാർ അത്താനാസിയോസ് തിരുമേനി പള്ളിയിൽ വി. കുർബാന അർപ്പിച്ചു. തിരുമേനിയും അനന്തരം വന്നുചേർന്ന മാർ ഗ്രീഗോറിയോസ്, തോമ്മാ മാർ ദീവന്നാസിയോസ്, മാത്യൂസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാരും ചേർന്നാണ് ശവസംസ്ക്കാര ശുശ്രൂഷ നിർവഹിച്ചത്. നഗരി കാണിക്കൽ സംബന്ധിച്ചു വമ്പിച്ച വിലാപയാത്രയ്ക്കു രണ്ടു മണിക്കൂറോളം വേണ്ടിവന്നു.

വ. ദി. ശ്രീ. എം. സി. കുറിയാക്കോസ് റമ്പാൻ അവർകൾ പാത്താമുട്ടത്തെ ഒരു പൗരമുഖ്യനായിരുന്ന മാളികയിൽ മി. പുന്നൂസ് ചാക്കോയുടെയും പുതുപ്പള്ളിയിൽ കന്നുകുഴിയിലായ തേവരടിയിൽ മി. കോരയുടെ പുത്രിയും കോട്ടയം കോളജ് ലക്ചറർ ആയിരുന്ന മി. റ്റി. കെ. മാണിയുടെ സഹോദരിയുമായ ശ്രീമതി അക്കാമ്മയുടെയും ദ്വിതീയ പുത്രനായി 1901 ഓഗസ്റ്റ് 31-നു ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം സ്വദേശത്തും ഇംഗ്ലീഷ് വിദ്യാഭ്യാസം ചങ്ങനാശ്ശേരി സെന്റ് ബർക്കമൻസ് ഹൈസ്ക്കൂളിലും തുടർന്നു. കോട്ടയം സി. എം. എസ്. കോളജിലും തൃശ്ശിനാപ്പള്ളി ബിഷപ്പ് ഹീബർ കോളജിലും നടത്തി. അനന്തരം 1922 മുതൽ 23 വരെ തിരുമൂലപുരം ബാലികാമഠത്തിലും 1923 മുതൽ 29 വരെ തിരുവല്ലാ നിക്കോൾസൻ ഹൈസ്ക്കൂളിലും സയൻസ് അദ്ധ്യാപകൻ ആയിരുന്നു. 1929 ഏപ്രിൽ 7-നു ശെമ്മാശുപട്ടവും 1930 ഡിസംബർ 7-നു കശീശ്ശാപട്ടവും കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാ

പ്പോലീത്താ തിരുമേനിയിൽ നിന്നും സ്വീകരിച്ചു. അനന്തരം കവിയൂർ സ്ലീബാ പള്ളിയുടെ വികാരിയായി 3 വർഷം സേവനമനുഷ്ഠിച്ചു. പിന്നീട് കോട്ടയം സുറിയാനി സിമ്മനാരിയുടെ മാനേജരായി 6 മാസവും കാതോലിക്കേറ്റ് നിധി സംഭരണത്തിന്റെ ആപ്പീസ് സെക്രട്ടറിയായി 6 മാസവും കോട്ടയം മെത്രാസന സെക്രട്ടറിയായി ഒരു വർഷവും സുറിയാനി സഭാ സെക്രട്ടറിയായി 3 വർഷവും സേവനമനുഷ്ഠിച്ചു.

സമുദായ സെക്രട്ടറി ആയിരിക്കവേ 1935-ൽ പാത്താമുട്ടം സ്ലീബാ പള്ളിയും ദയറായും പിന്നീടു പാത്താമുട്ടം വടക്കേഭാഗത്തു സെന്റ് മേരീസ് ചാപ്പലും ഇദ്ദേഹം സ്ഥാപിക്കയും 1936 സെപ്തംബർ 27-നു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയിൽ നിന്നു റമ്പാൻ സ്ഥാനം സ്വീകരിക്കുകയും ചെയ്തു. അനന്തരം പാത്താമുട്ടത്തു താമസിച്ച് പള്ളി സംബന്ധമായ ചുമതലകൾ നിർവഹിച്ചു വരികയായിരുന്നു. ഇതിനിടയ്ക്കു അദ്ദേഹം കുറെക്കാലം കുണ്ടറ എം. ജി. ഡി. ഹൈസ്കൂൾ കറസ്പോണ്ടന്റായും മലങ്കരസഭാ മാസികയുടെ ചീഫ് എഡിറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1955 നവംബർ 27-നു അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കപ്പെട്ടു. ബ. റമ്പാച്ചൻ ഒരു നല്ല മതപ്രസംഗകനും എഴുത്തുകാരനും ആയിരുന്നു. ഏതാനും മതഗ്രന്ഥങ്ങളും ഒരു സഭാചരിത്രവും ഇദ്ദേഹം രചിച്ചിട്ടുണ്ട്.

# 13

# ജീവിതവും സന്ദേശവും

## പി. തോമസ്, പിറവം

സ്വന്തം പേര് ജീവിതംകൊണ്ട് അന്വർത്ഥമാക്കിയ ഭക്തനും പുണ്യ പുരുഷനുമാണ് പാത്താമുട്ടം എം. സി. കുര്യാക്കോസ് റമ്പാൻ. അദ്ദേഹ ത്തിന്റെ എല്ലാ പ്രവർത്തനങ്ങളും മലങ്കരസഭയുടെ നല്ല ഭാവിയും പുരോ ഗതിയും ലക്ഷ്യമാക്കിയായിരുന്നു. ഓർത്തഡോക്സ് വിശ്വാസത്തിന്റെ സംരക്ഷകനായി അദ്ദേഹം നിലകൊണ്ടിരുന്നു.

1931 മുതൽ 27 വർഷം സഭാസേവനം നിർവ്വഹിച്ചതായി തന്നെക്കു റിച്ച് തന്നെ അദ്ദേഹം എഴുതിയിട്ടുണ്ട്. നിശ്ശബ്ദ സേവനം ഇഷ്ടപ്പെട്ടി രുന്ന ഈ പുണ്യചരിതന്റെ വിനയസ്വഭാവത്തിന്റെ പരിമിതമായ ഒരു വെളി പ്പെടുത്തലാണ് ആ പ്രസ്താവന.

അജപാലന ശുശ്രൂഷയിൽ കഠിനപ്രയത്നം അത്യന്താപേക്ഷിതമായി ആ ദിവ്യൻ കരുതി. ധർമ്മം അറിഞ്ഞ് കർമ്മം ചെയ്ത വ്യക്തിയെന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. 'ഭക്തശിരോമണി'യായിരുന്ന റമ്പാച്ചൻ തനിക്ക് 'ആത്മീയ പിതാവായിരുന്നു'വെന്ന് മിഷൻ ബോർഡ് പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസ്താ വിച്ചിട്ടുണ്ട്.

കൈവച്ച സകല രംഗങ്ങളിലും തന്റെ വ്യക്തിമുദ്ര പതിക്കുകയും മറ്റു ള്ളവർക്ക് അനുകരണീയ മാതൃക സൃഷ്ടിക്കുകയും ചെയ്ത ഈ വന്ദ്യ ദേഹത്തിന്റെ വ്യക്തിത്വ സവിശേഷതകളിലൂടെ ഒരു ഓട്ടപ്രദക്ഷിണ ത്തിനു മാത്രമേ ഇവിടെ ശ്രമിക്കുന്നുള്ളു.

ഒരു സാധാരണ ഗ്രാമത്തിൽ ജനിച്ചു. പുരാതനവും കുലീനവും ക്രൈസ്തവ പാരമ്പര്യവുമുള്ള കുടുംബത്തിൽ വളർന്നു. വിശ്വാസാചാ രങ്ങളിൽ നിഷ്ഠയുള്ള മാതാപിതാക്കളുടെ മാതൃക പിന്തുടർന്നു. ക്രൈസ്തവ വിദ്യാലയങ്ങളിൽ ബിരുദതലം വരെ പഠിച്ചു. മികച്ച ഒരു അദ്ധ്യാപകനായി വർഷങ്ങൾ സേവനം ചെയ്തു. ബാല്യകാലത്ത് അടു ത്തറിഞ്ഞ സന്യാസശ്രേഷ്ഠന്റെ വൈശിഷ്ട്യ ഗുണങ്ങളിൽ ആകൃഷ്ട നായി സന്യാസ ജീവിതവും സഭാശുശ്രൂഷയും മനസ്സിൽ താലോലിച്ചു. ഒടുവിൽ ആശങ്കയോടെയെങ്കിലും അനിശ്ചിത ഭാവിയിലേക്ക് ദൃഢ നിശ്ച യത്തോടെ നാടും വീടും വിട്ട് ദൈവാശ്രയം മാത്രം കൈമുതലാക്കി സഭാ സേവനത്തിനിറങ്ങി. ഏറ്റെടുത്ത ചുമതലകളിലെല്ലാം വ്യക്തിത്വ സവി

ശേഷത പ്രസരിപ്പിച്ചു. എല്ലാ സദ്ഗുണങ്ങളുടെയും ആൾരൂപമായി ജീവിച്ചു. രോഗങ്ങളുടെ പിടിയിലമർന്ന് കഠിനവേദന സഹിച്ചപ്പോഴും പ്രത്യാശ കൈവിടാതെ മരണത്തിനായി ഒരുങ്ങി. ഇന്നും അനേകർക്ക് ആത്മചൈതന്യമായി നിത്യതയിൽ വിശ്രമിക്കുന്നു. എം. സി. കുര്യാക്കോസ് റമ്പാൻ എന്ന പുണ്യചരിതനെ ചുരുങ്ങിയ വാക്കുകളിൽ ഇങ്ങനെ ഓർമ്മിക്കാം.

വള്ളിക്കാട്ട് ദയറായിലെ ഗീവറുഗീസ് റമ്പാൻ (പിന്നീട് രണ്ടാം കാതോലിക്കാ ബാവാ), കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ (പാമ്പാടി തിരുമേനി), ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ എന്നീ പിതാക്കന്മാരും മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ, ചെറിയമഠത്തിൽ സ്കറിയ കത്തനാർ (ഇരുവരും പഴയസെമിനാരിയിലെ മല്പാന്മാർ) എന്നിവരുമായിരുന്നു കുര്യാക്കോസ് റമ്പാന്റെ വൈദിക വിദ്യാഭ്യാസത്തിലെ ഗുരുക്കന്മാരും മാതൃകാ പുരുഷന്മാരും. അവരിൽ നിന്ന് നേടിയ ആത്മീയ ജ്ഞാനവും ജിവിതനിഷ്ഠകളും ആത്മിക ലൗകിക പ്രവർത്തനങ്ങളിൽ റമ്പാച്ചനെ രൂപപ്പെടുത്തി നയിച്ചു. അവരിൽ നിന്ന് നേടിയതും സ്വയമേ ആർജ്ജിച്ചതുമായ നന്മകളും സദ്ഗുണങ്ങളുമെല്ലാം ശിഷ്യരായ യൂഹാനോൻ മാർ സേവേറിയോസ് (നരിമറ്റത്തിൽ) യാക്കോബ് മാർ തീമോത്തിയോസ് (പറേകുളം), കെ. കെ. പുന്നൂസ് കത്തനാർ (പിന്നീട് ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ, കൽക്കട്ട), ചിറപ്പുറത്ത് ജീസസ് കോറെപ്പിസ്കോപ്പാ, മൈലയ്ക്കൽ എം. കെ. മർക്കോസ് കോറെപ്പിസ്കോപ്പാ, പാതിയപ്പള്ളിൽ കുര്യാക്കോസ് കശ്ശീശ്ശ തുടങ്ങിയവർ ആവാഹിച്ചെടുക്കുകയുണ്ടായി. വിശിഷ്ട വ്യക്തിത്വമുള്ള ഗുരുക്കന്മാർ ശിഷ്യരെ വാർത്തെടുക്കുന്നു; അങ്ങനെയുള്ള ശിഷ്യർ തങ്ങളുടെ ശിഷ്യർക്ക് മാതൃകയും മാർഗ്ഗദീപവുമായി വിളങ്ങുന്നുവെന്നത് അനിഷേദ്ധ്യമായ സത്യമാണല്ലോ.

സ്ലീബാപള്ളി നിർമ്മിച്ചശേഷം പാത്താമുട്ടംകാർക്ക് ആരാധനാ സൗകര്യം പോരെന്നു കണ്ട റമ്പാച്ചൻ 1943-ൽ സെയിന്റ് മേരീസ് സൺഡേസ്കൂളും ചാപ്പലും സ്ഥാപിച്ചു.

ജീവിതകാലത്ത് സഭാ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുമ്പോൾ സ്ഥാനന്യായേന വന്നുചേരുന്ന സമ്പാദ്യങ്ങളും സ്ഥാപനങ്ങളും ട്രസ്റ്റുകളായും മറ്റും സ്വരൂപിച്ച് തങ്ങളുടെ കാലശേഷം ഇഷ്ടന്മാർക്കു കൈകാര്യം ചെയ്യുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, റമ്പാച്ചന്റെ സ്വയാർജ്ജിത സമ്പാദ്യത്തിൽ നിന്നും മറ്റും പണിതുയർത്തിയ സ്ഥാപനങ്ങളുടെ ഭാവി സഭയാൽ സുരക്ഷിതമായിരിക്കുവാൻ വേണ്ടി പാത്താമുട്ടം സ്ലീബാ പള്ളി കാതോലിക്കാ സിംഹാസനത്തിന്റെ പേരിലും സൺഡേസ്കൂൾ ചാപ്പൽ വികാരിയുടെ പേരിലും മുൻകൂട്ടി എഴുതി രജി

സ്റ്റർ ചെയ്തു വച്ച ഈ ധന്യാത്മാവിന്റെ മാതൃക എത്രയോ ശ്ലാഘനീയ മാണ്.

റമ്പാച്ചൻ സ്ഥാപിച്ച പള്ളികളും, അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ ആത്മീയ സാമൂഹ്യ രംഗങ്ങളിലെ സേവനങ്ങളും പാത്താമുട്ടത്തെ ജന ങ്ങളുടെ - പ്രത്യേകിച്ച് ക്രിസ്ത്യാനികളുടെ - സാംസ്ക്കാരിക പരിവർത്ത നത്തിന് ഊർജ്ജം പകർന്നുവെന്നത് അവിതർക്കിതമായി അംഗീകരിക്ക പ്പെട്ടിട്ടുണ്ട്.



**പി. തോമസ്**

## റമ്പാച്ചന്റെ ആത്മസുഹൃത്തുക്കളായിരുന്ന വൈദികർ



**പട്ടശ്ശേരിൽ അലക്സന്ത്ര യോസ് കോറെപ്പിസ്കോപ്പാ**



**ഫാ. പി. പി. ഫീലിപ്പോസ് പള്ളിയടിയിൽ**



**ഫാ. എം. കെ. മർക്കോസ് കോറെപ്പിസ്കോപ്പാ**



# ഭാഗം 2

# സാക്ഷ്യങ്ങൾ

# 1

# പ്രിയപ്പെട്ട ചിലരുടെ സാക്ഷ്യങ്ങൾ

ഈ പുസ്തകത്തിന്റെ ആധികാരികതയ്ക്കു മാറ്റു കൂട്ടുന്നതിനു വേണ്ടി എം. സി. കുറിയാക്കോസ് റമ്പാച്ചനുമായി വളരെ അടുത്തു നിന്ന ചില രുടെ സാക്ഷ്യങ്ങൾ ചേർക്കുകയാണ്. എന്റെ നിർദ്ദേശത്തെ മുൻനിറുത്തി റമ്പാച്ചന്റെ സഹോദരപുത്രനും റിട്ട. ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മാ സ്റ്ററുമായ എം. എസ്. ജേക്കബ് മാളികയിൽ തയ്യാറാക്കിയ ഒരനുസ്മര ണയിൽ ഇങ്ങനെ പറയുന്നു:

മാർത്തോമ്മാ ശ്ലീഹാ സ്നാനപ്പെടുത്തിയ ശങ്കരപുരി എന്ന ഞങ്ങ ളുടെ പൂർവ്വ കുടുംബത്തിലെ പട്ടം ലഭിച്ച ഒരാൾ മണി ഗ്രാമത്തിൽ പള്ളി പണികഴിപ്പിച്ചു. കുറച്ചു കാലത്തിനു ശേഷം അവർ അങ്കമാലിയിലും കുറവിലങ്ങാട്ടും അതിനുശേഷം കോട്ടയത്തും വന്നു താമസിച്ചു. കോട്ട യത്തു വന്നപ്പോൾ അറത്തൂട്ടിപ്പാലത്തിനു കിഴക്കുവശത്ത് കുട്ടഞ്ചിറ ഗൃഹ ത്തിലായിരുന്നു വാസം. അപ്പോൾ ശങ്കരപുരി എന്ന കുടുംബനാമം കുട്ട ഞ്ചിറ എന്നായി. അവിടെ ഒരു വീട്ടിൽ രണ്ടു പുരോഹിതന്മാരുണ്ടായ തിൽ തൊമ്മൻ കശീശ കോട്ടയത്തും, കുര്യൻ കശീശ മണർകാട്ടും താമസിച്ചു. കോട്ടയത്തു താമസിച്ചിരുന്ന കുട്ടഞ്ചിറ തൊമ്മന്റെ (മുളകു മടിശ്ശീല തൊമ്മന്റെ) പുത്രൻ കൊച്ചുതൊമ്മൻ പുതുപ്പള്ളിയിൽ വന്ന് താമസിച്ചു. അതാണ് കുട്ടഞ്ചിറ വീട്. ആ തൊമ്മന്റെ നാലാം തലമുറ യിലെ ഒരു ഉപശാഖയാണ് ചെറിയാൻ പഴയാറ്റുങ്കലിന്റേത്. അദ്ദേഹത്തിന് അഞ്ച് ആൺമക്കളും ഒരു പുത്രിയും ഉണ്ടായിരുന്നു. അവരിൽ മൂത്ത ആൾ പഴയാറ്റുങ്കൽ ഗീവറുഗീസ് കശീശ (കോയിപ്പുറത്ത് അച്ചൻ) ആണ്. അത് എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ വല്ല്യപ്പന്റെ ജ്യേഷ്ഠനാണ്. രണ്ടാമത്തേതാണ് മാളികയിൽ പുന്നൂസ്. അദ്ദേഹത്തിന്റെ മകനാണ് മാളി കയിൽ ചാക്കോ. അതാണ് വന്ദ്യ റമ്പാച്ചന്റെ പിതാവ്. മാതാവ് പുതു പ്പള്ളി മുളഞ്ഞിയിൽ കോരയുടെ പുത്രി അക്കാമ്മയാണ്.

റമ്പാച്ചന്റെ പിതാവ് അറിയപ്പെടുന്ന ഒരു ധനാഢ്യനും കർഷക പ്രമു ഖനും നോമ്പുകാരനും പ്രാർത്ഥനാ ജീവിതമുള്ള വ്യക്തിയും സമാധാ നപ്രിയനും നാട്ടുകാർക്ക് പ്രിയങ്കരനുമായിരുന്നു. രാവിലെയും ഉച്ചയ്ക്കും സന്ധ്യയ്ക്കും പാതിരാത്രിയിലും മുടങ്ങാതെ പ്രാർത്ഥന നടത്തുക അദ്ദേ ഹത്തിന്റെ ജീവിതശൈലിയായിരുന്നു. റമ്പാച്ചന്റെ ജീവിതത്തിലെ നിഷ്ഠകളുടെ ഉറവിടം അദ്ദേഹത്തിന്റെ ജന്മഗൃഹമായിരുന്നു. പൊതുവെ റമ്പാച്ചന്റെ കുടുംബക്കാർ അറിയപ്പെടുന്നത് പ്ലാപ്പറമ്പിൽ കുടുംബക്കാർ

എന്നാണ്. ആ കുടുംബത്തിൽ എല്ലാ തലമുറകളിലും ഒന്നിലധികം വൈദികർ ഉണ്ടായിരുന്നു. ഇപ്പോൾ ആറു പട്ടക്കാരുണ്ട്.

പഠനത്തിൽ വളരെ സമർത്ഥനായിരുന്ന റമ്പാച്ചൻ എല്ലാ ക്ലാസ്സുകളിലും ഒന്നാം സ്ഥാനം നേടി പാസ്സാകുമായിരുന്നു. ബി. എ. പാസ്സായ ശേഷം തിരുമൂലപുരം ബാലികാമഠം, നിക്കോൾസൺ വനിതാ ഹൈസ്ക്കൂൾ, വാകത്താനം ഇംഗ്ലീഷ് സ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകനായും ജോലി ചെയ്തിട്ടുണ്ട്. പുണ്യസ്മരണാർഹനായ പാമ്പാടി തിരുമേനിയിൽ നിന്ന് 1929 ഏപ്രിൽ 7-ന് ശെമ്മാശുപട്ടവും 1930 ഡിസംബർ 7-ന് കശ്ശീശാപട്ടവും 1936 സെപ്റ്റംബർ 27-ന് റമ്പാൻ സ്ഥാനവും സ്വീകരിച്ചു. പഴയസെമിനാരി മാനേജർ, പാമ്പാടി ദയറാ മാനേജർ, വാകത്താനം വള്ളിക്കാട്ട് ദയറാ മാനേജർ, കോട്ടയം മെത്രാസന സെക്രട്ടറി, കുണ്ടറ എം. ജി. ഡി. എം. ഹൈസ്ക്കൂൾ കറസ്പോണ്ടന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. റമ്പാച്ചൻ കുണ്ടറ സ്കൂൾ കറസ്പോണ്ടന്റായി സേവനം അനുഷ്ഠിക്കുന്ന കാലത്ത് അവിടുത്തെ അദ്ധ്യാപകരും മറ്റ് സ്റ്റാഫ് അംഗങ്ങളും അക്വിറ്റൻസ് രജിസ്റ്ററിൽ ഒപ്പിട്ടു വന്നതിനാൽ ഒരു പൈസ പോലും കുറയാതെ അവർക്ക് ശമ്പളം ലഭിച്ചു തുടങ്ങി. തന്നിമിത്തം ആത്മാർത്ഥമായി എല്ലാവരും ജോലി ചെയ്തുപോന്നു. റമ്പാച്ചൻ സമുദായ സെക്രട്ടറി പദവി സ്വീകരിക്കുമ്പോൾ സമുദായം കടത്തിലായിരുന്നു. മെത്രാസനങ്ങളും സാമ്പത്തിക ക്ലേശം അനുഭവിക്കുന്നുണ്ടായിരുന്നു. അവ പരിഹരിക്കുന്നതിനാണ് കാതോലിക്കാനിധി ആരംഭിച്ചത്. കാതോലിക്കാനിധി പിരിവ് വിജയിക്കുമോയെന്ന് പലർക്കും സംശയം ഉണ്ടായിരുന്നു. പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവാ (കല്ലാശ്ശേരി ബാവാ) കത്തോലിക്കാസഭയിലെ പോപ്പിന്റെ വിഹിതം പോലെയാണോയെന്ന് റമ്പാച്ചനോട് ചോദിച്ചതായി അദ്ദേഹം തന്നെ വീട്ടിൽ വച്ചു സംസാരിച്ചപ്പോൾ പറഞ്ഞതായി ഞാൻ ഓർക്കുന്നുണ്ട്. റമ്പാച്ചൻ പല കാര്യങ്ങളും ചർച്ച ചെയ്തിരുന്നത് ബന്ധുവായ പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോർഎപ്പിസ്കോപ്പായോടാണ്. ഭദ്രാസന മീറ്റിംഗുകളിലും സഭാ മാനേജിംഗ് കമ്മറ്റികളിലും അവതരിപ്പിക്കേണ്ട കാര്യങ്ങൾ തലേ ദിവസം തന്നെ ഞങ്ങളുടെ വീട്ടിൽ വച്ച് അല്ലെങ്കിൽ സ്ലീബാപ്പള്ളി ദയറായിൽ വച്ച് വന്ദ്യ റമ്പാച്ചനും പട്ടശ്ശേരിൽ അച്ചനും തമ്മിൽ ആലോചിക്കുമായിരുന്നു. അവർ ഇരുവരും സഭയിലെ തിരുമേനിമാരുടെയും പരിശുദ്ധ ബാവായുടെയും സ്നേഹം ആർജിച്ചിരുന്നവരാണ്. മാർ തേവോദോസ്യോസ്, മാർ ദീവന്നാസ്യോസ്, മാർ പീലക്സിനോസ് എന്നീ തിരുമേനിമാർ കോട്ടയത്തിനു വരുമ്പോൾ പാത്താമുട്ടത്തെ ദയറായിൽ വന്ന് പല കാര്യങ്ങളും ആലോചിക്കുമായിരുന്നു. ചിലപ്പോൾ അവർ റമ്പാച്ചനെക്കൂടി കാറിൽ കയറ്റി പരിശുദ്ധ ബാവാതിരുമേനിയെ കാണുന്നതിനും പോകുമായിരുന്നു. ബാവായുടെ കാറിൽ ബാവായുടെ സെക്രട്ടറി

ശെമ്മാശന്മാരല്ലാതെ മറ്റാരും യാത്ര ചെയ്തിട്ടില്ല. എന്നാൽ പ. പിതാവിനെ കാണുവാൻ പോയിട്ട് നേരം വളരെ വൈകിയാൽ അപ്പോൾ ബാവാ തിരുമേനി സ്വന്തം കാറിൽ റമ്പാച്ചനെ പാത്താമുട്ടത്ത് എത്തിക്കുവാൻ ശ്രദ്ധിച്ചിരുന്നു. തിരിച്ച് കാർ സെമിനാരിയിൽ ചെല്ലുമ്പോൾ കാറിന്റെ ഡിക്കിയിൽ ഒരു വലിയ ചാക്കു നിറയെ കാർഷികവിഭവങ്ങൾ ബാവായ്ക്കു കാഴ്ച വയ്ക്കുന്നതിന് കൊടുത്തയച്ചിരുന്നു. അതോടൊപ്പം ഡ്രൈവർക്കും മറ്റൊരു കെട്ട് നൽകിയിരുന്നു.

മാർ ഈവാനിയോസ് സഭയെ സ്വയം ഉപേക്ഷിച്ച് റോമൻ കത്തോലിക്കാസഭയുമായി ബന്ധം പുലർത്തുമ്പോൾ അനേകരെ സഭാപരിവർത്തനത്തിനു പ്രേരിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രസംഗസാമർത്ഥ്യം കുറച്ചൊന്നുമല്ല മാതൃസഭയെ ബാധിച്ചത്. കവിയൂർ സ്ലീബാപ്പള്ളിയിൽ പ്രശ്നങ്ങളായി. ആ പള്ളി നഷ്ടപ്പെട്ടുപോകുമെന്ന വിചാരം പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനു ഉണ്ടായി. ഉടനെ No. 304/706 ആയി ഒരു കല്പന എഴുതി എം. സി. കുറിയാക്കോസ് അച്ചനെ ആ പള്ളിയിലേക്ക് നിയമിച്ചു. എം. സി. കുറിയാക്കോസ് അച്ചൻ ആ പള്ളിയിൽ ചാർജ്ജ് എടുത്തു. എല്ലാ ഇടവകക്കാരുമായി സംസാരിച്ചു. അവിടെ പെട്ടെന്ന് മാറ്റങ്ങൾ പലതും വരുത്തി. സാവധാനം ഇടവകക്കാർ ശാന്തരായി. ഇടവക പുരോഗതിയിലേക്കും സമാധാനത്തിലേക്കും ചലിക്കുവാൻ തുടങ്ങി. പിന്നീട് കവിയൂർ പള്ളിക്കാർ ഒരു പരാതിയുമായി സഭാ പിതാക്കന്മാരെ കാണുവാൻ പോയിട്ടില്ല. ഇന്നും ആ ഇടവകക്കാർ റമ്പാച്ചനെ ആദരിക്കുന്നു. ആ പള്ളിയിൽ വച്ച് റമ്പാച്ചൻ നടത്തിയ വനിതാ സമാജത്തിന്റെ റിപ്പോർട്ട് വായിക്കേണ്ടതാണ്. വനിതാസമാജത്തിന് മർത്തമറിയം വനിതാ സമാജം എന്ന പേര് റമ്പാച്ചൻ നൽകിയതാണ്. ദൈവമാതാവിനോടുള്ള ഭക്തിയാണ് അതിനു കാരണമായത്.

1935-ൽ സ്ലീബാപ്പള്ളി സ്ഥാപിച്ച വന്ദ്യ റമ്പാച്ചൻ പാത്താമുട്ടത്തിന്റെ വടക്കു ഭാഗത്ത് സെന്റ് മേരീസ് ചാപ്പലും നിർമ്മിച്ചു. രണ്ടിടത്തും മാതാവിന്റെ നാമമാണുള്ളത്. സ്ലീബാപ്പള്ളിയിലെ പ്രധാന പെരുന്നാൾ ഡിസംബർ 26-ന് ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാളിലാണ് നടത്തുന്നത്. എന്നാൽ സെന്റ് മേരീസ് ചാപ്പലിലെ പെരുന്നാൾ മാതാവിന്റെ വാങ്ങിപ്പു പെരുന്നാളായ ഓഗ. 15-ന് നടത്തുന്നു. റമ്പാച്ചന്റെ ദയറ എല്ലാവരും ശ്രദ്ധിക്കുവാൻ തുടങ്ങിയത് റമ്പാച്ചൻ സമുദായ സെക്രട്ടറിയായപ്പോഴാണ്. സഭയിലെ വൈദികനായ ഏക സമുദായ സെക്രട്ടറി കുറിയാക്കോസ് റമ്പാനായിരുന്നു.

മലങ്കരസഭ റമ്പാച്ചനെ സംബന്ധിച്ചിടത്തോളം ആമൂല്യ നിധിയായിരുന്നു. കെട്ടുറപ്പുള്ള സഭയായി പ്രവർത്തിക്കുന്നതിന് ഒരു ആസ്ഥാനം വേണം. അത് കഴിവതും വിസ്തൃതമായ സൗകര്യപ്രദവുമായ

സ്ഥലത്തായിരിക്കണം. അവിടെ പള്ളി, ദയറ, സെക്രട്ടറിയേറ്റ് എന്നിവ ഉണ്ടാകണം. സഭയിലെ മെത്രാസനങ്ങളുമായി എപ്പോഴും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് പ്രാപ്തരായ ആളുകളെ കണ്ടെത്തണം. ഓരോ ഭദ്രാസനത്തിനും തനതായ ഭദ്രാസന ആസ്ഥാനം ഉണ്ടാകണം. അവിടെയും സമർത്ഥരായ വൈദികർ വേണം. എന്നിങ്ങനെയുള്ള ചിന്ത അദ്ദേഹത്തിൽ ഉണ്ടായിക്കൊണ്ടിരുന്നു. അദ്ദേഹം സമുദായ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നത് പാത്താമുട്ടം ദയറായിൽ താമസിച്ചായിരുന്നു. അതിനാൽ സഭയിലെ എല്ലാ ഭദ്രാസനങ്ങളും ഇടവകകളും വൈദികരുമായി പാത്താമുട്ടം ദയറായോടു ബന്ധപ്പെട്ടിരുന്നു. ഇങ്ങനെയുള്ള ഒരു ദയറ സഭയിൽ കാണുകയില്ല. നിരന്തര സമ്പർക്കത്തിനു അക്കാലത്തെ വാർത്താ മാധ്യമമായ തപാൽ ഓഫീസുകൾ ഉപയോഗിക്കേണ്ടി വന്നു. ശരാശരി 30 കത്തുകളെങ്കിലും റമ്പാച്ചൻ എഴുതിയിരുന്നു. അവ പോസ്റ്റു ചെയ്യുന്നതിന് പൊയ്ക്കൊണ്ടിരുന്നവരിൽ ഒരാൾ ഞാനായിരുന്നു.

ബ. റമ്പാച്ചൻ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. പഠിക്കുവാൻ ഫീസില്ലാത്തവർക്ക് ഫീസ് നൽകി പ്രോത്സാഹിപ്പിച്ചു. സമർത്ഥരായി പഠിക്കുന്നവർക്ക് എന്തു സഹായവും നൽകിയിരുന്നു. സണ്ടേസ്ക്കൂളിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി. സമീപ ഇടവകകളിലെ കുഞ്ഞുങ്ങളെപ്പോലും ആളയച്ചുവരുത്തി പഠിപ്പിക്കുന്നതിനും അവരിൽ ആത്മീയ വർദ്ധന ഉണ്ടാക്കുന്നതിനും ശ്രമിച്ചിരുന്നു. റമ്പാച്ചന്റെ കാലത്ത് മത്സരപരീക്ഷയ്ക്ക് സണ്ടേസ്ക്കൂൾ കുട്ടികളെ അയച്ചിരുന്നത് അവധിക്കാലത്ത് പ്രത്യേക ക്ലാസ്സുകൾ എടുത്ത് പഠിപ്പിച്ചതിനു ശേഷമായിരുന്നു. കുട്ടികൾക്ക് ഭക്ഷണം നൽകിയാണ് പഠിപ്പിച്ചിരുന്നത്. അക്കാലത്ത് ഒന്നാം റാങ്കുകാർ റമ്പാച്ചന്റെ വിദ്യാർത്ഥികളായിരുന്നു. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയും റാങ്കു നേടിയാണ് വിജയിച്ചത്.

വി. മദ്ബഹായിൽ ശുശ്രൂഷിക്കുന്നതിന് കുട്ടികളെ ശ്രദ്ധയോടെ തെരഞ്ഞെടുത്ത് പഠിപ്പിക്കുമായിരുന്നു. മദ്ബഹായിൽ പ്രവേശിച്ചശേഷവും അവരെ നിരീക്ഷിച്ചുകൊണ്ടിരുന്നു. വി. കുർബാനയുള്ള ദിവസത്തിന്റെ തലേ ദിവസം ശുശ്രൂഷകർ പള്ളിയിൽ എത്തണം. അടുത്ത ദിവസത്തേക്കുള്ള പഴയനിയമ ഭാഗങ്ങളും പുതിയനിയമ ഭാഗങ്ങളും എടുത്തുവച്ച് റമ്പാച്ചനെ വായിച്ചു കേൾപ്പിക്കണം. അതുപോലെ തുബ്ദേനുകൾ വായിക്കുന്നതു ആരൊക്കെയെന്നും ധൂപക്കുറ്റി വീശുന്നതാരാണെന്നും നിശ്ചയിക്കണം. പ്രാർത്ഥനയും വി. കുർബാനയും നടക്കുമ്പോൾ ആരും അശ്രദ്ധയോടെ നിൽക്കരുത്. മദ്ബഹാ, ത്രോണോസ്, പള്ളി ഉപകരണങ്ങൾ എന്നിവയിലൊന്നും പൊടി കണ്ടുകൂടാ. എല്ലാം അതതിന്റെ സ്ഥാനത്ത് കാണണം. തടസ്സം കൂടാതെ പ്രാർത്ഥന ഉൾപ്പെടെയുള്ള എല്ലാ

കാര്യങ്ങളും നടക്കണം. സമയക്ലിപ്തത പാലിക്കണം. പ്രാർത്ഥന ആരംഭിക്കേണ്ട സമയം അദ്ദേഹത്തിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു. സണ്ടേസ്ക്കൂൾ കുട്ടികളെക്കൊണ്ട് പള്ളിമുറ്റത്തെ പുല്ലുകൾ പറിപ്പിച്ചു വൃത്തിയാക്കും. അവർക്ക് മുന്തിരിങ്ങ, പഴം, ബിസ്ക്കറ്റ് എന്നിവ നൽകിവന്നു. പള്ളിമുറ്റവും പരിസരവും ഏറ്റവും വൃത്തിയായി സൂക്ഷിക്കുകയും മുറ്റത്തിന്റെ അരികുവശത്ത് ചെടികൾ വച്ചുപിടിപ്പിക്കുകയും ചെയ്തിരുന്നു.

പള്ളിയിലും ദയറായിലും സഭയിലും ചെയ്യുവാനുള്ളത് ആത്മാർത്ഥതയോടെ ചെയ്യുക മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. പ്രശസ്തിക്കുവേണ്ടി ഒന്നും ചെയ്തില്ല. ഒരു പത്രത്തിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് യാതൊരു പരസ്യവും നൽകിയിട്ടില്ല. പൗരോഹിത്യ ജൂബിലി നടത്തുന്നതിനെക്കുറിച്ച് ഇടവകക്കാർ ശ്രമിച്ചപ്പോൾ പറഞ്ഞത് "ഞാൻ ദയറായക്കാരനാണ്. ദയറായക്കാർക്ക് ആഘോഷം വേണ്ട" എന്നാണ്. റമ്പാച്ചന്റെ തീരുമാനത്തിൽ നിന്ന് അദ്ദേഹത്തെ പിൻതിരിപ്പിക്കാൻ പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോർഎപ്പിസ്ക്കോപ്പായെ വീട്ടുകാരും ഇടവകക്കാരും വിളിച്ചുവരുത്തി. വന്ദ്യ പട്ടശ്ശേരിൽ അച്ചൻ റമ്പാച്ചനെ സമീപിച്ച് "ഞങ്ങൾ റമ്പാച്ചന്റെ പൗരോഹിത്യ ജൂബിലി നടത്തും. ഞാൻ തന്നെയാണ് അതിനു ഇറങ്ങുന്നത്. റമ്പാച്ചൻ അതിൽ പങ്കെടുത്താൽ മതി. ബാക്കി മുഴുവൻ കാര്യങ്ങളും നടത്തിക്കൊള്ളാം. റമ്പാച്ചൻ അതിനുവേണ്ടി സമയവും കളയണ്ട" എന്നു പറഞ്ഞു. അപ്പോഴാണ് റമ്പാച്ചൻ അനുവാദം നൽകിയത്. ജൂബിലി ദിവസം നടത്തിയ മറുപടി പ്രസംഗത്തിൽ റമ്പാച്ചൻ പറഞ്ഞു. "ഞാൻ ഒരു കറുത്ത രേഖ കാണുന്നുണ്ട്" എന്ന്. പിന്നീട് അദ്ദേഹത്തിന്റെ രോഗം കുറേശ്ശേ വർദ്ധിക്കുവാൻ തുടങ്ങി. വാതരോഗവും പ്രമേഹവും റമ്പാച്ചന്റെ ജീവിതത്തിൽ താളക്രമം തെറ്റിച്ചു. രോഗശമനം ഉണ്ടാകുമ്പോൾ വീണ്ടും പ്രവർത്തനം തുടങ്ങും. മലങ്കരസഭാ മാസികയുടെ പ്രധാന പത്രാധിപരുടെ ജോലികൾ അദ്ദേഹം താല്പര്യത്തോടെ ചെയ്തുപോന്നു. മുഖപ്രസംഗം എഴുതുക, മറ്റുള്ളവരെക്കൊണ്ട് എഴുതിക്കുക, ഓഫീസിലിരുന്ന് കൂടെയുള്ളവരെ പരിശീലിപ്പിക്കുക, പ്രൂഫ് നോക്കുക എന്നിവയെല്ലാം റമ്പാച്ചൻ തന്നെ ചെയ്തുപോന്നതിനാൽ മുടങ്ങാതെ മലങ്കരസഭാ മാസിക പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. റമ്പാച്ചൻ പരിശീലിപ്പിച്ച വ്യക്തിയാണ് നെടുമാവ് ഫാ. റ്റി. വി. ജോർജ്. സ്ലീബാനമസ്ക്കാരത്തിലെ പ്രഭാത പ്രാർത്ഥന സുറിയാനിയിലാണ് റമ്പാച്ചൻ ചൊല്ലിയിരുന്നത്. ഞായറാഴ്ചത്തെ പ്രാർത്ഥനയ്ക്കുള്ള ഗീതങ്ങൾ മലയാള ലിപിയിൽ ശിഷ്യന്മാർക്കു നൽകി പഠിപ്പിച്ചു പോന്നു. ഇപ്പോഴും സുറിയാനിഗാനങ്ങൾ ആലപിക്കുന്ന രണ്ടു ശിഷ്യന്മാർ പാത്താമുട്ടത്തുണ്ട്. ഒ. പി. സ്കറിയ, ഡോ. എം. പി. ചാക്കോ എന്നിവരാണ് അവർ.

മലയാളവും ഇംഗ്ലീഷും സുറിയാനിയും കൈകാര്യം ചെയ്യുന്നതിൽ സമർത്ഥനായിരുന്ന ബ. റമ്പാച്ചൻ തന്റെ ലേഖനങ്ങളിലൊ ഗ്രന്ഥങ്ങളിലൊ പ്രസംഗങ്ങളിലൊ ഒരു വാക്കു പോലും ഇംഗ്ലീഷിൽ എഴുതിയിട്ടില്ല. വളരെ ലളിതമായ ഭാഷയിൽ അർത്ഥനിർഭരമായ പ്രസംഗം ചെയ്യുവാൻ റമ്പാച്ചൻ ശ്രദ്ധിച്ചിരുന്നു. ഞായറാഴ്ച ഒരു കാരണവശാലും 10 മിനിറ്റിലധികം നീളുന്ന പ്രസംഗങ്ങൾ അദ്ദേഹം ചെയ്തിരുന്നില്ല. കഷ്ടിച്ച് 24 വർഷക്കാലമേ റമ്പാച്ചന് സഭാപ്രവർത്തനം ഉത്സാഹപൂർവ്വം ചെയ്യുവാൻ സാധിച്ചിരുന്നുള്ളു. അക്കാലങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്ന രംഗങ്ങൾ എത്ര അധികമാണ്. ഒരു സ്ഥലത്തും വളരെക്കാലം റമ്പാച്ചനു പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. പിതാക്കന്മാരുടെ കല്പനകളെ ഭക്തിപൂർവ്വം അനുസരിക്കുക മാത്രമാണ് ബ. റമ്പാച്ചൻ ചെയ്തിരുന്നത്. അക്കാലത്ത് 5 റമ്പാന്മാർ വേറെയും ഉണ്ടായിരുന്നു. പി. ഐ. മാത്യൂസ് റമ്പാൻ, മാരേട്ട് തോമസ് റമ്പാൻ, ഓതറ മാത്യൂസ് റമ്പാൻ (പ. മാത്യൂസ് ദ്വിതീയൻ ബാവാ), കൂട്ടുങ്കൽ ഗീവറുഗീസ് റമ്പാൻ, മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ (പത്രോസ് മാർ ഒസ്താത്തിയോസ്) എന്നിവരാണ് അവർ. ഏറ്റവും അധികം ബിരുദങ്ങൾ ഉണ്ടായിരുന്നത് മൂക്കഞ്ചേരിൽ പത്രോസ് റമ്പാനായിരുന്നു. അദ്ദേഹം സാധുക്കളുടെ ഭവനങ്ങൾ സന്ദർശിച്ച് ക്രിസ്തീയ ദൂത് നൽകി സുവിശേഷ പ്രവർത്തനങ്ങളുമായി ജീവിതകാലം കഴിച്ചുകൂട്ടി.

ബ. കുറിയാക്കോസ് റമ്പാച്ചൻ ഒരു ഫലിതപ്രിയനായിരുന്നു. എന്നാൽ പരിധിക്കപ്പുറത്തേക്ക് ഫലിത പ്രയോഗങ്ങൾ നടത്തിയിരുന്നില്ല. ഒരെണ്ണം മാത്രം പറയട്ടെ. ഒരു വർഷം രണ്ടു ദിവസം ഒരാൾ തന്നെയാണ് ചാപ്പലിലെ പ്രസംഗം ഏറ്റിരുന്നത്. സക്കായിയെ യേശുതമ്പുരാൻ കാണുന്നതാണ് വിഷയം. ആദ്യത്തെ ദിവസത്തെ പ്രസംഗം കഴിഞ്ഞു തിരിച്ചു പോരുമ്പോൾ ഞാനും കൂട്ടത്തിലുണ്ടായിരുന്നു. അപ്പോൾ റമ്പാച്ചൻ പ്രസംഗകനോട് പറഞ്ഞു “സാറെ, നാളെയെങ്കിലും സക്കായിയെ അത്തിമരത്തിൽ നിന്ന് ഇറക്കണെ”മെന്ന്.

ഒരു കെട്ടിടത്തിന്റെ പ്ലാൻ കണ്ടാൽ തടി ഇത്ര ക്യൂബിക് അടി വേണം, കല്ല് ഇത്ര എണ്ണം വേണം, സിമന്റ്, മണൽ എന്നിവയുടെ കണക്കും കൃത്യമായി കണക്കുകൂട്ടി പറയും. അത് സാധാരണ തെറ്റാറില്ല. അതുപോലെ ഓട്, കമത്തോട് എന്നിവയുടെ കണക്കും. അതുപോലെ ചിത്രം വരയ്ക്കുന്നതിനും റമ്പാച്ചന് ഒരു കഴിവുണ്ടായിരുന്നു. ഐക്യരാഷ്ട്ര സഭ സമാധാനത്തിന്റെ ചിഹ്നമായി ഒലിവ്ഇല കൊത്തിപ്പറക്കുന്ന പ്രാവിന്റെ ചിത്രം സ്വീകരിക്കുന്നതിനും വർഷങ്ങൾക്കു മുമ്പ് റമ്പാച്ചൻ ഒരു പുസ്തകത്തിൽ അതേ ചിഹ്നം മറ്റൊരു പടത്തോടു കൂടി കൊടുത്തിട്ടുണ്ട്. പാത്താമുട്ടത്ത് ഒരു പോസ്റ്റ് ഓഫീസ് അനുവദിക്കുന്നതിന്

അദ്ദേഹം തപാൽ വകുപ്പധികാരികളെ കണ്ട് നിവേദനം നടത്തി. അതിന്റെ ഫലമായി ഒരെണ്ണം അനുവദിച്ചു കിട്ടി. കോട്ടയത്തു നിന്നും പാത്താമുട്ടത്തേയ്ക്ക് ബസ് സർവ്വീസ് തുടങ്ങുന്നതിന് കേരള റോഡ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലേക്ക് അപേക്ഷകൾ പലതും അയച്ചു. ഫലമുണ്ടായില്ല. അവസാനം ചിങ്ങവനത്തുള്ള കവലയിൽ തൊമ്മന് ഒരു അപേക്ഷ നൽകി. അതിന്റെ ഫലമായി ആദ്യം ഒന്നും പിന്നീട് മറ്റൊന്നും അനുവദിച്ച് ബസ് സർവ്വീസ് തുടങ്ങി. ഇപ്പോൾ 18 ബസ്സുകൾ മാളികക്കടവു കവല വഴി സർവ്വീസ് നടത്തുന്നുണ്ട്. അതോടെ യാത്രാക്ലേശം മാറി. പാത്താമുട്ടം സ്ലീബാപ്പള്ളിയിലേക്ക് കിഴക്കു നിന്നും സ്വന്തം വസ്തുവിൽക്കൂടി 4 മീറ്റർ വീതിയിൽ ഒരു വഴി വെട്ടിച്ചു. അപ്പോൾ പടിഞ്ഞാറു വശത്തുള്ളവർക്കും വഴി വേണമെന്നായി. അതിന് റമ്പാച്ചൻ വസ്തു ഉടമകളെ കണ്ട് പറഞ്ഞ് സ്ഥലം അനുവദിപ്പിച്ച് പടിഞ്ഞാറുഭാഗത്തേക്കും പള്ളിയിൽ നിന്ന് വഴി ഉണ്ടാക്കി. ഇപ്പോൾ പാത്താമുട്ടം സ്ലീബാ പള്ളി സ്ഥിതിചെയ്യുന്ന കുന്നിനു ചുറ്റും വഴിയുണ്ട്. ആ വഴിയിലൂടെയാണ് പള്ളിപ്പെരുന്നാളിന്റെ റാസ പോകുന്നത്. കിഴക്കും പടിഞ്ഞാറും ഉള്ള കുരിശുകളും റമ്പാച്ചന്റെ ശ്രമഫലമായി ഉണ്ടായതാണ്.

ഗ്രന്ഥങ്ങളെ സ്നേഹിച്ചിരുന്ന വന്ദ്യ റമ്പാച്ചൻ ഒരു വായനശാല ആരംഭിക്കുന്നതിനും പ്രവർത്തിച്ചു. അവിടെ ഇപ്പോൾ 3000-ലധികം പുസ്തകങ്ങൾ ഉണ്ട്.

വന്ദ്യ റമ്പാച്ചൻ തന്നോട് അടുത്തു പെരുമാറിയിരുന്നവരെ വളരെ അധികം സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന്റെ വാത്സല്യ ശിഷ്യനായിരുന്ന മാർ തേവോദോസ്യോസിന് വടക്കുവശത്തു സ്ഥാപിച്ചിരുന്ന സെന്റ് മേരീസ് ചാപ്പലും സ്ലീബാപ്പള്ളിയുടെ അടുത്തുണ്ടായിരുന്ന വസ്തുവിൽ നിന്ന് ഉദ്ദേശം 75 സെന്റ് ഭൂമിയും സൗജന്യമായി നൽകി. അദ്ദേഹത്തിന്റെ കുശിനിക്കാരൻ ചാക്കോയ്ക്ക് ഒരു പുരയും കിണറും നിർമ്മിച്ചു നൽകിയതു കൂടാതെ ഒന്നേകാൽ ഏക്കർ സ്ഥലവും സൗജന്യമായി നൽകി. അദ്ദേഹത്തിന്റെ വസ്തുവിൽ താമസിച്ചിരുന്ന ഒരു പുലയ കുടുംബത്തിന് ഒരു നല്ല കിണർ കുഴിച്ചു നൽകി. അദ്ദേഹത്തിന്റെ വസ്തുവിൽ താമസിച്ചിരുന്ന വർഗീസിന് ഒരു പുരയും കിണറും നിർമ്മിച്ചു കൊടുത്തു. അദ്ദേഹം വളരെയധികം സ്നേഹിച്ചിരുന്ന ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിക്ക് സുറിയാനി ബൈബിൾ സമ്മാനമായി നൽകി. കൂടാതെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും സഹായിച്ചിരുന്നു.

ബ. റമ്പാച്ചന്റെ ചരമ ജൂബിലിക്ക് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ചെയ്ത പ്രസംഗത്തിൽ "ബ. റമ്പാച്ചന് രണ്ട് മക്കളുണ്ട്. ഒന്ന് സ്വന്തം പുത്രനായ മാർ തേവോദോസ്യോസ്. രണ്ട് അദ്ദേഹത്തിന്റെ ദത്തുപുത്രനായ ഞാൻ. റമ്പാച്ചൻ കാണിച്ച സ്നേഹത്തിന് പകരം വയ്ക്കുവാൻ

ബലഹീനനായ എനിക്ക് ഒന്നും ഇല്ല. അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുക മാത്രമാണു ചെയ്യുന്നത്." മാർ തേവോദോസ്യോസ് എന്നോട് പറഞ്ഞത്, "ഞാൻ ഗുരുവായ വന്ദ്യ റമ്പാച്ചനെയാണ് അനുകരിക്കുന്നത്. ഒരു മിനിറ്റു പോലും പാഴാക്കാതെ പ്രവർത്തിച്ചോ വായിച്ചോ ചിന്തിച്ചോ കഴിയുക. ചെയ്തു തീർക്കാനുള്ള ജോലികൾ ചെയ്യുക. കണക്കുകൾ അതാതുദിവസം എഴുതി സൂക്ഷിക്കുക. കഴിവതും സാധാരണ ഭക്ഷണം കഴിച്ച് എളിയ ജീവിതം നയിക്കുക. സ്വരൂപിക്കുന്ന രൂപ നിർധന കുടുംബാംഗങ്ങൾക്കു നൽകി അവരെ കരുതുക. അല്ലാതെ കല്ല്യാണങ്ങൾക്കും ശവസംസ്ക്കാരത്തിനും വിവാഹത്തിനും പോകുകയല്ല എന്റെ ശൈലി. നാട്ടിലാകുമ്പോൾ അങ്ങനെ കുറെയൊക്കെ ചെയ്യേണ്ടിവരും. അതുകൊണ്ട് ഒരു ഗുണമുണ്ട്. റമ്പാച്ചൻ പഠിപ്പിച്ച ഗാനങ്ങളൊക്കെ ചിലപ്പോൾ പാടേണ്ടി വരും. അല്ലെങ്കിൽ പല ക്രമങ്ങളും മറന്നു പോയേനെ."

വന്ദ്യ റമ്പാച്ചന്റെ കബറിടം അദ്ദേഹം തന്നെ നിർമ്മിച്ചതാണ്. മൃതശരീരം വച്ച് അല്പം പടിഞ്ഞാറു ഭാഗത്തേക്ക് നീക്കുമ്പോൾ തലയുടെ ഭാഗത്ത് ഒരു കുരിശു വരത്തക്കവണ്ണമാണ് അത് പണികഴിപ്പിച്ചിരുന്നത്. അതാണ് സ്ലീബാപ്പള്ളിയുടെ മുൻഭാഗത്ത് കാണുന്നത്. ആരോഗ്യത്തോടെ നടന്നിരുന്നപ്പോൾ അവിടെ പ്രാർത്ഥന നടത്തുമായിരുന്നു. ശവസംസ്കാരത്തിന്റെ ക്രമീകരണങ്ങൾ എഴുതി ശിഷ്യനായ മാർ തേവോദോസ്യോസിനെ വളരെ നേരത്തെ ഏല്പിച്ചിരുന്നു. രോഗം വർദ്ധിച്ചപ്പോൾ മാർ തേവോദോസിയോസ് ശുശ്രൂഷിക്കാനുണ്ടായിരുന്നു.

സ്വപിതാവിന്റെ ഓർമ്മദിവസം താനും ലോകജീവിതം വിട്ടുപോകുമെന്ന് നേരത്തെ ചുറ്റുമുള്ളവരോട് പറഞ്ഞു. എപ്പോഴും പ്രാർത്ഥന ചൊല്ലിയാണ് കിടന്നിരുന്നത്. മാർ തോമ്മാശ്ലീഹാ, ദൈവമാതാവ്, ഗീവറുഗീസ് സഹദാ, പരുമല തിരുമേനി എന്നിവരെ വിളിച്ച് അവരുടെ മദ്ധ്യസ്ഥപ്രാർത്ഥന റമ്പാച്ചൻ അഭ്യർത്ഥിച്ചിരുന്നു. അക്കൂട്ടത്തിൽ പ്രത്യേകം ഇങ്ങനെയും പ്രാർത്ഥിച്ചു. "എന്റെ ദൈവമേ നീ എനിക്ക് എന്തെങ്കിലും നൽകുവാൻ ആഗ്രഹിക്കുന്നെങ്കിൽ അതെല്ലാം എന്റെ കൊച്ചച്ചന് - മാർ തേവോദോസ്യോസിന് - നൽകേണമെ" എന്ന്. അതു ഫലിച്ചു. ഗുരു ശിഷ്യനുവേണ്ടി പ്രാർത്ഥിച്ചു. യാതൊരു ക്ലേശവും കൂടാതെ ശിഷ്യൻ മെത്രാപ്പോലീത്തായായി വടക്കേ ഇൻഡ്യയുടെ അപ്പോസ്തോലനായി; സ്വപിതാവിന്റെ ഓർമ്മദിനമായ കർക്കിടകം 4-ന് (19-7-1958) ശിഷ്യനായ ഫാ. കെ. കെ. പുന്നൂസ് വി. കുർബാന ചൊല്ലി. ബ. റമ്പാച്ചന് വി. കുർബ്ബാന നൽകി. റമ്പാച്ചൻ തന്നെ നേരത്തെ അടുത്ത് കരുതിവച്ചിരുന്ന സൈത്ത് എടുത്ത് പ്രാർത്ഥിച്ചു. നമസ്കാരവും ചൊല്ലി. കണ്ണുകൾ സാവധാനം അടഞ്ഞു. വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ ഒരിക്കൽകൂടി ശ്വാസം ഉള്ളിലേക്ക് എടുത്തു. അതോടൊപ്പം നാഡികൾ സ്തംഭിച്ചു.

ബ. റമ്പാച്ചൻ ഇഹലോകവാസം വെടിഞ്ഞു. ഏലിയാ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടപ്പോൾ തന്റെ വസ്ത്രം ഏലീശായ്ക്ക് ഇട്ടുകൊടുത്തതു പോലെ റമ്പാച്ചന്റെ പ്രാർത്ഥനയും അനുഗ്രഹവും ശിഷ്യനായ മാർ തേവോദോസ്യോസിന് നൽകി. ഏലിയാവിൽ നിന്ന് ഏലീശായ്ക്ക് എന്ന പോലെ, രാമകൃഷ്ണ പരമഹംസനിൽ നിന്ന് വിവേകാനന്ദന് എന്നപോലെ റമ്പാച്ചനിൽ നിന്ന് മാർ തോവോദോസ്യോസ് ഉന്നതസ്ഥാനത്തേക്ക് പോയി. റമ്പാച്ചനെക്കുറിച്ച് എഴുതുവാൻ പറഞ്ഞാൽ ഇവിടെ പറഞ്ഞി രിക്കുന്നതിലധികം ശിഷ്യന്മാർക്ക് എഴുതുവാൻ ഉണ്ടാകും. അതിശയോ ക്തിയുടെ അതിപ്രസരം ഒട്ടും ഇല്ലാത്ത ഏതാനും കാര്യങ്ങളാണ് എഴു ത്തുകാരനല്ലാത്ത ഞാൻ എഴുതിയിരിക്കുന്നത്. പലതും ലേഖനത്തിന്റെ ദൈർഘ്യത്തെ ഓർത്ത് വിട്ടിട്ടും ഉണ്ട്. റമ്പാച്ചന്റെ സ്മരണയ്ക്കായി അദ്ദേ ഹത്തിന്റെ ലേഖനങ്ങളും ഗ്രന്ഥങ്ങളും സർവ്വോപരി സ്വർഗ്ഗരാജ്യേ സിംഹാസനമേറി.... എന്ന ഗാനവും ധാരാളം മതി.



**എം. എസ്. ജേക്കബ്**



**എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ചരമ കനക ജൂബിലി ആഘോഷത്തിലെ ഒരു രംഗം. ഇടത്തുനിന്ന്: പി. തോമസ്, കെ. വി. മാമ്മൻ, ശ്രേഷ്ഠ നിയുക്തബാവാ മാർ മിലിത്തിയോസ്, പി. സി. ഏബ്രഹാം.**

# 2

# അനാഡംബര ജീവിതം അതിശ്രേഷ്ഠമായ ആദർശം

## തേവർവേലിൽ മത്തായി കത്തനാർ

മഹൽ സ്ഥാപനങ്ങളുടെ നേട്ടങ്ങളെയും മഹാന്മാരായ വ്യക്തികളുടെ ജീവിത വിജയങ്ങളെയും ആസ്പദമാക്കിയും അനുസ്മരിച്ചും അനുഭോക്താക്കൾ നടത്തുന്ന ഒന്നാണ് ജൂബിലി മഹാമഹം. രാജാക്കന്മാരുടെ സിംഹാസനാരോഹണം, വൈദികരുടെ സ്ഥാനാഭിഷേകം, വ്യക്തികളുടെ ജൂബിലികൾ എന്നിവ ഈവിധത്തിൽ 25, 50, 75 ഈ ഘട്ടങ്ങൾ യഥാക്രമം രജതം, സുവർണ്ണം, വജ്രം ഈ പേരുകളിൽ ആഡംബരപൂർവ്വം ആഘോഷിച്ചു വരുന്നു.

എന്നാൽ മനുഷ്യായുസ്സ് പരിമിതമാകുന്നു. 90-ാം സങ്കീർത്തനം 10-ാം വാക്യം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. ആയുസ്സിന്റെ പരിധി എഴുപതും ഏറെ ആയാൽ എൺപതും എങ്കിൽ ഒരു വ്യക്തിക്ക് എത്ര ജൂബിലികൾക്കു സന്ദർഭങ്ങൾ ഉണ്ടാവാം? ഒന്നു ലഭിക്കുന്നതു ഭാഗ്യവും രണ്ടായാൽ മഹാഭാഗ്യവും മൂന്നാമത്തേത് അസാദ്ധ്യവുമല്ലയോ?

ക്ഷണഭംഗുരമായ മനുഷ്യായുസ്സിനെക്കുറിച്ച് ഇത്രയും പ്രസ്താവിച്ചപ്പോൾ ഞാൻ കേട്ടിട്ടുള്ള ഒരു കഥ എന്റെ സ്മൃതിപഥത്തിൽ ഉദിച്ചുയരുന്നു.

സ്രഷ്ടാവ് സകല ജീവജാലങ്ങളെയും സൃഷ്ടിച്ചപ്പോൾ സർവ്വത്തിന്റെയും ആയുസ്സ് നാല്പതു വയസ്സായി ക്ലിപ്തപ്പെടുത്തിയിരുന്നു. കുറച്ചു കാലം ജീവിച്ചശേഷം ജീവനുള്ള എല്ലാറ്റിനേയും തന്റെ തിരുസന്നിധിയിൽ വീണ്ടും കൂട്ടിവരുത്തി ആയുസ്സിന്റെ ദീർഘതയിലോ ഹ്രസ്വതയിലോ തങ്ങൾക്കുള്ള തൃപ്തിയോ അതൃപ്തിയോ ഇഷ്ടാനുഷ്ടങ്ങളോ പ്രകടിപ്പിക്കുവാൻ ഒരു സന്ദർഭം അവർക്കു കൊടുത്തു. കാള ഭാരം വഹിക്കുന്നതിൽ അസഹ്യത പ്രദർശിപ്പിച്ചും, കുരങ്ങ് മരം ചാടിക്കുഴഞ്ഞും, മൂങ്ങാ പകലുറക്കത്തിൽ നിരക്തനായും തങ്ങളുടെ ആയുസ്സു നേർപകുതിയായി കുറച്ചു കിട്ടണമെന്നു അറിയിച്ചു. ഒന്നിലും തൃപ്തിപ്പെടാത്ത മനുഷ്യന്റെ മുറ വന്നപ്പോൾ കാളയും കുരങ്ങും മൂങ്ങയും ഉപേക്ഷിച്ചിട്ടുള്ള അറുപതും അവനു തന്നെ വേണമെന്നു നിർബന്ധമായി. തന്റെ സ്വാധീനത്തിലും പൂർണ്ണ സ്വാതന്ത്ര്യത്തിലും വന്നുചേർന്ന ആ അറുപതും മനുഷ്യനു തന്നെ സ്രഷ്ടാവ് ദാനം ചെയ്തു.

നാല്പതാമത്തെ വയസ്സിൽ മനുഷ്യൻ വാർദ്ധക്യത്തിലേക്ക് കാൽ കുത്തുന്നു (സഭാപ്രസംഗി 12). മനസ്സില്ലാമനസ്സോടെ കുടുംബഭാരമാകുന്ന വണ്ടിയുടെ നുകം ചുമലിൽ പേറി ഷഷ്ഠിയബ്ദപൂർത്തി വരെ കാളയെപ്പോലെയും, നാവിന്റെ രുചിയും ദഹനേന്ദ്രിയങ്ങളുടെ ശക്തിയും ക്ഷയിച്ചും, നിസ്സാരകാര്യങ്ങളിൽ ക്ഷുഭിതനായും, ഓരോ മക്കളുടെ വീടുകളിലേക്ക് കുരങ്ങിനെപ്പോലെ മരം മാറിമാറി ചാടി എൺപതു വരെയും, പ്രജ്ഞ നഷ്ടപ്പെട്ടു കട്ടിലിൽ കിടന്നും ഇരുന്നും പകൽ ഉറക്കവും രാത്രിയിൽ നിദ്രാവിഹീനനുമായി മൂങ്ങായെപ്പോലെ ഒരു നൂറും തികച്ചു മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്കു പോകുന്നു. ഒരു കവി ഈ ആശയം വെളിപ്പെടുത്തുന്നത് ഇങ്ങനെയാണ്

കൊഞ്ചികൊഞ്ചി നാലുകാലേൽ
കൊഞ്ചൽ തീർന്നാൽ രണ്ടുകാലേൽ
അറുപതെഴുപതു മൂന്നുകാലേൽ
തൊണ്ണൂറായാൽ ആറുകാലേൽ.

(മുട്ടേൽ നീന്തുന്ന കാലത്ത് നാലു കാലിലും, പിന്നീട് അറുപതു വരെ രണ്ടു കാലിലും, അനന്തരം വടിയുടെ സഹായം ആവശ്യമാകയാൽ മൂന്നു കാലിലും നടക്കുന്നു എന്നും, ഒടുവിൽ നടപ്പാൻ സാധിക്കാതെ കട്ടിൽ ആലംബമാക്കുന്നതിനാൽ സ്വന്തം കാലുകൾ ഉൾപ്പെടെ ആറു കാലിൽ കഴിയുന്നു എന്നും അർത്ഥം.)

സുപ്രസിദ്ധ കണക്കു ശാസ്ത്രജ്ഞനായ ചാൾസ് ഇൻ വുഡ് എന്ന ദേഹവും മനുഷ്യന്റെ ശരാശരി ആയുസ്സ് നാല്പത് എന്ന് സമർത്ഥിച്ചിട്ടുണ്ട്.

മനുഷ്യജീവിതം സാർത്ഥകമാകണമെങ്കിൽ അതിന് രണ്ട് ലക്ഷ്യങ്ങൾ അവശ്യം വേണ്ടിയിരിക്കുന്നു എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈശ്വരസാക്ഷാൽക്കാരം മുൻനിർത്തി മനുഷ്യനന്മയ്ക്കുവേണ്ടി ജീവിക്കുക എന്നുള്ള തത്വത്തിൽ ഈ രണ്ടു ആശയങ്ങളും അടങ്ങിയിരിക്കുന്നു. അന്ധകാര ഭൂഖണ്ഡമായ ആഫ്രിക്കയെ സുവിശേഷത്തിന്റെ സത്യവും നിത്യവുമായ പ്രകാശത്തിലേക്ക് ആനയിച്ച മിഷനറി പ്രവണനായ ഡേവിഡ് ലീവിങ്ങ്സ്റ്റൺ തന്റെ മരണക്കിടക്കയിൽ അനുചരന്മാർക്ക് കൊടുത്ത അവസാന ഉപദേശം "ദൈവമഹത്വത്തിനും മനുഷ്യനന്മയ്ക്കുമായി ജീവിക്കുക" എന്നു മാത്രമായിരുന്നു (Live for the glory of God and the good of man). ഈ ഉപദേശത്തിൽ എല്ലാം ഉൾക്കൊള്ളുന്നു. ഒരു ഭക്തശിരോമണിയായ പിതാവ് തന്റെ വാത്സല്യപുത്രനു സർവ്വകലാശാല വിദ്യാഭ്യാസത്തിനു പോയപ്പോൾ കൊടുത്തയച്ച ഉൽകൃഷ്ട ആദർശവും മറ്റൊന്നായിരുന്നില്ല "Be the third" (മൂന്നാമനായിരിക്ക). ഒന്നാമതു ദൈവം രണ്ടാമതു മറ്റുള്ളവർ, മൂന്നാമതു നീ. ഈ ജീവിതാദർശത്തോടെ

വളർന്നുവന്ന മകൻ ഉന്നതബിരുദങ്ങൾ നേടി പ്രശസ്തനായ ഒരു ബിഷപ്പായി എന്നു ചരിത്രം സാക്ഷിക്കുന്നു.

ഇന്നത്തെ നമ്മുടെ ജൂബിലേറിയൻ അഭിവന്ദ്യനായ റമ്പാച്ചൻ, ഈ സ്ഥലത്തെ സുപ്രസിദ്ധമായ മാളികയിൽ കുടുംബത്തിൽ ദൈവഭക്തരായ മാതാപിതാക്കന്മാരുടെ ഒരു അരുമ സന്താനമായി ഭൂജാതനായി. വിദ്യാഭ്യാസകാലം മാതൃകായോഗ്യമായി നയിച്ചു. സയൻസ് ഐച്ഛികമായി എടുത്തു സർവ്വകലാശാല ബിരുദം നേടി. അന്നു ഗവൺമെന്റ് സർവ്വീസിൽ പ്രവേശിച്ച് അത്യുന്നതമായ ഒരു നിലവാരത്തിലേക്ക് ധനപരമായി ഉയരാമായിരുന്ന ഇദ്ദേഹം ത്യാഗബുദ്ധ്യാ സേവനം തന്റെ ജീവിതലക്ഷ്യമായി സ്വീകരിച്ച് അഭികാമ്യവും ഉൽകൃഷ്ടവുമായ അദ്ധ്യാപകവൃത്തി തെരഞ്ഞെടുത്തു.

ആറേഴു വർഷക്കാലം തിരുവല്ലാ തിരുമൂലപുരം, നിക്കോൾസൺ എന്നീ ബാലികാമഠം ഹൈസ്കൂളുകളിൽ സ്തുത്യർഹമായ തന്റെ സേവനം അനുഷ്ഠിച്ചു. ഒരു സയൻസ് മാസ്റ്ററായി നിക്കോൾസൺ ഹൈസ്കൂളിൽ ഇദ്ദേഹം മാതൃകായോഗ്യമായി നടത്തിയ സേവനം ആ സ്കൂൾ ഭാരവാഹികളാൽ അഭിനന്ദിക്കപ്പെട്ടിരിക്കുന്നതായി ഞാൻ അറിഞ്ഞിട്ടുണ്ട്. ഒരു സമുദായാംഗം ഒരു ഇതര സഭയുടെ സ്കൂളിൽ അഭിനന്ദനാർഹമായ സേവനം അനുഷ്ഠിക്കുകയെന്നത് ക്ഷിപ്രസാദ്ധ്യമായി കരുതാവുന്നതല്ല.

തിരുമൂലപുരത്തും നിഷ്കാമമായ സേവനം നിർല്ലോഭമായി കൊടുത്തു സകലരുടെയും മുക്തകണ്ഠമായ പ്രശംസയെ സമാർജ്ജിച്ചു.

അത്യല്പത്തിൽ വിശ്വസ്തത പാലിച്ച ഈ ദൈവഭൃത്യൻ ഇതാ ദൈവത്താൽ തന്റെ പൗരോഹിത്യ സ്ഥാനത്തേക്കു വിളിക്കപ്പെടുന്നു. അന്തക്കരണത്തിന്റെ പ്രചോദനത്തിന് അനുസരണമുള്ളവനായി കാണപ്പെടുന്നു. മാതാപിതാക്കന്മാരെയും വലയേയും പടവിനേയും ഉപേക്ഷിച്ചു സർവ്വത്തിന്റെയും നാഥനെ അനുഗമിക്കുന്നു.

മലങ്കര സുറിയാനി സഭയിലെ പൗരോഹിത്യം ഒരു പദവിയല്ല, സാക്ഷാൽ ക്രൂശാണെന്നും "ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ അവൻ തന്റെ ക്രൂശെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" എന്ന് കല്പിച്ച അരുമനാഥന്റെ ആ ശാസന ശിരസ്സാ വഹിപ്പാൻ ഇതുപോലെ മറ്റൊരു സ്ഥാപനവും സ്ഥാനവും വേറില്ല എന്നും ശാസ്ത്രമെടുത്തു പാസ്സായ ഈ പരിപക്വ ചിന്തകൻ അറിയാതിരിക്കാൻ കാരണം കാണുന്നില്ല. ഉന്നത വിദ്യാഭ്യാസവും കാര്യകാരണ വിവേചനാശക്തിയും പ്രായപൂർത്തിയും ഉള്ള റമ്പാച്ചൻ ക്രൂശു ചുമപ്പാൻ സർവ്വ സന്നദ്ധനായി തന്നെ കലപ്പയിൽ കൈവച്ചതാണ്.

പാത്താമുട്ടം സ്ളീബാപള്ളിയുടെ പെറ്റമ്മയായി അറിയപ്പെടുന്ന

കവിയൂർ സ്ലീബാപള്ളിയുടെ ഭരണാധികാരിയായി റമ്പാച്ചൻ നിയമിക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ എത്രയും ചുരുങ്ങിയതെങ്കിലും സംപൂർണ്ണമായിരുന്ന പരസ്യ ശുശ്രൂഷാ കാലത്തെ അനുസ്മരിക്കുവാനെന്നപോലെ റമ്പാച്ചനും കവിയൂർ പള്ളിയിൽ മൂന്നു വർഷക്കാലം വികാരിയായിരുന്നു. കർത്താവിന്റെ പരസ്യശുശ്രൂഷകാലത്തെപ്പറ്റി ചരിത്രകാരനായിരുന്ന ലെച്ചി പറയുന്നത്, “The three small years of the life of Jesus has done more to soften and moralize mankind than all the disquissition of philosophers” എന്നത്രെ. ജൂബിലേറിയന്റെ കവിയൂർ പള്ളി ഭരണത്തെപ്പറ്റി മുൻ ഉദ്ധരണിയും ഇന്നത്തെ മംഗളപത്രവും അവിടുത്തെ അന്നത്തേയും എന്റെ കാലത്തേയും ഇന്നത്തെയും മാറാ കൈസ്ഥാനിയായി ഭരണം നടത്തുന്ന വിദ്വാൻ മി. കെ. ജോണിന്റെ പ്രസംഗവും മതിയായ സാക്ഷ്യങ്ങളാണെങ്കിലും എന്റെ ചില അനുഭവ സാക്ഷ്യങ്ങൾ അസംഗതമായിരിക്കയില്ല.

വൻപന്റെ പിമ്പെയും കൊമ്പന്റെ മുമ്പെയും പോകരുതെന്നുള്ള ആപ്തവാക്യത്തിൽ ലേശംപോലും ഞാൻ വിശ്വസിക്കുന്നില്ല. വൻപന്റെ പിൻപെ പോകുന്നത് സുഖദായകമാണ്. റമ്പാച്ചന്റെ കവിയൂർ പള്ളിയിലെ ചെരുപ്പിലേക്ക് കാൽ എടുത്തുവച്ച തന്റെ അനുഗാമികളിൽ ഒരുവനായി ഏഴര വർഷക്കാലം എന്റെ എളിയ സേവനം ആ ഇടവകയ്ക്ക് നൽകുവാൻ എനിക്കും ഭാഗ്യമുണ്ടായിട്ടുണ്ട്. കവിയൂർ സ്ലീബാപള്ളി മലങ്കര സുറിയാനിസഭയിലെ പ്രമുഖന്മാരും ധനാഢ്യന്മാരുമായ കണ്ടത്തിൽ കുടുംബക്കാരെ ഉൾക്കൊള്ളുന്നതും സമാധാനപ്രിയന്മാരായ സമുദായ സ്നേഹികളെകൊണ്ടു നിറഞ്ഞതും നിരണം ഭദ്രാസനത്തിലെ ഭദ്രാസന ദേവാലയം കഴിഞ്ഞാൽ പിന്നത്തെ സ്ഥാനം നൽകാവുന്നതുമായ ഒന്നാണ്. പക്ഷേ, ഈ സ്ഥാനത്തേക്ക് ഈ നിലയിൽ ഇതിനെ ഉയർത്തിയത് ഈ ജൂബിലേറിയനാണ്. സ്റ്റിയറിങ്ങിൽ നിന്നും വികാരിമാർ കൈവിട്ടിരുന്നാലും പൈലട്ടില്ലാതെ ഓടുന്ന ഒരു വിമാനത്തെപ്പോലെ റമ്പാച്ചൻ കവിയൂർ പള്ളിയുടെ യന്ത്രവിശേഷങ്ങളെ ക്രമീകരിച്ചിട്ടുണ്ട്.

വെറുതെയല്ല റമ്പാച്ചൻ കവിയൂർ ഇടവകയുടെ കാണപ്പെടാവുന്ന ദൈവം പോലെയായത്. റമ്പാച്ചന്റെ പാത്താമുട്ടത്തെ ദയറാ പുതുക്കി പരിഷ്ക്കരിച്ചു പണിയുന്നതായി കവിയൂർ പള്ളിയിൽ ഇരിക്കുമ്പോൾ സന്ദർഭവശാൽ ഞാൻ അറിഞ്ഞു. ഈ വിവരം ഇടവകയെ ഞാൻ അറിയിച്ചു. പൊതുയോഗം കൂടി ഒരു ഞായറാഴ്ച പ്രത്യേകം ഇതിനൊരു കാണിക്ക എടുക്കണമെന്ന് തീരുമാനിച്ചു. ഞായറാഴ്ച കുർബ്ബാനാനന്തരം നടയിൽ വയ്ക്കപ്പെട്ട കാണിക്കപ്പാത്രത്തിന്റെ മീതെ കറൻസിനോട്ടുകൾ വായുവിൽ പാറിപ്പറക്കുന്നതും വെള്ളിനാണയങ്ങൾ കിലുകിലാരവത്തോടെ ലോഹനിർമ്മിതമായ തളികയിൽ തത്തിക്കളിക്കുന്നതും കണ്ട് ഞാൻ അത്ഭുതസ്തംബ്ധനായിപ്പോയി.

ആദ്യഫലപ്പെരുന്നാൾ കവിയൂർ പള്ളിയിൽ സംസ്ഥാപിച്ച, അഥവാ അതിന്റെ ജനയിതാവായ ഈ റമ്പാച്ചനെ മിക്ക ആണ്ടുകളിലും കൃതജ്ഞതാഭരിതമായ ഹൃദയത്തോടെ അന്നേ ദിവസം നടത്തപ്പെടുന്ന വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയിലെ പ്രധാന കാർമ്മികനായി ക്ഷണിക്കപതിവാണ്. അഭേദ്യമായ ഈ ബന്ധം കാരണത്താൽ ഞാൻ അവിടെ ആയിരുന്നപ്പോഴും ഇതൊരു കീഴ്നടപ്പും പാരമ്പര്യവുമായിരുന്നു. ഒരാണ്ടിൽ ഇദ്ദേഹം വന്നു. പെരുന്നാൾ കഴിയുന്ന പിറ്റേദിവസം ഒരു വലിയ തുക സ്ത്രീധനം വാങ്ങുന്ന ഒരു വിവാഹം ഇടവകയിൽ നടക്കുവാനുണ്ട്. ആത്മാർത്ഥമായി റമ്പാച്ചനെ സ്നേഹിച്ച് ആരാധിക്കുന്ന എനിക്ക് ഈ ശുശ്രൂഷ റമ്പാച്ചന്റെ കാർമ്മികത്വത്തിൽ നടത്തി കാണ്മാൻ അനല്പമായ ആഗ്രഹം തോന്നി. ഞാൻ ഈ ആഗ്രഹം അദ്ദേഹത്തെ അറിയിച്ചു. ഭാരവാഹി മുൻകൂട്ടി ക്ഷണിച്ചിട്ടില്ല എന്ന തടസ്സം അദ്ദേഹവും ഉന്നയിച്ചു. അഞ്ചലിൽ ക്ഷണക്കത്ത് മുന്നമേ അയച്ചിട്ടുണ്ട് എന്നു പറഞ്ഞും, ഇവിടെ വരുമ്പോൾ മുഖദാവിൽ ക്ഷണിച്ചുകൊള്ളാമെന്ന് ആശിച്ചുകാത്തിരിക്കയായിരുന്നുവെന്നും വരന്റെ പിതാവിനുവേണ്ടി ഒരു ബന്ധു അറിയിക്കയാൽ അഭിലാഷം സാധിച്ചുകൊടുക്കാമെന്നു സമ്മതിച്ചു. പിറ്റെ ദിവസം കല്യാണം ഭംഗിയായി നടത്തി. ഉച്ചയ്ക്ക് ശേഷം സ്വവസതിയായ ദയറായിലേക്കു മടങ്ങി.

പാത്താമുട്ടം ദയറായിൽ എത്തിച്ചേർന്ന റമ്പാച്ചനു മുന്നമേ കാണേണ്ടിയിരുന്നതു അഞ്ചലിൽ അയച്ചെന്നു പറഞ്ഞ കല്യാണക്കത്തായിരുന്നു: പക്ഷെ അത് അന്നും വന്നുചേർന്നിരുന്നില്ല. കിംബഹുനാ? വിവാഹാനന്തരം വധൂവരന്മാർ പ്രത്യേകം പ്രത്യേകം കൊടുത്തിരുന്ന ആ കൈമുത്തു സംഖ്യ രണ്ടും അതേ കവറുകളിൽ തന്നെ ഒരു പ്രത്യേക കൂട്ടിൽ രജിസ്റ്റർ ചെയ്ത് അന്നത്തെ വികാരിയായിരുന്ന എന്റെ വിലാസത്തിൽ പിറ്റെ ദിവസം വന്നുചേർന്നു. അഭിമാനം കൊണ്ട് വാർത്ത് എടുക്കപ്പെട്ടിരിക്കുന്ന ഒരു സ്തംഭം എന്നല്ലാതെ എന്തു പറയേണ്ടൂ?

സാധാരണഗതിയിൽ പ്രസംഗകർ എഴുത്തുകാരും ലേഖകന്മാർ പ്രാസംഗികരുമായിരിക്കുക എളുപ്പമല്ല. എന്നാൽ ഇവ രണ്ടും ഒരു പോലെ കൈകാര്യം ചെയ്യുക എന്നതു അനിതരസാധാരണമായ ഒരു പാടവമാകുന്നു. ഇന്നത്തെ ജൂബിലേറിയൻ ഈ രണ്ടു കലകളിലും ഒരു പോലെ തന്നെ അദ്വതീയനാണെന്നു നമ്മുടെ മലങ്കരസഭാ മാസികയിലെ അദ്ദേഹത്തിന്റെ വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും നമ്മുടെ സഭയിൽ പലയിടത്തും നടത്തിവരുന്ന മഹായോഗങ്ങളിലെ അദ്ദേഹത്തിന്റെ പ്രൗഢങ്ങളായ പ്രശ്നങ്ങളും ഉച്ചൈസ്തരം പ്രകീർത്തിക്കുന്നുണ്ട്. അദ്ദേഹം എഴുതിയിട്ടുള്ള പുസ്തകങ്ങൾ ഒരു ബുക്ക്സ്റ്റോളായി തന്നെ രൂപം പൂണ്ടിട്ടുണ്ട്. ചുരുക്കത്തിൽ ആശയ സമ്പൂർണ്ണമായ അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ആദ്ധ്യാത്മിക പ്രബുദ്ധമായ ലേഖനങ്ങളും കേൾക്കയും വായി

ക്കുകയും ചെയ്യുന്നവർക്ക് തന്റെ ശാസ്ത്രീയ ചിന്താഗതിയെ അഭിനന്ദിക്കുവാനേ കഴികയുള്ളു.

ഒരു വ്യക്തിയുടേയോ, ഒരു സ്ഥാപനത്തിന്റേയോ ജൂബിലി ആഘോഷിക്കപ്പെടണമെങ്കിൽ ജീവിതോദ്ദേശ്യങ്ങൾ ലക്ഷ്യത്തിലേക്കു തന്നെ നയിക്കപ്പെട്ടിരിക്കണം. റമ്പാച്ചന്റെ പൗരോഹിത്യ ജീവിതം നിഷ്ക്കാമവും സേവനാപരവും നിഷ്കളങ്കവും, പരിശുദ്ധവും, പ്രാർത്ഥനാമയവും ആർഭാടരഹിതവുമാണ്. അനാഡംബരമായ ജീവിതം, എങ്കിലും അതിശ്രേഷ്ഠമായ ആദർശം ഇവയാണ് റമ്പാച്ചന്റെ ജീവിതത്തെ ശോഭായമാനമാക്കി പ്രകാശം പരത്തുന്നത്. ആകയാൽ ഈ ജൂബിലേറിയന്റെ ജൂബിലി അന്വർത്ഥമാണ്.

നിസ്വാർത്ഥമായ സേവനം അനുഷ്ഠിക്കുന്നവർക്കു മാത്രമേ ഒരു നേതാവും നായകനുമായിരിക്കാൻ സാധിക്കയുള്ളു. ഹൈന്ദവ സമുദായ പരമാദ്ധ്യക്ഷനായി പരിലസിക്കുന്ന ബഹുമാന്യനും സംപൂജ്യനുമായ ശ്രീമാൻ മന്നത്തു പത്മനാഭൻ ഇത്രമാത്രം ഉയർന്നു സകലരുടെയും ആരാധനാകേന്ദ്രമായിത്തീർന്നതും അദ്ദേഹത്തിന്റെ ത്യാഗസമ്പൂർണ്ണമായ സേവനാവൈഭവം ഒന്നിനാൽ മാത്രമാണ്.

ഒരു ഫ്രഞ്ചു തത്വശാസ്ത്രജ്ഞൻ ഇങ്ങനെ പറയുന്നു. He is not worth living, who has not even once seriously thought of committing suicide (സ്വയം കൊല്ലുന്നതിനു ഒരിക്കലെങ്കിലും കാര്യമായി ചിന്തിച്ചിട്ടില്ലാത്തവൻ ജീവിച്ചേ തീരൂ എന്നില്ല). സ്വയം കൊന്നു മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടി ജീവിക്കണമെന്നല്ലാതെ, ആത്മഹത്യ ചെയ്യണമെന്നല്ല ഈ തത്വജ്ഞാനിയുടെ അഭിലാഷം.

‘‘Love, modesty, charity, and mercy are the pillars of greatness.’’ ‘‘If you want to be great, make humility your base.”

ഇവയൊക്കെയാണ് നമ്മുടെ ജൂബിലേറിയനേ ഈ നിലയിൽ ഉയർത്തിയിട്ടുള്ളത്.

ദേശീയമായ നമ്മുടെ വിശുദ്ധ സഭ ഉൾഭരണ സ്വാതന്ത്ര്യത്തോടെ ഈ സ്വതന്ത്ര ഭാരതത്തിൽ പുഷ്ടിയായി തഴച്ചുവളർന്നു, അതിന്റെ ശാഖോപശാഖകളെ ദിഗന്തങ്ങളിലേക്കു വീശുന്ന ഒരു ശോഭനമായ ഭാവി ഞാൻ ദർശിക്കുന്നു. പാത്താമുട്ടം ദയറായിലെ യതിവര്യ പ്രവീണനായ നമ്മുടെ റമ്പാച്ചൻ ഇതിന്റെ ഭരണസാരഥ്യം വഹിക്കുന്ന ഒരു മേൽപ്പട്ടക്കാരനായി തീർന്നുകാണുവാൻ ആശിച്ചും, ഒരു സുവർണ്ണ ജൂബിലി കൂടി തന്റെ നാമത്തിൽ ആഘോഷിച്ചു കാണുവാൻ ആഗ്രഹിച്ചും നന്ദി പറഞ്ഞും ഇതിനെല്ലാം കാരണമാക്കിയ സർവ്വശക്തനെ കൃതജ്ഞതയോടെ സ്മരിച്ചും സ്തുതിച്ചും ഞാൻ ഉപസംഹരിക്കുന്നു.



# 3

# ദൈവമനുഷ്യനായ റമ്പാച്ചൻ

## മുണ്ടൻപടവത്ത് ഒ. റ്റി. വർക്കി

തന്റെയും കുടുംബത്തിന്റെയും എല്ലാ ഐശ്വര്യങ്ങൾക്കും പ്രധാന കാരണം എം. സി. കുര്യാക്കോസ് റമ്പാച്ചന്റെ കരുതലും പ്രാർത്ഥനയും ആണെന്നും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ താൻ എന്നും അഭയം തേടാറുണ്ടെന്നും പാത്താമുട്ടം സ്ലീബാപ്പള്ളിയിൽ ആദ്യകാലത്തു റമ്പാച്ചന്റെ മുഖ്യശുശ്രൂഷകനായി രണ്ടു ദശാബ്ദക്കാലം സേവനം ചെയ്തു ഇപ്പോൾ മണർകാട്ട് വിശ്രമജീവിതം നയിക്കുന്ന 88 കാരനായ ഉണ്ണാട്ടു മറ്റത്തിൽ മുണ്ടൻപടവത്തു ഒ. റ്റി. വർക്കി ഒരഭിമുഖ സംഭാഷണത്തിൽ കെ. വി. മാമ്മനോടു പറഞ്ഞു. അന്ന് മാസം ഒന്നരയും രണ്ടും രൂപയായിരുന്നു വരുമാനം. ഇടവകക്കാർ വളരെ കുറവ്. കല്യാണവും മാമോദീസായും മറ്റും ഉള്ളപ്പോൾ ശുശ്രുഷകനും അല്ലറ ചില്ലറയൊക്കെ ലഭിക്കും. ആരോടും ഒന്നും താൻ ചോദിക്കാറില്ലായിരുന്നു. വരുമാനം കുറവായിരുന്നതിനാൽ കുടുംബ ജീവിതത്തിൽ പ്രയാസങ്ങൾ അനുഭവിച്ചിട്ടുണ്ട്. എന്നാൽ റമ്പാച്ചന്റെ കരുതലും സ്നേഹവും ഒന്നു വേറെയായിരുന്നു.

വർക്കിച്ചേട്ടൻ തുടർന്നു: പള്ളിക്കാര്യത്തിൽ, ആരാധനാ കാര്യങ്ങളിൽ വല്ല കുഴപ്പവും ഉണ്ടായാൽ കോപിക്കും. അക്കാര്യത്തിൽ മുൻകോപി തന്നെയായിരുന്നു റമ്പാച്ചൻ. ഒരു ദിവസം സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് പള്ളിയുടെ വരാന്തമതിലിൽ റമ്പാച്ചൻ ഇരുന്ന സമയം ഒരു മദ്യപൻ ഒരു കാരണവും ഇല്ലാതെ റമ്പാച്ചനെ നിഘണ്ടുവിൽ ഇല്ലാത്ത പല വാക്കുകൾ പറഞ്ഞു. റമ്പാച്ചൻ മറുപടി ഒന്നും പറയാതെ എല്ലാം ശാന്തനായിരുന്നു കേട്ടു. അല്പം കഴിഞ്ഞു മദ്യപൻ മടങ്ങിപ്പോയി. ഇരുപത്തഞ്ചടി നടന്നില്ല ഒരു പാമ്പ് അയാളുടെ കാലിൽ കൊത്തി. നിലവിളി കേട്ടു ചെന്നപ്പോൾ കാലിൽ നിന്നു രക്തം ഒഴുകുന്നു. ഉടൻതന്നെ എല്ലാവരും കൂടി അയാളെ പൊക്കിയെടുത്തു വിഷഹാരിയുടെ അടുത്തേയ്ക്ക് കൊണ്ടുപോയി മദ്യലഹരി മാറിയില്ലെങ്കിലും വിഷത്തിനുള്ള മരുന്നു ഫലിച്ചു.

ഒരു ദിവസം വൈകിട്ട് പഴയസെമിനാരിയിൽ നിന്നു റമ്പാച്ചൻ വള്ളത്തേൽ വാകത്താനത്തിനു പോകുമ്പോൾ അറുത്തൂട്ടിപ്പാലത്തിനടുത്ത് എത്തിയപ്പോൾ അതിശക്തമായ ഒഴുക്ക്. വള്ളം മറിഞ്ഞു മുങ്ങിപ്പോകുമെന്ന് കരുതി. ഞാനും മറ്റൊരു വേലക്കാരനും കോട്ടയത്തു പ്രദർശിപ്പിച്ചുകൊണ്ടിരുന്ന മശിഹാചരിത്രം എന്ന സിനിമ കാണാൻ വള്ളത്തിൽ

നിന്നു അല്പം നേരത്തെ കരയ്ക്കിറങ്ങിയിരുന്നു. വള്ളക്കാരന്റെ സാമർത്ഥ്യം കൊണ്ട് അത് മറിഞ്ഞില്ല. കണ്ടു നിന്ന ഒരാൾ വന്നു സസന്തോഷം വള്ളക്കാരന് ഒരു രൂപ കൊടുത്തു.

മറ്റൊരു മറക്കാനാവാത്ത സംഭവം വർക്കിച്ചേട്ടൻ ഇങ്ങനെ വിവരിച്ചു. ഒരു ദിവസം വൈകിട്ട് പള്ളിപ്പറമ്പിലെ കപ്പക്കൃഷിക്കാരൻ വാരമായി 100 രൂപ റമ്പാച്ചനെ ഏല്പിച്ചു. ആ പണം കട്ടിലിൽ വെച്ച ശേഷം റമ്പാച്ചൻ പള്ളിയിൽ പ്രാർത്ഥിക്കാൻ പോയി. സാധാരണ റമ്പാച്ചൻ തന്റെ മുറി പൂട്ടാറില്ല. പിറ്റേദിവസം നോക്കിയപ്പോൾ 100 രൂപ കാണുന്നില്ല. അന്നു നൂറു രൂപ ഒരു വലിയ തുകയാണ്.

റമ്പാച്ചന്റെ കാലശേഷം കെ. വി. ജോൺ അച്ചൻ നിർബന്ധിച്ചതനുസരിച്ച് സ്ലീബാപ്പള്ളിയിൽ ഞാൻ നാലു വർഷം കൂടി തുടർന്നു. എന്റെ മകൾ മറിയാമ്മ ബി. സി. എം. കോളജിൽ ചേർന്നു പഠിച്ചുകൊണ്ടിരുന്നതിനാൽ ഫീസിനും മറ്റും പണം വേണ്ടിവന്നതുകൊണ്ടാണ് ശുശ്രൂഷകനായി തുടർന്നത്.

എന്റെ മകൻ വർഗീസ് തോമസും അവന്റെ ഭാര്യ റേച്ചലും ഇപ്പോൾ ഇംഗ്ലണ്ടിലാണ്. അവനും അവന്റെ മകനും ജോലിക്കു പുറമേ പള്ളി ശുശ്രൂഷകരായി സേവനം ചെയ്യുന്നുണ്ട് (ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ വർഗീസ് തോമസ് ഫോണിൽ പിതാവിനെ വിളിച്ചു. റമ്പാച്ചന്റെ ജീവചരിത്രത്തിൽ ചേർക്കാൻ കെ. വി. മാമ്മൻ തന്നെ ഇന്റർവ്യൂ ചെയ്യുകയാണെന്നു മകനോട് വർക്കിച്ചേട്ടൻ പറഞ്ഞപ്പോൾ കെ. വി. മാമ്മന്റെ ചില പുസ്തകങ്ങൾ വായിച്ചിട്ടുണ്ടെന്നു വറുഗീസ് തോമസ് മറുപടി നൽകി).

പനി വന്നാലും താൻ മരുന്നു കഴിക്കാറില്ലെന്നും റമ്പാച്ചനെ ഓർത്തു പ്രാർത്ഥിക്കുമ്പോൾ അസുഖം മാറുന്നു എന്നും വർക്കിച്ചേട്ടൻ പറഞ്ഞു. തിരിഞ്ഞുനോക്കുമ്പോൾ താൻ ഇന്നു തികച്ചും തൃപ്തനാണെന്നും റമ്പാച്ചൻ രോഗശാന്തി വരമുള്ള ഒരു ദൈവമനുഷ്യനായിരുന്നുവെന്നും റമ്പാച്ചന്റെ മദ്ധ്യസ്ഥത തനിക്കെന്നും ആശ്വാസദായകമാണെന്നും വർക്കിച്ചേട്ടൻ പറഞ്ഞു.



# 4

# റമ്പാച്ചന്റെ സൽപ്രേരണകൾ വിജയത്തിൽ എത്തിച്ചു

## വെട്ടിയിൽ സ്കറിയാക്കുട്ടി

മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാച്ചൻ സണ്ടേസ്കൂൾ ക്ലാസ്സുകളിൽ വച്ച് കുട്ടിക്കാലത്തു ഞങ്ങൾക്കു നൽകിയ സഭാസംബ ന്ധമായ ശിക്ഷണവും മാർഗ്ഗദർശനവും ഉപദേശങ്ങളും മറ്റും ജീവിത വിജയത്തിനു വളരെയധികം സഹായിച്ചു എന്ന് അനുഭവത്തിൽ നിന്നു സസന്തോഷം സാക്ഷിക്കുവാൻ എനിക്കു സാധിക്കും. കുഞ്ഞുങ്ങളു ടെയും വിദ്യാർത്ഥികളുടെയും ഉന്നമനത്തിനുവേണ്ടി പ്രതിഫലേച്ഛ കൂടാതെ പ്രത്യേകം പ്രവർത്തിച്ച റമ്പാച്ചൻ മുതിർന്ന പലരുടെയും വഴി കാട്ടിയും ഉപദേഷ്ടാവുമായിരുന്നു.

എന്റെ പിതാവ് വെട്ടീൽ തൊമ്മച്ചൻ (കൊച്ചുവെട്ടീൽ) റമ്പാച്ചനെ വളരെ ബഹുമാനത്തോടും സ്നേഹത്തോടുമാണു വീക്ഷിച്ചു വന്നത്. അതിനുള്ള പ്രധാന കാരണം, സമ്പന്നമായ ഒരു കുടുംബത്തിൽ ജനിച്ച റമ്പാച്ചൻ സ്വന്തം സ്ഥലത്ത് ഒരു പള്ളി വെച്ച് ഒരു ലളിതസുന്ദരമായ വിശുദ്ധ ജീവിതം നയിക്കുകയും സഭാംഗങ്ങളുടെയും നാട്ടുകാരുടെയും നന്മയ്ക്കുവേണ്ടി എന്നും പ്രവർത്തിക്കുകയും ചെയ്തു എന്നതാണ്. കുഞ്ഞുങ്ങളെ പ്രാർത്ഥനാധിഷ്ഠിതമായ ദൈവവിശ്വാസത്തിൽ പഠിപ്പി ക്കുന്നതിനും ഉറപ്പിക്കുന്നതിനും റമ്പാച്ചനു പ്രത്യേക കഴിവുണ്ടായിരുന്നു. ഇതു മനസ്സിലാക്കിയ എന്റെ പിതാവ് ഞാനും എന്റെ ജ്യേഷ്ഠൻ വി. റ്റി. ജോസഫും (ഇപ്പോൾ അമേരിക്കയിൽ) ഇളയ സഹോദരി ശോശക്കു ട്ടിയും (ഒളശ്ശ നാലത്ര എൻ. എ. ഫിലിപ്പിന്റെ ഭാര്യ) റമ്പാച്ചന്റെ കീഴിൽ സണ്ടേസ്കൂൾ പഠിച്ചാൽ മതിയെന്നു ശഠിച്ചു. തിരിഞ്ഞുനോക്കുമ്പോൾ അതു ഞങ്ങളുടെ വലിയ ഭാഗ്യമായി അനുഭവപ്പെടുന്നുണ്ട്. റമ്പാച്ചൻ സണ്ടേസ്കൂൾ ക്ലാസ്സ് അവസാനിപ്പിക്കുന്നതു ചെറു പ്രാർത്ഥന, ഉപദേശ പ്രധാനമായ ലഘുപ്രസംഗം എന്നിവയോടു കൂടിയായിരുന്നു. എം. സി. കുറിയാക്കോസ് റമ്പാച്ചനും ഞായറാഴ്ചകളിൽ പല പരിപാടികൾ ഉണ്ടാവും. എങ്കിലും ഒരു ഞായറാഴ്ചയും സണ്ടേസ്കൂൾ മുടക്കുകയില്ല. കാരണം, കുട്ടികളുടെ സ്വഭാവ രൂപവൽക്കരണത്തിനു അമിത പ്രാധാന്യം നൽകിയിരുന്നു. ഉയർന്ന ക്ലാസ്സുകളിൽ പഠിപ്പിച്ച റമ്പാച്ചന്റെ കണ്ണുകൾ കൊച്ചുകുട്ടികളിൽ നിന്നും മറഞ്ഞിരുന്നില്ല. അവർ സത്യത്തിലും നീതി

യിലും വളർന്നാലേ സഭയും രാഷ്ട്രവും ഉയരുകയുള്ളു എന്ന ഉൾക്കാഴ്ച റമ്പാച്ചനുണ്ടായിരുന്നു. റമ്പാച്ചന്റെ ക്ലാസ്സു മൂലം എല്ലാ കുട്ടികൾക്കും സഭാകാര്യങ്ങളിൽ കൂടുതൽ താല്പര്യം ജനിക്കാനിടയായി. അവർക്ക് പാട്ടിലും പ്രസംഗത്തിലും ഉള്ള വാസന മനസ്സിലാക്കി അവയെ പോഷിപ്പിച്ചു. സണ്ടേസ്കൂൾ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഞാൻ ആദ്യമായി സ്റ്റേജിൽ കയറി സ്നേഹത്തെപ്പറ്റി പ്രസംഗിക്കാൻ റമ്പാച്ചൻ ആവശ്യപ്പെട്ടു. സഭാകമ്പം മാറി. പിന്നീട് പല വേദികളിൽ ധൈര്യപൂർവ്വം പ്രസംഗിക്കാനുള്ള കഴിവുണ്ടായി.

നാട്ടിലും സഭയിലും റമ്പാച്ചന്റെ ശിക്ഷണത്തിൽ വളർന്ന മേല്പട്ടക്കാരും രാഷ്ട്രീയ നേതാക്കളും ഉയർന്ന ഉദ്യോഗസ്ഥന്മാരും ബിസിനസുകാരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്തമ ജീവിതം നയിക്കുന്നുണ്ട്.

എനിക്ക് ഇന്ത്യാ ഗവൺമെന്റിൽ ഡി. ജി. എസ്. ആൻഡ് ഡി ഡിപ്പാർട്ടുമെന്റിൽ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ, പിന്നീട് ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയിൽ കേരള റീജിയൻ എൻജിനീയർ, ബ്രാഞ്ച് മാനേജർ, സീനിയർ ഡിവിഷണൽ മാനേജർ തുടങ്ങിയ തസ്തികകളിൽ ആത്മവിശ്വാസത്തോടെ വിജയകരമായി പ്രവർത്തിക്കാൻ സാധിച്ചതിന്റെ കാരണം റമ്പാച്ചന്റെ ദൈവാശ്രയ പ്രേരിതമായ സ്വാധീനവും സൽപ്രേരണകളും ചെറുപ്പം മുതൽ എന്നിൽ ചെലുത്തിയതുകൊണ്ടാണെന്നു ഞാൻ അത്മാർത്ഥമായി വിശ്വസിക്കുകയും അദ്ദേഹത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥതയിൽ അഭയം തേടി പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.



# 5

# നിവർത്തിയായ പ്രവചനവും ഒരപൂർവ്വ ദർശനവും

## എം. പി. മറിയാമ്മ

എം. സി. കുറിയാക്കോസ് റമ്പാച്ചൻ തന്റെ പിതാവു മരിച്ച ദിവസം തന്നെ താനും ദിവംഗതനാകുമെന്നു മരിക്കുന്നതിനു ഏതാനു ദിവസം മുമ്പ് പ്രവചിച്ചിരുന്നു. പ്രവചനം ഫലിച്ചു. 1958 ജൂലൈ 19–നു റമ്പാച്ചൻ അക്കര കടന്നു. അന്നവിടെ ഉണ്ടായിരുന്നവർ കണ്ണീരോടെ മരണമുറിയിൽ നിന്നു ഓരോരുത്തരായി പുറത്തേക്ക് ഇറങ്ങി. ഒരു സ്ത്രീ “എന്റെ വല്യ പിതാവ് പോയല്ലോ” എന്നുച്ചത്തിൽ സങ്കടത്തോടെ കരഞ്ഞു കൊണ്ട് മുറിക്കകത്തേക്കു ഓടിക്കയറി വന്നു.

തലേ രാത്രി റമ്പാച്ചൻ അത്യാസന്ന നിലയിലാണെന്നും ഉടനെ അങ്ങോട്ടു പോകണമെന്നും ദർശനം ലഭിച്ച ആ വനിത സ്വപിതാവുമൊന്നിച്ചു 19–നു അതിരാവിലെ കാറിൽ പാത്താമുട്ടത്തേക്കു പാഞ്ഞു. യാത്രാമധ്യേ വഴിയിലൊരു മരം വീണു കിടക്കുന്നു. യാത്ര തടസ്സപ്പെട്ടു. മരം മുറിച്ചുമാറ്റാൻ മണിക്കൂറുകൾ വേണ്ടിവരും. കാർ മറ്റൊരു വഴിയിലൂടെ തിരിച്ചുവിട്ടു. സമയം അതിക്രമിച്ചു. ഇതിനകം റമ്പാച്ചൻ കടന്നുപോയി. ദുഃഖത്തിലാണ്ട അവർ തിരിച്ചുപോകാതെ മൃതദേഹം കിടത്തിയിരുന്ന സ്ലീബാപ്പള്ളി മുറിയിൽ തന്നെ രാത്രി ചെലവഴിച്ചു. മൃതദേഹ സംസ്കാരത്തിനു ശേഷം ദുഃഖിതരായ അവർ മടങ്ങി. വർഷങ്ങൾക്ക് മുമ്പ് ഒരു കഷ്ടാനുഭവ ആഴ്ച ചെലവഴിക്കാൻ ദയറായിൽ വന്നിരുന്ന നിരണം സ്വദേശിനിയായ സൂസൻ കുരുവിളയും (അത്ഭുതകന്യക) അവരുടെ പിതാവായ തൈക്കടവിൽ കുരുവിള സാറുമാണ് റമ്പാച്ചന്റെ മരണ സമയത്തു എത്തിയത്.



മദർ സൂസൻ കുരുവിള

ദൈവിക നൽവരമുള്ള അത്ഭുത കന്യകയുടെ നെറ്റിയിൽ കുരിശടയാളമുണ്ട്. കൈവെള്ളയിൽ രക്തം പൊടിച്ചുകൊണ്ടിരുന്നു. അവർ പല രോഗികളെ പ്രാർത്ഥിച്ചും തലയിൽ കൈ വച്ചും സുഖപ്പെടുത്തി. എന്നാൽ പലരും അവരെ തെല്ലു പുച്ഛത്തോടെയാണ് അന്നു വീക്ഷിച്ചത്. എന്നാൽ ആ ദൈവദാസിക്ക് ആത്മീയ

നൽവരം ലഭിച്ചിരുന്നതായി റമ്പാച്ചനു നിശ്ചയമുണ്ടായിരുന്നു. ഈ വനിത ആരാണെന്നറിയാൻ വേണ്ടി റമ്പാച്ചൻ Susan Kuruvila the Stigmatist തൈക്കടവിൽ എന്ന പേരിൽ ഒരു കാർഡ് അടിച്ചു ജനങ്ങൾക്കിടയിൽ വിതരണം ചെയ്തു. Stigmatist എന്നതിന്റെ അർത്ഥമായി കാർഡിൽ അടിച്ചിരുന്നത് "Marks Corresponding to the crucifixion marks on Christ's body" എന്നായിരുന്നു.

എൺപതു കഴിഞ്ഞ മദർ സൂസൻ കുരുവിള ഈ കുരിശടയാളവുമായി ഇന്നും മുളന്തുരുത്തിയ്ക്ക് സമീപമുള്ള കണ്ടനാട് മാർ ഗ്രീഗോറിയോസ് ആശ്രമത്തിൽ രോഗികളെയും അനാഥരെയും സംരക്ഷിച്ചുകൊണ്ട് ആത്മനിർവൃതിയുടെ അന്തരീക്ഷത്തിൽ സുകൃത ജീവിതം നയിക്കുന്നു. മലങ്കരസഭയുടെ പേരും പെരുമയും ഉയർത്താനായി രാപകലെന്യേ വിശ്രമരഹിതനായി പലതലങ്ങളിൽ പ്രവർത്തിച്ച കുറിയാക്കോസ് റമ്പാച്ചനു പണവും പ്രശംസയും പ്രതിഫലവും ഒരു പ്രശ്നമേ ആയിരുന്നില്ല.

ഒരു സംഭവം പറയട്ടെ. 1949. ഞാൻ സി. എം. എസ്. കോളജിൽ പഠിക്കുന്ന കാലഘട്ടം. ഒരു കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകാൻ കുമരകം പള്ളിക്കാർ റമ്പാച്ചനെ ക്ഷണിച്ചു. റമ്പാച്ചന്റെ ശുശ്രൂഷകൾ വളരെയധികം ആദ്ധ്യാത്മിക പ്രചോദനം നൽകിയതായി അതിൽ പങ്കെടുത്ത എന്റെ ചില സഹപാഠികൾ വന്നു പറഞ്ഞു. കുരിശു വെള്ളപ്പട്ടിൽ പൊതിഞ്ഞു തോളിൽ വച്ചുകൊണ്ടു നടത്തിയ ശോകനിർഭരമായ പ്രദക്ഷിണം പലരേയും കരയിച്ചതായി അവർ അറിയിച്ചു. ഈസ്റ്റർ കഴിഞ്ഞു പോരുന്ന അവസരത്തിൽ പള്ളിക്കാർ നൽകിയ തുക അദ്ദേഹം നിരസിച്ചു. പ്രതിഫലത്തിനല്ല താൻ വന്നതെന്നും ജനങ്ങളോടു പറഞ്ഞു. എന്നാൽ അവർ നിർബന്ധിച്ചു ഒരു തുക റമ്പാച്ചന്റെ പോക്കറ്റിൽ നിക്ഷേപിച്ചു. പാത്താമുട്ടം സ്ലീബാപ്പള്ളിയിൽ തിരിച്ചെത്തിയ ശേഷം കഷ്ടാനുഭവ ആഴ്ചയിൽ സ്ലീബാപ്പള്ളിയിൽ ശുശ്രൂഷ നടത്തിയ അച്ചന് അവർ നൽകിയ തുക എത്രയെന്നറിഞ്ഞ് അത് ഭണ്ഡാരത്തിൽ ഇട്ടു. ബാക്കിയുള്ള പണം കുമരകം പള്ളിക്കാർക്കു മണിയോർഡറായി അയച്ചുകൊടുത്തു.



എം. പി. മറിയാമ്മ



# ഭാഗം 3

# ചില രചനകൾ

# 1

# കുരിശിന്റെ മാഹാത്മ്യം

## എം. സി. കുറിയാക്കോസ് റമ്പാൻ

മരംകൊണ്ടോ കല്ലുകൊണ്ടോ പൊൻവെള്ളി ലോഹങ്ങൾ കൊണ്ടോ ഒരു കുരിശു പണിത് ത്രോണോസിന്മേലോ മറ്റെവിടെയെങ്കിലുമോ സ്ഥാപിച്ചാൽ അതിന്റെ കാഴ്ച "നമ്മുടെ ആത്മത്തിന്നു അതിനാലെ രക്ഷയുണ്ടായി എന്ന സ്ളീബായെ" നമ്മുടെ ഓർമ്മയിൽ കൊണ്ടുവരികയും സത്യവിശ്വാസികളായ നമ്മൾ അതിന്റെ മുമ്പിൽ വണങ്ങുകയും ചെയ്യുന്നു. ചിലപ്പോൾ നമ്മൾ അതിനെ മുത്തുന്നു. മേൽപ്പട്ടക്കാരുടെയും പട്ടക്കാരുടെയും സ്ഥാനവസ്ത്രങ്ങൾ മാത്രമല്ല, ക്രിസ്തീയ രാജാക്കന്മാരുടെ കിരീടങ്ങളും കുരിശാൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഇത്ര ആദരണീയമായി കരുതപ്പെടുന്ന കുരിശിന്റെ മാഹാത്മ്യം എന്താകുന്നു?

കുരിശ് ദൈവപുത്രന്റെ ബലിപീഠമാകുന്നു. ലോകരക്ഷയ്ക്കായുള്ള ബലി അതിന്മേൽ അവൻ അർപ്പിച്ചു. അതു വിശേഷതരമായ ഒരു കാന്തം ആകുന്നു. അത് എല്ലാവരെയും ആകർഷിക്കുന്നു. അത് ഒരു ദിവ്യ താക്കോൽ ആകുന്നു; അത് ഏതു ഹൃദയത്തെയും തുറക്കുന്നു. അത് അത്ഭുതകരമായ ഒരു ബീം ആകുന്നു. അതിൽ തൂങ്ങി നിന്നുകൊണ്ട് നമ്മുടെ രക്ഷിതാവ് വചനം കൂടാതെ പ്രസംഗിക്കുന്നു. അത് ഒരു സിംഹാസനം ആകുന്നു. അവിടെ ആസനസ്ഥനായി അവൻ വാഴുന്നു. അത് ജീവന്റെ ഉറവയാകുന്നു. അതിൽ നിന്ന് പ്രത്യാശയും സന്തോഷവും നിത്യജീവനും ഉത്ഭൂതമാകുന്നു. അത് വിസ്മയനീയമായ ഒരു പാലം ആകുന്നു. അതിൽകൂടി പർദൈസായിലേക്കു ഓരോരുത്തർ പ്രയാണം ചെയ്യുന്നു. അത് ഒരു മേശ ആകുന്നു. അതിൽ വച്ച് ജീവന്റെ അപ്പം വിഭജിക്കപ്പെട്ടു. അത് ജീവന്റെ ഔഷധവൃക്ഷമാകുന്നു. അതിന്റെ കനി പാപരോഗികൾക്ക് സൗഖ്യം നൽകുന്നു. ഏവംവിധമുള്ള കൃപകളെ പ്രദാനം ചെയ്യുന്ന കുരിശിലേക്കു നാം നോക്കണം. ആ നോട്ടത്തിൽ നിത്യജീവൻ ഉണ്ട്. വലത്തുഭാഗത്ത് തറയ്ക്കപ്പെട്ട കള്ളൻ ആ കുരിശിലേക്കു നോക്കി, അതിൽ തറയ്ക്കപ്പെട്ടിരുന്നവനെ കണ്ടു മനസ്സിലാക്കി. "കർത്താവേ, നിന്റെ രാജ്യത്തിൽ നീ വരുമ്പോൾ എന്നെയും ഓർത്തുകൊള്ളണമെ" എന്ന് അവൻ പ്രാർത്ഥിച്ചു. "നീ ഇന്ന് എന്നോടു കൂടെ പർദൈസായിൽ ആയിരിക്കും" എന്ന മറുപടിയാൽ അവൻ പാപമോചനവും നിത്യജീവനും പ്രാപിച്ചു.

പണ്ട് കുസ്തന്തീനോസ് രാജാവ് ആകാശത്തിൽ കുരിശിന്റെ ഒരു

രൂപം കണ്ടു. ഇതിനാൽ നിന്റെ ശത്രുക്കളെ നീ ജയിക്കും എന്നൊരു ശബ്ദവും അദ്ദേഹം കേട്ടു. ആ ദർശനത്തേയും അരുളപ്പാടിനേയും അദ്ദേഹം ആദരിച്ചു പ്രവർത്തിക്കയാൽ അദ്ദേഹം ശത്രുക്കളെ ജയിച്ചു. ഏതിന്റെ രൂപം അദ്ദേഹം കണ്ടുവോ ആ സാക്ഷാൽ കുരിശിനെ അന്വേഷിച്ച് അദ്ദേഹത്തിന്റെ മാതാവായ ഹെലേനി 326-ൽ റോമ്മയിൽ നിന്ന് യറുശലേമിലേക്കു പുറപ്പെട്ടു. അവൾ അതു കണ്ടുപിടിച്ച് രാജനഗരിയിലേക്കു തിരിച്ചുചെല്ലുകയും 329 കന്നി മാസം 14-ാം തീയതി ആഘോഷപൂർവം ദേവാലയത്തിൽ അതു സ്ഥാപിക്കയും ചെയ്തു. കൊല യന്ത്രമായ കുരിശ് അപ്പോൾ മുതൽ ഒരു വണക്കോപകരണമായിത്തീർന്നു. നമ്മുടെ കർത്താവേശുമശിഹായുടെ കുരിശിലല്ലാതെ പുകഴുവാൻ എനിക്കു ഇടയാകരുത് എന്ന മാർ പൗലൂസ് ശ്ളീഹായുടെ അപേക്ഷ വിശുദ്ധ സഭയെ മുഴുവനും സംബന്ധിച്ച് യഥാർത്ഥമായി ഭവിച്ചു.

ഒരിക്കൽ ഒരു യുവാവ് യാക്കോബിനേപ്പോലെ ഒരു ദിവ്യസ്വപ്നം കണ്ടു. കിഴക്ക് ആകാശത്തിൽ തങ്കനിറമുള്ള ഒരു കുരിശ്. അതിന്റെ തെക്കുവശത്ത് യേശുക്രിസ്തു അതിങ്കലേക്ക് അവിടുത്തെ വലത്തു കൈ ചൂണ്ടിക്കൊണ്ടു നിൽക്കുന്നു. ആ ദർശനത്തെ ഒരു ദൈവികവിളിയായി അദ്ദേഹം സ്വീകരിച്ച് ജീവിതത്തെ പ്രതിഷ്ഠിക്കയും ദയറായ ആദർശങ്ങൾക്കു വഴങ്ങുകയും വിശുദ്ധ വയസ്സിൽ ഒരു ദയറായക്കാരനായിത്തീരുകയും ചെയ്തു. പർദൈസാപ്പുസ്തകത്തിൽ ഇതുപോലെയുള്ള ചില കഥകൾ എഴുതപ്പെട്ടിട്ടുണ്ട്.

കുരിശിന്റെ മാഹാത്മ്യഹേതു അതിൽ മരിച്ചവൻ ദൈവം ആയിരുന്നു എന്നതത്രേ. കന്യകയിൽ നിന്നു ജനിച്ചത് ദൈവമെങ്കിൽ കുരിശിൽ മരിച്ചതും ദൈവം തന്നെ. "കന്യക പ്രസവിച്ചതു ദൈവത്തെയാണ് എന്ന് എന്റെ അസ്ഥികൾ കബറിൽ നിന്ന് അട്ടഹസിക്കും" എന്ന് നമ്മുടെ ഒരു സഭാപിതാവ് പറഞ്ഞിട്ടുണ്ട്. അപ്രകാരംതന്നെ കുരിശിൽ മരിച്ചത് ദൈവമാണെന്ന് ഓർത്തഡോക്സ് സുറിയാനിസഭ എക്കാലവും ഏറ്റുപറയും.

കുരിശിൽ മരിച്ചവൻ ദൈവം തന്നെ ആയിരുന്നു. ദുഃഖവെള്ളിയാഴ്ചത്തെ പ്രാർത്ഥനകളിൽ ദൈവം വിസ്താരസ്ഥലത്തു നിൽക്കുന്നു. ദൈവം കുരിശിൽ തൂങ്ങുന്നു. ദൈവം സ്ളീബായിലേക്കു കരേറി മരണം രുചിച്ചു എന്ന് എഴുതപ്പെട്ടിരിക്കുന്നതു പ്രത്യേകം ശ്രദ്ധാർഹമത്രെ.

ഈ സത്യം റോമ്മാ സഭ വിശ്വസിക്കുന്നില്ല. ക്രിസ്തുവിൽ മനുഷ്യത്വവും ദൈവത്വവും എന്ന രണ്ടു സ്വഭാവങ്ങൾ യോജിപ്പിനുശേഷവും ഉണ്ടെന്നും അവയിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചത് ദൈവത്വവും കഷ്ടതകളും മരണവും സഹിച്ചത് മനുഷ്യത്വവും ആണെന്നുമത്രേ ആ സഭയുടെ വിശ്വാസം എന്ന് നമ്മുടെ ഒരു പൂർവ പിതാവായ മാർ സേവേറി

യോസ് പറഞ്ഞിരിക്കുന്നു. ആ ദുരുപദേശം ഉറപ്പിക്കുന്നതിനായിരുന്നു വല്ലോ റോമ്മാ ബിഷപ്പായ ലെയോൻ കൽക്കദൂനിയായിൽ ഒരു സുന്ന ഹദോസ് കൂടിയത്. അവിടെവച്ച് ലേയോന്യർ മിശിഹായെ രണ്ടായി പിളർന്നു. ആകയാൽ ആ സുന്നഹദോസിനെപ്പറ്റി "അയ്യോ സാത്താന്റെ കൂടാരം" എന്ന് മാർ സേവേറിയോസ് നിലവിളിച്ചു പറഞ്ഞിരിക്കുന്നു.

അദ്ദേഹം തുടർന്നു പറയുന്നു. മിശിഹാ ലോകത്തെ രക്ഷിച്ചത് അത്ഭു തങ്ങൾ കൊണ്ടല്ല, മരണം കൊണ്ടത്രെ. മരിച്ചതു മനുഷ്യനെങ്കിൽ രക്ഷ ഉണ്ടാകയില്ല. ജനിച്ചതു ദൈവമെങ്കിൽ മരിച്ചത് ദൈവം തന്നെ. കബറി ങ്കൽ വയ്ക്കപ്പെട്ടതും ദൈവം തന്നെ.

മാർ അപ്രേം പറയുന്നു. "ദൈവം മരിച്ചു എന്നു കേൾക്കുമ്പോൾ നിന്റെ നിരൂപണ വിസ്മയം കൂററുത്. ദൈവം മരിക്കാതിരുന്നെങ്കിൽ ലോകം മുഴുവൻ മരിക്കുമായിരുന്നു. മരിച്ചതു ദൈവമല്ലായിരുന്നുവെങ്കിൽ മരിച്ചടക്കപ്പെട്ടവരെ ജീവിപ്പിച്ചതു ആർ? മരിച്ചതു ദൈവമല്ലായിരുന്നെങ്കിൽ മുദ്രവയ്ക്കപ്പെട്ടിരുന്ന കബറിൽ നിന്നും പുറത്തുവന്നത് ആർ? സത്യത്തെ സ്നേഹിക്കുന്നവൻ. യേശുവിന്റെ വിലാവിൽ സ്പർശിച്ച് എന്റെ കർ ത്താവും എന്റെ ദൈവവുമേ എന്നു അട്ടഹസിച്ച തോമ്മാ ശ്ലീഹായിൽ നിന്നു പഠിക്കട്ടെ. സൃഷ്ടികളെ രക്ഷിച്ചതു മനുഷ്യനാണെന്ന് ഞാൻ പറ കയില്ല. അങ്ങനെ പറവാൻ എനിക്കു സംഗതി വരരുതേ."

പരിശുദ്ധനായ മാർ പൗലൂസ് ശ്ലീഹായുടെ അഭിപ്രായം ഇതിനോടു യോജിച്ചിരിക്കുന്നു. എപ്പേസ്യയിലെ കശ്ശീശന്മാരോട് അദ്ദേഹം ചെയ്ത യാത്രാ പ്രസംഗത്തിൽ അവരോട് ഉപദേശിച്ചത് നിങ്ങളെ തന്നെയും ദൈവം തന്റെ രക്തത്താൽ സമ്പാദിച്ചിരിക്കുന്ന തന്റെ സഭയെ മേയിക്കു വാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴു വനെയും സൂക്ഷിച്ചുകൊൾവിൻ (അ. പ്ര. 20:28. ആദ്യ പരിഭാഷ). ഈ വാക്യത്തിൽ ഉള്ള ദൈവം തന്റെ രക്തത്താൽ എന്ന പദപ്രയോഗം കുരി ശിൽ മരിച്ചതു ദൈവമായിരുന്നു എന്ന നമ്മുടെ സഭാവിശ്വാസത്തിനു ഉറപ്പുള്ള അപ്പോസ്തോലിക അടിസ്ഥാനമായി സ്ഥിതിചെയ്യുന്നു.

സാക്ഷാൽ ദൈവമായ താൻ വിശുദ്ധ റൂഹായാൽ കന്യകമറിയാമിൽ നിന്നു ജഡമെടുത്ത് സാക്ഷാൽ മനുഷ്യനായിത്തീരുകയും ദൈവ സ്വഭാവം ഭേദപ്പെട്ടു മനുഷ്യസ്വഭാവമായി തീരുകയോ മനുഷ്യസ്വഭാവം ഭേദപ്പെട്ട് ദൈവസ്വഭാവമായി തീരുകയോ..... ചെയ്യാതെ ദൈവത്വവും മനു ഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർതിരിയപ്പെടാത്ത പ്രകാരം ദൈവത്വത്തിന്റെയും പാപമൊഴികെ മനുഷ്യത്വത്തിന്റെയും പൂർണ്ണ ലക്ഷണങ്ങളോടു കൂടെ യോജിച്ചു. ഈ യോജിപ്പ് മഹാ അത്ഭു തമായിട്ടുള്ളതാകുന്നു. യോജിപ്പിനുശേഷം രണ്ടു സ്വഭാവങ്ങളായോ രണ്ടു

ആളുകളായോ വേർതിരിക്കപ്പെടാവുന്നതല്ല. എന്നാലോ ഏക സ്വഭാവവും ഏക ആളും.... അത്രെ (മതസംഗതി: 3). ഇതത്രെ ദൈവപുത്രനെപ്പറ്റി യുള്ള സുറിയാനിസഭാ വിശ്വാസം.

ഇത് എവുത്തിക്കൂസ് ഉപദേശിച്ച ഏക സ്വഭാവം അല്ല. ആ ഏക സ്വഭാവം ഉപദേശിച്ച എവുത്തിക്കൂസിനെയും ഇരുസ്വഭാവം ഉപദേശിച്ച ലേയോനെയും സുറിയാനിസഭ ഒരുപോലെ ശപിക്കുന്നു.

എന്നാൽ ഒരു സ്വഭാവമല്ല, രണ്ടു സ്വഭാവവുമല്ല, എങ്കിൽ എത്ര സ്വഭാവം എന്നൊരു ചോദ്യത്തിനു സ്ഥാനമുണ്ട്. അത് ഏകത്വത്തിൽ ത്രിത്വവും ത്രിത്വത്തിൽ ഏകത്വവും എന്നു പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേക ദൈവത്തെപ്പറ്റിയുള്ള വിശ്വാസം പോലെ ഒന്നിൽ രണ്ടും രണ്ടിൽ ഒന്നും എന്ന രീതിയിൽ ഐക്യസ്വഭാവം എന്നു വിവക്ഷിക്കപ്പെട്ടിട്ടുണ്ട്. ഭിന്നിപ്പിനു മുൻപ് സഭ ഏകമായിരുന്നപ്പോഴത്തെ സഭാവിശ്വാസം ഇതാ യിരുന്നു.

കുരിശിൽ മരിച്ചത് പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമായ യേശു മിശിഹാ അത്രെ. കുരിശിന്റെ മഹിമ ഇതാകുന്നു. ആകയാൽ അത് പിശാ ചുക്കൾക്കു ഭയങ്കരവും മാലാഖമാർക്ക് ബഹുമാനവും സത്യവിശ്വാസി കൾക്കു ബലമുള്ള കോട്ടയും ആകുന്നു. ഭാഗ്യവാനായ മാർ പൗലൂസി നെപ്പോലെ നമുക്കും അതിൽ പുകഴാം. അതു നമുക്കും നമ്മുടെ ഭവന ങ്ങൾക്കും പള്ളികൾക്കും സഭയ്ക്കും എന്നാളും കോട്ടയായിരിക്കട്ടെ.

**പ്രാർത്ഥന:** ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട ഞങ്ങളുടെ കർത്താ വേശു മിശിഹാ, നിന്റെ വിശുദ്ധ സ്ലീബാ ഞങ്ങൾക്കു നിരപ്പിന്റെ അടയാ ളവും ജയത്തിന്റെ കൊടിയും രക്ഷയുടെ ആയുധവും ആയിരിക്കേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ അതിന്റെ ചിറകുകളിൻകീഴ് എന്നാളും ഞങ്ങളെ മറച്ചുകൊള്ളണമേ. ആയതു ഞങ്ങൾ വിശുദ്ധി യോടെ നിന്നെ സ്തുതിക്കയും ആരാധിക്കുകയും ചെയ്യേണ്ടതിനു തന്നെ. ആമ്മീൻ.

(ചർച്ച് വീക്കിലി, 1956 മാർച്ച് 25)

# 2

# മഹാവൃക്ഷമായി വളർന്ന മർത്തമറിയം വനിതാസമാജം

മലങ്കര സുറിയാനിസഭയിൽ പല ഇടവകകളിലും സ്ത്രീകളുടെ ആത്മീയോന്നതിയെ ലാക്കാക്കി പ്രാർത്ഥനായോഗങ്ങൾ കുറേക്കാലമായി നടത്തപ്പെട്ടുവരുന്നുണ്ടല്ലോ. ഇപ്രകാരം ചില യോഗങ്ങൾ കവിയൂർ സ്ളീബാ പള്ളി ഇടവകയിലും കൂടുക പതിവായിരുന്നു. സംഘാംഗങ്ങൾക്ക് കുമ്പസാരം, വിശുദ്ധ കുർബാന എന്നീ കൂദാശകൾ പതിവായി നടത്തിക്കൊടുക്കുന്നതിനു ബഥനി ആശ്രമത്തിൽ നിന്ന് ഒരു വൈദികനെ നിയോഗിക്കണമെന്നുള്ള അപേക്ഷപ്രകാരം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയാൽ നിയമിതനായ ഫാദർ ബർസ്കീപ്പാ അവർകൾ എത്രയും കൃത്യബോധത്തോടെ ആ ചുമതലകൾ വഹിച്ചുവരവെ, പ്രവർത്തനരീതി കൂടുതൽ പ്രയോജനകരമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുന്നതിനായി 1104 ഇടവം 15–ാം തീയതി അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ സ്ലീബാ പള്ളിമുറിയിൽ വച്ച് ഒരു യോഗം കൂടി. മനുഷ്യകുലത്തിന് പൊതുവായും സ്ത്രീലോകത്തിന് പ്രത്യേകിച്ചും ആദർശയോഗ്യയായ ദൈവമാതാവിന്റെ മധ്യസ്ഥത മൂലമുള്ള ദൈവകൃപകളിൽ ശരണപ്പെട്ട് മുമ്പോട്ടു പോകണമെന്നുറച്ചു കൊണ്ടും ആ കാര്യം സംഘാംഗങ്ങളുടെ ഓർമ്മയിൽ സർവ്വദാ ഉണ്ടായിരിക്കേണ്ടതിനുവേണ്ടിയും യോഗത്തിന് 'മർത്താമറിയം വനിതാസമാജം' എന്ന് നാമകരണം ചെയ്തു. കേരളീയ സ്ത്രീകൾക്ക് സഹജമായ വിനയം, അടക്കമൊതുക്കം, പാതിവ്രത്യം, അനുസരണം, ദാനധർമ്മം, അതിഥിസൽക്കാരം, ദൈവഭക്തി, നോമ്പാചാരം മുതലായ സുകൃതങ്ങളിൽ നമ്മുടെ സ്ത്രീകളെ നിലനിറുത്തി പുണ്യജീവിതം കഴിച്ചുകൂട്ടുവാൻ അവരെ പരിശീലിപ്പിക്കണമെന്നുള്ളതാണ് പ്രസ്തുത സമാജത്തിന്റെ പൊതുവേയുള്ള ഉദ്ദേശ്യം. അതുകൊണ്ടത്രേ ഈ സൽഗുണങ്ങൾ നിറഞ്ഞുവിളങ്ങുന്ന കൃപനിറഞ്ഞ മറിയാമിനെ ആദർശസ്ത്രീരത്നമായി സ്വീകരിച്ച് അവിടുത്തെ നാമത്തിൽ ഈ സമാജത്തെ സ്ഥാപിച്ചിട്ടുള്ളത്. ആ ഭാഗ്യവതിയുടെ മധ്യസ്ഥത അതിന് കാവലും കോട്ടയും ആയിരിക്കും; സംശയമില്ലാ.

മർത്തമറിയം സമാജാംഗങ്ങൾ സന്ധ്യാ – പ്രഭാത പ്രാർത്ഥനകൾക്കു പുറമേ പത്തു കല്പനകൾ, സഭയുടെ ഏഴു കല്പനകൾ, ശരീരാത്മ സംബന്ധമായ പുണ്യപ്രവൃത്തികൾ, വിശുദ്ധ കന്യക മറിയത്തിന്റെ

സ്തുതിപ്പ്, സ്നേഹത്തെപ്പറ്റിയുള്ള പൗലോസ് ശ്ലീഹായുടെ ഉപദേശം എന്നിവ ഹൃദിസ്ഥമാക്കണമെന്ന് നിർബന്ധമുണ്ട്. എല്ലാ മാസത്തിലും രണ്ടാമത്തെ വെള്ളിയാഴ്ച കുമ്പസാരിക്കുകയും ശനിയാഴ്ച വിശുദ്ധ കുർബാന അനുഭവിക്കുകയും ചെയ്യണമെന്നുള്ളത് സമാജത്തിന്റെ സഭാനുസരണമായ ഒരു ആചാരമായിരുന്നു.

സമാജത്തിന്റെ എല്ലാ ശാഖായോഗങ്ങളും ഒരേ കാര്യപരിപാടി തന്നെ അനുഷ്ഠിക്കുന്നു. ഓരോ സ്ഥലത്തും നിശ്ചിത ദിവസത്തിൽ രണ്ടു മണിക്ക് യോഗം ആരംഭിക്കണമെന്നാണ് വച്ചിരിക്കുന്നത്. ആദ്യമായി ഒരു കൗമാ നമസ്കരിച്ചതിന്റെ ശേഷം ശ്രേഷ്ഠാനുമതിയുള്ള മധ്യസ്ഥ പ്രാർത്ഥന ഉപദേഷ്ടാവ് ഉച്ചരിക്കുകയും യോഗം പ്രതിവാക്യം ചൊല്ലുകയും ചെയ്യുന്നു. അനന്തരം ഭക്തിപൂർവ്വമായി ഒരു ഗീതം ചൊല്ലിയും വച്ച് ദീർഘദർശനത്തിൽ നിന്നും പുതിയനിയമത്തിൽ നിന്നും സങ്കീർത്തനത്തിൽ നിന്നും ഓരോ അധ്യായം വായിക്കുന്നു. എല്ലാവരും വേദപുസ്തകം കൊണ്ടുവരണമെന്നുള്ളതുകൊണ്ട് അക്ഷരജ്ഞാനമുള്ള ഓരോരുത്തർക്കും ഓരോ വാക്യമെങ്കിലും വായിപ്പാൻ സൗകര്യമുണ്ടായിരിക്കും. ഒരു ഗീതം കൂടെ ചൊല്ലിയതിന്റെ ശേഷം അനുവദിക്കപ്പെട്ടിട്ടുള്ള ഉപദേഷ്ടാവ് യുക്തമെന്നു തോന്നുന്ന വിഷയത്തെപ്പറ്റി പ്രസംഗരൂപേണ സംസാരിക്കുന്നു. അവസാനമായി പ്രാർത്ഥനയാണുള്ളത്. ആവശ്യമുള്ള പക്ഷം കാര്യാലോചന എന്നൊരു ചടങ്ങു കൂടെ ഉണ്ടായിരിക്കുന്നതാണ്. യോഗത്തിൽ എല്ലാവരും പന്തിയായി ഇരിക്കുകയും ആദ്യവസാനം എത്രയും ക്രമമായും ഭംഗിയായും വർത്തിക്കുകയും ചെയ്യണമെന്നുള്ളത് ഏറെക്കുറെ അനുഷ്ഠിക്കപ്പെടുന്നുണ്ട്. സമാജത്തിന്റെ പൊതുചെലവുകൾക്കായി അംഗങ്ങളേവരും പ്രതിമാസം എട്ടു കാശുവീതം കൊടുക്കുന്നതു കൂടാതെ ആണ്ടിലൊരിക്കൽ ഒരു പ്രത്യേക ആദ്യഫലശേഖരവും നടത്താറുണ്ട്. അതാതു സ്ഥലത്തെ സെക്രട്ടറി മാസാവസാനത്തിൽ ജനറൽ സെക്രട്ടറിയുടെ പേർക്ക് ഓരോ യോഗത്തിന്റെ ഹാജർ ആദിയായി സകല വിവരങ്ങളും കാണിക്കുന്ന ഒരു റിപ്പോർട്ട് അയയ്ക്കണമെന്നുള്ള നിഷ്ക്കർഷ പ്രോത്സാഹജനകമാണ്.

പരസേവനം ഒരു പുണ്യവും ദൈവസ്നേഹത്തിന്റെ ഒരു ലക്ഷണവും ആകുന്നുവല്ലോ. “ഏറ്റം ചെറിയവരിൽ ഒരുവനു ചെയ്തത് എനിക്കു ചെയ്തത്രെ” എന്നാണല്ലോ കർത്തൃമൊഴി. സഭയുടെ ഉന്നമനാർത്ഥം നിർധനത്വത്തെ സമ്പത്തായി സ്വീകരിച്ചിട്ടുള്ള ബഥനി ആശ്രമസ്ഥന്മാരെയും സന്യാസികളേയും സഹായിക്കുന്ന കാര്യത്തിൽ സമാജാംഗങ്ങൾ വളരെ താല്പര്യമുള്ളവരായിരുന്നു. അതിനുള്ള ഒരു പ്രത്യേക നേർച്ചയായി അവർ മാസംതോറും പിടിയരി പിരിച്ച് ഇപ്പോഴത്തെപോലെ ആരംഭഘട്ടത്തിലും കൊടുത്തുവന്നു. സുവിശേഷവേല ചെയ്യുന്ന ദൈവ

ഭൃത്യർക്കു ചെയ്യുന്നത് ദൈവത്തിനു തന്നെ ചെയ്യുന്നതായി ഏവരും ധരിച്ച് സന്തോഷപൂർവ്വം പ്രവർത്തിച്ചുപോന്നു.

ഏവംവിധം ഉന്നതമായ ആദർശങ്ങൾ പ്രയോജനകരമായ നിയമാചാരങ്ങൾ കൃത്യനിഷ്ഠയോടു കൂടിയ നടപടികൾ എന്നിവയ്ക്കും പുറമെ ജനറൽ സെക്രട്ടറിയുടെയും സഹപ്രവർത്തകയുടെയും ഊർജ്ജസ്വലമായ പ്രചരണവേല നിമിത്തം മറ്റു ചില പ്രാർത്ഥനായോഗങ്ങൾക്ക് മർത്തമറിയം വനിതാസമാജത്തോടു യോജിക്കണമെന്ന് ആഗ്രഹമുണ്ടായി. തൽഫലമായി ഒന്നാമത്തെ വർഷാവസാനമായപ്പോൾ പത്തു ശാഖകൾ അതിനുണ്ടായിരുന്നു. പ്രഥമ വാർഷികയോഗം പുലിക്കോട്ടിൽ വന്ദ്യ ദിവ്യശ്രീ യൗസേപ്പു റമ്പാൻ അവർകളുടെ അദ്ധ്യക്ഷതയിൽ 1105 ഇടവം 15-ാം തീയതി കവിയൂർ സ്ലീബാപള്ളിയിൽ വച്ച് നടത്തപ്പെടുകയും മേൽനടത്തിപ്പിന് അഞ്ച് അംഗങ്ങളടങ്ങിയ ഒരു കമ്മറ്റിയെ രൂപീകരിക്കുകയും ചെയ്തു.

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളുടെ രക്ഷാധികാരത്തിൽ ഉത്സാഹപൂർവ്വം തന്നെ നടന്നുപോന്ന സമാജത്തിന്റെ പുരോഗമനത്തിന് സാരമായ ഒരു പ്രതിബന്ധമുണ്ടായി. 1106 കന്നി മാസം 4-ാം തീയതി ബഥനി ആശ്രമാദ്ധ്യക്ഷനായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് സഭാഭ്രംശം ചെയ്തു. അനുയായികളായിരുന്ന പലരെയും അദ്ദേഹം റീത്തീകരിച്ചു. സുറിയാനി സഭയിൽ സുറിയാനിസഭയ്ക്കു വേണ്ടി സുറിയാനി സഭാംഗങ്ങളിൽ നിന്നുള്ള സഹായസഹകരണം മൂലം ആശ്രമം സ്ഥാപിച്ചു നടത്തിവന്ന അദ്ദേഹം ആ പാവപ്പെട്ട സഭയെ ഉപേക്ഷിക്കുമെന്ന് ആര് വിചാരിച്ചു? മർത്താമറിയം സമാജാംഗങ്ങൾക്ക് ബഥനിയോടുള്ള ഭക്തിബഹുമാന സ്നേഹാധിക്യം നിമിത്തവും അത് സഭയുടെ ഉൽക്കർഷത്തിനായി ഭവിക്കുമെന്നുള്ള വിശ്വാസംകൊണ്ടും അവരേവരും അതിനെ ശക്തിക്കപ്പുറമായി സഹായിച്ചുകൊണ്ടാണിരുന്നത്. അതിന്റെ ഭാവഭേദം അവർക്ക് മർമ്മഭേദകമായിരുന്നു. ആ സംഭവം അവരെ അസ്വസ്ഥരാക്കി. അവരിൽനിന്നും ചിലർ റീത്തീകരിക്കപ്പെട്ടു. മറ്റു ചിലർ സമാജത്തെ കൈവെടിഞ്ഞു. സമാജത്തിന്റെ ഗതി മന്ദീഭവിച്ചു. എന്നിട്ടും നിരാശപ്പെടാതെ സ്ഥിരോത്സാഹത്തോടും ദൈവാശ്രയത്തിലും പ്രവർത്തിച്ചുകൊണ്ടിരുന്ന സെക്രട്ടറിമാരുടെ സഭാഭക്തി പ്രശംസനീയം തന്നെ.

ഇങ്ങനെയിരിക്കെ, ഫാദർ അലക്സിയോസ് അവർകൾക്ക് സമാജത്തിന്റെ അനാഥാവസ്ഥയിൽ അനുകമ്പ തോന്നി. ഗുരുവും ആശ്രമപിതാവുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെയും മറ്റും വേർപാടു മൂലം ദുസ്സഹമായ മനോവ്യഥ അനുഭവിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെയും സഹപ്രവർത്തകനായ ഫാദർ ബർസ്കീപ്പായുടെയും

മറ്റും വിശ്വാസസ്ഥിരതയും മാതൃകാസഭാഭക്തിയും അനുകരണീയം തന്നെ. സഭയ്ക്കെന്നപ്രകാരം മർത്താമറിയം വനിതാസമാജത്തിനു വേണ്ടിയും അധ്വാനിക്കുന്നതിന് വന്ദ്യവൈദികന്മാർ സന്നദ്ധരായത് വളരെ ആശ്വാസകരമായിരുന്നു. സമാജം വീണ്ടും ശക്തിയായി പ്രവർത്തനം തുടങ്ങി. രണ്ടാമത്തെ വർഷം തികഞ്ഞപ്പോഴേക്ക് സംഘങ്ങളുടെ എണ്ണം പതിനാലായി വർദ്ധിച്ചു. ദ്വിതീയ വാർഷികയോഗം 1106 ഇടവം 3-ാം തീയതി തുമ്പമൺ ഭദ്രാസന ഇടവകയുടെ നി. വ. ദി. ശ്രീ. മാർ പീലക്സിനോസ് എപ്പിസ്ക്കോപ്പാ തിരുമനസ്സിലെ അധ്യക്ഷതയിൽ കേമമായി ആഘോഷിക്കപ്പെട്ടു. സഭാഭ്രംശം ചെയ്ത മാർ ഈവാനിയോസ് തിരുമേനിക്കു പകരം സമാജത്തിന്റെ രക്ഷാധികാരിയായിരിക്കണമെന്നുള്ള അപേക്ഷയെ അദ്ദേഹം സന്തോഷപൂർവ്വം സ്വീകരിച്ചു. സംഘത്തിന് ഏഴ് അംഗങ്ങളടങ്ങിയ ഒരു കമ്മറ്റിയെ തിരഞ്ഞെടുത്തു. ബഥനി ആശ്രമാദ്ധ്യക്ഷനായ ഫാദർ അലക്സിയോസ് ഒ. ഐ. സി. അവർകൾ അതിന്റെ സ്ഥിരം പ്രസിഡന്റും ശ്രീമതി കെ. എം. അന്നാമ്മ സെക്രട്ടറിയും ആകുന്നു. ഈ മഹിളാരത്നത്തിന്റെ മതതീക്ഷ്ണതയും ഭക്തിവൈരാഗ്യവും സ്ഥിരോത്സാഹവും ഊർജ്ജസ്വലതയും സ്തുത്യർഹമത്രെ. സമാജത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി സർവാത്മനാ സഹകരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവളും സഭാ വിശ്വാസാചാരങ്ങളിൽ വളരെ നിഷ്ഠയുള്ളവളുമായ സഹസെക്രട്ടറി ശ്രീമതി കെ. എം. അച്ചാമ്മ അതിന് ഒരു ഭൂഷണം തന്നെയാണ്. വന്ദ്യപിതാക്കന്മാരായ കാതോലിക്കാബാവാ തിരുമനസ്സിലേയും വലിയ തിരുമേനിയുടെയും നിഴലിലും, വിശാലഹൃദയനായ കൊച്ചുതിരുമേനിയുടെ രക്ഷാധികാര കർത്തൃത്വത്തിലും സന്മനസുള്ള ഇടവകപ്പട്ടക്കാരുടെയും പ്രാദേശികോപദേഷ്ടാക്കളുടെയും പോഷണത്തിലും സെക്രട്ടറിമാരായ മഹിളാമണികളുടെ ദൈവാശ്രയത്തോടുകൂടെയുള്ള സ്ഥിരോത്സാഹത്തിലും, സർവ്വോപരി ആദർശസ്ത്രീരത്നമായ ദൈവമാതാവിന്റെ കാവലിലും മധ്യസ്ഥതയിലും സമാജം ജഗതീശകടാക്ഷത്താൽ സർവ്വോൽക്കർഷേണ വർത്തിക്കുമെന്ന് പ്രതീക്ഷിക്കാം.

(ബഥനി മാസികയിൽ നിന്ന്. എം. സി. കുറിയാക്കോസ് റമ്പാച്ചൻ രചിച്ച ഈ രണ്ട് ലേഖനങ്ങളും ജോയ്സ് തോട്ടയ്ക്കാട് സമാഹരിച്ചതാണ്.)

# 3

# ബതേലിലെ താമര

(പുത്തൻകാവ് ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ 1951 ഏപ്രിൽ 17-നു കുന്നംകുളത്തു വച്ചു ഹൃദ്രോഗബാധയെ തുടർന്ന് ദിവംഗതനായപ്പോൾ അത്യന്തം ദുഃഖിതനായ എം. സി. കുറിയാക്കോസ് റമ്പാൻ രചിച്ച വിലാപകാവ്യ സമാനമായ ലഘുഗ്രന്ഥമാണ് 'ബതേലിലെ താമര.' തിരുമേനിയുടെ ലഘു ജീവചരിത്രം, വിദ്യാഭ്യാസ രംഗത്തും മറ്റും കൈവരുത്തിയ വൻ നേട്ടങ്ങൾ, സഭയ്ക്കുണ്ടായ നഷ്ടം മുതലായ കാര്യങ്ങളും ഇതിൽ വിഷാദത്തിൽ പൊതിഞ്ഞ കാവ്യാത്മകമായ ഭാഷയിൽ ചിന്താബന്ധുരമായ കവിതാശകലങ്ങളുടെ അകമ്പടിയോടെ വിവരിച്ചിരിക്കുന്നു.)

ആണ്ടായിരമായ് നിലനിൽക്കുന്നിലവാൽഫലമെന്തുലകത്തിൽ?
പരമോന്നതവും പെരിയതുമാം പെരുമരമതിനാലെന്തുഗുണം?
പരിമിതമാംസമയം മാത്രം പരമൊളിചിതറും താമരയോ
പുരുമോദം ലോകർക്കരുളുന്നു.*

താമരകൾ! അവ സുന്ദരം തന്നെ. മഹാനായ ശലോമോൻ പോലും അദ്ദേഹത്തിന്റെ സർവ്വ മഹിമയിലും അവയിൽ ഒന്നിനെപ്പോലെ സുന്ദരനായിരുന്നില്ല.

സുന്ദരമായ ഒരു താമരപ്പുഷ്പം! ചെളിക്കുളത്തിൽ ശ്യാമള സസ്യങ്ങൾക്കിടയിൽ സുന്ദരമായ ഒരു താമരപ്പുഷ്പം വികസിച്ചു നിന്നിരുന്നു! ഒരു ദിവസം കഷ്ടം, അതു അടർന്നുപോയി. 'വീണപൂവി'ൽ കുമാരനാശാൻ എഴുതി:

"ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ, നീ
ശ്രീഭൂവിലസ്ഥിരം-അസംശയം... ഇന്നു നിന്റെ-
യാഭൂതിയെങ്ങു,പുനരിങ്ങു കിടപ്പിതോർത്താൽ!"

ചെങ്ങന്നൂർ ബതേലിൽ സുന്ദരമായൊരു താമരപ്പൂ വികസിച്ചു സകലർക്കും ആനന്ദം നൽകി നിന്നിരുന്നു. 1951 ഏപ്രിൽ 17-ാം തീയതി, കഷ്ടം, അത് അടർന്നു നിലംപതിച്ചുപോയി!

---

* ഉടയോൻ നാഥാ ഗിരിസീനാ - എന്ന മട്ടിൽ



"താരങ്ങൾ നിൻ പതനമോർത്തു തപി ച്ചഹോ ക-
ണ്ണീരായിതാ ഹിമകണങ്ങൾ പൊഴിച്ചി ടുന്നു
തണ്ടാർസഖൻ ഗിരിതടത്തിൽ വിവർണ്ണ നായ് നി-
ന്നിണ്ടൽപ്പെടുന്നു, പവനൻ നെടുവീർപ്പി ടുന്നു."

"ആരോമലാം ഗുണഗണങ്ങളിണങ്ങി, ദോഷ-
മോരാതുപദ്രവവുമൊന്നിനു ചെയ്തി ടാതെ,
പാരം പരാർത്ഥമിഹ വാണൊരു നിൻ ചരിത്ര-
മാരോർത്തുഹൃത്തടമഴിഞ്ഞുകരഞ്ഞുപോകാ?"

കണ്ടാലും ചെങ്ങന്നൂർ ബതേലിന്റെ സൗന്ദര്യം മങ്ങിപ്പോയിരിക്കുന്നു. വിളക്ക് അണഞ്ഞുപോയിരിക്കുന്നു. ശോഭ ഇരുളടഞ്ഞിരിക്കുന്നു. ചെങ്ങന്നൂർ മാത്രമല്ല, തൻമൂലം മ്ലാനമായി ഭവിച്ചിരിക്കുന്നത്. തുമ്പമൺ മെത്രാസനം മുഴുവൻ തന്നെ. തുമ്പമൺ മെത്രാസനം മാത്രമല്ല; മലങ്കര മുഴുവനും തന്നെ. യാത്രയാക്കേണ്ടവൻ യാത്രയായല്ലൊ എന്നു വിശുദ്ധ പിതാവും ശേഷം തിരുമേനിമാരും തപ്തചിത്തരുമായിരിക്കുന്നു.

മാർ പീലക്സിനോസു മെത്രാപ്പോലീത്താ തിരുമേനി! ആടുകൾക്കിടയിൽ കുഞ്ഞാടെന്നോണം തിരുമേനിമാരുടെയിടയിൽ കൊച്ചുതിരുമേനിയായി, സദാ സന്തുഷ്ടചിത്തനായി, പ്രസന്നമുഖനായി, ദിവ്യോപദേശ പീയൂഷം ഏവർക്കും രുചികരമായിരിക്കുമാറ് തയാറാക്കി ഏവർക്കും നിറയുമാറു കോരിക്കൊടുത്ത് ഇരുപതു വർഷവും ആറു മാസവും മലങ്കര സഭയെ പോഷിപ്പിച്ചുകൊണ്ടിരുന്ന ആ വന്ദ്യ കൊച്ചുതിരുമേനി, അനാരോഗ്യത്തെ അവഗണിച്ച്, ചുമതലാബോധത്തെ സംഗണിച്ച്, കുന്നംകുളത്ത് എത്തി ആ കൃത്യം നിർവഹിച്ചുവരവെ, രക്തസമ്മർദ്ദക്ഷോഭത്താൽ സ്തബ്ധഹൃദയനായി കാലം ചെയ്തുപോയി!

സന്താപമേ, സന്താപമേ, എന്നും-
തീരാതെകൊണ്ടുള്ള സന്താപമേ.

എന്നു പരുമല കൊച്ചുതിരുമേനിയുടെ ദേഹവിയോഗത്തെപ്പറ്റി അന്നു ഒരു അന്ധകവി എഴുതിയത് ഇതാ ഇവിടെയും യഥാർത്ഥമായി നിൽക്കുന്നു.

കുന്നംകുളമേ, കുന്നംകുളമേ, നിങ്കൽ സുവിശേഷഘോഷണാർത്ഥം വന്ന അഭിവന്ദ്യനായ മാർ പീലക്സിനോസ് തിരുമേനി എവിടെ? തുമ്പ മൺ നിന്നും നിങ്കലേക്കുവന്ന ഈ ഒരുവനോടു മാത്രമല്ലല്ലൊ നീ ഇപ്ര കാരം ചെയ്തത്. എത്രയും ശാന്തശീലന്മാരും ഭക്തശിരോമണികളും ആയിരുന്ന ആ കൊച്ചച്ചന്മാർ ഇരുവരും എവിടെ? പരസേവനമൂർത്തി യായിരുന്ന ആ ഉപദേശിയും എവിടെ? അവർ നിന്നിൽ മണ്ണോടുചേർന്നു ലയിച്ചിരിക്കയല്ലയോ? പക്ഷെ, നിന്റെ സന്താനങ്ങളായ രണ്ടു മേല്പട്ട ക്കാരെ അപ്രകാരം നീ തെക്കോട്ടു അയച്ചു എന്നതും വിസ്മരിക്കപ്പെടാ വുന്നതല്ല. അവരിരുവരും മലങ്കരസഭയെ പുഷ്ടിയുള്ള പുൽപ്പുറങ്ങളിൽ മേയിക്കുകയും സ്വച്ഛജലത്തിങ്കലേക്കു നടത്തുകയും ചെയ്തവരത്രെ. അവരുടെ കാലത്തു മലങ്കരസഭ അസൂയാർഹമാംവണ്ണം ഐശ്വര്യോന്മു ഖമായി നിന്നിരുന്നു. അവർ കോട്ടയത്തു വച്ചു കാലം ചെയ്തു: കോട്ട യത്തു അടക്കപ്പെട്ടു. നീ എന്തുകൊണ്ട് മാർ പീലക്സിനോസിന്റെ മൃത ശരീരം അവിടെത്തന്നെ നിക്ഷേപിച്ചില്ല? അദ്ദേഹത്തിന്റെ കബറിടം നിനക്ക് ഒരലങ്കാരവും മലങ്കരയിൽ ദക്ഷിണോത്തര സൗഹാർദ്ദ സംര ക്ഷണത്തിന് ഉത്തേജകവും ആകയില്ലായിരുന്നുവോ?

"ഇനി ദാസന്മാർ എന്നു നിങ്ങളെ ഞാൻ വിളിക്കുന്നില്ല..... സ്നേഹി തന്മാർ എന്നു നിങ്ങളെ ഞാൻ വിളിച്ചിരിക്കുന്നു" എന്നു നമ്മുടെ കർ ത്താവ് ഒരിക്കൽ തന്റെ ശിഷ്യന്മാരോടു അരുളിയല്ലൊ. തദനുസരണമാ യിട്ടോ എന്നു തോന്നുമാറു, കുശിനിക്കാരൻ മുതൽ മേലോട്ടു സകല രോടും ആ സ്നേഹിത സമഭാവനയിലത്രേ മാർ പീലക്സിനോസ് തിരു മേനി വർത്തിച്ചുവന്നത്. തന്മൂലം തിരുമേനിയോടു ഒട്ടുവളരെ ആളു കൾക്കു ഉള്ളഴിഞ്ഞ സ്നേഹം ഉണ്ടായിരുന്നു. മരുത്തംകോട്, കുന്നം കുളം, കോട്ടയം, ചിങ്ങവനം, കുറിച്ചി, ചങ്ങനാശ്ശേരി, തിരുവല്ലാ, ഉമയാ റ്റുകര, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിൽ അദ്ദേഹത്തെ ഒരു അന്ത്യനോക്കു കാണുവാൻ കൂടിയിരുന്ന ബഹുജനങ്ങളും കടശ്ശി പുത്തൻകാവിൽ കാണ പ്പെട്ട ആ സന്തപ്ത മനുഷ്യമഹാസമുദ്രവും ആ സ്നേഹതാല്പര്യ ങ്ങൾക്കു സാക്ഷ്യം വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ സ്മരണ വികസി ക്കുമാറ് ഒരു സഭയെന്നോണം തന്നെ വിപുലമായ കുന്നംകുളത്തോ, തുമ്പ മൺ മെത്രാസനത്തിന്റെ കേന്ദ്രവും ഒരു പൊതുസ്ഥലവുമായ ബതേ ലിലോ അദ്ദേഹം കബറടക്കപ്പെടേണ്ടതായിരുന്നു എന്നു പലർക്കും തോന്നിയേക്കാം. എന്നാൽ രണ്ടു മലങ്കര മെത്രാപ്പോലീത്തന്മാർ വിശ്രമം കൊള്ളുന്ന അദ്ദേഹത്തിന്റെ സ്വന്ത ഇടവകപ്പള്ളിയിൽ തന്നെ അദ്ദേഹവും കബറടക്കപ്പെടണം എന്നായിരുന്നു ദൈവനിശ്ചയം. പരുമലപ്പള്ളി മദ്ബ ഹായുടെ വടക്കേ ഭാഗത്തു പരിശുദ്ധനായ മാർ ഗ്രീഗോറിയോസ് എന്ന പ്രകാരം പുത്തൻകാവു പള്ളിയുടെ വടക്കുവശത്തു മാർ പീലക്സി

നോസ് തിരുമേനി വിശ്രമം കൊള്ളുന്നു. അദ്ദേഹത്തിന്റെ സ്ഥാനമഹിമയ്ക്കു അനുയോജ്യമായ ഒരു കബറിടം ഇടവകക്കാർ താല്പര്യപൂർവ്വം നിർമ്മിച്ചുകൊണ്ടിരിക്കുന്നു എന്നതും അദ്ദേഹത്തിന്റെ ആത്മശക്തിയെക്കുറിച്ച് ജനങ്ങളിൽ വിശ്വാസം അങ്കുരിച്ചും വികസിച്ചും കൊണ്ടിരിക്കുന്നു എന്നതും ചാരിതാർത്ഥ്യകരമത്രെ.

തിരുമേനിയുടെ മരണശേഷം വിപുലമായ തോതിൽ അനേകം അനുശോചനയോഗങ്ങൾ നടന്നിട്ടുള്ളതും ജാതിമതസഭാഭേദമെന്യെ ജനങ്ങൾക്ക് അദ്ദേഹത്തോടുള്ള ഭക്തിസ്നേഹ ബഹുമാനങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു. ജീവിതശേഷം അനുശോചന പ്രകടനങ്ങൾ നടത്തുന്നതോ ജീവിതവേളയിൽ മനസ്സിനെ തണുപ്പിക്കുന്നതോ ഏതാണു പുണ്യതരമെന്നു വായിക്കുന്നവൻ ചിന്തിക്കട്ടെ. രണ്ടാമത്തെ അനുഭവം ആസ്വദിക്കുന്നതിന് അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ള സന്ദർഭങ്ങൾ വളരെ വിരളമായിരുന്നു എന്നു പറയുന്നതിൽ തെല്ലും തെറ്റുണ്ടായിരിക്കയില്ല.

"ഉരുക്കിടുന്നു മിഴിനീരിലിട്ടു
മുക്കുന്നു മുറ്റും ഭൂവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയെന്തോ
പണിത്തരത്തിന്നുപയുക്തമാക്കാൻ"

എന്ന പദ്യശകലം അദ്ദേഹം പ്രസംഗമദ്ധ്യേ പലപ്പോഴും ആലപിച്ചിട്ടുള്ളത് സ്വാനുഭവങ്ങളുടെ മാറ്റൊലി കൂടെ ആയിരുന്നില്ലയോ എന്ന് ഈ ലേഖകനു തോന്നിയിട്ടുണ്ട്. രണ്ടു വർഷം മുമ്പുവരെ അദ്ദേഹത്തിന്റെ പ്രധാന പല്ലവി അതായിരുന്നു. എന്നാൽ ഇക്കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ അദ്ദേഹത്തിന്റെ പ്രധാന പല്ലവി "അവന്റെ കെട്ടുകൾ അഴിച്ചു വിടുവിൻ; അവൻ പോകട്ടെ" എന്നു ലാസറിന്റെ കബറിങ്കൽ നിന്നുകൊണ്ടു യേശുതമ്പുരാൻ അരുളിയ തിരുമൊഴി ആയിരുന്നു. കണ്ണുകൾ അടയുമ്പോൾ അദ്ദേഹത്തിനു അമ്പത്തിമൂന്നു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു എങ്കിലും മരണം സമീപിക്കുന്നു എന്ന ചിന്ത അദ്ദേഹത്തെ ബാധിച്ചുകൊണ്ടിരുന്നു എന്ന് അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും സംസാരങ്ങളിലും ധാരാളം സ്ഫുരിച്ചുകൊണ്ടിരുന്നു. കുന്നംകുളത്തു വച്ചു മുപ്പത്താറാം ഞായറാഴ്ച കാതോലിക്കാദിനം പ്രമാണിച്ച് അദ്ദേഹം ചെയ്ത പ്രസംഗത്തിൽ "സമുദായ സേവനാർത്ഥം യുവജനങ്ങൾ മുമ്പോട്ടു വരണം. ഇന്നത്തെ സഭാപ്രവർത്തകരിൽ പ്രായം ചെന്നവരും, ഒരു പക്ഷെ ഞാനും നാളെ അല്ലെങ്കിൽ മറ്റന്നാൾ കടന്നുപോകേണ്ടവരാണ്" എന്നു പ്രബോധിപ്പിക്കുകയുണ്ടായി. ആ മറ്റന്നാൾതന്നെ – ചൊവ്വാഴ്ച – അദ്ദേഹം കടന്നുപോകയും ചെയ്തു. മരണസമയം സമീപിക്കുന്നു എന്ന ബോധത്തോടും തദനുസരണമുള്ള ദൈവാശ്രയത്തോടും ഒരുക്കത്തോടും കൂടെയാണ് അദ്ദേഹം കണ്ണുകൾ അടച്ചത് എന്ന വസ്തുത അദ്ദേഹത്തിനു

ഭാഗ്യവും ശേഷിച്ചിരിക്കുന്നവർക്ക് ആശ്വാസവും ആകുന്നു. കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അവന്റെ ഭക്തന്മാരുടെ മരണം അവന്റെ കണ്ണുകളിൽ വിലയേറിയതാകുന്നു.

“മണ്ണാലെയുരുവായ് ചമഞ്ഞതടിയാമണ്ണോടുതാൻ ചേർന്നു പോം
ദണ്ഡം ചെയ്തു കരസ്ഥമായ മുതലും കൈവിട്ടുപോമേകദാ.
‘പുണ്യം ശാശ്വതമായതാണു മതിമാൻ നേടേണ്ട സമ്പാദ്യമാ-
വിണ്ണിൽചേർന്നഖിലേശപാദസവിധേനിത്യംസുഖിച്ചീടുവാൻ.”

മണിക്കൂറിൽ മൂന്നരമൈൽ തുഴയുവാൻ കഴിവുള്ള ഒരു വള്ളക്കാരൻ മണിക്കൂറിൽ നാലു മൈൽ വേഗത്തിൽ ഒഴുകുന്ന ഒരു നദിയിൽക്കൂടെ ഒഴുക്കിനെതിരായി തുഴഞ്ഞാൽ മണിക്കൂറിൽ അര മൈൽ പുറകോട്ടായിരിക്കും പോകുന്നത് എന്നതു സ്പഷ്ടമാണല്ലോ. മലങ്കരസഭയിൽ സമുദായ സേവനത്തിന് ഇറങ്ങിയിട്ടുള്ള മിക്കവരുടെയും അനുഭവം ഇതാണ്. തന്മൂലം ചിലർ ഒഴുക്ക് കുറഞ്ഞ ശാഖകളിലേക്കു മാറി. മറ്റു ചിലർ തുഴച്ചിൽ നിറുത്തി കരയ്ക്കു ചാടി. എന്നാൽ മാർ പീലക്സിനോസു തിരുമേനിയാകട്ടെ ഒഴുക്കിനെതിരായി സ്ഥിരോത്സാഹത്തോടെ ഇരുപതു വർഷത്തോളം തുഴഞ്ഞ്, കൈകൾ കുഴഞ്ഞിട്ടും ജന്മസിദ്ധമായ ഉന്മേഷത്തോടെ തുഴഞ്ഞ്, മണിക്കൂറിൽ നാലരമൈൽ തുഴയത്തക്ക - അതായത് അരമൈൽ വീതം പുരോഗമിക്കത്തക്ക - സ്ഥിതിയിലേക്കു കടന്നിരിക്കവേയത്രെ ആയുസ്സിന്റെ മദ്ധ്യത്തിൽ 1951 ഏപ്രിൽ 17-ാം തീയതി അദ്ദേഹം അപ്രതീക്ഷിതമായി കുന്നംകുളം മരുത്തങ്കോട്ടു ചാപ്പലിൽ വച്ചു കാലം ചെയ്തത്.

“എന്തിന്നലിഞ്ഞു ഗുണധോരണിവച്ചു നിന്മേ-
ലെന്തിന്നതാശു വിധിയേവമപാകരിച്ചു?
ചിന്തിപ്പതാരരിയ സൃഷ്ടിരഹസ്യ മാവ
തെന്തുള്ളു - ഹാ! ഗുണികളൂഴിയിൽ നീണ്ടുവാഴാ.”

സുപ്രസിദ്ധമായ കിഴക്കെത്തലയ്ക്കൽ കുടുംബത്തിലെ 41-ാമത്തെ പുരോഹിതനായ മാർ പീലക്സിനോസ് 1897 ജൂൺ 10-ാം തീയതി സംജാതനായി. തിരുമനസ്സിലെ വന്ദ്യപിതാവായ തോമ്മസു കത്തനാർ നവീകരണയിളക്കക്കാലത്തു പള്ളിതോറും സഞ്ചരിച്ച് തന്റെ വാഗ്വിലാസപ്രസംഗങ്ങളാൽ വിശ്വാസികളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചിട്ടുള്ള ഒരു സഭാപ്രസംഗിയും മാതാവായ ശോശാമ്മ ഓർത്തഡോക്സ് വിശ്വാസാചാരങ്ങളിൽ എത്രയും നിഷ്ഠയുള്ള ഒരു സഭാഭക്തയും ആയിരുന്നു. അവർ ഇരുവരോടും തിരുമേനിക്കുണ്ടായിരുന്ന ഭക്തി സ്നേഹ ബഹുമാനങ്ങൾ പലരേയും വിസ്മയിപ്പിച്ചിട്ടുണ്ട്. അദ്ദേഹം ഒരു ഹൈസ്കൂൾ വിദ്യാർത്ഥി ആയിരുന്നപ്പോൾ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോ

ലീത്താ അദ്ദേഹത്തെ ശെമ്മാശനാക്കി. പഠിത്തം തുടർന്ന് കോട്ടയം കോളജിൽ നിന്നും ഇന്റർ കഴിഞ്ഞശേഷം അദ്ദേഹം സെറാമ്പൂർ കോളജിൽ ചേർന്നു വൈദിക വിദ്യാഭ്യാസം നടത്തി. അദ്ദേഹത്തിന്റെ അദ്ധ്യയന സാമർത്ഥ്യവും പുസ്തക പാരായണ പ്രതിപത്തിയും പ്രസംഗ ചാതുര്യവും വ്യായാമ തല്പരതയും മൂലം പ്രസിദ്ധ പ്രിൻസിപ്പാളായിരുന്ന ജോർജ്ജ് ഹവ്വൽസും പ്രൊഫസറന്മാരും അദ്ദേഹത്തെ അഭിനന്ദിച്ചിരുന്നു. അവിടെനിന്നും ബി. ഡി. ബിരുദം പ്രശസ്തമായി സമ്പാദിച്ച ശേഷം 1922 മുതൽ 1925 വരെ അദ്ദേഹം കോട്ടയം എം. ഡി. സിമ്മനാരിയിൽ ഒരദ്ധ്യാപകനായിരുന്നു. പിന്നീട് അദ്ദേഹം കൽക്കട്ടാ സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യം ഐച്ഛികമായി എടുത്തു എം. എ. ഡിഗ്രി നേടി. താമസിയാതെതന്നെ മലങ്കര മെത്രാപ്പോലീത്താ അദ്ദേഹത്തിനു കശീശാപ്പട്ടം നൽകി. അനന്തരം പുത്തൻകാവു ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ പ്രധാനാദ്ധ്യാപക ജോലി നിർവ്വഹിച്ചു. പള്ളിക്കാര്യങ്ങളിൽ സ്വപിതാവിനെ സഹായിച്ചുംകൊണ്ടിരുന്ന ഘട്ടത്തിൽ ബഥനി ആശ്രമത്തിൽ കാർമേഘങ്ങൾ ഉയരുന്നതായി കാണുകയാൽ കാതോലിക്കാബാവാ തിരുമേനിയും മലങ്കര മെത്രാപ്പോലീത്തായും കൂടി അദ്ദേഹത്തെ പൊതുസമുദായ സേവനത്തിനായി വിളിച്ചു. അദ്ദേഹം ആ വിളി സ്വീകരിച്ചു. ബാവാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ റമ്പാനാക്കി. ഒരു വർഷത്തോളം അദ്ദേഹം അധ്യയന ദിവസങ്ങളിൽ കോട്ടയം സിറിയൻ സിമ്മനാരിയിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചും ശനി, ഞായർ ദിവസങ്ങളിൽ പള്ളികളിൽ സഞ്ചരിച്ചും കഴിച്ചുകൂട്ടി. അങ്ങനെ ഇരിക്കവെ, 1930 സെപ്റ്റംബർ മാസത്തിൽ ബഥനി ആശ്രമത്തിന്റെ പ്രഥമാദ്ധ്യക്ഷനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, മാർ തെയോഫിലോസ് എപ്പിസ്കോപ്പാ മുതലായ ഏതാനും ആശ്രമസ്ഥന്മാരുമായി സഭാഭ്രംശം ചെയ്തു! ആശ്രമാദർശ പ്രചരണാർത്ഥം പ്രസംഗങ്ങളും ധനശേഖരവും നടത്തി മലങ്കരെയുള്ള മിക്ക പള്ളികളിലും സഞ്ചരിച്ച്, ആശാദീപമായ ആശ്രമ പ്രസ്ഥാനം മൂലം ബഹുക്കളുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിച്ചിരുന്ന അദ്ദേഹത്തെ അനേകം പട്ടക്കാരും അത്മായരും അനുഗമിക്കുമെന്നും സമുദായം തകർന്നു പോകുമെന്നും പലരും സംഭ്രമിച്ചു. എന്നാൽ മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കാബാവാ തിരുമേനിയുടെയും ഉറച്ച നില മൂലം ആ ഭീതിയൊക്കെയും മാറിപ്പോയി. ബാവാ തിരുമനസ്സുകൊണ്ട് അടുത്ത മാസത്തിൽ തന്നെ (നവംബർ 2-ാംനു) പരുമലപ്പെരുന്നാളിൽ കെ. റ്റി. ഗീവറുഗീസ് റമ്പാച്ചനെ മാർ പീലക്സിനോസ് എന്ന നാമത്തിൽ തുമ്പമൺ മെത്രാസനത്തിന്റെ എപ്പിസ്ക്കോപ്പായായി വാഴിച്ചു. ഇതിന്നിടയ്ക്കു മലങ്കര അസോസിയേഷൻ അദ്ദേഹത്തെ മേല്പട്ടസ്ഥാനത്തേയ്ക്കു തെരഞ്ഞെടുത്തുമിരുന്നു. സ്ഥാനാഭിഷിക്തനായപ്പോൾ മുതൽ മരണം വരെയും അദ്ദേഹം വിശ്രമമെന്യേ സഭാ

സേവനം ചെയ്തുകൊണ്ടിരുന്നു എന്നു പറയാം. ആദ്യകാലത്ത്, റീത്തിന്റെ അക്രമങ്ങൾ ഉണ്ടായേക്കാമെന്നു സംശയമുണ്ടായിരുന്ന ഇടവകകളിലൊക്കെയും അദ്ദേഹം സഞ്ചരിച്ച് സ്വതസിദ്ധമായ ഫലിതകാര്യവാഗ്ധാടിയോടെ റോമ്മനുപദേശങ്ങളുടെ അബദ്ധങ്ങൾ വിശ്വാസികളെ ഗ്രഹിപ്പിച്ച് അവരെ വഴിതെറ്റിപ്പോകാതെ സത്യമാർഗ്ഗത്തിൽ ഉറപ്പിച്ചുകൊണ്ടിരുന്നു. പിന്നീട് അദ്ദേഹം സ്വന്ത മെത്രാസന കാര്യങ്ങളിൽ കൂടുതലായ ശ്രദ്ധ പതിക്കുകയും അതിനു പ്രശംസാർഹമായ പുരോഗമനം കൈവരുത്തുകയും ചെയ്തു.

ഇരുപതു വർഷത്തോളം തുമ്പമൺ മെത്രാസനം ഭരിച്ചശേഷം ഭരണത്തിൽ നിന്നും വിരമിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഏതാനും മാസങ്ങൾ അദ്ദേഹം സ്വസ്ഥമായിരുന്നു. ആ പ്രശാന്തതയിൽ അദ്ദേഹം പ്രശാന്തമായി ചിന്തിച്ചാറെ മേല്പട്ടക്കാരിലേക്കും ഇളയവനായ താൻ അപ്രകാരം ചെയ്യുന്നതു കൃത്യവിലോപമാണല്ലോ എന്നൊരു കുറ്റബോധം അദ്ദേഹത്തിൽ അങ്കുരിച്ചു. തന്മൂലം അദ്ദേഹം വീണ്ടും സഭാരംഗത്തേക്കുവന്നു സേവനം തുടർന്നു.

വയോവൃദ്ധനായ വിശുദ്ധ പിതാവിനെ സഭാഭരണത്തിൽ സഹായിക്കുവാൻ ഏറ്റവും കടപ്പെട്ടവൻ താൻ തന്നെയാണ് എന്നൊരു ബോധവും മരണത്തിനു ഏതാനും മാസങ്ങൾക്കു മുമ്പു തിരുമേനിയിൽ ശക്തിയായി ഉദിച്ചു. തൽഫലമായി ആഴ്ചയിൽ ഒരിക്കൽ സുറിയാനി സിമ്മനാരിയിൽ ചെന്നു ബാവാ തിരുമേനിയെ സന്ദർശിക്കുന്നതും സമുദായ ആപ്പീസിൽ കയറി കാര്യങ്ങൾ അന്വേഷിക്കുന്നതും അദ്ദേഹം പതിവാക്കി. അപ്പീസുകാര്യങ്ങൾ കുറെക്കൂടെ ക്രമമായും ഊർജ്ജിതമായും നടക്കേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹത്തിനു ബോധ്യപ്പെട്ടു. ചുമതലപ്പെടുത്തുന്ന ഏതു കാര്യവും എത്രയും കണിശമായി ഈ ലിഖിതാവു ചെയ്യുമെന്നു മെ. എം. എ. ചാക്കോ, ഒ. എം. ചെറിയാൻ, എ. എം. വർക്കി, മാത്തൻ മാപ്പിള മുതലായവർ തിരുമേനിയോടു പറഞ്ഞിട്ടുണ്ടെന്നും തിരുമനസ്സിലേയും അഭിപ്രായം അതുതന്നെ ആണെന്നും കഴിഞ്ഞ ഫെബ്രുവരി മാസം 28-ാംനു തിരുമനസ്സുകൊണ്ട് ഇവിടെ എന്റെ വാസസ്ഥലത്തുവന്ന് എന്നോടു കല്പിക്കയും അപ്പീസിന്റെ ചുമതല ഞാൻ കയ്യേൽക്കണമെന്നു നിർബന്ധിക്കയും ചെയ്തു. മുമ്പു ഞാൻ സമുദായ സെക്രട്ടറിയായിരുന്നപ്പോൾ ആ സ്ഥാനം രാജിവയ്ക്കുന്നതിനും, പിന്നീടു മൂന്നര വർഷത്തോളം കുണ്ടറ ഹൈസ്കൂൾ കറസ്പോണ്ടന്റായിരുന്ന ശേഷം 1951 ജനുവരി മാസത്തിൽ ആ ജോലിയിൽ നിന്നു പിന്മാറുന്നതിനും ഇടയാക്കിയ മർമ്മഭേദക വസ്തുതകൾ തിരുമേനിയെ ഞാൻ അനുസ്മരിപ്പിക്കുകയും, ഇപ്പോൾ രണ്ടു മാസത്തോളമായി സ്വസ്ഥമായി പർദൈസാസദൃശമായ പ്രശാന്തത ആസ്വദിച്ചുകൊണ്ടിരിക്കുന്ന എന്നെ ശല്യകര

മായ ജോലികൾക്കു നിർബന്ധിക്കരുതെന്ന് അപേക്ഷിക്കുകയും ചെയ്തു. എങ്കിലും പരിപൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തുകൊണ്ടുള്ള തിരുമേനിയുടെ നയവിശേഷ നിർബന്ധത്തിനു ഞാൻ വശംവദനായി ജോലി സ്വീകരിക്കുന്നതിന് അദ്ദേഹത്തോടുകൂടെ അന്നു സിമ്മനാരിയിൽ ചെന്നു. നിസ്വാർത്ഥന്മാരായിരുന്ന മെ. ചാക്കോ, ചെറിയാൻ, വർക്കി, മാത്തൻ മുതലായ സിംഹപുരുഷന്മാരുടെ കാലം കഴിഞ്ഞു പോയി എന്ന് പലപ്പോഴുമെന്നപ്രകാരം അപ്പോഴും എനിക്കു ബോദ്ധ്യമാവുകയും ഞാൻ ആഫീസിന്റെ ചുമതല ഭരമേറ്റാൽ അപ്പോഴത്തെ കേന്ദ്ര പ്രവർത്തകരിലെ ചില സ്വാർത്ഥ തല്പരരിൽ നിന്നു പ്രതികൂല സാഹചര്യങ്ങൾ ധാരാളമായി ഉണ്ടാകുമെന്ന് എനിക്കു മനസ്സിലാകുകയും ചെയ്തു. മാത്രമല്ല, സമുദായ ആഫീസിൽ ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുവാൻ തുമ്പമൺ മെത്രാപ്പോലീത്തായ്ക്കും അതു സ്വീകരിപ്പാൻ എനിക്കും ഉള്ള അവകാശം എന്ത് എന്നൊരു നിയമ പ്രശ്നവും ഉന്നീതമായി. ആകയാൽ പിറ്റേദിവസം – മാർച്ച് ഒന്നാം തീയതി – മൂന്നു മണിക്കു ഞങ്ങൾ മടങ്ങി. അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ കാറിൽ തിരുനക്കര വരെ കൊണ്ടുവന്നു. അവിടെവച്ചു ഞാൻ ഇറങ്ങി അദ്ദേഹം പരാജിതനായതിലുള്ള മനസ്താപത്തോടെ കൈമുത്തി യാത്ര പറഞ്ഞു പാത്താമുട്ടത്തേക്കു പോന്നു. അദ്ദേഹം ഒരു ശവമടക്കം പ്രമാണിച്ച് ആ വഴി റാന്നിക്കും എഴുന്നള്ളി. പിന്നീട് ഞങ്ങൾ പരസ്പരം കണ്ടിട്ടില്ല. അതു ഞങ്ങളുടെ അന്ത്യയാത്രപറച്ചിൽ ആയിരുന്നു! സമുദായ പുരോഗമനാർത്ഥം കഷ്ടപ്പെട്ടും നഷ്ടപ്പെട്ടും സേവനമനുഷ്ഠിക്കുവാൻ ആശയ സമ്പന്നനായ ആ തിരുമേനിയെ അദ്ദേഹത്തിന്റെ അന്തഃകരണം ഏറ്റവും ശക്തിയായി പ്രചോദിപ്പിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിലത്രേ അദ്ദേഹം അന്തരിച്ചു പോയതു എന്ന വസ്തുത എത്രയും മർമ്മഭേദകമായിരിക്കുന്നു. അതും മലങ്കര സഭയുടെ ചരിത്രത്തിൽ നെടുനീളെ കാണപ്പെടുന്ന തറി ഒരു അനുഭവ ഭാഗ്യഹീനതയത്രെ.

"ലോകാംബതൻ മാറിലെ മാലയിൽ നി-
ന്നുതിർന്നുവാരുറ്റൊരമൂല്യരത്നം:
നീലാംബരത്തിങ്കലുദിച്ചുയർന്ന
പൊൻതാരകം ഹന്ത! പൊലിഞ്ഞുപോയി."

മലങ്കരസഭയുടെ പുരോഗമനത്തിനു ഭിന്നകക്ഷികളുടെ യോജിപ്പ് ആവശ്യമാണ് എന്നു വർഷങ്ങൾ കടക്കവെ അദ്ദേഹം കൂടുതൽ കൂടുതൽ തെളിവായി ദർശിച്ചിരുന്നു. 1938-ലെ ആലുവാ വട്ടമേശ സമ്മേളനത്തിൽ അദ്ദേഹം യോജിപ്പിന് അനുകൂലിയായിരുന്നില്ല. എന്നാൽ 1950-ലെ ചിങ്ങവനം വട്ടമേശ സമ്മേളനമായപ്പോഴേക്കു നിർബന്ധബുദ്ധി യോജിപ്പിനു പ്രതിബന്ധമാണ് എന്ന അഭിപ്രായത്തിൽ അദ്ദേഹം ചെന്നെത്തി

യിരുന്നു. അവിടെ അദ്ദേഹം വിട്ടുവീഴ്ചകൾക്കു സന്നദ്ധനായും യോജിപ്പിനു അനുകൂലിയായും കാണപ്പെട്ടു. എന്നാൽ ചിങ്ങവനം വ്യവസ്ഥകൾക്കു അദ്ദേഹം ഒപ്പു വച്ചത് പട്ടത്വസ്ഥാനസാധുത്വം സംബന്ധിച്ച് സംശയസൂചന പോലും പുറപ്പെടുവിക്കുകയില്ലെന്നു മാർ യൂലിയോസ് തിരുമേനി അദ്ദേഹത്തിനു രഹസ്യമായി ഉറപ്പു നൽകിയിരുന്നതിനെ വിശ്വസിച്ചായിരുന്നു എന്ന് അദ്ദേഹം പിന്നീട് പലപ്പോഴും കല്പിച്ചിട്ടുള്ളതു ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പലപ്പോഴും നിർദ്ദേശിച്ചിട്ടുള്ളപ്രകാരം സ്നേഹാത്മാവിലുള്ള പരസ്പര സ്വീകരണമല്ലാതെ യോജിപ്പിനു മാർഗ്ഗമില്ല. ഗ്രീഗോറിയോസ് ബാറെബ്രായയുടെ ഹൂദായ കാനോനും, അബ്ദൽ മ്ശിഹാ പാത്രിയർക്കീസിന്റെ പ്രധാന കാർമ്മികത്വത്തിൽ 1912-ാമാണ്ട് മലങ്കരയിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ട പൗരസ്ത്യ കാതോലിക്കാ സിംഹാസനവും വർജ്ജിക്കണമെന്നു പാത്രിയർക്കീസ് കക്ഷി ശഠിക്കുന്നിടത്തോളം കാലം യോജിപ്പു സാദ്ധ്യവുമല്ല.

മലങ്കരസഭയിലെ ഭിന്നകക്ഷികളുടെ യോജിപ്പിൽ മാത്രമല്ല നമ്മിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ള ചില സഭാവിഭാഗങ്ങളുമായുള്ള ഐക്യത്തിലും അദ്ദേഹം ആകാംക്ഷയുള്ളവനായിരുന്നു. തന്മൂലം അദ്ദേഹത്തിന്റെ വേർപാടിനെ ഒരു വലിയ നഷ്ടമായി മലങ്കരസഭയെന്നോണം ഇതര സഭകളും കരുതുന്നു. എന്നാൽ ഭിന്നിച്ചു പിരിഞ്ഞിട്ടുള്ള ഏതെങ്കിലും രണ്ടു സഭകൾ യോജിച്ച് ഒരു മേലദ്ധ്യക്ഷന്റെ കീഴിൽ വന്നിട്ടുള്ളതായി അറിവില്ല.

സഭാപുരോഗമനത്തെ കരുതി അഭ്യസ്തവിദ്യരായ യുവാക്കന്മാരെ നേടിക്കൊണ്ടിരിക്കണം എന്ന ലാക്ക് അദ്ദേഹത്തിന് ഉണ്ടായിരുന്നു. കോളജ് വിദ്യാർത്ഥികളും സാമാന്യം സൽസ്വഭാവികളുമായ യുവാക്കന്മാരെ ഒറ്റയ്ക്കു കാണുമ്പോൾ “നീ പട്ടമേൽക്കണം” എന്നു ധൈര്യമായി കല്പിക്കുക അദ്ദേഹത്തിനു പതിവായിരുന്നു. അതു തീരെ നിഷ്ഫലമായിപ്പോയതുമില്ല. അങ്ങനെ നേടിയവരിൽ ചിലരെ കൂട്ടിയത്രെ ബേസിൽ ദയറാ അദ്ദേഹം സ്ഥാപിച്ചിട്ടുള്ളത്. ഏതെങ്കിലുമൊരു കാര്യത്തെക്കുറിച്ച് “പ്രാർത്ഥിക്കണം” എന്നു അദ്ദേഹം ആരോടെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് ബേസിൽ ദയറായ്ക്കുവേണ്ടി ആയിരുന്നു. കേവലം ശൈശവാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ബേസിൽ ഗ്രൂപ്പു ശരിയായി സംഘടിപ്പിക്കപ്പെട്ട് ഒരു ദയറായായി വളർന്നു വന്നാൽ അത് തിരുമേനിക്ക് ഏറ്റവും പ്രിയപ്പെട്ട സ്മാരകവും സഭയ്ക്ക് ഒരു ഭൂഷണവും ആയിരിക്കും. തുമ്പമൺ മെത്രാസനത്തിന്റെ പുരോഗമനത്തിനുള്ള ശക്തിസംഭരണാലയമായിട്ടത്രേ തിരുമേനി അതിനെ കരുതിയിരുന്നത്.

പത്തനംതിട്ട കാതോലിക്കേറ്റു ഹൈസ്കൂളും മേല്പറഞ്ഞ ബേസിൽ

ദയറായും പുത്തൻകാവു മെട്രോപ്പോലിറ്റൻ ഹൈസ്കൂളും, ചെങ്ങന്നൂർ ബതേലും അദ്ദേഹത്തിന്റെ നേട്ടങ്ങൾ ആകുന്നു. അവയ്ക്കുവേണ്ടി അദ്ദേഹം വളരെ കഷ്ടപ്പെട്ടിട്ടുണ്ട്. സ്വദേശികളായ ചിലരുടെ എതിർപ്പി നിടയിൽ സ്ഥാപിക്കപ്പെട്ട മെട്രോപ്പോലിറ്റൻ ഹൈസ്കൂളിനു വേണ്ടി തിരു മേനി സഹിച്ചിട്ടുള്ള മനഃപ്രയാസങ്ങളും ശാരീരിക ക്ലേശങ്ങളും ചില്ലറ യല്ല. 1948-ൽ അവിടെ നാലാം ഫാറം ആരംഭിച്ചു. എന്നാൽ അടുത്ത വർഷം അഞ്ചാം ഫാറം നിഷേധിക്കപ്പെടുവാൻ ഇടയായി. എങ്കിലും 1950-ൽ അദ്ദേഹം തൃശ്ശൂർ എത്തി ഒരു രാജകുമാരനായ ഡയറക്ടർ മി. ഐ. എൻ. മേനോനെ നേരിട്ട് കണ്ട് അഞ്ചാമത്തേയും ആറാമത്തേയും ഫാറങ്ങൾക്ക് അനുവാദം ഒരുമിച്ചു വാങ്ങി. അപ്പോൾ സന്ദർഭവശാൽ ഞാനും കൂടെ ഉണ്ടായിരുന്നു. അദ്ദേഹത്തിനു ഉണ്ടായിരുന്ന ബാങ്ക് നിക്ഷേപം മുഴുവൻ അദ്ദേഹം ആ സ്ഥാപനത്തിനുവേണ്ടി ചെലവഴിച്ചു എന്നു മാത്രമല്ല അനേക രാത്രികൾ ഉറക്കമില്ലാതെ കഴിക്കയും ഒട്ടുവളരെ കണ്ണുനീർ അവിടെ പൊഴിക്കുകയും ചെയ്തിട്ടുണ്ട്. ആരറിയും? ആർ കൃതജ്ഞതാപൂർവ്വം സ്മരിക്കും? ദൈവഭൃത്യരായ മിക്ക പൊതു മനു ഷ്യരുടെയും അനുഭവം ഒന്നു തന്നെ. ചങ്കിൽ കൂടി വാൾ! എങ്കിലും പീഡി തരിൽ അത് ദൈവാശ്രയത്തെ പോഷിപ്പിച്ചുകൊണ്ടിരിക്കും എന്നൊരു ആശ്വാസം അവർക്കുണ്ട്.

സംഗതിവശാൽ, കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ പലപ്പോഴും ബതേ ലിൽ ചെന്നു താമസിക്കേണ്ട ആവശ്യം എനിക്ക് നേരിട്ടിട്ടുണ്ട്. അപ്പോ ഴൊക്കെയും തിരുമനസ്സുകൊണ്ടു പ്രദർശിപ്പിച്ചിട്ടുള്ള സ്നേഹവാത്സല്യ ങ്ങളെയും സഹതാപബുദ്ധിയെയും കുറിച്ച് എനിക്ക് വളരെ ഭക്ത്യാദരവും കൃതജ്ഞതയും അത്രേ തോന്നിയിട്ടുള്ളത്. ആ സമ്പർക്കം ഞങ്ങളെ കൂടുതലായി അടുപ്പിച്ചുകൊണ്ടുമിരുന്നു. കപടഭക്തി അദ്ദേഹത്തെ ഒരി ക്കലും തീണ്ടിയിരുന്നില്ല. ഭക്തിപ്രകടനങ്ങളോട് അദ്ദേഹത്തിന് വെറു പ്പായിരുന്നതുകൊണ്ടു അദ്ദേഹം ഒരു ഭക്തിരഹിതനാണെന്നു ചിലർ തെറ്റി ധരിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ ഏതൊരു വൃക്ഷവും വിധിക്കപ്പെടേ ണ്ടതു അതിന്റെ ഫലത്താലാണല്ലോ. ചിലരുടെ ഭക്ത്യാചാരങ്ങൾക്കിട യിൽ കുടികൊള്ളുന്ന നീതിവിരുദ്ധവും നിഷ്ക്കരുണവുമായ കപടഹൃദ യമൊ, അവ അല്പം കുറഞ്ഞാലും ഉള്ളതിനിടയിൽ വസിക്കുന്ന നീതി പരവും കരുണാപൂർണ്ണവുമായ നിഷ്ക്കപടഹൃദയമൊ ഇവയിൽ ഏതാണ് പ്രസാദകരവും അനുഗൃഹീതവും എന്ന് വായിക്കുന്നവൻ വിധിച്ചു കൊള്ളട്ടെ. അദ്ദേഹത്തിൽ നിന്നും ഇവയിൽ രണ്ടാമത്തേതു മാത്രമേ എനിക്കു അനുഭവമായിട്ടുള്ളു എന്നതിലുള്ള കൃതജ്ഞതാർപ്പണമായിട്ടു കൂടിയത്രെ ഈ സ്മാരകോപഹാരം ഞാൻ എഴുതുന്നത്.

സ്വന്ത മെത്രാസനത്തെക്കുറിച്ച് മാത്രമല്ല സഭയെക്കുറിച്ചു പൊതുവെ

നോട്ടമുണ്ടായിരുന്ന ഒരു മേല്പട്ടക്കാരനത്രെ നമുക്കു നഷ്ടപ്പെട്ടിരിക്കുന്നത്. അഗാധ ബുദ്ധിമാൻ, വിദ്യാസമ്പന്നൻ, ആശയ സമൃദ്ധൻ, ആദർശദർശകൻ, പ്രസന്നവദനൻ, വാഗ്വിലാസപടു, സംസാരചതുരൻ, ഉപദേശസമർത്ഥൻ, വിദ്യാഭ്യാസ പ്രവർത്തകൻ, ത്യാഗസമ്പന്നൻ, പരോപകാരി, ആർഭാടരഹിതൻ എന്നീ നിലകളൊക്കെയും ഇണങ്ങിച്ചേർന്ന ഒരു വന്ദ്യ മേല്പട്ടക്കാരനത്രെ ആയുസ്സിന്റെ മദ്ധ്യത്തിൽ നമ്മുടെ ഇടയിൽ നിന്നു തിരശീലക്കപ്പുറത്തേക്കു പൊടുന്നനവേ വിളിക്കപ്പെട്ടിരിക്കുന്നത്.

“തെളിഞ്ഞു കത്തിയ മണിവിളക്കിതാ
പൊലിഞ്ഞു, സർവ്വവും മറഞ്ഞു കഷ്ടമേ
മനോഹരനായ പ്രഭാതസൂര്യനെ
ഘനപടലങ്ങൾ മറച്ചിതു കഷ്ടം!”

ബദാം വൃക്ഷം പൂത്തില്ല. തെരുവിലെ കതകുകൾ അടഞ്ഞില്ല. കിളിവാതിലുകളിൽ കൂടെ നോക്കുന്നവർ അന്ധന്മാരായില്ല. പാട്ടുകാരികൾ തളർന്നില്ല. അരയ്ക്കുന്നവർ ചുരുങ്ങിയില്ല. വീട്ടുകാവൽക്കാർ വിറച്ചില്ല. ബലവാന്മാർ കുനിഞ്ഞില്ല (അതായതു, തല നരച്ചില്ല, കേൾവി കുറഞ്ഞില്ല, കണ്ണുകൾ മങ്ങിയില്ല, സംസാരശക്തി ക്ഷയിച്ചില്ല, പല്ലുകൾ പൊഴിഞ്ഞില്ല, ഞരമ്പുകൾ ക്ഷീണിച്ചു അസ്ഥിയിൽ നിന്നു മാംസം തുടിഞ്ഞുതുടങ്ങിയില്ല. നട്ടെല്ലു കൂനിയതുമില്ല) എന്നിരിക്കിലും, കഷ്ടം, വെള്ളിച്ചരട് അറ്റുപോയി! കിണറ്റിലെ ചക്രം തകർന്നുപോയി! പൊൻകിണ്ണം പൊടിഞ്ഞുപോയി! (അതായത് പ്രധാന ഞരമ്പു പൊട്ടിപ്പോയി! കരൾ തകർന്നുപോയി! പതിരു കലങ്ങിപ്പോയി! ഹൃദയം സ്തംഭിച്ചുപോയി). തിരുമേനി കണ്ണുകൾ അടച്ചു മരിച്ചു. ആത്മാവ് അതിന്റെ ഉടമസ്ഥന്റെ അടുക്കലേക്കുപോയി.

“ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലേയാരുള്ളു?”

മൃതശരീരം കബറടക്കപ്പെട്ടു. “നീ മണ്ണാകുന്നു, മണ്ണിലേക്കു തിരിച്ചു ചേരും” എന്ന തിരുമൊഴി അവിടെ നിവർത്തിയായി. എങ്കിലും പൂഴിയായി തീർന്ന ശരീരം “നീ വീണ്ടും പുതുതാക്കപ്പെടും” എന്ന വാഗ്ദാനപ്രകാരം അന്ത്യനാളിൽ അതിന്റെ ആത്മാവിനെ പ്രാപിച്ച് ഉയിർപ്പിൻ ശരീരമായി രൂപാന്തരപ്പെട്ടു ശാശ്വത ഭവനത്തിലേക്കു പോകും. ആകയാലാണല്ലോ മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി നാം നോക്കി പാർക്കുന്നത്. സമാധാനത്തോടെ വസിപ്പിൻ – പുശ്ബശ്ളോമോ – എന്നു തിരുമേനി നമ്മോടും വിശുദ്ധ പിതാവേ സമാധാനത്തോടെ പോവുക – സെൽ ബശ്ളോമോ – എന്നു നമ്മൾ തിരുമേനിയോടും യാത്ര പറഞ്ഞതും ആ ഉയിർപ്പുനാളിൽ സന്തോഷ

ങ്ങളുടെ മണിയറയിൽ പരസ്പരം കാണുവാൻ സംഗതിയാകട്ടെ എന്ന ആശംസയോടെ ആയിരുന്നുവല്ലൊ.

കണ്ണുള്ളപ്പോൾ കണ്ണിന്റെ വില അറിയില്ല എന്ന പഴമൊഴി തിരുമേനിയെ സംബന്ധിച്ചിടത്തോളം എത്രയോ സാർത്ഥകമായി നിൽക്കുന്നു! തിരുമേനിയുടെ ദേഹവിയോഗം ബഹുക്കളെ തപ്തചിത്തരാക്കിയിട്ടുണ്ട്. തിരുമേനി കാലം ചെയ്തതിന്റെ മൂന്നാംപക്കം ഏപ്രിൽ 20-നു വിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് കോട്ടയം സിറിയൻ സിമ്മനാരി ചാപ്പലിൽ വച്ചു മൂറോൻ കൂദാശ നടത്തിയശേഷം ചെയ്ത പ്രസംഗത്തിൽ താഴെ കാണുന്നപ്രകാരം പ്രസ്താവിച്ചിരുന്നു. “കർത്താവിൽ പ്രിയരെ, മൂറോൻ കൂദാശ എന്ന മഹാ വിശുദ്ധ കർമ്മം ദൈവകൃപയാൽ ഇതാ പൂർത്തിയായിരിക്കുന്നു. ..... മാമോദീസായിൽ നമ്മുടെ ഭാവി സന്താന പരമ്പരകളുടെ അഭിഷേകത്തിനും നമ്മുടെ പള്ളികളുടെയും ബലിപീഠങ്ങളുടെയും തബിലൈത്താകളുടെയും ശുദ്ധീകരണത്തിനും എത്രയും ആവശ്യമായ ഈ വിശുദ്ധ പരിമളതൈലം ഇവിടെ മലങ്കരയിൽ കൂദാശ ചെയ്യപ്പെടുവാൻ കൈവന്നിരിക്കുന്നതു നമ്മുടെ സഭയ്ക്ക് ഒരു വലിയ ഭാഗ്യം ആകുന്നു. പതിനെട്ടു വർഷങ്ങൾക്കു മുമ്പു ഇതുപോലെ ഒരു നാല്പതാം വെള്ളിയാഴ്ച നാം ഇവിടെ വച്ച് മൂറോൻ കൂദാശ നടത്തി. ഇപ്പോൾ രണ്ടാം പ്രാവശ്യമത്രെ നാം ഇത് നടത്തിയിരിക്കുന്നത്. .... ഇതിൽ ഭക്തിപൂർവ്വം സംബന്ധിച്ച നിങ്ങളേവരും ഞങ്ങളോടു കൂടെ അനുഗൃഹീതരാകുന്നു. ഇതൊരു മഹാഭാഗ്യം തന്നെ. സംശയമില്ല.

എന്നാൽ പ്രിയരെ, ഒരു ദുഃഖം നമുക്ക് ഉണ്ട്. ഞങ്ങളിൽ ഒരുവൻ ഇല്ല. ഏറ്റവും ഇളയവൻ ഇല്ല. ഞങ്ങളോടു കൂടെ ഈ വിശുദ്ധ കർമ്മത്തിൽ സംബന്ധിക്കുവാനിരുന്ന കൊച്ചുമെത്രാച്ചൻ മൂന്നു ദിവസം മുമ്പ് അപ്രതീക്ഷിതമായി നമ്മെ വിട്ടുപോയി. ഏതു കാര്യവും എത്രയും ചുണയോടും ചുറുക്കോടും ചെയ്യുവാനുള്ള കഴിവ് അദ്ദേഹത്തിന് ഒന്നു പ്രത്യേകമായിരുന്നു. പണ്ഡിതനും വാഗ്മിയും ആരെയും ആകർഷിക്കത്തക്ക സംസാര ചാതുര്യമുള്ളവനും ആയ ആ വന്ദ്യ പിതാവിന്റെ വേർപാട് നമ്മുടെ സഭയ്ക്കു ഒരു വലിയ നഷ്ടം തന്നെയാണ്. നാം ഏറെയൊന്നും പറയുന്നില്ല. നിങ്ങൾ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കണം. അദ്ദേഹം നമുക്കുവേണ്ടിയും പ്രാർത്ഥിക്കും. നിദ്രകൊള്ളുന്നവരെക്കുറിച്ച് ദുഃഖിക്കാതെ അവരുടെ ആദർശങ്ങളെ ദർശിക്കുകയും അവരുടെ കാൽച്ചുവടുകളെ പിന്തുടരുകയുമാണല്ലോ കരണീയമായിട്ടുള്ളത്. വിശുദ്ധ സഭയുടെയും ക്രിസ്തീയ വേലയുടെയും സുസ്ഥിരതയ്ക്കും സംരക്ഷണത്തിനുംവേണ്ടി വിനിയോഗിക്കപ്പെട്ട ആ മഹത്തായ ജീവിതം മൂലം അനേകർക്കു ലഭിച്ചിട്ടുള്ള ദർശനം മങ്ങിപ്പോകാതെ ദൈനംദിനം വർദ്ധമാനമായി ശോഭിക്കുകയും പ്രചോദനം ക്ഷയോന്മുഖമാകാതെ ക്രമേണ ശക്തി

പ്പെടുകയും ചെയ്യട്ടെ.

പല പ്രസംഗയോഗങ്ങളിലും തിരുമേനിതന്നെ ജന്മസിദ്ധമായ ഇമ്പ മേറിയ മധുരസ്വരത്തിൽ ചൊല്ലിക്കൊടുക്കുക പതിവായിരുന്ന ഒരു ഗീത ശീൽ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം സമാപിപ്പിച്ചുകൊള്ളുന്നു.

പ്രധാന ദൂതൻ കുഴലൂതിടുമ്പോൾ
വിധിക്കു സിംഹാസനവുമിടുമ്പോൾ
സർവ്വജനവുമൊന്നിച്ചുകൂടുമ്പോൾ
ഞാൻ കാണും മോദേന, ഞാൻ കാണും മോദേന,
ഞാൻ കാണും മോദേന, എൻ യേശുവിനെ.

നമ്മെ വിട്ടു വാങ്ങിപ്പോയിരിക്കുന്ന നമ്മുടെ വന്ദ്യ പിതാവായ കൊച്ചു തിരുമേനിക്ക് അതിനിടയാകട്ടെ. ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ കരുണ കണ്ടെത്തുവാൻ കർത്താവ് അദ്ദേഹത്തിനു സംഗതിയാക്കട്ടെ. നാമോ ഒന്നിനെ കുറിച്ചും ആകുലചിത്തരാകരുത്. ഉറപ്പുള്ളവരും കുലു ങ്ങാത്തവരുമായിരിക്കുക. പുരാതനനായ ദൈവം നമ്മുടെ സങ്കേതം: കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട് എന്ന് ഓർത്തുകൊൾക.

നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർ ത്തുകൊള്ളുവീൻ എന്ന വേദബോധനപ്രകാരം മാർ പീലക്സീനോസ് തിരുമേനിയെ നമുക്കു ഓർക്കാം. മരിച്ചുപോയവർ അവരുടെ പാപങ്ങ ളിൽ നിന്നു വിമുക്തരാക്കപ്പെടുവാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു സമാശ്വാസകരമായ ഒരു ചിന്തയാകുന്നു എന്നു വിശുദ്ധ വേദത്തിലുള്ള മക്കാബിയപ്പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുള്ളപ്രകാരവും അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നീ നിന്റെ ദാസന്മാരെ ഓർത്തുകൊള്ളണമെ എന്നു മോശ പ്രാർത്ഥിച്ചപ്രകാരവും മാർ പീലക്സീനോസ് തിരുമേനി ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

ശുചിയൊടുശുദ്ധ്യാബസ്ക്കുദിശാ-സ്പർശിച്ചുള്ളപാദങ്ങൾ
പുക്കുദ്യാന ദ്വാരങ്ങൾ-വാനവരൊത്തു വസിക്കേണം.

“എല്ലാം തീർന്നിഹലോകഭാഗ്യമിവിടെസ്സർവ്വത്ര മായാമയം-
ചൊല്ലേറുന്നൊരുപുണ്യമേകമിനിയും ശേഷിച്ചിടും ശാശ്വതം
കില്ലില്ലായതുനേടിടാനനിശവും യത്നിപ്പവൻ ബുദ്ധിമാ-
നല്ലാതുള്ളവരാകെ മൂഢരിതുതാനുൽകൃഷ്ടതത്വം പരം.”
